ദൈവത്തിന്റെ മതത്തിലേക്ക് ജനങ്ങൾ
കൂട്ടം കൂട്ടമായി പ്രവേശിക്കുന്നത് നിങ്ങൾ കാണും
(ഖുർആൻ)

സൂര്യൻ



ചന്ദ്രൻ



സൂര്യനിലും ചന്ദ്രനിലും കാണുന്ന
മനുഷ്യചിത്രത്തിന്റെ രഹസ്യം!
നാസയും മറ്റ് പ്രമുഖ സ്ഥാപനങ്ങളും
എടുത്ത ഫോട്ടോകളിൽ ഈ ചിത്രങ്ങൾ
കാണാനാകും.




# ദീൻ ഇലാഹി

ഈ ഗ്രന്ഥം എല്ലാ മതങ്ങളും എല്ലാ
മതകക്ഷികളും എല്ലാ മനുഷ്യരും ശ്രദ്ധയോടെ
പഠിക്കേണ്ടതും ഗവേഷണം ചെയ്യേണ്ടതുമാണ്.
ആത്മീയതയെ നിഷേധിക്കുന്നവർക്ക് ഒരു
വെല്ലുവിളിയുമാണ് ഈ ഗ്രന്ഥം.

## റിയാസ് അഹമ്മദ് ഗോഹർ ഷാഹി

وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا

ദൈവത്തിന്റെ മതത്തിലേക്ക് ജനങ്ങൾ കൂട്ടം കൂട്ടമായി
പ്രവേശിക്കുന്നത് നിങ്ങൾ കാണും
(സൂറഃ അൽ നസ്ർ)

# ദീൻ ഇലാഹി

(ദൈവത്തിന്റെ മതം)

## ദൈവത്തിന്റെ അറിയപ്പെടാത്ത രഹസ്യങ്ങൾ

ദൈവത്തെ അന്വേഷിക്കുകയും ദൈവത്തെ സ്നേഹിക്കുകയും
ചെയ്യുന്നവർക്കായുള്ള ഒരു അമൂല്യ സമ്മാനം

ഹസ്രത്ത് റിയാസ് അഹമ്മദ് ഗോഹർ ഷാഹി

DEEN ILAHI
(Malayalam)
by
His Divine Eminence Riaz Ahmed Gohar Shahi

First Edition
2023

www.goharshahi.com
www.universalsufiorder.org
www.alratv.live
www.facebook.com/alratv
YouTube Channel: ALRA TV
WhatsApp (English or Hindi) : +44 7472 540642

MFI KERALA
Email: mfi.keralam@gmail.com



ഇതാണ് ആ **ഗോഹർ ഷാഹി**, സെഹ്‌വൻ ഷെരീഫിലെ മലകളിലും ലാൽബാഗിലും അല്ലാഹുവിന്റെ ഇശ്ഖിനായി മൂന്ന് വർഷത്തോളം ഏകാന്തവാസം അനുഷ്ഠിച്ചവർ. അല്ലാഹുവിനെ നേടുന്നതിനായി അദ്ദേഹം ദുനിയാവ് ഉപേക്ഷിക്കുകയും പിന്നീട് അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം തന്നെ ദുനിയാവിലേക്ക് മടങ്ങിവരികയും ചെയ്തു. ലക്ഷക്കണക്കിന് ഹൃദയങ്ങളിൽ അദ്ദേഹം അല്ലാഹുവിന്റെ ദിക്ർ പ്രവേശിപ്പിക്കുകയും ജനങ്ങളെ അല്ലാഹുവിന്റെ മുഹബ്ബത്തിലേക്ക് ആകർഷിക്കുകയും ചെയ്തു. എല്ലാ മതങ്ങളിലെയും ജനങ്ങൾ മസ്ജിദുകളിലേക്കും ഹിന്ദു ക്ഷേത്രങ്ങളിലേക്കും സിഖ് ക്ഷേത്രങ്ങളിലേക്കും ചർച്ചുകളിലേക്കും ആത്മീയപ്രഭാഷണങ്ങൾക്കായി മഹാനവർകളെ ക്ഷണിക്കുകയും അദ്ദേഹത്തിൽ നിന്നും ദിക്റേ ഖൽബ് കരസ്ഥമാക്കുകയും ചെയ്തു.

മഹാനവർകളുടെ അധ്യാപനത്താൽ പ്രചോദനം ഉൾക്കൊണ്ട് അസംഖ്യം ആളുകൾ തൗബ ചെയ്യുകയും അല്ലാഹുവിലേക്ക് അടുക്കുകയും ചെയ്തു. മാറാവ്യാധികളാൽ കഷ്ടപ്പെട്ട അസംഖ്യം രോഗികളെ അദ്ദേഹം ആത്മീയചികിത്സയിലൂടെ സുഖപ്പെടുത്തി. പിന്നീട് അല്ലാഹു മഹാനവർകളുടെ മുഖം ചന്ദ്രനിൽ വെളിപ്പെടുത്തി. തുടർന്ന് ഹജറുൽ അസ്‌വദിലും അദ്ദേഹത്തിന്റെ മുഖം ദൃശ്യമായി. അങ്ങനെ മഹാനവർകളുടെ പ്രശസ്തി ലോകമെമ്പാടും വ്യാപിച്ചു.

എന്നാൽ അന്ധരായ മതപുരോഹിതന്മാർക്കും ഔലിയാക്കളോട് അസൂയയും വിദ്വേഷവും വെച്ചു പുലർത്തുന്ന മുസ്‌ലിം വിഭാഗങ്ങൾക്കും മഹാനവർകളെ ഇഷ്ടമായിരുന്നില്ല. അവർ അദ്ദേഹത്തിന്റെ പുസ്തകങ്ങളിലെ വാചകങ്ങൾ തിരുത്തിക്കൊണ്ട് അദ്ദേഹത്തിനെതിരെ വധശിക്ഷയുടെയും കുഫ്റിന്റെയും ഫത്‌വ പുറപ്പെടുവിച്ചു. മാഞ്ചസ്റ്റ

റിലുള്ള (UK) മഹാനവർകളുടെ വസതിക്ക് നേരെ പെട്രോൾ ബോംബ് എറിയുകയുണ്ടായി. പാകിസ്ഥാനിലെ കോട്ടരിയിൽ ശിഷ്യരെ അഭിസംബോധന ചെയ്യുന്നതിനിടെ മഹാനവർകൾക്ക് നേരെ ഹാൻഡ് ഗ്രനേഡ് ആക്രമണമുണ്ടായി. ലക്ഷക്കണക്കിന് രൂപയാണ് മഹാനവർകളുടെ തലയ്ക്ക് പാരിതോഷികമായി പ്രഖ്യാപിച്ചിരുന്നത്. മഹാനവർകളെ പാകിസ്ഥാനിൽ അഞ്ച് വ്യത്യസ്ത കള്ളക്കേസുകളിൽ കുടുക്കി. നവാസ് ഷെരീഫിന് ഗോഹർ ഷാഹി അവർകളോടുള്ള ശത്രുത മൂലം സിന്ധ് ഗവൺമെന്റ് അദ്ദേഹത്തിന്റെ എതിർകക്ഷിയായി. രണ്ട് കൊലപാതക കേസുകൾ കൂടാതെ അനധികൃതമായി ആയുധം കൈവശം വെക്കൽ, അനധികൃതമായി ഭൂമി കൈവശം വെക്കൽ എന്നീ വകുപ്പുകളും മഹാനവർകൾക്ക് മേൽ ചുമത്തപ്പെട്ടു. ഒരു സ്ത്രീയെ നിയമവിരുദ്ധമായി തടങ്കലിൽ വെച്ചു എന്ന ഒരു കള്ളക്കേസിൽ അമേരിക്കയിലും അദ്ദേഹം കുടുക്കപ്പെട്ടു. വാർത്താമാധ്യമങ്ങൾ എല്ലാ വിധേനയും അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ വാദം കേൾക്കലിനും സമഗ്രമായ അന്വേഷണങ്ങൾക്കും ശേഷം എല്ലാ കേസുകളും വ്യാജമാണെന്ന് തെളിയുകയും കോടതി ഗോഹർ ഷാഹി അവർകളെ നിരപരാധിയാണെന്ന് കണ്ടെത്തി വെറുതെ വിടുകയും ചെയ്തു. ദൈവം തന്റെ സുഹൃത്തിനെ എല്ലാ പ്രതിബന്ധങ്ങളിൽ നിന്നും സംരക്ഷിച്ചു.

ഈ കേസുകളെ സംബന്ധിച്ച് ഹൈക്കോടതിയുടെ റിപ്പോർട്ടിൽ പറയുന്നു, "വിഭാഗീയത മൂലം ഗോഹർ ഷാഹി വീണ്ടും വീണ്ടും പ്രതിക്കൂട്ടിലാക്കപ്പെടുന്നു."

**കേസുകളുടെ സിന്ധ് ഹൈക്കോടതി റിപ്പോർട്ട് താഴെ കൊടുത്തിരിക്കുന്നു.**

**1**

ORDER SHEET

IN THE HIGH COURT OF SINDH HYDERABAD CIRCUIT

Cr.B.A.No.159 of 1999. APPELLANT / PETITIONER / PLAINTIFF/DECREE [illegible] / APPLICANT

VERSUS

RESPONDENT / DEFENDENT / OPPONENT / JUDGEMENT DEBTOR

| Serial No. | Date | Order with signature of Judge |
|---|---|---|
| | | 1. FOR ORDERS ON MA NO.238/99.(If granted).<br>2. FOR ORDERS ON MA NO.239/99.<br>3. FOR ORDERS ON MA NO.240/99.<br>4. FOR HEARING. |
| | | 18.03.1999.<br>Mr.Qurban Ali Choohan Advocate for the applicant<br>Mr.Behadur Ali Baloch A.A.G.<br>1. Granted.<br>2. Granted subject to all just exceptions.<br>3. Granted as the bail application No.88/99 has also been moved by the present applicant.<br>4. Learned counsel submits that the present bail application has been moved seeking bail before arrest of the applicant/accused with regard to his alleged involvement in crime No.18/99 for which an F.I.R. was lodged on 16.03.1999 by Police Station City at Hyderabad. It is alleged that the applicant on the day of incident viz. 19.02.1999 in the day |

SGP., Kar.—L (iii) 22—1500— 7-97 -OFFSET

**2**

( 3 )

time produced a T.T. Pistol bearing No.BBP-13410 of 30 bore and licence bearing No.5105339 dated 04.02.1999 issued by District Magistrate Sanghar in the name of accused Mohammad Nadeem who has been nominated in crime No.10/99 pending with Police Station City Hyderabad. Thereafter upon verification by the police authorities it transpired that the said licence was a forged one and was not issued in the name of accused Mohammad Nadeem. The F.I.R. was accordingly registered against the applicant U/s.420, 468, 471 PPC read with Section 13-D Arms Ordinance.

Learned counsel submits that the lodging of the FIR is a further attempt by the political and religious foes of the applicant to have him implicated in xxx false and concocted case, as earlier attempts have failed and in two other cases the applicant was granted bail before arrest by this Court. Learned counsel submits that for all the offences above mentioned the maximum sentence is seven years along with fine and consequently do not come within the prohibitory clause of Section 497 Cr.P.C. The learned counsel vehemently argued that unless this bail application is granted and the applicant is given protection by this Court he would be immediately arrested by the police as he has been prevented from approaching the trial Court for seeking bail.

I have gone through the F.I.R. as well as the

**3**

( 4 )

memo of this application. In the first instance, it appears that nowhere in the FIR it is mentioned as to why the applicant/accused visited the Police Station City on 19.02.1999 along with the weapon in question and its licence. Secondly, no reasons have been given in the FIR as to why the same was lodged after almost one month of the day of incident. In the earlier bail application No.88/99 I have granted interim protective bail to the applicant on the basis that the FIR in the said case appeared to have been lodged due to enmity and jealousy between the applicant and religious sects as well as political parties. The lodging of the FIR in the present case also appears to have been motivated by the same factors.

In the circumstances, the applicant is granted pre-arrest bail in a sum of Rs.1,00,000/- in the form of security or cash and P.R. bond in the like amount to the satisfaction of Additional Registrar of this Court. Notice to A.A.G. for 24.03.1999.

5. Today I have received a pamphlet allegedly from by the applicant seeking justice from the Prime Minister of Pakistan regarding his persecution at the hands of various xxxxx religious sects and Ulemas. Although the pamphlet has not been signed by the applicant, copies have been forwarded to all High Courts of Pakistan as well as Supreme

**4**

( 5 )

Court of Pakistan and others. At the end of the pamphlet a threat has been extended to the Government that unless the applicant/accused'request is acceded to the Government will soon crumble by hidden spiritual forces. In my view if at all this pamphlet has been either issued by the applicant or his supporters and sent to this Court, it amounts to unlawfu[l] interference in the administration of justice and may be taken up as a contempt matter. In these circumstances, let a notice be issued to the applicant inviting his comments o[n] the pamphlet, a copy whereof to be sent along with the noti[ce]

SD/- SARMAD J USMANI
JUDGE

CERTIFIED TO BE TRUE COPY

SUPERINTENDENT

Cr.Bail Application No. 159/1999. No.2009 Dt. 22/3/99

Copy Forwarded to the Sessions Judge Hyderabad for information and Compliance, He is informed that surety has been furnished on behalf of the abovenamed applicant before the Additional Registrar of this Court in the sum of Rs. 100,000/- Vide Bond No. 5823 and P.R.Bond No. 5824 dated:- 22.3.1999.

COPY TO THE APPLICANT ABOVENAMED.

( GHULAM MUSTAFA CHANNA )
DEPUTY REGISTRAR
HIGH COURT OF SINDH CIRCUIT COURT
HYDERABAD

# മുഖവുര

ചന്ദ്രൻ, സൂര്യൻ, ഹജറുൽ അസ്‌വദ്, ശിവക്ഷേത്രം എന്നിവിട ങ്ങളിലും മറ്റ് വിവിധ സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട റാ ഗോഹർ ഷാഹി അവർകളുടെ ചിത്രം അദ്ദേഹമാണ് വിവിധ ഗ്രന്ഥങ്ങളിൽ പ്രവചിക്ക പ്പെട്ട ഇമാം മെഹ്ദി അഥവാ വാഗ്ദത്ത മിശിഹാ അഥവാ കൽക്കി അവതാരം എന്ന് നിരവധി മുസ്‌ലിംങ്ങളും അമുസ്‌ലിംങ്ങളും അംഗീ കരിക്കുവാനും വിശ്വസിക്കുവാനും കാരണമായി.

ഗോഹർ ഷാഹി എന്ന വ്യക്തിത്വത്തെക്കുറിച്ച് പഠിക്കുവാൻ നിങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അന്വേഷണത്തിനും പഠന ത്തിനുമായി ഞങ്ങളുമായി ബന്ധപ്പെടാവുന്നതാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ മുഖേനയും നിങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ സാധിക്കുന്നതാണ്.

**യൂനുസ് അൽഗോഹർ**
ലണ്ടൻ, ഇംഗ്ലണ്ട്
younus38@hotmail.com

# ഹസ്രത്ത് റിയാസ് അഹമ്മദ് ഗോഹർ ഷാഹി എഴുതിയ ആമുഖം

1. കൈകടത്തലുകൾ വന്ന് ചേർന്നിട്ടില്ലെങ്കിൽ ദൈവികഗ്രന്ഥങ്ങളിലൂടെ സ്ഥാപിക്കപ്പെട്ട എല്ലാ മതങ്ങളും ശരിയാണ്.

2. മതങ്ങൾ കപ്പലുകളെ പോലെയാണ്. മതപണ്ഡിതന്മാർ അതിന്റെ നാവികരും. ഏതെങ്കിലും ഒന്നിന് തകരാർ സംഭവിച്ചാൽ ലക്ഷ്യസ്ഥാനത്തിലെത്താൻ ബുദ്ധിമുട്ടാണ്. എന്നാൽ ഔലിയാക്കൾ തകർന്ന കപ്പലിനെ പോലും സുരക്ഷിതമായി കരയിലെത്തിക്കുന്നു. ആത്മീയമായി തകർന്ന ആളുകൾ ഔലിയാക്കൾക്കു ചുറ്റും കൂടുന്നത് ഇക്കാരണത്താലാണ്.

3. ദൈവത്തോടുള്ള സ്നേഹമാണ് എല്ലാ മതങ്ങളേക്കാളും വലുത്. എല്ലാ മതങ്ങളുടെയും സത്തയും അതു തന്നെ. ദൈവികപ്രകാശം നേർമാർഗ്ഗത്തിലേക്ക് വഴി കാണിക്കുന്ന വിളക്കാകുന്നു.

4. അറിവിന്റെ മൂന്ന് ഭാഗം ബാഹ്യമായ അറിവും ഒരു ഭാഗം ആന്തരികമായ അറിവുമാണ്. അത് ഖിള്ർ (അ) (വിഷ്ണു മഹാരാജ്) പകർന്നുനൽകി. ദൈവപ്രേമമാണ് ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗം. ഹൃദയത്തിൽ ദൈവസ്നേഹമില്ലാത്തവനേക്കാൾ ഭേദം ഒരു നായയാണ്. കാരണം ഒരു നായ തന്റെ യജമാനനെ സ്നേഹിക്കുന്നു. ഈ സ്നേഹം മുഖേന അത് തന്റെ യജമാനന്റെ സാമീപ്യം കരസ്ഥമാക്കുന്നു. അല്ലാത്തപക്ഷം ഒരു അശുദ്ധനായ നായയേയും ദൈവികമായി പടയ്ക്കപ്പെട്ട മനുഷ്യനേയും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയുമായിരുന്നില്ല.

5. നിങ്ങൾ സ്വർഗ്ഗവും അതിലെ ഹൂറികളെയുമാണ് ആഗ്രഹിക്കുന്നതെങ്കിൽ ധാരാളമായി ആരാധനകളിലേർപ്പെട്ടു കൊള്ളുക. അങ്ങനെ നിങ്ങൾ ഏറ്റവും ഉയർന്ന സ്വർഗ്ഗം നേടട്ടെ!

6. നിങ്ങൾ ദൈവത്തെയാണ് അന്വേഷിക്കുന്നതെങ്കിൽ ആത്മീയതയും പഠിക്കുക. അങ്ങനെ നിങ്ങൾക്ക് സിറാത്തൽ മുസ്തഖീമിലൂടെ സഞ്ചരിച്ച് ദൈവത്തിലേക്ക് എത്തിച്ചേരാനാകും.

# മനുഷ്യൻ:
# സൃഷ്ടിപ്പ് മുതൽ അനന്തത വരെ

അല്ലാഹു ആത്മാക്കളെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചപ്പോൾ അവൻ പറഞ്ഞു; 'കുൻ' (ഉണ്ടാവുക). അങ്ങനെ എണ്ണമറ്റ ആത്മാക്കൾ ഉണ്ടായി. അല്ലാഹുവിന്റെ തൊട്ടുമുമ്പിൽ കാണപ്പെട്ടത് നബിമാരുടെ ആത്മാക്കളായിരുന്നു. രണ്ടാമത്തെ നിരയിൽ ഔലിയാക്കളുടെ (saints) ആത്മാക്കളും മൂന്നാമത്തെ നിരയിൽ മുഅ്മിനീങ്ങളുടെ ആത്മാക്കളും അതിനു പിന്നിലായി സാധാരണ ജനങ്ങളുടെ ആത്മാക്കളും നില കൊണ്ടു. അല്ലാഹുവിന്റെ അടുക്കൽ നിന്നും ദൂരെയുള്ള വരിയിൽ സ്ത്രീകളുടെ ആത്മാക്കളും അതിനു പിന്നിൽ മൃഗാത്മാക്കളും (ഹയവാനി റൂഹ്) പിന്നെ സസ്യാത്മാക്കളും (നബാത്തി റൂഹ്) പിന്നെ ധാതു ആത്മാക്കളും (ജമാദി റൂഹ്) കാണപ്പെട്ടു. ധാതു ആത്മാക്കൾക്ക് ചലിക്കാനുള്ള കഴിവില്ലായിരുന്നു. അല്ലാഹുവിന്റെ വലതുവശത്ത് മലക്കുകളും (angels) അതിനെ തുടർന്ന് സ്വർഗ്ഗീയ സ്ത്രീകളുടെ (ഹൂറിലീങ്ങൾ) റൂഹുകളും സ്ഥാനം പിടിച്ചു. അവർക്ക് അല്ലാഹുവിന്റെ മുഖം കാണുവാൻ കഴിഞ്ഞിരുന്നില്ല. ഇക്കാരണം കൊണ്ട് മലക്കു കൾക്ക് അല്ലാഹുവിനെ കാണുവാൻ കഴിയില്ല. അതിനുപിന്നിലായി ഉണ്ടായിരുന്നത് നൂരി മുഅക്കിലുകളുടെ (മലക്കുകളെപോലെയുള്ള സൃഷ്ടികൾ) ആത്മാക്കളായിരുന്നു. അവർ പിന്നീട് നബിമാരുടെയും ഔലിയാക്കളുടെയും സഹായികളായി ഭൂമിയിൽ വരികയുണ്ടായി. അല്ലാഹുവിന്റെ ഇടതുവശത്ത് ജിന്നുകളുടെ ആത്മാക്കളും ശേഷം ദുരാത്മാക്കളും (സിഫലി മുഅക്കിലാത്ത്) ദുഷ്ടാത്മാക്കളും നില കൊണ്ടു. ഇക്കൂട്ടർ ഭൂമിയിൽ വന്നതിനുശേഷം ഇബ്ലീസിനെ അവന്റെ ജോലികളിൽ സഹായിച്ചു. അല്ലാഹുവിന്റെ ഇടതും വലതും വശങ്ങ ളിലുള്ള ആത്മാക്കൾക്കും വിദൂരതയിൽ നിലകൊണ്ട സ്ത്രീകളുടെ ആത്മാക്കൾക്കും ദൈവിക വെളിപ്പെടലിന് (ജൽവ) സാക്ഷ്യം വഹി

ക്കാൻ കഴിഞ്ഞിരുന്നില്ല. ഇക്കാരണത്താൽ ജിന്നുകൾക്കും മലക്കുകൾക്കും സ്ത്രീകൾക്കും അല്ലാഹുവിനോട് സംസാരിക്കാൻ കഴിയുമെങ്കിലും അവർക്ക് അവനെ ദർശിക്കുവാൻ സാധിക്കുന്നതല്ല.

ഭൗതികപ്രപഞ്ചത്തിൽ ഒരു അഗ്നിഗോളമുണ്ടായിരുന്നു. അതിനോട് തണുക്കുവാൻ കൽപ്പിക്കപ്പെട്ടു. അങ്ങനെ അതിന്റെ ഭാഗങ്ങൾ ആകാശമണ്ഡലത്തിൽ ചിന്നിച്ചിതറി. ചന്ദ്രൻ, ചൊവ്വ, വ്യാഴം, ഭൂമി, നക്ഷത്രങ്ങൾ എന്നിവ അതിന്റെ ചിതറിയഭാഗങ്ങളും സൂര്യൻ ആ അഗ്നിഗോളത്തിന്റെ ശിഷ്ടഭാഗവുമാണ്. തുടക്കത്തിൽ ഭൂമി ചാരം കൊണ്ട് മാത്രം നിറക്കപ്പെട്ട ഒരു ഗോളമായിരുന്നു. ചാരത്തെ കല്ലുകളാക്കി മാറ്റുന്നതിനായി ധാതുആത്മാക്കളെ ഭൂമിയിലേക്ക് അയച്ചു. ശേഷം പാറകളിൽ ചെടികളും വൃക്ഷങ്ങളും മുളക്കാനായി സസ്യാത്മാക്കളെയും അയച്ചു. അതിനുശേഷം വന്ന മൃഗാത്മാക്കളിൽ നിന്നും ഭൂമിയിൽ മൃഗങ്ങളുണ്ടായി. പിന്നീട് അല്ലാഹു എല്ലാ ആത്മാക്കളോടും ചോദിച്ചു; "ഞാൻ നിങ്ങളുടെ സൃഷ്ടാവ് അല്ലയോ?" (അലസ്തു ബിറബ്ബിക്കും?) എല്ലാ ആത്മാക്കളും 'അതെ' എന്ന് മറുപടി പറയുകയും സാഷ്ടാംഗം പ്രണമിക്കുകയും (സുജൂദ്) ചെയ്തു. കല്ലുകളുടെയും വൃക്ഷങ്ങളുടെയും ആത്മാക്കൾ പോലും സുജൂദ് ചെയ്യുകയുണ്ടായി.

*"നക്ഷത്രങ്ങളും വൃക്ഷങ്ങളും അല്ലാഹുവിന് സുജൂദ് ചെയ്തു"* (സൂറഃ റഹ്മാൻ)

എന്നിട്ട് ആത്മാക്കളെ പരീക്ഷിക്കുന്നതിനായി അല്ലാഹു കൃത്രിമ ദുനിയാവും കൃത്രിമ സുഖങ്ങളും സൃഷ്ടിച്ചു. എന്നിട്ട് അല്ലാഹു പറഞ്ഞു; "ആരെങ്കിലും ഇത് ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കിത് കരസ്ഥമാക്കാം." എണ്ണമറ്റ ആത്മാക്കൾ അല്ലാഹുവിൽ നിന്നും പിന്തിരിഞ്ഞ് പ്രദർശിപ്പിക്കപ്പെട്ട ദുനിയാവ് മോഹിച്ചുകൊണ്ട് മുന്നോട്ടു വരികയുണ്ടായി. അവരുടെ വിധിയിൽ നരകം എഴുതപ്പെട്ടു. പിന്നീട് അല്ലാഹു അവർക്ക് മുന്നിൽ സ്വർഗ്ഗത്തിന്റെ കാഴ്ചകൾ പ്രദർശിപ്പിച്ചു. അത് ആദ്യത്തെക്കാളും മികച്ചതും അനുസരണ, ആരാധന എന്നിവയുമായി ബന്ധപ്പെട്ടതുമായിരുന്നു. ധാരാളം ആത്മാക്കൾ അത് ആഗ്രഹിച്ചുകൊണ്ട് മുന്നോട്ടു വരികയുണ്ടായി. അവരുടെ വിധിയിൽ സ്വർഗ്ഗം എഴുതിച്ചേർക്കപ്പെട്ടു. നിരവധി ആത്മാക്കൾക്ക് ഒരു തീരുമാനവും എടുക്കുവാൻ കഴിഞ്ഞില്ല. അവരുടെ കാര്യം റഹ്മാനും ശൈത്താനും ഇടയിലായിക്കൊണ്ട് നിശ്ചയിക്കപ്പെട്ടു. ഈ ഭൂമിയിൽ വന്നതിനു ശേഷവും ഈ ആത്മാക്കൾ രണ്ടിനും മധ്യേ കുഴങ്ങി നിൽക്കുന്നു.

ആരാണോ അവരെ ആദ്യം സ്വാധീനിക്കുന്നത് അവർ അവരുടേതായി ത്തീരുന്നു. ധാരാളം ആത്മാക്കൾ ദുനിയാവോ സ്വർഗ്ഗമോ ആഗ്രഹി ക്കാതെ അല്ലാഹുവിന്റെ ജൽവയിലേക്ക് മാത്രം ദൃഷ്ടിയുറപ്പിച്ചുകൊണ്ട് നിന്നിരുന്നു. അല്ലാഹു അവരെ സ്നേഹിച്ചു. അവർ അല്ലാഹുവിനെയും സ്നേഹിച്ചു. ഈ ആത്മാക്കൾ ദുനിയാവിൽ വന്നതിനുശേഷം അല്ലാഹു വിനുവേണ്ടി ഈ ലോകം ഉപേക്ഷിച്ച് വനങ്ങളിൽ താമസമാക്കി.

ആത്മാക്കളുടെ ആവശ്യങ്ങൾക്കും അവരുടെ ആനന്ദത്തിനുമായി പതിനെണ്ണായിരം തരം ജീവികൾ സൃഷ്ടിക്കപ്പെട്ടു. ആറായിരം കട ലിലും, ആറായിരം കരയിലും, ആറായിരം വായുവിലും വാനലോക ങ്ങളിലുമായും. എന്നിട്ട് അല്ലാഹു ഏഴ് തരം സ്വർഗ്ഗങ്ങളും ഏഴ് തരം നരകങ്ങളും സൃഷ്ടിച്ചു.

## ഏഴ് സ്വർഗ്ഗങ്ങൾ:

ഖുൽദ്, ദാറുസ്സലാം, ദാറുൽ ഖരാർ, ഈദൻ, അൽ മഅ്വാ, നഈം, ഫിർദൗസ്

## ഏഴ് നരകങ്ങൾ:

സഖർ, സഈർ, നുത്താ, ഹുത്തമാ, ജഹീം, ജഹന്നം, ഹാവിയ

സുരിയാനി ഭാഷയിൽ നിന്നുള്ളതാണ് മേൽപ്പറഞ്ഞ നാമങ്ങളെല്ലാം. അല്ലാഹു മലക്കുകളുമായി സംസാരിക്കുന്ന ഭാഷയാണ് സുരിയാനി.

അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നരകത്തിലേക്കോ താൻ ഉദ്ദേശിക്കുന്നവരെ സ്വർഗ്ഗത്തിലേക്കോ അയക്കുന്നു എന്നത് ഒരു പൊതുവായ വിശ്വാസമാണ്. അവിടെ നിന്ന് ഒരു ആത്മാവ് നരക ത്തിലേക്ക് അയക്കപ്പെട്ടാൽ ആ ആത്മാവ് ചോദിച്ചേക്കാം, "എന്ത് കുറ്റമാണ് ഞാൻ ചെയ്തത്?" അപ്പോൾ അല്ലാഹു പറയും; *"നീ എന്നിൽ നിന്നും തിരിഞ്ഞുകളഞ്ഞ് ദുനിയാവിനെ മോഹിച്ചു."* അപ്പോൾ ആ ആത്മാവ് പറയും, "അത് എന്റെ അൽപബുദ്ധിയിൽ തോന്നിയ ഒരു തീരുമാനം മാത്രമായിരുന്നു. എന്നിരുന്നാലും അത് ഞാൻ നടപ്പിലാക്കി യിട്ടില്ല." ഈ വാദം തീർപ്പാക്കുന്നതിനുവേണ്ടി ആത്മാക്കളെ ദുനിയാ വിലേക്ക് അയച്ചു.

ആദമിന്റെ (ശങ്കര ഭഗവാൻ, ശങ്കർ ജീ എന്നിങ്ങനെയും വിളിക്ക പ്പെടുന്നു) ശരീരം സ്വർഗ്ഗത്തിലെ മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ടു. മനുഷ്യാ ത്മാവിനെ (റൂഹ്) കൂടാതെ മറ്റ് ചില ആത്മാക്കളെയും ആദമിന്റെ ശരീരത്തിലേക്ക് പ്രവേശിപ്പിച്ചു. ആദമിന്റെ ശരീരത്തിന്റെ നിർമ്മാണ

ഘട്ടത്തിൽ ഇബ്‌ലീസ് കടുത്ത അസൂയ നിമിത്തം അതിലേക്ക് തുപ്പി. തുപ്പൽ പൊക്കിളിൽ വീഴുകയും തുപ്പലും അതിന്റെ അണുവും ശരീര ത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. ജിന്ന് വർഗ്ഗത്തിൽപ്പെട്ടവനാണ് ശൈത്താൻ. ഓരോ മനുഷ്യൻ ജനിക്കുമ്പോഴും കൂടെ ഒരു ശൈത്താനി ജിന്നും ജനിക്കുന്നു എന്ന് ഒരു ഹദീസിൽ പ്രസ്താവിക്കുന്നു. ഒരു കളിമൺവീട് പോലെയാകുന്നു ശരീരം. അതിൽ പതിനാറ് ആത്മാക്കൾ (spirits) കുടികൊള്ളുന്നു. അവ കൂടാതെ ഖന്നാസും (ഹൃദയത്തിൽ ദുർമന്ത്രണം നടത്തുന്ന പിശാച്) നാല് പക്ഷികളുമുണ്ട്.

ആദമിന്റെ ഇടത്തേ വാരിയെല്ലിൽ നിന്നും സ്ത്രീയുടെ രൂപത്തിൽ പദാർത്ഥം പുറപ്പെട്ടു വന്നു. അതിലേക്ക് ഒരു ആത്മാവിനെ പ്രവേശി പ്പിച്ചു. അങ്ങനെ മാതാവ് ഹവ്വ ഉണ്ടായി. സ്വർഗ്ഗത്തിൽ നിന്നുള്ള പുറത്താക്കലിനുശേഷം ആദം ശ്രീലങ്കയിലും മാതാവ് ഹവ്വ ജിദ്ദയിലും ഇറക്കപ്പെട്ടു. അങ്ങനെ അവരിൽ നിന്നും ഏഷ്യൻ വംശജരുടെ പരമ്പ രക്ക് തുടക്കം കുറിച്ചു. തുടർന്ന് ബാക്കി ആത്മാക്കളെയും ഉപരിലോക ങ്ങളിൽ നിന്ന് ഭൂമിയിലേക്ക് സമയാസമയങ്ങളിൽ ഇറക്കപ്പെട്ടുകൊണ്ടി രുന്നു. ഈ ആത്മാക്കൾക്ക് പരിശീലനവും അറിവുകളും നൽകുന്ന തിനായി മതങ്ങൾ സ്ഥാപിക്കപ്പെട്ടു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വിധി പ്രകാരം ചില ആത്മാക്കളെ മതങ്ങളിലും ചിലതിനെ മതമില്ലാതെയും ക്രമപ്പെടുത്തി.

ദൈവത്തെ മാത്രം സ്നേഹിച്ച ആത്മാക്കളും ഈ ലോകത്തേക്ക് വരികയുണ്ടായി. അവർ മുസ്‌ലിം, സിഖ്, ഹിന്ദു, ക്രിസ്ത്യൻ വീടുകളിൽ പിറവിയെടുത്തു. അവർ അവരുടെ മതങ്ങളിലൂടെ ദൈവത്തെ അന്വേ ഷിച്ചു. ഇക്കാരണം കൊണ്ടാണ് എല്ലാ മതങ്ങളിലെയും ഉന്നതരെല്ലാം തന്നെ ഏകാന്തവാസം അനുഷ്ഠിച്ചത്. ഇസ്‌ലാമിൽ ഏകാന്തവാസം ഇല്ല എന്ന് ചിലർ പറയുന്നു. എന്നാൽ ഈ വിശ്വാസം തെറ്റാണ്. മുഹമ്മദ് നബി (സ) ഹിറാ ഗുഹയിൽ പോകാറുണ്ടായിരുന്നു. ശൈഖ് അബ്ദുൽ ഖാദർ ജീലാനി, ഖ്വാജ മൊയിനുദ്ദീൻ അജ്മീരി, ദാദാ അലി ഹജ്‌വേരി, ബരീ ഇമാം, ബാബ ഫരീദ്, ഷഹബാസ് ഖലന്ദർ തുടങ്ങിയ വരെല്ലാംതന്നെ ഉന്നത ആത്മീയതലങ്ങളിൽ എത്തിച്ചേർന്നത് ഏകാന്തവാസത്തിന് ശേഷമാണ്. ഇവരിലൂടെയാണ് മതങ്ങൾ പ്രചരിച്ചത്.

★ ★ ★

# ലോകത്ത് മനുഷ്യന്റെ വേരുകൾ

ഗർഭാശയത്തിൽ ഒരു പുരുഷബീജം പ്രവേശിച്ചയുടൻ തന്നെ രക്തം കട്ട പിടിപ്പിക്കുന്നതിനായി ജമാദി റൂഹ് (ധാതുആത്മാവ്) എത്തിച്ചേരുന്നു. നബാത്തി റൂഹ് (സസ്യാത്മാവ്) മുഖേന അത് വളരാൻ തുടങ്ങുന്നു. ഗർഭാവസ്ഥ നാലുമാസം പിന്നിടുമ്പോൾ ഗർഭാശയത്തിലേക്ക് ഒരു ഹയവാനി റൂഹിനെ (മൃഗാത്മാവ്) പ്രവേശിപ്പിക്കുന്നു. ഇതു മുഖേനയാണ് ഭ്രൂണം ഗർഭാശയത്തിൽ ചലിച്ചു തുടങ്ങുന്നത്. ഈ മൂന്ന് ആത്മാക്കൾ 'ഭൗമാത്മാക്കൾ' (അർസി അർവാഹ്) എന്നറിയപ്പെടുന്നു. കുട്ടി ജനിച്ച ഉടൻതന്നെ മനുഷ്യാത്മാവ് (റൂഹ്) അതിന്റെ സൂക്ഷ്മസഹായികളുമായി എത്തുന്നു. ഈ സൂക്ഷ്മ സഹായികളെ 'ഉപരിലോകാത്മാക്കൾ' (സമാവി അർവാഹ്) എന്ന് വിളിക്കുന്നു. ഒരു കുഞ്ഞ് ജനിക്കുന്നതിനു മുമ്പേ അമ്മയുടെ ഗർഭാശയത്തിൽ വെച്ച് മരണപ്പെട്ടാൽ അതിനു ജനാസ നമസ്കാരം (മരണാനന്തര പ്രാർത്ഥന) നിർബന്ധമില്ല. ഇനിയും അതൊരു മനുഷ്യനായി തീർന്നിട്ടില്ല എന്നതാണ് ഇതിന് കാരണം. എന്നാൽ ജനിച്ച ഉടൻതന്നെ കുഞ്ഞ് മരണപ്പെട്ടാൽ പോലും ജനാസ നമസ്കാരം നിർബന്ധമാണ്. കാരണം മനുഷ്യാത്മാവ് അതിൽ വന്നു ചേർന്നതിനെ തുടർന്ന് അതൊരു മനുഷ്യനായി തീർന്നിട്ടുണ്ട്. മാത്രമല്ല നഫ്സ് (lower self) അതിന്റെ സഹായികളുമായി പൊക്കിൾകൊടിയിൽ പ്രവേശിച്ചിട്ടുമുണ്ട്.

ഒരു മനുഷ്യനിൽ ധാതുആത്മാവ് (mineral spirit) ശക്തമാണെങ്കിൽ അവൻ പർവ്വതങ്ങളിൽ താമസിക്കുന്നത് ഇഷ്ടപ്പെടും. മനുഷ്യൻ പൂക്കളെയും മരങ്ങളെയും സ്നേഹിക്കാൻ കാരണം അവനിലുള്ള സസ്യാത്മാവാണ്. മനുഷ്യനിൽ മൃഗാത്മാവിന്റെ സ്വാധീനം അധികമായാൽ അവൻ മൃഗങ്ങളെ സ്നേഹിക്കുകയും മൃഗങ്ങളെപ്പോലെ പ്രവർത്തിക്കുകയും ചെയ്യും. നഫ്സ് (ശൈത്താനി ജിന്ന്) ഒരു നായ

യുടെ രൂപത്തിലാണ് കാണപ്പെടുന്നത്. മനുഷ്യനിൽ ഇതിന്റെ സ്വാധീനം അധികമായാൽ അവനിൽ നായയുടേത് പോലുള്ള സ്വഭാവങ്ങളും നായകളോട് അധിക സ്നേഹവും ഉണ്ടായിരിക്കും. ഖൽബ് ഉണരുന്നതോടു കൂടി ഒരു മനുഷ്യൻ മലക്കുകളെ പോലെ ആയിത്തീരുന്നതാണ്.

മരണശേഷം ഉപരിലോകാത്മാക്കൾ ഉപരിലോകങ്ങളിലേക്ക് തന്നെ മടങ്ങിപ്പോകുന്നു. ഉപരിലോകാത്മാക്കൾ ഒരു പ്രത്യേക ശരീരത്തിലേക്ക് മാത്രം നിശ്ചയിക്കപ്പെട്ടവയാണ്. എന്നാൽ നഫ്സ് ഉൾപ്പടെയുള്ള ഭൗമാത്മാക്കൾ ഈ ലോകത്ത് തന്നെ തുടരുന്നു. മരണശേഷം ഭൗമാത്മാക്കളെ പുതിയതായി ജനിച്ച ഒരു ശരീരത്തിലേക്ക് പ്രവേശിപ്പിക്കുന്നു. അങ്ങനെ ഭൗമാത്മാക്കൾ ഒരു ശരീരത്തിൽ നിന്നും മറ്റൊന്നിലേക്ക്, പിന്നീട് മൂന്നാമതൊരു ശരീരത്തിലേക്ക്, എന്നിങ്ങനെ വ്യത്യസ്ത മനുഷ്യശരീരങ്ങളിലേക്ക് പുന:പ്രവേശനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവയ്ക്ക് വിധിന്യായ (മഹ്ശറ ദിനം) ദിവസവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ശുദ്ധീകരിക്കപ്പെട്ട നഫ്സ് ഖബറുകളിൽ താമസിച്ച് ജനങ്ങൾക്ക് ആത്മീയാനുഗ്രഹങ്ങൾ നൽകുകയും സ്വയം ആരാധനകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. മുഹമ്മദ് നബി (സ) മിഅ്റാജിന്റെ രാവിൽ (Night of Ascension) മൂസാനബി (അ) യുടെ ഖബറിനരികിലൂടെ കടന്നുപോയപ്പോൾ അദ്ദേഹം ഖബറിൽ നമസ്കരിക്കുന്നതായി കാണപ്പെട്ടു. അതിനുശേഷം പ്രവാചക തിരുമേനി (സ) ഉപരിലോകത്ത് എത്തിയപ്പോൾ അവിടെയും മൂസാനബി (അ) യെ കാണുകയുണ്ടായി.

ദുഷ്ടജനങ്ങളുടെ ശക്തിപ്പെട്ട നഫ്സ് തങ്ങളുടെ നിലനിൽപ്പിനായി ശൈത്താൻമാരുടെ സംഘവുമായി ചേരുകയും മനുഷ്യശരീരങ്ങളിൽ പ്രവേശിച്ച് അവരെ ഉപദ്രവിക്കുകയും ചെയ്യുന്നു. ഇത്തരം നഫ്സുകളെ 'ദുഷ്ടാത്മാക്കൾ' (evil spirits) എന്നു വിളിക്കുന്നു. ഈസാനബി (അ) ദുഷ്ടാത്മാക്കൾ ബാധിച്ചവരുടെ ശരീരത്തിൽ നിന്നും അവയെ നീക്കം ചെയ്യാറുണ്ടായിരുന്നു എന്ന് ഇൻജീലിൽ (Bible) രേഖപ്പെടുത്തിയിട്ടുണ്ട്. മരണശേഷം ഭൗമാത്മാക്കളും നഫ്സും ഈ ലോകത്ത് തന്നെ തുടരുന്നു. മനുഷ്യാത്മാവ് ഇല്ലിയ്യീനിലേക്കോ സിജ്ജീനിലേക്കോ പോകുന്നു. ലഥായിഫുകൾ (നെഞ്ചിലെ സൂക്ഷ്മാത്മാക്കൾ) പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവയും ഇല്ലിയ്യീനിലേക്ക് പോകുന്നതാണ്.

അല്ലാത്തപക്ഷം ലഥായിഫുകൾ ഖബറിൽ പാഴായിപ്പോകുന്നതാണ്. നഫ്സ് കാരണമാണ് മനുഷ്യൻ അശുദ്ധനായത്.

ബുള്ളേ ഷാ പറഞ്ഞു: ***"നഫ്സ് അതിന്റെ അശുദ്ധികളുമായി എന്നിലേക്ക് കൊണ്ടുവരപ്പെട്ടു. യഥാർത്ഥത്തിൽ ഞാൻ അശുദ്ധനായിരുന്നില്ല."***

നഫ്സിനെ ശുദ്ധീകരിക്കുന്നതിനു വേണ്ടിയാണ് വേദപുസ്തകങ്ങൾ ഇറക്കപ്പെട്ടതും പ്രവാചകൻമാരെയും ഔലിയാക്കളെയും അയച്ചതും നരകത്തെ കൊണ്ട് ഭയപ്പെടുത്തിയതും സ്വർഗ്ഗീയ സുഖങ്ങളെ കൊണ്ട് മോഹിപ്പിച്ചതും. കഠിനമായ റിയാളകളിലൂടെയും (ആത്മീയ സാധനകൾ) ആരാധനകളിലൂടെയും വ്രതാനുഷ്ഠാനങ്ങളിലൂടെയും നഫ്സിനെ മെരുക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയും അങ്ങനെ അതിലൂടെ അവർ സ്വർഗ്ഗത്തിന് അർഹരാകുകയും ചെയ്തു. ധാരാളം പേർ ആന്തരികജ്ഞാനം മുഖേന അതിനെ സ്ഫുടം ചെയ്തെടുത്ത് അല്ലാഹുവിന്റെ സുഹൃത്തുക്കളായി മാറി.

★ ★ ★

# നഫ്സിന്റെ ശാസ്ത്രം

ഇതൊരു ശൈത്താനി (പൈശാചിക) അണു ആണ്. പൊക്കിളാണ് ഇതിന്റെ വാസസ്ഥലം. സകല നബിമാരും ഔലിയാക്കളും നഫ്സിന്റെ ഉപദ്രവത്തെതൊട്ട് അഭയം തേടിയിട്ടുണ്ട്. എല്ലുകളിലും കൽക്കരിയിലും ചാണകത്തിലും മറ്റും കാണപ്പെടുന്ന ഫോസ്ഫറസും ദുർഗന്ധവുമാണ് ഇതിന്റെ ഭക്ഷണം. എല്ലാ മതങ്ങളും ലൈംഗികബന്ധത്തിന് ശേഷം കുളിക്കുവാൻ കൽപ്പിച്ചിട്ടുണ്ട്. ലൈംഗികപ്രവർത്തന സമയങ്ങളിൽ ചർമ്മസുഷിരങ്ങൾ വഴി ദുർഗന്ധം പുറത്തേക്ക് പ്രവഹിക്കുന്നത് കൊണ്ടാണിത്. ദുർഗന്ധമുള്ള പാനീയങ്ങളും ദുർഗന്ധമുള്ള മൃഗങ്ങളുടെ മാംസവും വിലക്കിയിട്ടുണ്ട്.

അസൽ ദിനത്തിൽ (സൃഷ്ടിയുടെ പ്രാരംഭഘട്ടം) അല്ലാഹുവിന്റെ മുമ്പിലുണ്ടായിരുന്ന ധാതുആത്മാക്കൾ വരെയുള്ള സകല ആത്മാക്കളും പരസ്പരം പരിചയപ്പെടുകയും ഒന്നിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യൻ അവനിലുള്ള ധാതുആത്മാവിനാൽ പ്രേരിതനായി കല്ലുകൾ കൊണ്ട് വീടുകൾ നിർമിച്ചു. അവനിലുള്ള സസ്യാത്മാവിനാൽ പ്രേരിതനായി അവൻ മരങ്ങളുടെ തടികൊണ്ട് വീടുകൾക്ക് മേൽക്കൂരകളുണ്ടാക്കി. വൃക്ഷങ്ങളുടെ തണുത്ത തണലിലും അവൻ പ്രയോജനം കണ്ടെത്തി. വൃക്ഷങ്ങൾ അവന് ശുദ്ധമായ ഓക്സിജൻ പ്രദാനം ചെയ്തു. പിന്നിലെ നിരയിലുണ്ടായിരുന്ന മൃഗാത്മാക്കൾ ഭൂമിയിൽ മൃഗങ്ങളായി മാറുകയും മനുഷ്യന് ഭക്ഷിക്കുവാൻ ഹലാലായി നിശ്ചയിക്കപ്പെടുകയും ചെയ്തു. ഇത് കൂടാതെ ഈ വിഭാഗത്തിലെ പക്ഷികളെയും ഭക്ഷിക്കുന്നതിന് ഹലാലാക്കി. ഇടത് വശത്താകട്ടെ, ജിന്നുകളും ദുരാത്മാക്കളും (സിഫലി മുഅക്കിലാത്ത്) അതിനു പിന്നിലായി ദുഷ്ടാത്മാക്കളും (evil spirits) ആയിരുന്നു ഉണ്ടായിരുന്നത്. ദുഷ്ടാത്മാക്കൾ അവസാനം അല്ലാഹുവിന്റെ ശത്രുക്കളായി മാറി. ദുഷ്ടാത്മാക്കളുടെ പിന്നിലായി കാണപ്പെട്ട മൃഗ, സസ്യ, ധാതു ആത്മാക്കളിൽ മനുഷ്യ

നോട് ശത്രുത വളർന്നു. ഈ വിഭാഗത്തിൽ നിന്നുള്ള ധാതുആത്മാക്കൾ ഭൂമിയിലെ ചാരം കൽക്കരിയായി മാറാൻ കാരണമായി. അതിൽ നിന്നുള്ള വാതകം മനുഷ്യന് ഹാനികരമായിരുന്നു. ഇതേ വിഭാഗത്തിൽ നിന്നുള്ള സസ്യാത്മാക്കളിൽ നിന്നാണ് അപകടകരവും മുള്ളുകൾ നിറഞ്ഞതും നരഭോജികളുമായ മരങ്ങൾ ഉണ്ടായത്. ഈ വർഗ്ഗത്തിൽ പ്പെട്ട മൃഗാത്മാക്കളിൽ നിന്ന് നരഭോജികളും അക്രമാസക്തരുമായ മൃഗങ്ങളും ഉണ്ടായി. മനുഷ്യനോടുള്ള ശത്രുത കാരണമായി ഇവരിൽ പ്പെട്ട പക്ഷിവർഗ്ഗത്തെ ഭക്ഷിക്കുന്നത് ഹറാമായി നിശ്ചയിക്കപ്പെട്ടു. അവ ആഹാരം കഴിക്കുന്നത് അവയുടെ നഖങ്ങൾ (claws) ഉപയോഗിച്ചാണ്. ഇത് നോക്കി ഈ വർഗ്ഗത്തിലുള്ള പക്ഷികളെ തിരിച്ചറിയാവുന്നതാണ്. അല്ലാഹുവിന്റെ വലതുവശത്തുള്ള ആത്മാക്കളെ മനുഷ്യന്റെ സേവക രായും സന്ദേശവാഹകരായും സഹായികളുമായി നിശ്ചയിക്കപ്പെട്ടു. മനുഷ്യനെ എല്ലാവരേക്കാളും ഉന്നതനാക്കുകയും ദൈവത്തിന്റെ ഖലീഫയായി (പ്രതിനിധി) നിയമിക്കുകയും ചെയ്തു. ഇനി ഈ ഖിലാഫത്ത് ഒരു മനുഷ്യൻ സ്വീകരിക്കുമോ അതോ നിരസിക്കുമോ എന്നുള്ളത് അവന്റെ അതിനായുള്ള സന്നദ്ധത, പ്രയത്നം, വിധി എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

സ്വപ്നവേളയിൽ നഫ്സ് ശരീരത്തിൽനിന്നും പുറത്തേക്ക് പോകു കയും ആ വ്യക്തിയുടെ രൂപത്തിൽ ജിന്നുകളുടെ പൈശാചികസംഘ ങ്ങളിൽ അലയുകയും ചെയ്യും. നഫ്സിന്റെ കൂടെ കൂട്ടാളിയായി ഖന്നാസുമുണ്ട്. ഇതിന് ഒരു ആനയുടെ രൂപമാണുള്ളത്. നഫ്സിനും ഖൽബിനും ഇടയിലായാണ് ഖന്നാസിന്റെ സ്ഥാനം. മനുഷ്യനെ വഴി പിഴപ്പിക്കുന്നതിൽ അത് നഫ്സിനെ സഹായിക്കുന്നു. ഇതിനു പുറമേ മനുഷ്യനെ വഴി പിഴപ്പിക്കുന്നതിനായി നാല് പക്ഷികൾ നെഞ്ചിലെ നാല് ലഥായിഫുകളിൽ പറ്റിപ്പിടിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഖൽബിനോട് പറ്റിപ്പിടിച്ച് ഒരു കോഴിയുണ്ട്. ഇത് ഹൃദയത്തിൽ കാമം ജനിപ്പിക്കുന്നു. ഖൽബിന്റെ ദിക്റിനാൽ ഈ കോഴി കാമവികാരം വിട്ടകന്ന് ശുദ്ധി പ്രാപിക്കുന്നതാണ്. അപ്പോൾ അത് ഹലാലും ഹറാമും വേർതിരിച്ചറിയാൻ തുടങ്ങും. ഈ അവസ്ഥ പ്രാപിച്ച ഖൽബുകൾ 'ഖൽബേ സലീം' (സുരക്ഷിതമായ ഹൃദയം) എന്നറിയപ്പെടുന്നു. 'സിർറി'യോട് പറ്റിപ്പിടിച്ച് ഒരു കാക്ക ഇരിക്കുന്നു. ആർത്തിയാണ് 'സിർറി'യെ ബാധിക്കുന്നത്. ഖഫിയിൽ ഒരു മയിൽ ഇരിക്കുന്നു. ഖഫിയെ ബാധിക്കുന്നത് അസൂയയാണ്. അഖ്ഫയിൽ പറ്റിപ്പിടി

ച്ചിരിക്കുന്നത് ഒരു പ്രാവാണ്. പിശുക്കാണ് അഖ്ഫയെ ബാധിക്കുന്നത്. നെഞ്ചിനുള്ളിലുള്ള ആത്മാക്കളെ ആർത്തിക്കും അസൂയക്കും കീഴ്പ്പെടാൻ ഈ പക്ഷികളുടെ സ്വഭാവങ്ങൾ നിർബന്ധിച്ചുകൊണ്ടിരിക്കും. ആത്മാക്കൾ പ്രകാശിപ്പിക്കപ്പെടുന്നതുവരെ ഇത് തുടരും. ഇബ്റാഹീം നബി (അ) യുടെ ശരീരത്തിൽ നിന്നും ഈ നാല് പക്ഷികളെ പുറത്തെടുക്കുകയും ശുദ്ധീകരിച്ച ശേഷം ശരീരത്തിൽ തന്നെ തിരിച്ച് വെക്കുകയുമുണ്ടായി. പരിശുദ്ധി പ്രാപിച്ച വ്യക്തികളുടെ മരണശേഷം ഈ പക്ഷികൾ മരങ്ങളിൽ താമസിക്കുവാൻ തുടങ്ങുന്നു. മുജാഹദക്കുവേണ്ടി കുറച്ച് കാലത്തേക്ക് വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾ ഈ പക്ഷികളുടെ ശബ്ദം അനുകരിക്കാൻ പഠിക്കുന്നു. തത്ഫലമായി ഈ പക്ഷികൾ അവരുമായി ഇണങ്ങുകയും അവരുടെ ചെറിയ ചികിത്സകളിൽ സഹായികളാകുകയും ചെയ്യുന്നു.

## ഒരു പ്രധാന വസ്തുത:

*നഫ്സ് ശൈത്താനുമായി (പിശാച്) ബന്ധപ്പെട്ടിരിക്കുന്നു. നെഞ്ചിലെ അഞ്ച് ആത്മാക്കൾ അഞ്ച് ഉലുൽ അസ്മുകളായ പ്രവാചകൻമാരുമായി ബന്ധപ്പെട്ടിരിക്കുന്നു. അനയുടെ ബന്ധം അല്ലാഹുവുമായാണ്. അത്പോലെ ശരീരം കാമിലായ ശൈഖുമായി ബന്ധപ്പെട്ടതാണ്. ഏത് ആത്മാവാണോ അതിന്റെ അധികാരിയുമായി ബന്ധമില്ലാത്തത് അത് അതിന്റെ ആത്മീയാനുഗ്രഹത്തെ തൊട്ട് ഒഴിവാക്കപ്പെട്ടിരിക്കുന്നു.*

★★★

# ലഥായിഫുകൾ

## 1. ലഥായിഫുൽ ഖൽബ്

*ഖൽബിനോട് ബന്ധപ്പെട്ട നുബുവ്വത്തും (പ്രവാചകത്വം) ജ്ഞാനവും ആദം സഫിയുള്ളായ്ക്ക് നൽകപ്പെട്ടു.*

മാംസളമായ ഹൃദയം (physical heart) ഉറുദുവിൽ 'ദിൽ' എന്നും അറബിയിൽ 'ഫവാദ്' എന്നും അറിയപ്പെടുന്നു. മാംസള ഹൃദയത്തിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന ആത്മീയ ശക്തികേന്ദ്രത്തെ 'ഖൽബ്' എന്ന് വിളിക്കുന്നു. ഈ ഖൽബിനോട് ബന്ധപ്പെട്ട നുബുവ്വത്തും ജ്ഞാനവും ആദം സഫിയുള്ളായ്ക്ക് നൽകപ്പെട്ടു. ഹദീസിൽ പ്രസ്താവിക്കുന്നു: *'ശാരീരിക ഹൃദയം ഖൽബിൽ നിന്നും വ്യത്യസ്തമാണ്.'*

ഈ ദൃശ്യപ്രപഞ്ചം 'നാസൂത്ത്' എന്നറിപ്പെടുന്നു. ഇത് കൂടാതെ മലക്കൂത്ത്, അങ്കബൂത്ത്, ജബറൂത്ത് (ആത്മാക്കളുടെ ലോകം), ലാഹൂത്ത് (Realm of Nothingness), വഹ്ദത്ത് (Realm of Divine Unity), അഹദിയത്ത് (Realm of Divine Oneness) തുടങ്ങിയ മറ്റ് പ്രപഞ്ചങ്ങളുമുണ്ട്. ഈ പ്രപഞ്ചങ്ങളും അതിലെ സൃഷ്ടികളും ദൃശ്യപ്രപഞ്ചമായ നാസൂത്തിലെ അഗ്നിഗോളത്തിന്റെ സ്ഫോടനത്തിനു (സൂര്യനും ഭൂമിയും മറ്റ് ഗ്രഹങ്ങളും ഉണ്ടാകാൻ കാരണമായ സ്ഫോടനം) മുമ്പേ ഉണ്ടായിരുന്നു. മലക്കുകളെയും ആത്മാക്കളെയും സൃഷ്ടിച്ചത് ഒരേ സമയത്ത് തന്നെയാണ്. എന്നാൽ ഉന്നതമലക്കുകളും (Archangels) നെഞ്ചിലെ സൂക്ഷ്മാത്മാക്കളും (ലഥായിഫുകൾ) മേൽപ്പറഞ്ഞ ലോകങ്ങളിൽ അതിന് മുമ്പേ ഉണ്ട്. പിന്നീട് നാസൂത്തീയ ലോകത്തിലെ നിരവധി ഗ്രഹങ്ങളിൽ സൃഷ്ടികൾ വാസമുറപ്പിച്ചു. അതിൽ ചില ഗ്രഹങ്ങളിൽ ഖിയാമത്ത് (അന്ത്യം) സംഭവിച്ചു. ബാക്കിയുള്ളവ ഖിയാമത്തിനെ പ്രതീക്ഷിച്ച് നിൽക്കുന്നു. ആത്മാക്കളെ സൃഷ്ടിക്കുന്നതിനായുള്ള അല്ലാഹുവിന്റെ 'കുൻ' എന്ന കൽപനക്ക് എഴുപതിനായിരം

വർഷങ്ങൾക്ക് മുമ്പ് തന്നെ ഉന്നതമലക്കുകളെയും ലഥായിഫുകളെയും സൃഷ്ടിച്ചിരുന്നു. ഖൽബ് മുഹബ്ബത്തിന്റെ മഖാമിൽ (spiritual station) സൂക്ഷിക്കപ്പെട്ടു. ഖൽബ് മുഖേനയാണ് മനുഷ്യൻ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നത്. ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിലുള്ള ഒരു ടെലിഫോൺ ഓപ്പറേറ്റർ പോലെയാണ് ഖൽബ്. ദൈവിക തെളിവുകളും (ദലീൽ) വെളിപാടുകളും (ഇൽഹാം) മനുഷ്യന് ലഭിക്കുന്നത് ഖൽബിലൂടെയാണ്.

ഖൽബ് മുഖേനയാണ് നെഞ്ചിലെ എല്ലാ ലഥായിഫുകളുടെയും ഇബാദത്ത് (ആരാധന) അല്ലാഹുവിന്റെ അർശിലെത്തുന്നത്. എന്നാൽ ഖൽബിന് മലക്കൂത്തിയ ലോകത്തിനപ്പുറം കടക്കാൻ കഴിയില്ല. ഖുൽദ് (ഏറ്റവും താഴ്ന്ന നിലയിലുള്ള സ്വർഗ്ഗം) ആണ് ഖൽബിന്റെ മഖാം. ഇതിന്റെ ആരാധനയും ഇത് ദിക്ർ ചെയ്യുന്ന രീതിയും മനുഷ്യന്റെ ഘടനയിൽ തന്നെ ഉള്ളതാണ്. ഈ ആന്തരിക ഇബാദത്തിനെപ്പറ്റി അറിയാതിരുന്നവർ സ്വർഗ്ഗം കരസ്ഥമാക്കിയാൽ പോലും അവിടെ വെച്ച് ഖേദിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, അല്ലാഹു പറയുന്നു: *"അവർ കരുതുന്നുണ്ടോ അല്ലാഹു അവരെ തഖ്വ ഉള്ളവരോട് സമമാക്കുമെന്ന്?"* കാരണം പ്രകാശിപ്പിക്കപ്പെട്ട ഖൽബ് ഉള്ളവർ സ്വർഗ്ഗത്തിൽ വെച്ചും 'അല്ലാഹ് അല്ലാഹ്' എന്ന് ദിക്ർ ചെയ്തുകൊണ്ടിരിക്കുന്നതാണ്.

ശാരീരിക ആരാധന മരണത്തോടുകൂടി അവസാനിക്കുന്നു. അല്ലാഹുവിന്റെ നൂർ മുഖേന ശക്തമാക്കപ്പെട്ടിട്ടില്ലാത്ത ഖൽബും മറ്റ് ലഥായിഫുകളും ഖബറിൽ ശക്തി ക്ഷയിച്ചു കിടക്കുകയോ നശിക്കുകയോ ചെയ്യും. പ്രകാശിപ്പിക്കപ്പെട്ടതും ശക്തമാക്കപ്പെട്ടതുമായ ലഥായിഫുകൾ ഇല്ലിയ്യീനിലേക്ക് പ്രവേശിക്കും. മഹ്ശറ ദിനത്തിന് ശേഷം എല്ലാവർക്കും പുതിയ ശരീരം നൽകുന്നതാണ്. ഈ ലഥായിഫുകളും റൂഹും ചിരഞ്ജീവികളായ ഔലിയാക്കളിൽ നിക്ഷേപിക്കുന്നതാണ് (ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹുവിനെ കണ്ടവർ). ആരാണോ ദുനിയാവിൽ വെച്ച് തന്നെ ലഥായിഫുകളെ ഹയാത്താക്കി 'അല്ലാഹ് അല്ലാഹ്' എന്ന് ദിക്ർ ചെയ്ത് കൊണ്ടിരുന്നത് അവർ പരലോകത്തു വെച്ചും 'അല്ലാഹ് അല്ലാഹ്' എന്ന് ദിക്ർ ചെയ്യുന്നവരായിരിക്കും. അതിനാൽ അവിടെയെത്തിയതിനു ശേഷവും അവരുടെ സ്ഥാനവും പദവികളും നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നതാണ്. ആരുടെ

ഹൃദയം ഇഹലോകത്തുവെച്ച് അന്ധമായിരുന്നുവോ അവർ പരലോകത്തും അന്ധരായി തന്നെ തുടരും. എന്തുകൊണ്ടെന്നാൽ കർമ്മങ്ങൾ ചെയ്യുന്നതിനുള്ള വേദി ഈ ദുനിയാവായിരുന്നു. അതിനാൽ അവർ സ്ഥിരമായി ഒരു സ്ഥാനത്ത് തന്നെ ആയിപ്പോകുന്നതാണ്.

ക്രിസ്ത്യൻ, ജൂത, ഹിന്ദു മതങ്ങളിലെല്ലാം തന്നെ ഈ സൂക്ഷ്മാത്മാക്കളെ പറ്റിയുള്ള പരാമർശമുണ്ട്. ഈ സൂക്ഷ്മാത്മാക്കളെ ഹിന്ദുക്കൾ 'ശക്തികൾ' എന്നും മുസ്‌ലിംങ്ങൾ 'ലഥായിഫ്' എന്നും വിളിക്കുന്നു. ഖൽബ് ഹൃദയത്തിന് ഇടതുവശത്തായി രണ്ട് ഇഞ്ച് ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. അതിന്റെ നിറം മഞ്ഞയാണ്. ഖൽബ് ഉണരുന്നതിന്റെ ഫലമായി മനുഷ്യൻ തന്റെ കണ്ണുകളിൽ മഞ്ഞപ്രകാശം കാണാൻ തുടങ്ങും. ചില ആത്മീയാചാര്യന്മാർ ലഥായിഫുകളുടെ നിറങ്ങൾ ഉപയോഗിച്ചും ജനങ്ങളെ ചികിത്സിക്കാറുണ്ട്.

ഭൂരിഭാഗം ആളുകളും തങ്ങളുടെ ഹൃദയത്തിന്റെ ഉപദേശം സത്യമാണെന്നു വിശ്വസിക്കുന്നു. എന്നാൽ ഒരു സാധാരണ മനുഷ്യന്റെ ഖൽബ് വിവേകശൂന്യമാണ്. അത്തരം ഖൽബിനെ 'ഖൽബേ സനോബർ' എന്ന് വിളിക്കുന്നു. അത് നൽകുന്ന ഉപദേശം മിക്കവാറും തെറ്റായിരിക്കും. അതിന്റെ പക്വതയില്ലായ്മയും ഖന്നാസും (the Whisperer) നഫ്സും അതിൽ ചെലുത്തുന്ന സ്വാധീനവുമാണ് അതിന് കാരണം. ഖൽബേ സനോബറിനെ വിശ്വസിക്കുന്നത് മണ്ടത്തരമാണ്. അല്ലാഹുവിന്റെ ദിക്റിനാൽ ഖൽബ് ഹയാത്തായിക്കഴിഞ്ഞാൽ അത് തെറ്റും ശരിയും വേർതിരിച്ചറിയാൻ തുടങ്ങും. അങ്ങനെ അത് വിവേകപൂർണമാകുന്നു. അത്തരം ഖൽബിനെ 'ഖൽബേ സലിം' (സുരക്ഷിത ഹൃദയം) എന്ന് വിളിക്കുന്നു. ദിക്റിന്റെ ആധിക്യത്താൽ പിന്നീടത് അല്ലാഹുവിലേക്ക് തിരിയുന്നു. ഈ അവസ്ഥ പ്രാപിച്ച ഖൽബാണ് 'ഖൽബേ മുനീബ്' (ദൈവത്തിലേക്ക് തിരിഞ്ഞ ഹൃദയം). അത്തരം ഹൃദയങ്ങൾക്ക് മനുഷ്യനെ തെറ്റിൽ നിന്നും തടയാൻ കഴിയും. എന്നാൽ അതിന് ശരിയായ തീരുമാനം എടുക്കുവാനുള്ള കഴിവില്ല. പിന്നീട് അതിലേക്ക് അല്ലാഹുവിന്റെ തജല്ലിയാത്ത് പതിക്കുവാൻ തുടങ്ങുമ്പോൾ അത് 'ഖൽബേ ശഹീദ്' ആയി മാറുന്നു (സാക്ഷിയായ ഹൃദയം). ഒരു ഹദീസിൽ പറയുന്നു; 'ഉടക്കപ്പെട്ട ഹൃദയങ്ങളിലും ഉടക്കപ്പെട്ട ഖബറുകളിലും അല്ലാഹുവിന്റെ കാരുണ്യം വന്നിറങ്ങുന്നു.' ഈ ഘട്ടത്തിലെത്തിയാൽ ഹൃദയം പറയുന്നതെന്തും ഒരു സംശയവും

കൂടാതെ അനുസരിക്കുക. കാരണം അല്ലാഹുവിന്റെ തജല്ലിയാത്ത് നഫ്സിനെ 'മുത്മഇന്ന' (the Divinely Content Self) എന്ന തലത്തിലേക്ക് മാറ്റിയിരിക്കുന്നു. അപ്പോൾ അല്ലാഹു അവന്റെ കണ്ഠനാഡിയേക്കാൾ അടുത്തവനായിത്തീരും. ഈ ഘട്ടത്തിൽ അല്ലാഹു പ്രഖ്യാപിക്കുന്നു: *"ഞാനവന്റെ നാവായി തീരും, അതുകൊണ്ട് അവൻ സംസാരിക്കും. ഞാൻ അവന്റെ കൈ ആയി തീരും, അതുകൊണ്ട് അവൻ പിടിക്കും."*

## 2. മനുഷ്യാത്മാവ് (റൂഹ്)

*റൂഹുമായി ബന്ധപ്പെട്ട നുബുവ്വത്തും ജ്ഞാനവും ഇബ്രാഹിം നബി (അ) ക്ക് നൽകപ്പെട്ടു.*

മനുഷ്യാത്മാവ് നെഞ്ചിന്റെ വലതുവശത്തായി സ്ഥിതി ചെയ്യുന്നു. അല്ലാഹുവിന്റെ നാമം ഉറക്കെ ചൊല്ലുന്നതിലൂടെയും അത് തസവ്വുർ (ഭാവനയിൽ കാണുക) ചെയ്യുന്നതിലൂടെയും റൂഹിനെ ഉണർത്താം. തത്ഫലമായി അതിൽ ഒരു തുടിപ്പ് അനുഭവപ്പെടുകയും ക്രമേണ ആ തുടിപ്പ് വർധിച്ചു വരുന്നതായും അറിയുന്നതാണ്. ഇതിന്റെ ദിക്ർ ആണ് '*യാ അല്ലാഹ്.*' ഇപ്പോൾ രണ്ട് ലത്വായിഫുകൾ അല്ലാഹുവിന്റെ ദിക്റിൽ മുഴുകിയിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ ആത്മീയ നില ഖൽബ് മാത്രം ഉണർന്നവരേക്കാൾ ഉന്നതമാണ്. കടുംചുവപ്പാണ് റൂഹിന്റെ നിറം. റൂഹിനെ ഉണർത്തുന്നതോടുകൂടി ജബറൂത്ത് ലോകത്തിലേക്ക് പ്രവേശനം ലഭിക്കുന്നു. ക്രോധവും ദേഷ്യവും ഇതിനോട് ചേർത്തുവെക്കപ്പെട്ടിരിക്കുന്നു. ദൈവികതാപത്താൽ അത് ഗാംഭീര്യം (ജലാലിയ്യത്ത്) ആയി മാറുന്നതാണ്.

## 3. ലത്വായിഫുൽ സിർറി

*ഇതിനെ സംബന്ധിച്ച നുബുവ്വത്തും ജ്ഞാനവും മൂസാനബി (അ) ക്ക് നൽകപ്പെട്ടു.*

ഇത് നെഞ്ചിന്റെ ഇടതുഭാഗത്തിനും മധ്യഭാഗത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. '*യാ ഹയ്യു യാ ഖയ്യൂം*' എന്ന ദിക്ർ ഉച്ചത്തിൽ ചൊല്ലുന്നതിലൂടെയും തസവ്വുർ ചെയ്യുന്നതിലൂടെയും ഇതിനെ ഉണർത്താവുന്നതാണ്. ഇതിന്റെ നിറം വെളുപ്പാണ്. സ്വപ്നത്തിലൂടെയും ആത്മീയയാത്രയിലൂടെയും ഇത് ലാഹൂത്ത് ലോകത്തിൽ എത്തിച്ചേരുന്നു. ഇപ്പോൾ മൂന്നു ലത്വായിഫുകളും അല്ലാഹുവിന്റെ

ദിക്റിൽ മുഴുകിയിട്ടുണ്ട്. അങ്ങനെ ആ വ്യക്തിയുടെ ആത്മീയനില വീണ്ടും ഉയർന്നിരിക്കുന്നു.

## 4. ലഥായിഫുൽ ഖഫി

*ഈ ലഥായിഫിനെ സംബന്ധിച്ച നുബുവ്വത്തും ജ്ഞാനവും ഈസാനബി (അ) ക്ക് നൽകപ്പെട്ടു.*

നെഞ്ചിന്റെ മധ്യഭാഗത്തിന് വലതുവശത്തായാണ് ഈ ലഥായിഫ് സ്ഥിതി ചെയ്യുന്നത്. *'യാ വാഹിദ്'* എന്ന നാമം ഉച്ചത്തിൽ ചൊല്ലുന്നതിലൂടെ ഇതിനെ ഉണർത്താൻ കഴിയും. പച്ചയാണ് ഇതിന്റെ നിറം. ഇതിന് ആലം വഹ്ദത്തിൽ (വഹ്ദത്ത് ലോകം) എത്താൻ കഴിയുന്നതാണ്. ഇപ്പോൾ നാല് ലഥായിഫുകൾ അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിട്ടുണ്ട്. ആ വ്യക്തിയുടെ ആത്മീയനില കൂടുതൽ ഉയർന്നിരിക്കുന്നു.

## 5. ലഥായിഫുൽ അഖ്ഫാ

*അഖ്ഫായെ സംബന്ധിച്ച നുബുവ്വത്തും ജ്ഞാനവും മുഹമ്മദ് നബി (സ) ക്ക് നൽകപ്പെട്ടു.*

ഇത് നെഞ്ചിന്റെ നടുവിലായി സ്ഥിതി ചെയ്യുന്നു. *'യാ അഹദ്'* എന്ന നാമം ഉറക്കെ ചൊല്ലുന്നതിലൂടെ ഇതിനെ പ്രകാശിപ്പിക്കാം. വയലറ്റ് ആണ് ഇതിന്റെ നിറം. ഇതും ആലം വഹ്ദത്തിലെ മറയോട് ബന്ധപ്പെട്ടു നിൽക്കുന്നു. ഈ മറയ്ക്ക് പിന്നിലാണ് അല്ലാഹുവിന്റെ അർശ് (ദൈവിക സിംഹാസനം).

നെഞ്ചിലെ അഞ്ചു ലഥായിഫുകളുടെയും ആന്തരികജ്ഞാനം (ബാത്തിനി ഇൽമ്) ഉലുൽ അസ്മുകളായ അഞ്ചു നബിമാർക്ക് തരംതിരിച്ച് നൽകപ്പെട്ടു. ഓരോ ലഥായിഫിന്റെയും അറിവിന്റെ പകുതി ഭാഗം നബിമാരിൽ നിന്നും ഔലിയാക്കളിലെത്തി. ഇപ്രകാരം ഇതിന് പത്ത് ഭാഗങ്ങളുണ്ടാകുകയും തുടർന്ന് ഈ ജ്ഞാനം ഔലിയാക്കൾ ഉന്നതരിലേക്ക് കൈമാറുകയും ചെയ്തു. ബാഹ്യജ്ഞാനം, ബാഹ്യ ശരീരം, ബാഹ്യഭാഷ ഇവയെല്ലാം ആലം നാസൂത്തിനോടും നഫ്സിനോടും ബന്ധപ്പെട്ടതാണ്. ഇവ സാധാരണക്കാരെ ഉദ്ദേശിച്ചുള്ളതാണ്. ഇതിന്റെ അറിവ് ബാഹ്യമായി കാണപ്പെടുന്ന വേദപുസ്തകത്തിലാണുള്ളത്. അതിന് മുപ്പത് ഭാഗങ്ങളുണ്ട്. ആന്തരികമായ ജ്ഞാനം നബി

മാർക്ക് വഹ്‌യ് ആയി നൽകപ്പെട്ടു. അതിനാൽ ഇതിനെ *'ആന്തരിക ഖുർആൻ'* (ബാത്തിനി ഖുർആൻ) എന്ന് വിളിക്കുന്നു. ഉന്നതരിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ആന്തരികമായ അറിവുകൾ നബി തിരുമേനി (സ) യുടെ നാവിൽ നിന്നും ചിലപ്പോഴൊക്കെ സാധാരണ ജനങ്ങളിലേക്ക് വഴുതി വീഴാറുണ്ടായിരുന്നു. ഇക്കാരണത്താൽ ഖുർ ആനിലെ പല സൂറത്തുകളും പിന്നീട് മൻസൂക് (മായ്ക്കുക) ചെയ്യ പ്പെട്ടിട്ടുണ്ട്. അത്തരം അറിവുകൾ ഔലിയാക്കളുടെ പരമ്പരകൾ വഴി ഹൃദയങ്ങളിൽ നിന്നും ഹൃദയങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു കൊണ്ടിരുന്നു. എന്നാൽ ഈ അറിവുകൾ ഇന്ന് പുസ്തകങ്ങൾ മുഖേന സാധാരണ ജനങ്ങളിലും എത്തിയിരിക്കുന്നു.

### 6. ലഥായിഫുൽ അന

ഇത് ശിരസ്സിൽ സ്ഥിതിചെയ്യുന്നു. ഇതിന് നിറമില്ല. *'യാ ഹൂ'* എന്ന ദിക്ർ ആണ് ഇതിന്റെ മിഅ്റാജ് (ascension). ആത്മീയമായി ശക്തി പ്രാപിച്ചു കഴിഞ്ഞാൽ ഇത് അല്ലാഹുവിലെത്തുകയും അല്ലാഹുവിനെ മറകളില്ലാതെ ദർശിക്കുകയും അല്ലാഹുവുമായി മുനാജാത്തിൽ (സംഭാഷണം) ഏർപ്പെടുകയും ചെയ്യും. ഇത് ആഷിഖീങ്ങളുടെ (ദൈവ പ്രേമികൾ) മഖാം ആണ്. ഇത് കൂടാതെ അല്ലാഹുവിന്റെ ചില ഇഷ്ട ദാസൻമാർക്ക് മറ്റ് ചില ദിവ്യാത്മാക്കളെ കൂടി നൽകുന്നതാണ്. *ഥിഫ്‌ലേ നൂരി* (Spirit of God's Light), *ജുസ്സേ തൗഫീഖേ ഇലാഹി* (Spirit of God) തുടങ്ങിയവയാണ് അവ. അത്തരം ഉന്നതാത്മാക്കളെ മനസ്സി ലാക്കൽ മനുഷ്യബുദ്ധിക്ക് അതീതമാണ്.

***ലഥായിഫുൽ അന മുഖേന അല്ലാഹുവിനെ സ്വപ്നത്തിൽ ദർശിക്കാം. ജുസ്സേ തൗഫീഖേ ഇലാഹി മുഖേന അല്ലാഹുവിനെ മുറാഖബയിൽ (Transcendental Meditation) ദർശിക്കുവാൻ സാധിക്കും. ഥിഫ്‌ലേ നൂരി കരസ്ഥമാക്കിയവർക്ക് ബോധാവസ്ഥയിൽ തന്നെ അല്ലാഹുവിനെ ദർശിക്കുവാൻ സാധിക്കും.***

അല്ലാഹുവിന്റെ പ്രതിച്ഛായ അത്യുന്നതരിൽ ഉന്നതർക്ക് മാത്രം സമ്മാനിക്കപ്പെട്ടു. ആകെ ഏഴ് പേർ മാത്രമാണ് അങ്ങനെയുള്ളവർ. അവർ *'സുൽത്താനുൽ ഫുഖറ'* എന്നറിയപ്പെടുന്നു. ലോകം അവരെ 'അല്ലാഹുവിന്റെ ശക്തി' (ഖുദ്റത്തുള്ള) എന്ന് വിളിക്കുന്നു. അവർക്ക്

അവരുടെ ഇഷ്ടാനുസരണം ഏതൊരാളെയും മഖാമേ മഹ്മൂദിൽ എത്തിക്കാൻ കഴിയുന്നതാണ്. അത് ഒരുപക്ഷേ ഇബാദത്തിലൂടെയോ റിയാളകളിലൂടെയോ അല്ലെങ്കിൽ അവരുടെ കരുണാപൂർവ്വമായ നോട്ടത്തിലൂടെയോ ആവാം. വിശ്വാസിയോ അവിശ്വാസിയോ ആവട്ടെ, മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആവട്ടെ, അവർക്ക് അതൊന്നും ഒരു പ്രശ്നമല്ല. ഒരൊറ്റ നോട്ടം കൊണ്ട് ശൈഖ് അബ്ദുൽ ഖാദർ ജീലാനി തങ്ങൾ ഒരു കള്ളനെ വലിയ്യ് ആക്കി മാറ്റിയത് അതിനുദാഹരണമാണ്. അബൂബക്കർ ഹവാരി (റ) യും മംഗാ ഡാക്കു (റ) വും ഇതുപോലെ ഉന്നതരുടെ ഒറ്റ നോട്ടം കൊണ്ട് ഔലിയാക്കളായി മാറിയവരാണ്.

ഉലുൽ അസ്മുകളായ അഞ്ച് പ്രവാചകൻമാർക്കും അവരുമായി ബന്ധപ്പെട്ട ലഥായിഫുകളുടെ ജ്ഞാനം നൽകപ്പെട്ടു. അങ്ങനെ ആത്മീയത ശക്തിയിലും ഗുണത്തിലും വളർന്നുകൊണ്ടിരുന്നു. ഏതൊരു ലഥായിഫിനെയാണോ നിങ്ങൾ ജീവസ്സുറ്റതാക്കുകയും അങ്ങനെ അതിനെ അല്ലാഹുവിന്റെ ദിക്റിൽ വ്യാപൃതമാക്കുകയും ചെയ്തത് ആ ലഥായിഫിനോട് ബന്ധപ്പെട്ട പ്രവാചകന്റെ അനുഗ്രഹം നേടാൻ നിങ്ങൾ അർഹനായി. അതുവഴി ആ പ്രവാചകനുമായി ബന്ധം സ്ഥാപിക്കാനും നിങ്ങൾക്ക് സാധിക്കുന്നതാണ്. ഏത് ലഥായിഫി ലാണോ അല്ലാഹുവിന്റെ തജല്ലിയാത്ത് വന്ന് പതിക്കുന്നത് ആ ലഥായി ഫുമായി ബന്ധപ്പെട്ട വിലായത്ത് (sainthood) നിങ്ങൾ നേടുന്നു. ഏഴ് ലോകങ്ങളിലേക്കുള്ള പ്രവേശനം സാധ്യമാകുന്നതും സ്വർഗ്ഗങ്ങളിലെ വ്യത്യസ്തപദവികൾ നേടുന്നതും നെഞ്ചിലെ ഈ ലഥായിഫുകൾ മുഖേനയാണ്.

★★★

# മനുഷ്യശരീരത്തിൽ ലഥായിഫുകളുടെ ധർമ്മങ്ങൾ

## ലഥായിഫുൽ അഖ്ഫാ

ഇത് മനുഷ്യനെ സംസാരിക്കാൻ പ്രാപ്തനാക്കുന്നു. ഇതില്ലാ യെങ്കിൽ ആരോഗ്യമുള്ള നാവ് ഉണ്ടെങ്കിൽ കൂടി മനുഷ്യൻ ജന്മനാ മൂകനായിരിക്കും. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം ഈ ലഥായിഫിനോട് ബന്ധപ്പെട്ടിരിക്കുന്നു. എന്തെങ്കിലും കാരണത്താൽ ജനനസമയത്ത് മനുഷ്യനിൽ ഈ ലഥായിഫ് പ്രവേശിച്ചില്ലായെങ്കിൽ അതിനെ ശരീരത്തിലേക്ക് കൊണ്ടുവരുന്നത് അതുമായി ബന്ധപ്പെട്ട പ്രവാചകന്റെ ചുമതലയാണ്. അപ്പോൾ ആ മൂകനായ വ്യക്തി സംസാരിച്ചു തുടങ്ങും.

## ലഥായിഫുൽ സിർറി

ഇത് മനുഷ്യനെ കാണാൻ പ്രാപ്തനാക്കുന്നു. ശരീരത്തിൽ ഈ ലഥായിഫ് വന്ന് ചേർന്നിട്ടില്ലെങ്കിൽ അവൻ ജന്മനാ അന്ധനായിരിക്കും. ശരീരത്തിലേക്ക് ഇതിനെ തിരികെ കൊണ്ടുവരിക എന്നത് അതുമായി ബന്ധപ്പെട്ട പ്രവാചകന്റെ ജോലിയാണ്. അങ്ങനെ ചെയ്യപ്പെട്ടാൽ അവന് കാഴ്ചശക്തി ലഭിക്കുന്നതാണ്.

## ലഥായിഫുൽ ഖൽബ്

മനുഷ്യനിൽ ഈ ലഥായിഫ് ഇല്ലെങ്കിൽ അവൻ മൃഗങ്ങളെപ്പോലെ ദൈവത്തെക്കുറിച്ച് ബോധമില്ലാത്തവനും ദൈവത്തിൽ നിന്നും അകന്ന വനും ദൈവത്തോടുള്ള അഭിനിവേശമോ താൽപര്യമോ ഇല്ലാത്ത വനുമായിരിക്കും. ഇതിനെ തിരികെ കൊണ്ടുവരിക എന്നതും നബിമാ രുടെ ചുമതലയായിരുന്നു. പിന്നീട് ഈ നബിമാരുടെ മുഅ്ജിസാത്തു കൾ (അത്ഭുതങ്ങൾ) കറാമത്തിന്റെ രൂപത്തിൽ ഔലിയാക്കൾക്കും

നൽകപ്പെടുകയുണ്ടായി. അതിലൂടെ ഫാസിക്കുകളും ഫാജിറുകളും പോലും ദൈവത്തിലെത്തി. ഒരുവനിൽ വന്നു ചേർന്നിട്ടില്ലാത്ത ലഥായിഫ് ഏതെങ്കിലും ഒരു വലിയ്യ് മുഖേനയോ പ്രവാചകൻ മുഖേനയോ തിരികെ കൊണ്ടുവരപ്പെട്ടാൽ അന്ധനോ ബധിരനോ മൂകനോ ആയാൽ പോലും അവൻ സുഖപ്പെടുന്നതാണ്.

### ലഥായിഫുൽ അന

ഈ ലഥായിഫ് ശരീരത്തിൽ പ്രവേശിച്ചില്ലെങ്കിൽ മസ്തിഷ്ക ത്തിലെ നാഡീവ്യവസ്ഥകൾ ശരിയായി പ്രവർത്തിച്ചാൽ പോലും അവൻ ബുദ്ധിമാന്ദ്യം സംഭവിച്ചവനായിരിക്കും.

### ലഥായിഫുൽ ഖഫി

ഇതിന്റെ അഭാവം മൂലം ചെവികൾ വിശാലമായി തുറക്കപ്പെട്ട താണെങ്കിൽ കൂടി ഒരു മനുഷ്യൻ ബധിരനായിരിക്കും. ശാരീരികമായ തകരാർ മൂലവും ഈ അവസ്ഥ ഉണ്ടാകാം. എന്നാൽ അത് ചികിത്സി ക്കാവുന്നതാണ്. ലഥായിഫിന്റെ അഭാവം മൂലമാണ് ഇത് സംഭവി ച്ചതെങ്കിൽ വൈദ്യസഹായം പ്രയോജനപ്പെടുകയില്ല. ഒരു പ്രവാച കനോ വലിയ്യോ സഹായഹസ്തം നീട്ടിയാലല്ലാതെ.

### ലഥായിഫുൽ നഫ്സ്

നഫ്സ് മുഖേന മനുഷ്യഹൃദയം ദുനിയാവിലേക്കും അതിലെ വസ്തുക്കളിലേക്കും ചായ്ഞ്ഞു പോകുന്നു. എന്നാൽ ഖൽബ് മനു ഷ്യനെ ദൈവത്തിലേക്ക് തിരിച്ചു വിടുന്നു.

★★★

# അല്ലാഹു എന്ന പദം

ഉപരിലോകങ്ങളിൽ സംസാരിക്കുന്ന ഭാഷയാണ് സുരിയാനി. ഈ ഭാഷയിലാണ് ദൈവം മലക്കുകളോട് സംസാരിക്കുന്നത്. സ്വർഗ്ഗത്തിലായിരുന്നപ്പോൾ ആദം സഫിയുള്ള സംസാരിച്ച ഭാഷയും ഇതു തന്നെ. ആദം സഫിയുള്ളായും ഹവ്വാ ബീവിയും പിന്നീട് ഭൂമിയിലേക്ക് വന്നപ്പോൾ അവർ വസിച്ചത് അറബ് മേഖലയിലാണ്. അവരുടെ സന്താനങ്ങളും ഇതേ ഭാഷ സംസാരിച്ചു. പിന്നീട് അവരുടെ സന്തതിപരമ്പരകൾ ലോകം മുഴുവനും വ്യാപിച്ചതോടൊപ്പം ഈ ഭാഷയും എല്ലാ ദേശങ്ങളിലും എത്തുകയും ഭാഷാപരിണാമം സംഭവിച്ച് അറബി പേർഷ്യൻ ലാറ്റിൻ ഭാഷകളിലൂടെ ഇംഗ്ലീഷിലെത്തുകയും ചെയ്തു. അങ്ങനെ ദൈവത്തെ ജനങ്ങൾ പല ഭാഷകളിൽ പല പേരുകളിൽ വിളിച്ചു. ആദം നബി (അ) അറബ് മേഖലയിൽ താമസിച്ചിരുന്നതിനാൽ ധാരാളം സുരിയാനി പദങ്ങൾ അറബി ഭാഷയിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിന് ആദം നബി (അ) 'ആദം സഫി അല്ലാഹ്' എന്ന് വിളിക്കപ്പെട്ടു (സഫി അല്ലാഹ് എന്നത് സുരിയാനി പദമാണ്). നൂഹ് നബി (അ) 'നൂഹ് നബി അല്ലാഹ്' എന്നും ഇബ്രാഹിം നബി (അ) 'ഇബ്രാഹിം ഖലീൽ അല്ലാഹ്' എന്നും മൂസാനബി (അ) 'മൂസാ കലിം അല്ലാഹ്' എന്നും ഈസാനബി (അ) 'ഈസാ റൂഹ് അല്ലാഹ്' എന്നും മുഹമ്മദ് നബി (സ) 'മുഹമ്മദ് റസൂൽ അല്ലാഹ്' എന്നും വിളിക്കപ്പെട്ടു. ഈ കലിമാ വാചകങ്ങളെല്ലാം തന്നെ ലൗഹുൽ മഹ്ഫൂളിൽ (സംരക്ഷിത ഫലകം) നബിമാരുടെ വരവിന് മുമ്പ് തന്നെ സുരിയാനി ഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ട്. അതിനാലാണ് മുഹമ്മദ് നബി (സ) പറഞ്ഞത്, *'ഞാൻ ഈ ദുനിയാവിൽ വരുന്നതിനു മുമ്പേ നബിയായിരുന്നു'* എന്ന്.

**അല്ലാഹു എന്ന പദം ദൈവത്തിനായുള്ള മുസ്ലിം നാമമെന്നാണ് ചിലയാളുകൾ കരുതുന്നത്. എന്നാൽ ഇത് തെറ്റാണ്.**

മുഹമ്മദ് നബി (സ) യുടെ പിതാവിന്റെ പേര് അബ്ദുള്ള (അബ്ദ് അല്ലാഹ്) എന്നായിരുന്നു. ഇത് ഇസ്‌ലാമിന് മുമ്പാണ്. ഇസ്‌ലാമിന് മുമ്പും 'അല്ലാഹ്' എന്ന പദം എല്ലാ നബിമാരുടെയും കലിമകളിൽ ഉണ്ടായിരുന്നു. റൂഹുകളുടെ സൃഷ്ടിപ്പിന് ശേഷം അവർ ആദ്യം ഉരുവിട്ട വാക്ക് 'അല്ലാഹു' എന്നായിരുന്നു. ആദമിന്റെ റൂഹും ശരീരത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് 'യാ അല്ലാഹ്' എന്ന് ഉരുവിട്ടു. പല മതങ്ങളും ഈ വസ്തുത മനസ്സിലാക്കി ദൈവത്തെ സ്മരിക്കുവാൻ അല്ലാഹു എന്ന നാമം ഉപയോഗിക്കാറുണ്ട്. സംശയമുള്ളവരും സത്യത്തെ അംഗീ കരിക്കാൻ മടിയുള്ളവരും ഈ നാമം ഉപയോഗിക്കാതിരിക്കുകയും അങ്ങനെ അവർക്ക് ഈ നാമത്തിന്റെ അനുഗ്രഹം ലഭിക്കാതെ വരുകയും ചെയ്യുന്നു.

ദൈവത്തെ സൂചിപ്പിക്കുന്ന ഏതൊരു നാമവും ബഹുമാനാർഹ മാണ്. അത് അവരെ ദൈവത്തിലേക്ക് നയിക്കുകയും ചെയ്യും. എന്നിരു ന്നാലും ഓരോ നാമത്തിന്റെയും ഫലപ്രാപ്തിയിൽ വ്യത്യാസമുണ്ട്. സംഖ്യാശാസ്ത്രമനുസരിച്ചും ഉച്ചാരണ നിയമപ്രകാരവും ഓരോ അക്ഷരത്തിനും ഓരോ സംഖ്യാമൂല്യം (numerical value) ഉണ്ട്. ഇതും ഒരു സ്വർഗ്ഗീയജ്ഞാനമാണ്. ഈ സംഖ്യകൾ എല്ലാ സൃഷ്ടികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവ ചിലപ്പോൾ നക്ഷത്രങ്ങൾക്ക് അനുസൃത മായി പരസ്പരം പൊരുത്തപ്പെടാറില്ല. അതിനാലാണ് മനുഷ്യൻ അസ്വസ്ഥനാകുന്നത്. നിരവധിയാളുകൾ ഇതിന്റെ വിദഗ്ദ്ധരെ സമീപിച്ച് നക്ഷത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള രാശി നോക്കി കുഞ്ഞുങ്ങൾക്ക് പേരിടാറുണ്ട്. ഉദാഹരണത്തിന് അറബി അക്ഷര മാലയിൽ 'അബ്ജദ്' എന്ന വാക്കിന്റെ സംഖ്യാമൂല്യം പത്ത് ആണ് (അ+ബ+ജ+ദ = 1+2+3+4 =10). ഇതേപ്രകാരം ഓരോ പേരിനും ഓരോ സംഖ്യാമൂല്യമുണ്ട്. ദൈവത്തെ പല പേരുകളിൽ വിളിക്കുമ്പോൾ അക്ഷരസംഖ്യാ ശാസ്ത്രമനുസരിച്ച് ഈ പേരുകളെല്ലാം പരസ്പരം വിയോജിപ്പിന് കാരണമാകുന്നു. ദൈവത്തെ എല്ലാവരും ഒരേ പേരി ലാണ് വിളിച്ചിരുന്നതെങ്കിൽ വ്യത്യസ്ത മതങ്ങൾ ആണെങ്കിലും അവർ ആന്തരികമായി ഒന്നായേനേ. അപ്പോൾ ഗുരു നാനാക്ക് സാഹിബും ബാബാ ഫരീദും പറഞ്ഞതു പോലെ അവരും പറയും;

**'എല്ലാ ആത്മാക്കളും സൃഷ്ടിക്കപ്പെട്ടത് ദൈവികപ്രകാശത്താലാണ്. എന്നാൽ അവരുടെ സ്ഥലങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമാണ്.'**

ദുനിയാവിലെ ഭാഷകളെല്ലാം പഠിപ്പിക്കപ്പെട്ടതിനു ശേഷമാണ് മലക്കുകളെ ഭൂമിയിലേക്ക് പല ജോലികൾക്കായി അയച്ചത്. ഓരോ പ്രവാചകന്റെ ഉമ്മത്തിനും (ജനത) അവരവർക്ക് നൽകപ്പെട്ട കലിമ (വിശ്വാസവാചകം) ആവർത്തിച്ച് ഉരുവിടൽ നിർബന്ധമായിരുന്നു. എന്തുകൊണ്ടെന്നാൽ ശുദ്ധി കൈവരിക്കുന്നതിനും തിരിച്ചറിയപ്പെടുന്ന തിനും അനുഗ്രഹം നേടുന്നതിനുംവേണ്ടി ആ പ്രവാചകൻമാരുടെ കാലത്തെ യഥാർത്ഥഭാഷയിൽ ദൈവം സമ്മാനിച്ചതായിരുന്നു ഈ കലിമകൾ. ഏത് മതം സ്വീകരിക്കുന്നതിനും കലിമ ചൊല്ലൽ ഒരു നിബന്ധനയാണ്. വിവാഹസമയത്ത് വാക്കാലുള്ള പ്രതിജ്ഞ ഒരു നിബന്ധനയായത് പോലെ സ്വർഗ്ഗപ്രവേശനത്തിനും കലിമ ചൊല്ലൽ ഒരു നിബന്ധനയാക്കിയിരിക്കുന്നു. എന്നാൽ പാശ്ചാത്യരാജ്യങ്ങളി ലുള്ള മിക്ക മുസ്‌ലിം, ക്രിസ്ത്യൻ മതവിശ്വാസികൾക്കും അവരുടെ കലിമയുടെ ശരിയായ പദങ്ങളോ അവരുടെ പ്രവാചകന്മാരുടെ ശരിയായ പേരുകളോ അറിയില്ല. നാവിനാൽ മാത്രം കലിമ ചൊല്ലു ന്നവർ ഹൃദയത്തിന്റെ ആത്മീയകർമ്മങ്ങളുടെ (അമലുൽ സ്വാലിഹ്) കാര്യത്തിൽ നഷ്ടക്കാരായിത്തീരുന്നു. എന്നാൽ നാവിനാൽ പോലും കലിമ ചൊല്ലാൻ തയ്യാറാകാത്തവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. കലിമ ഹൃദയത്തിൽ ആഗിരണം ചെയ്യപ്പെട്ടവർ മാത്രമാണ് ഹിസാബ് കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്.

വേദഗ്രന്ഥങ്ങൾ അതിന്റെ മൂലരൂപത്തിൽ ആയിരിക്കുമ്പോൾ മാത്രമേ അത് ദൈവവുമായി സംവദിക്കുന്നതിനുള്ള ഉപാധിയായി മാറുന്നുള്ളൂ. എന്നാൽ വേദഗ്രന്ഥങ്ങളിലും അതിന്റെ തഫ്സീറുകളിലും കൈകടത്തലുകൾ വന്നു ചേർന്നപ്പോൾ, മായം കലർന്ന മാവ് വയറിന് ദോഷകരമാകുന്നത് പോലെ ഈ മായം കലർന്ന ഗ്രന്ഥങ്ങൾ മതത്തെ ദോഷകരമായി ബാധിച്ചു. അങ്ങനെ ഒരേ മതത്തിന്റെയും പ്രവാചക ന്റെയും അനുയായികളായിരുന്നവർ പല വിഭാഗങ്ങളായി പിരിഞ്ഞു. സിറാത്തൽ മുസ്തഖീം കരസ്ഥമാക്കുന്നതിന് ഏറ്റവും നല്ലത് നൂർ (ദൈവികപ്രകാശം) മുഖേനയും ഹിദായത്ത് തേടലാണ്.

★★★

# നൂർ (ദൈവികപ്രകാശം) ഉത്പാദിപ്പിക്കുന്ന രീതി

ആദിമകാലത്ത് കല്ലുകൾ പരസ്പരം ഉരസിയാണ് തീ ഉണ്ടാക്കിയിരുന്നത്. ഇരുമ്പിനാലുള്ള വസ്തുക്കൾ പരസ്പരം ഉരസിയാലും തീപ്പൊരികൾ ഉണ്ടാകുന്നതാണ്. വെള്ളം പരസ്പരം കൂട്ടിമുട്ടി ചിതറുമ്പോഴും വൈദ്യുതി ഉണ്ടാകുന്നുണ്ട്. ഇതേപ്രകാരം മനുഷ്യനിൽ രക്ത ചംക്രമണം അഥവാ ഹൃദയത്തുടിപ്പുകൾ മൂലം വൈദ്യുതി ഉണ്ടാകുന്നു. ഒരു മനുഷ്യശരീരത്തിൽ ഏകദേശം ഒന്ന് മുതൽ ഒന്നര വോൾട്ട് വരെ വൈദ്യുതിയുണ്ട്. ഇതാണ് അവനിലെ ചടുലതക്ക് (agility) കാരണം. വാർദ്ധക്യമാകുന്നതോടെ ഹൃദയമിടിപ്പിന്റെ വേഗത കുറയുന്നത് മൂലം ചടുലതയും വൈദ്യുതിയുടെ അളവും കുറയുന്നു. തുടക്കത്തിൽ ഈ ഹൃദയമിടിപ്പ് വർധിപ്പിക്കേണ്ടതായുണ്ട്. ദൈവാഭിലാഷികൾ നൃത്തത്തിലൂടെയും കബഡിപോലുള്ള കായികാഭ്യാസങ്ങളിലൂടെയും വ്യായാമ മുറകളിലൂടെയും ദൈവനാമം ഉച്ചത്തിൽ ഉരുവിടുന്നതിലൂടെയും ഹൃദയമിടിപ്പ് വർധിപ്പിച്ചു.

ഹൃദയം വേഗത്തിൽ മിടിക്കുമ്പോൾ 'അല്ലാഹ് അല്ലാഹ്' എന്ന് ഓരോ മിടിപ്പിനൊപ്പവും ചേർക്കുക. അല്ലെങ്കിൽ ഒരു മിടിപ്പിന്റെ കൂടെ 'അല്ലാ' എന്നും അടുത്ത മിടിപ്പിന്റെ കൂടെ 'ഹൂ' എന്നും. നിങ്ങളുടെ കൈ ഹൃദയത്തിനു മീതെ വെക്കുക. അപ്പോൾ ഹൃദയമിടിപ്പ് അനുഭവപ്പെടുകയാണെങ്കിൽ അതിനോട് കൂടി 'അല്ലാഹു' എന്ന നാമം സമന്വയിപ്പിക്കുക. ഇടയ്ക്കിടക്ക് കൈയുടെ പൾസ് പിടിച്ചുകൊണ്ട് അതിന്റെ ക്രമത്തിനനുസരിച്ച് 'അല്ലാഹു' എന്ന പദം അതിനോട് ചേർക്കുക. 'അല്ലാഹു' എന്ന നാമം ഹൃദയത്തിലേക്ക് പ്രവേശിക്കുന്നതായി സങ്കൽപ്പിക്കുക. 'അല്ലാഹു' എന്ന ദിക്ർ ആണ് 'അല്ലാ' എന്ന ദിക്റിനേക്കാൾ നല്ലതും കൂടുതൽ ഫലപ്രദവും. 'ഹൂ' എന്ന പദത്തോട് മടിയും ഭയവും ഉള്ളവർ 'അല്ലാ' എന്ന പദം മാത്രം സമന്വയിപ്പിച്ചാൽ മതിയാകും.

ദകൂരിയത്തിന്റെയും (ദിക്ർ ചൊല്ലുന്ന ഘട്ടം) വിർദു വള്ളായിഫിന്റെയും (ദിനംപ്രതിയുള്ള ആത്മീയസാധനകൾ) ആളുകൾ കഴിയുന്നത്രയും വൃത്തിയുള്ളവരായിരിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്. എന്തുകൊണ്ടെന്നാൽ; *'അദബുണ്ടെങ്കിൽ വിജയമുണ്ട്, അദബില്ലെങ്കിൽ വിജയമില്ല.'*

**ആദ്യത്തെ രീതി:** ഒരു കടലാസിൽ കറുത്ത മഷിയുള്ള പേനകൊണ്ടോ പെൻസിൽ കൊണ്ടോ കഴിയുന്നത്ര സമയം 'അല്ലാഹു' എന്ന് എഴുതിക്കൊണ്ടിരിക്കുക. എല്ലാ ദിവസവും ഇത് തുടരുക. ഒരു ദിവസം 'അല്ലാഹു' എന്ന പദം നിങ്ങളുടെ കണ്ണുകളിൽ ഒഴുകാൻ തുടങ്ങും. അപ്പോൾ അതിനെ കണ്ണുകളിൽ നിന്നും ഹൃദയത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുക.

**രണ്ടാമത്തെ രീതി:** ഒരു വെളുത്ത സീറോവാട്ട് ബൾബിൽ മഞ്ഞ നിറത്തിൽ 'അല്ലാഹു' എന്ന് എഴുതുക. ഉറങ്ങുന്നതിനു മുമ്പോ ഉണരുന്ന സമയത്തോ അതിലേക്ക് നോക്കിക്കൊണ്ട് അതിനെ നിങ്ങളുടെ കണ്ണുകളിലേക്ക് ആഗിരണം ചെയ്യാൻ ശ്രമിക്കുക. അത് നിങ്ങളുടെ കണ്ണുകളിൽ ആഗിരണം ചെയ്യപ്പെട്ടു കഴിഞ്ഞാൽ അതിനെ ഭാവനയാൽ ഹൃദയത്തിലേക്ക് കൊണ്ടുവരുന്നതിന് പരിശ്രമിക്കുക.

**മൂന്നാമത്തെ രീതി:** ഈ രീതി ഒരു സമ്പൂർണനായ ആത്മീയഗുരുവിന്റെ (കാമിലായ ശൈഖ്) മേൽനോട്ടത്തിലൂടെ നീങ്ങുന്നവർക്കേ അനുയോജ്യമാവുകയുള്ളൂ. കൂടാതെ ഗുരുവിൽ നിന്നും ആത്മീയ ബന്ധം മുഖേന ആത്മീയസഹായം ലഭിക്കുകയും വേണം. ഏകാന്തനായി ഇരുന്നുകൊണ്ട് നിങ്ങളുടെ ചൂണ്ടുവിരൽ ഉപയോഗിച്ച് 'അല്ലാഹു' എന്ന് ഹൃദയത്തിൽ എഴുതുന്നതായി സങ്കൽപ്പിക്കുക. നിങ്ങളുടെ ഗുരുവിന്റെ സഹായവും തേടുക. അദ്ദേഹം നിങ്ങളുടെ ചൂണ്ടുവിരൽ പിടിച്ച് നിങ്ങളുടെ ഹൃദയത്തിൽ 'അല്ലാഹു' എന്ന് എഴുതുന്നതാണ്. 'അല്ലാഹു' എന്ന പദം ഹൃദയത്തിൽ എഴുതപ്പെട്ടതായി കാണുന്നത് വരെ ദിവസവും ഇത് പരിശീലിക്കുക. മുൻപത്തെ രീതികളിൽ അല്ലാഹു എന്ന് എങ്ങനെയാണോ ഉല്ലേഖനം ചെയ്യപ്പെട്ടത് അപ്രകാരമാണ് ഇവിടെ ഹൃദയത്തിൽ എഴുതപ്പെട്ടതായി കാണുന്നത്. 'അല്ലാഹു' എന്ന പദം ഹൃദയമിടിപ്പുമായി സമന്വയിച്ചു തുടങ്ങുമ്പോൾ ക്രമേണ അത് തിളങ്ങാൻ തുടങ്ങും. ആത്മീയഗുരുവിന്റെ സഹായമുള്ളതിനാൽ 'അല്ലാഹു' എന്ന് സുന്ദരമായി എഴുതിയിരിക്കുന്നതായും അത് തിളങ്ങുന്നതായും തുടക്കം മുതലേ കാണാൻ സാധിക്കുന്നതാണ്.

ഈ ദുനിയാവിൽ ധാരാളം പ്രവാചകന്മാരും ഔലിയാക്കളും വന്നിട്ടുണ്ട്. ദിക്ർ ചൊല്ലുന്ന സമയത്ത് ഒരു പരീക്ഷണാടിസ്ഥാനത്തിൽ നിങ്ങൾക്ക് ഓരോ നബിയേയും വലിയ്യേയും ഒന്നൊന്നായി തസവ്വുർ (visualise) ചെയ്യാവുന്നതാണ്. ആരെ തസവ്വുർ ചെയ്യുമ്പോഴാണോ ദിക്റിന്റെ വേഗത കൂടുന്നതും ദിക്റിൽ പുരോഗതി ഉണ്ടാകുന്നതും താങ്കളുടെ വിധി അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇനി അദ്ദേഹത്തെ തസവ്വുർ ചെയ്യാൻ തെരെഞ്ഞെടുക്കുക. കാരണം ഓരോ വലിയ്യും ഒരു പ്രത്യേക നബിയുമായി ആത്മീയമായി ബന്ധപ്പെട്ടിരിക്കുന്നു. നബി ഭൗതികമായി ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല എന്നതിൽ സംശയമില്ല. ഓരോ ഭക്തന്റെയും വിധി ഒരു പ്രത്യേക വലിയ്യിൽ കൂടിയാണ് നിലനിൽക്കുന്നത്. ആത്മീയാനുഗ്രഹം ലഭ്യമാകുന്നതിന് ശൈഖ് ജീവിച്ചിരിക്കണം എന്നത് ഒരു വ്യവസ്ഥയാണ്. എന്നാൽ ചിലപ്പോഴൊക്കെ ചില ഭാഗ്യവാന്മാർക്ക് കാമിൽ ദാത്തായ, എന്നാൽ ഭൗതികമായി ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്ത ശൈഖുമാരിൽ നിന്നും മലക്കൂത്തി അനുഗ്രഹം ലഭ്യമാകാറുണ്ട്. എന്നാൽ ഇത് അപൂർവ്വമാണ്.

തീർച്ചയായും ഇഹലോകത്ത് നിന്നും യാത്രയായ ഔലിയാക്കളുടെ ദർഗ്ഗകളിൽ നിന്നും ലൗകികമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. ഇതിനെ ഉവൈസി ഫൈസ് എന്ന് വിളിക്കുന്നു. ഉവൈസി മാർഗ്ഗത്തിൽ പലപ്പോഴും മുരീദിന് (ശിഷ്യൻ) താൻ കണ്ട സ്വപ്നങ്ങളിലും കശ്ഫുകളിലും (ആത്മീയ കാഴ്ചകൾ) ആശയക്കുഴപ്പമുണ്ടാകാറുണ്ട്. എന്തുകൊണ്ടെന്നാൽ അവരുടെ ശൈഖ് ഉള്ളത് അദൃശ്യലോകത്താണ്. ഇബ്‌ലീസും അദൃശ്യലോകത്താണ്. അതിനാൽ ആരെയാണ് കാണുന്നതെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ആത്മീയാനുഗ്രഹത്തോടൊപ്പം ഇൽമും (അറിവ്) അത്യാവശ്യമാണ്. അതിനാൽ ജീവിച്ചിരിക്കുന്ന ഒരു ശൈഖാണ് കൂടുതൽ അഭികാമ്യം. ആത്മീയാനുഗ്രഹം ഉണ്ട്, എന്നാൽ ഇൽമ് ഇല്ല, അങ്ങനെയുള്ള ഒരാളെ മജ്ദൂബ് എന്ന് വിളിക്കുന്നു. ആത്മീയാനുഗ്രഹവും ഇൽമും ഉണ്ടെങ്കിൽ ആ വ്യക്തിയെ മെഹ്ബൂബ് എന്ന് വിളിക്കുന്നു. മെഹ്ബൂബ് ജനങ്ങൾക്ക് ഇൽമിലൂടെ ദുനിയാവി ഫൈസും (ലൗകിക അനുഗ്രഹങ്ങൾ) റൂഹാനി ഫൈസും (ആത്മീയ അനുഗ്രഹങ്ങൾ) നൽകുന്നു. എന്നാൽ മജ്ദൂബാകട്ടെ ജനങ്ങളെ വടികൊണ്ട് അടിച്ചുകൊണ്ടും അവരെ ചീത്ത വിളിച്ചുകൊണ്ടും മറ്റും ദുനിയാവി ഫൈസ് നൽകുന്നു.

### *“ആരുംതന്നെ താങ്കളുടെ തസവ്വുറിൽ വന്ന് താങ്കളെ സഹായിക്കുന്നില്ലെങ്കിൽ ഗോഹർ ഷാഹി അവർകളെ പരീക്ഷണാർത്ഥം വിളിച്ച് നോക്കൂ”*

ഏതെങ്കിലും മതത്തിൽപ്പെട്ടവനായിരിക്കണമെന്ന നിബന്ധനയില്ല. പക്ഷേ അവനിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വിധി മോശമാകരുത്. ജനങ്ങളിൽ നിന്നും അനേകം പേർക്ക് ചന്ദ്രനിലുള്ള ഗോഹർ ഷാഹി അവർകളുടെ ചിത്രത്തിൽ നിന്നും ഇസ്മുദാത്ത് (‘അല്ലാഹു’ എന്ന ദിക്ർ) ലഭിക്കുന്നതാണ്.

### ചന്ദ്രനിൽ നിന്നും ആത്മീയ തുറവടി (spiritual grace) കരസ്ഥമാക്കുന്നതിനുള്ള രീതി:

പൂർണ്ണചന്ദ്രൻ കിഴക്കുദിക്കുന്ന സമയത്ത് അതിലേക്ക് ശ്രദ്ധിച്ച് നോക്കുക. ഗോഹർ ഷാഹി അവർകളുടെ മുഖം ദൃശ്യമാകുമ്പോൾ അത് നോക്കി മൂന്നുപ്രാവശ്യം ‘അല്ലാഹു, അല്ലാഹു, അല്ലാഹു’ എന്ന് പറയുക. ഇപ്പോൾ നിങ്ങൾക്ക് ഇജാസത്ത് (അനുവാദം) ലഭിച്ചിരിക്കുന്നു. ഇനി യാതൊരു ആശങ്കയോ ഭയമോ കൂടാതെ മുകളിൽ പറഞ്ഞ രീതിയിലുള്ള പരിശീലനം തുടങ്ങുക. തീർച്ചയായും ചന്ദ്രനിലുള്ള ഗോഹർ ഷാഹി അവർകളുടെ ചിത്രം നിരവധി ആളുകളുമായി പല ഭാഷകളിലും സംസാരിച്ചിട്ടുണ്ട്. താങ്കൾക്കും ചന്ദ്രനിലെ ചിത്രവുമായി സംസാരിക്കാൻ ശ്രമിക്കാവുന്നതാണ്.

★★★

## മുറാഖബ
## (Transcendental Meditation)

അധികമാളുകളും അവരുടെ ആത്മാക്കളെ (ലഥായിഫുകൾ) ഉണർത്താതെയും ആത്മീയമായി അവയെ ശക്തിപ്പെടുത്താതെ യുമാണ് മുറാഖബ (ധ്യാനം) ചെയ്യാൻ ശ്രമിക്കുന്നത്. ഒന്നുകിൽ അവരെ പിശാച് കെണിയിലാക്കുന്നു, അല്ലെങ്കിൽ അവരുടെ മുറാഖബ പൂർണമായും പരാജയപ്പെട്ടു പോകുന്നു. തങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും നഫ്സിനെ സംസ്കരിക്കുകയും ചെയ്ത ഉന്നതതല ആത്മീയാന്വേഷികൾക്ക് മാത്രമേ മുറാഖബ അനുയോജ്യ മാകുകയുള്ളൂ. ഈ പാതയിലെ തുടക്കക്കാർ മുറാഖബ ചെയ്യാൻ ശ്രമി ക്കുന്നത് വെറും വിഢ്ഢിത്തമാണ്. അവർ ഏത് ആരാധനാരീതി സ്വീകരിച്ചാൽ തന്നെയും ശരി. അല്ലാഹുവിന്റെ നൂറിനാൽ ആത്മാക്ക ളിൽ ശക്തി സ്വരൂപിക്കുകയും അത് മുഖേന അതാതിന്റെ മഖാമിൽ എത്തിച്ചേരുകയും ചെയ്യുന്നതാണ് മുറാഖബ.

**വിലായത്ത് നുബുവ്വത്തിന്റെ നാൽപ്പതിൽ ഒരു ഭാഗമാണ്:** ഒരു നബിയുടെ എല്ലാ സ്വപ്നങ്ങളും മുറാഖബകളും ഇൽഹാമുകളും വഹ് യുകളും ശരിയായിരിക്കും. അതിനാൽ അത് സത്യമാണോ എന്ന് പരിശോധിക്കേണ്ട ആവശ്യമില്ല. എന്നാൽ ഔലിയാക്കളുടെ സ്വപ്ന ങ്ങളും മുറാഖബയും ഇൽഹാമുകളും നൂറിൽ നാൽപ്പതെണ്ണം മാത്രമേ ശരിയായിരിക്കുകയുള്ളൂ. ബാക്കിയുള്ളവ തെറ്റായിരിക്കും. അതിനാൽ അവ സത്യമാണോ എന്ന് പരിശോധിക്കാൻ ആത്മജ്ഞാനം ആവശ്യ മാണ്.

***അല്ലാഹുവിനെ അറിയുക എന്നത് അതിനാവശ്യമായ ജ്ഞാനം കൂടാതെ അസാധ്യമാണ്.***

മുറാഖബയുടെ ഏറ്റവും താഴ്ന്നപടി പോലും ഖൽബ് ഉണർന്ന തിനു ശേഷമേ സാധ്യമാകൂ. ദിക്റേ ഖൽബ് കൂടാതെ അത് അസാധ്യ വുമാണ്. ഒരു കുലുക്കൽ (ഷോക്ക്) കൊണ്ട് ആ വ്യക്തി ഇത്തരം മുറാഖബയിൽ നിന്നും ബോധതലത്തിലേക്ക് തിരികെ വരുന്നതാണ്. ഇസ്തിഖാറ എന്ന കർമ്മവും ലഥായിഫുൽ ഖൽബുമായി ബന്ധ പ്പെട്ടതാണ്. മുറാഖബയുടെ അടുത്തപടി ലഥായിഫുൽ റൂഹിലൂടെ യാണ്. ബോധതലത്തിലേക്ക് തിരിച്ച് വരണമെങ്കിൽ ഇവിടെ മൂന്ന് കുലുക്കൽ വേണ്ടി വരും. മൂന്നാമത്തെ മുറാഖബ ചെയ്യുന്നത് റൂഹും ലഥായിഫുൽ അനയും ഒരുമിച്ചു നിന്നുകൊണ്ടാണ്. മനുഷ്യന്റെ റൂഹ് ലഥായിഫുൽ അനയുമായി ചേർന്നുകൊണ്ട് ജബറൂത്ത് ലോകം വരെ യാത്ര ചെയ്യുന്നു. ജിബ്രീൽ (അ), മുഹമ്മദ് നബി (സ) യുടെ കൂടെ ജബറൂത്ത് വരെ യാത്ര ചെയ്തതു പോലെ. ഈ മുറാഖബ ചെയ്യുന്നവർ ആ ഹാലിൽ വളരെ ആഴത്തിൽ ലയിച്ച് പോകുന്നതാണ്. ഖബറിൽ അടക്കം ചെയ്താൽ പോലും അവർ അത് അറിയുന്നതല്ല. അസ്ഹാ ബുൽ കഹ്ഫ് (The Companions of the Cave) ഉണ്ടായിരുന്നത് ഇത്തരം ഒരു മുറാഖബയിൽ ആയിരുന്നു. അത് മൂലം അവർ മുന്നൂറോളം വർഷക്കാലം നിദ്രാവസ്ഥയിൽ തുടർന്നു. എപ്പോഴെല്ലാം ബാഗ്ദാദിൽ നിന്നുള്ള വലിയ്യായ ഹസ്രത്ത് അബ്ദുൽ ഖാദർ ജീലാനി (റ) വനത്തിൽ വെച്ച് ഇത്തരം മുറാഖബയിൽ ഏർപ്പെട്ടിട്ടുണ്ടോ അപ്പോഴെല്ലാം കാട്ടിലെ കൊള്ളക്കാർ അദ്ദേഹം മരണപ്പെട്ടു എന്നു കരുതി അദ്ദേ ഹത്തെ ഖബറിൽ അടക്കം ചെയ്യുവാനായി കൊണ്ടുപോകുമായിരുന്നു. അടക്കം ചെയ്യുന്നതിന് തൊട്ടുമുമ്പായി മുറാഖബ മുറിഞ്ഞു പോകാറാ യിരുന്നു പതിവ്.

## അല്ലാഹുവിൽ നിന്നുള്ള പ്രത്യേകമായ ഇൽഹാമുകളും വഹ്‌യ്കളും തിരിച്ചറിയൽ:

ഒരു മനുഷ്യൻ തന്റെ നെഞ്ചിലെ ലഥായിഫുകളെ ഉണർത്തുകയും അവയെ പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ട് ദൈവിക തജല്ലികൾ സ്വീകരിക്കാൻ പ്രാപ്തനാകുമ്പോൾ അല്ലാഹു അവനുമായി സംസാരി ക്കുന്നതാണ്. അല്ലാഹു പരിപൂർണ്ണ ശക്തിയാണ്. അവന് മനുഷ്യനെ ഏത് രീതിയിലും അഭിസംബോധന ചെയ്യാൻ കഴിയും. എന്നിരുന്നാലും അവന്റെ ഔലിയാക്കളെ ശൈത്താന്റെ വഞ്ചനയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി അവൻ ഒരു പ്രത്യേകരീതി ആവിഷ്

ക്കരിച്ചിട്ടുണ്ട്. ആദ്യം സാലിക്കിന്റെ (അന്വേഷി) ഹൃദയത്തിൽ സുരിയാനി ഭാഷയിൽ ഒരു എഴുത്ത് പ്രത്യക്ഷപ്പെടുന്നു. സാലിക്കിന്റെ ഭാഷയിലുള്ള വിവർത്തനവും അതിന്റെ കൂടെയുണ്ടാകും. ആ എഴുത്ത് വെളുത്തതും തിളക്കമുള്ളതുമായിരിക്കും. അപ്പോൾ കണ്ണുകൾ താനേ അടഞ്ഞ് അതിലേക്ക് നോക്കുന്നതാണ്. ശേഷം ഈ എഴുത്ത് ഖൽബി ലൂടെ കടന്നുപോയി ലഥായിഫുൽ സിർറിയിലേക്ക് പ്രവേശിക്കുന്നു. തത്ഫലമായി അത് കൂടുതൽ തിളക്കമുള്ളതായി മാറുന്നു. ശേഷം ഈ എഴുത്ത് ലഥായിഫുൽ അഖ്ഫയുടെ അടുത്ത് വരുകയും അഖ്ഫയിൽ നിന്ന് കൂടുതൽ തിളക്കം നേടിയതിന് ശേഷം അത് നാവിലേക്ക് പോകു കയും ചെയ്യുന്നു. നാവ് സ്വയമേ അതിനെ വായിക്കാൻ തുടങ്ങുന്നു. എന്നാൽ ഈ ഇൽഹാം ശൈത്താനിൽ നിന്നുള്ളതാണെങ്കിൽ പ്രകാശി പ്പിക്കപ്പെട്ട ഹൃദയം ഈ എഴുത്തിൽ മങ്ങലേൽപ്പിക്കും. അത് കൂടുതൽ ശക്തിയുള്ളതാണെങ്കിൽ ലഥായിഫുൽ സിർറിയും അഖ്ഫയും അതിനെ മായ്ച്ചുകളയുന്നതാണ്. നെഞ്ചിലെ ലഥായിഫുകളുടെ ശക്തി ക്കുറവ് കാരണമായി ഈ എഴുത്ത് നാവിലേക്ക് എത്തി എന്ന് കരുതുക. അങ്ങനെ സംഭവിക്കുന്നപക്ഷം നാവ് അതിനെ ഉച്ചരിക്കുന്നതല്ല. ഔലിയാക്കളിലെ പ്രമുഖർക്ക് മാത്രമായിട്ടാണ് ഇപ്രകാരമുള്ള ഇൽ ഹാമുകൾ ഉണ്ടാകുന്നത്. സാധാരണ ഔലിയാക്കൾക്ക് അല്ലാഹു മലക്കുകൾ മുഖേനയോ ആത്മാക്കൾ മുഖേനയോ ആണ് സന്ദേശങ്ങൾ കൈമാറുന്നത്. പ്രത്യേകമായ ഇൽഹാമിന്റെ എഴുത്തിന്റെ കൂടെ ജിബ്രീലിന്റെ (അ) അകമ്പടിയും കൂടി ഉണ്ടായാൽ അതിനെ 'വഹ്യ്' എന്ന് വിളിക്കുന്നു. അത് നബിമാർക്ക് മാത്രമായി വേർതിരിക്കപ്പെട്ട താണ്.

★★★

## ആരാണ് സ്വർഗ്ഗത്തിന്റെ അവകാശി?

നരകം കൊണ്ട് മുൻവിധി കഴിഞ്ഞുപോയ ചിലയാളുകൾ (predestined hell-bound people) കർമ്മങ്ങളിലൂടെയും ആരാധനകളിലൂടെയും സ്വർഗ്ഗം നേടാൻ ശ്രമിക്കാറുണ്ട്. എന്നാൽ ശൈത്താനെപ്പോലെ അവരും തിരസ്കരിക്കപ്പെടുന്നതാണ്. അവരിൽ വന്നുചേർന്നിട്ടുള്ള പിശുക്ക്, അഹങ്കാരം, അസൂയ എന്നിവ നിമിത്തമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഒരു ഹദീസിൽ പറയുന്നു: ***'ഒരു കടുകുമണിയോളം പിശുക്കോ അസൂയയോ അഹങ്കാരമോ ഉള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല.'***

ഒരു ഇബാദത്തും ചെയ്യാത്തവരാണെങ്കിൽ കൂടി സ്വർഗ്ഗക്കാരായ ആളുകളെ (Predestined paradise-bound people) പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. അത്തരക്കാർ മൃദുലഹൃദയരും ഹൃദയശുദ്ധിയുള്ളവരും അത്യാഗ്രഹവും അസൂയയുമില്ലാത്തവരും ഉദാരമതികളുമായിരിക്കും. അവർ ഇബാദത്തുകളിൽ ഏർപ്പെടുന്ന പക്ഷം വളരെ ഉയർന്ന മഖാമുകളിൽ എത്തിച്ചേരുന്നതാണ്. അല്ലാഹു അവരുടെ രക്ഷയ്ക്കായി ദൈവിക ഇളവുകൾ സൃഷ്ടിക്കുന്നു. ചിലയാളുകളുടെ വിധി സ്വർഗ്ഗത്തിനും നരകത്തിനും മധ്യേ ആണ്. അവരുടെ നന്മതിന്മകളുടെ കണക്കുകൾ തുടർച്ചയായി രേഖപ്പെടുത്തിക്കൊണ്ടിരിക്കും. എന്നാൽ ഉന്നതരിൽ ഉന്നതരായ ചിലയാളുകളുണ്ട്. അവർ സൃഷ്ടിയുടെ പ്രാരംഭഘട്ടത്തിൽ (യൗമുൽ അസൽ) തന്നെ അല്ലാഹുവിനെ സ്നേഹിച്ചു. അവർ നരകത്തെ തൊട്ടും സ്വർഗ്ഗത്തെ തൊട്ടും അശ്രദ്ധരാണ്. മറിച്ച് അവർ തങ്ങളുടെ ശരീരവും മനസ്സും സമ്പത്തുമെല്ലാം അല്ലാഹുവിന്റെ ഇശ്ഖിനായി ചെലവഴിക്കുന്നു. അല്ലാഹുവിന്റെ ദിക്റും കാരുണ്യവും കൊണ്ട് അവർ അവരുടെ ആത്മാക്കളെ പ്രകാശിപ്പിക്കുന്നു. മാത്രമല്ല അവർ അല്ലാഹുവിനെ ദർശിക്കുകയും ചെയ്യും (ദീദാറേ ഇലാഹി). ഇത്തരം വ്യക്തികൾക്ക് വേണ്ടി മാത്രം തയ്യാറാക്കപ്പെട്ടതാണ്

ഫിർദൗസ് എന്ന സ്വർഗ്ഗം. ഇത്തരക്കാരെക്കുറിച്ചാണ് പ്രവാചകൻ (സ) അരുളിയത്; *"ചിലയാളുകൾ വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്."*

**വിശദീകരണം:**

ദുനിയാവിന്റെ ആഡംബരങ്ങളുടെ മാതൃക കാണിക്കപ്പെട്ടവർക്കായി അവരുടെ വിധിയിൽ 'ദുനിയാവ്' എഴുതപ്പെട്ടിരിക്കുന്നു. അത്തരം ആത്മാക്കൾ തങ്ങളുടെ ജീവൻ പണയംവെച്ച് പോലും ലൗകികസുഖങ്ങളുടെ പിന്നാലെ പായുന്നതാണ്. കൊള്ള, കൈക്കൂലി, പലിശ മുതലായ വലിയ കുറ്റകൃത്യങ്ങൾ അവർ ചെയ്യുന്നു. അല്ലാഹുവിന്റെ വഹ്ദാനിയത്ത് (unity) പോലും അവർ നിഷേധിക്കുന്നു. അത്തരക്കാരിൽപ്പെട്ട ചില ആത്മാക്കൾ മതങ്ങൾ സ്വീകരിക്കുകയും സ്വർഗ്ഗം നേടുന്നതിനായി ആരാധനകൾ നടത്തുകയും ചെയ്തു. എന്നാൽ അസാസീലിന്റെ (ഇബ്‌ലീസ്) ആരാധനകളെല്ലാം പാഴായത് പോലെ തന്നെ അവരുടെ പ്രയത്നങ്ങളും പാഴായി. അവർ സ്വീകരിച്ച മതമോ വിശ്വാസമോ ഒന്നുകിൽ അല്ലാഹുവിനെ നിന്ദിക്കുന്നതോ അല്ലെങ്കിൽ അല്ലാഹു നിരാകരിച്ചതോ ആയിരുന്നു. അതിനാൽ അത് അവരുടെ വഴിയിൽ തടസ്സമുണ്ടാക്കി.

രണ്ടാമത്തെ വിഭാഗം ആത്മാക്കൾ, അതായത് സ്വർഗ്ഗം തെരെഞ്ഞെടുത്തവർ ലൗകിക ജോലികൾക്കൊപ്പം ആരാധനകൾക്കും ആചാര അനുഷ്ഠാനങ്ങൾക്കും കൂടി മുൻതൂക്കം നൽകി. ഹൂറിലീങ്ങൾക്കും സ്വർഗ്ഗത്തിലെ മണിമേടകൾക്കും വേണ്ടിയുള്ള ആർത്തി അവരെ ആരാധനാലയങ്ങളിലേക്ക് നയിച്ചു. അങ്ങനെ അവർ സ്വർഗ്ഗം കരസ്ഥമാക്കുന്നതിൽ മുന്നിട്ടു. ഈ വിഭാഗത്തിൽപ്പെട്ട ഇബാദത്തിൽ മടി കാണിക്കുന്ന ആളുകളെയും ദൈവിക ഇളവ് വഴി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ഇവർ സ്വർഗ്ഗം കൊണ്ട് മുൻകൂട്ടി വിധിക്കപ്പെട്ട ആത്മാക്കളായതാണ് ഇതിനു കാരണം. എന്നാൽ ഭക്തന്മാരായുള്ള (മുത്തഖീങ്ങൾ) ആളുകൾ നേടിയത് പോലുള്ള ഉന്നതസ്ഥാനങ്ങൾ നേടിയെടുക്കാൻ ഇവർക്ക് കഴിയില്ല. ഇത്തരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നു: *"അവർ കരുതുന്നുണ്ടോ നാം അവരെ മുത്തഖീങ്ങൾക്ക് തുല്യരാക്കുമെന്ന്."* കാരണം സ്വർഗ്ഗത്തിന് ഏഴ് തലങ്ങളുണ്ട്.

സാധാരണ ജനങ്ങളുടെ ഹിദായത്തിനായുള്ള മാർഗ്ഗങ്ങൾ നബിമാരും വേദഗ്രന്ഥങ്ങളും ഗുരുക്കന്മാരും ഔലിയാക്കളുമാണ്.

അവർ ഒരു മതം സ്വീകരിക്കുകയും കലിമ ചൊല്ലുകയും വേണം. എന്നാൽ പ്രത്യേകക്കാർ ദൈവത്തിന്റെ കരുണാപൂർവ്വമായ തിരുനോട്ടത്തിന്റെ കീഴിലാണ്. അവർക്ക് ഒരു മതത്തിന്റെയോ ഗ്രന്ഥത്തിന്റെയോ ആവശ്യമില്ല. അതായത് ദൈവികപ്രകാശമാണ് (നൂർ) അവരെ നയിക്കുന്നത്. ഖുർആനിൽ പറയുന്നു: ***'അല്ലാഹു താൻ ഇഛരിക്കുന്നവർക്ക് നൂർ മുഖേന മാർഗ്ഗദർശനം നൽകുന്നു.'***

സ്വർഗ്ഗപ്രവേശനത്തിന് കലിമ ചൊല്ലൽ നിർബന്ധമാണ് എന്ന് പറയപ്പെടുന്നു. എന്നാൽ ഓർക്കുക, ആത്മാക്കളാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്, ഈ ശരീരമല്ല. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന സമയത്ത് കലിമ ചൊല്ലുകയും വേണം. അതിനാൽ ആത്മാക്കൾ എപ്പോൾ വേണമെങ്കിലും മഖാമേ ദീദിൽ വെച്ച് കലിമ ചൊല്ലുന്നതാണ്. അല്ലെങ്കിൽ മരണശേഷം ചൊല്ലിയേക്കാം. മുഹമ്മദ് നബി(സ) യുടെ പിതാവിന്റെയും മാതാവിന്റെയും പിതൃവ്യന്റെയും റൂഹുകൾക്ക് അവരുടെ ശാരീരിക മരണത്തിനു ശേഷം കലിമ നൽകപ്പെട്ടതുപോലെ. മനസ്സിലാക്കുക; ഉന്നതരിൽ ഉന്നതരായ ആത്മാക്കൾ ഈ ലോകത്തിൽ വരുന്നതിനു മുമ്പേ തന്നെ കലിമ ചൊല്ലി തസ്ദീഖ് ചെയ്തവരാണ്.

മുഹമ്മദ് നബി(സ) അരുളി; *"ഈ ദുനിയാവിൽ ആഗതനാകുന്നതിനു മുമ്പേതന്നെ ഞാൻ നബി ആയിരുന്നു."* ഇത് ആത്മാക്കൾക്ക് വേണ്ടിയുള്ള ആത്മാവിന്റെ സംസാരമാണ്. കാരണം ശരീരം ഈ ലോകത്ത് വെച്ചാണല്ലോ നൽകപ്പെട്ടത്. ജനത ഉണ്ടെങ്കിൽ മാത്രമേ നയിക്കാനായി നേതാക്കൾ വേണ്ടതുള്ളൂ. അതുപോലെ തന്നെ പിന്തുടരാൻ അനുയായികൾ ഉണ്ടെങ്കിലല്ലേ പ്രവാചകന്മാരുടെ ആവശ്യവും വരുന്നുള്ളൂ. തുടർന്ന് ഇത്തരം വ്യക്തികളെ (ഔലിയാക്കൾ) വിവിധ മതങ്ങളിലേക്ക് അയച്ചു. ചിലർ ബാബ ഫരീദിന്റെ രൂപത്തിൽ, മറ്റു ചിലർ ഗുരു നാനാക്കിന്റെ രൂപത്തിലും. ദൈവത്തെ അന്വേഷിക്കുന്ന ആത്മാക്കൾ മതം ഏതാണെന്ന് നോക്കാറില്ല. ഏതു മതമായാലും ദൈവവുമായി ബന്ധമുണ്ടെന്ന് വിശ്വസിക്കുന്നവരിൽ നിന്ന് അവർ ഹിദായത്ത് തേടുന്നു. ഗൗസ് അലി ഷാ എന്ന വലിയ്യ് 'തസ്കിറ ഗൗസിയ' എന്ന തന്റെ കിത്താബിൽ ഇങ്ങനെ എഴുതി; *'ഹിന്ദു ആചാര്യൻമാരിൽ നിന്നും എനിക്ക് ആത്മീയ കൃപ ലഭിച്ചിട്ടുണ്ട്.'* മുസ്ലിം പുരോഹിതന്മാർക്ക് ഇതിന്റെ പിന്നിലെ രഹസ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിനാൽ അവർ അദ്ദേഹ

ത്തിനെതിരെ വധശിക്ഷയ്ക്കുള്ള ഫത്വ പുറപ്പെടുവിച്ചു. ഏതെങ്കിലും മുസ്ലിം വീടുകളിൽ അദ്ദേഹത്തിന്റെ പുസ്തകം കണ്ടെത്തിയാൽ ആ വീടുകൾ അഗ്നിക്കിരയാക്കുമെന്ന് അവർ ഭീഷണി മുഴക്കി. രസകരമെന്നു പറയട്ടെ, ഈ ഗ്രന്ഥം ഇന്ത്യയിലും പാകിസ്ഥാനിലും ഇപ്പോഴും ലഭ്യമാണ്. അത് വളരെ പ്രസിദ്ധവുമാണ്.

ചില ജനത പ്രവാചകന്മാരെ സ്വീകരിച്ചു. മറ്റു ചിലർ അവരെ തള്ളിക്കളഞ്ഞു. അവരെ നിരാകരിച്ച ജനതകൾക്ക് വേണ്ടി പോലും അവരുടെ മതങ്ങൾക്കനുസരിച്ചുള്ള വഴികാട്ടികളെ ദൈവം അയച്ചു. പാപങ്ങളിൽ നിന്ന് രക്ഷ നേടാൻ അവർ തങ്ങളുടെ ജനതയെ പഠിപ്പിച്ചു. ഈ ഗുരുക്കന്മാർ അവരുടേതായ രീതിയിലുള്ള ആരാധനകളിലൂടെയും ആചാര അനുഷ്ഠാനങ്ങളിലൂടെയും തങ്ങളുടെ അനുയായികളെ ദൈവത്തിലേക്ക് തിരിക്കുവാൻ ശ്രമിച്ചു. ദൈവത്തെ സ്നേഹിക്കുവാനും സമാധാനം സ്ഥാപിക്കുവാനും അവർ അവരെ പഠിപ്പിച്ചു. ഈ വ്യക്തികൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് എല്ലാ മതക്കാരും പരസ്പരം രക്തം ചിന്തുന്നവരായി മാറിയേനെ. ഇത്തരം വഴികാട്ടികളായുള്ള ആത്മാക്കൾക്ക് എല്ലാ മതങ്ങളുടെയും രഹസ്യങ്ങൾ അറിയാവുന്ന വിഷ്ണു മഹാരാജിൽ (ഖിള്ർ) നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കും.

★★★

# തഖ്‌വയ്ക്ക് അർഹരാകുന്നത് ആരൊക്കെ?

**ഇൽമുൽ യഖീൻ (അറിവിനെ അവലംബമാക്കിയുള്ള വിശ്വാസം)**

ഇത്തരക്കാർ ലൗകികരാണ് (ദുനിയാവിനെ ആഗ്രഹിക്കുന്നവർ). അവരുടെ മഖാം 'മഖാമേ ശുനീദ്' ആകുന്നു. കേട്ടറിവിനെ മാത്രം അവലംബമാക്കിയുള്ള വിശ്വാസമാണ് ഇവർക്കുള്ളത്. അതുകൊണ്ട് തന്നെ ഇവർ വഴിതെറ്റിപ്പോകാനുള്ള സാധ്യത കൂടുതലാണ്. ഇവർ ഉപജീവനം നേടുന്നത് തഖ്‌വയിലൂടെയല്ല, മറിച്ച് അധ്വാനം കൊണ്ടാണ്. അത് ഹലാലായ വഴിയിലൂടെയോ ഹറാമായ വഴിയിലൂടെയോ ആകാം.

**ഐനുൽ യഖീൻ (കണ്ണ് കൊണ്ടുള്ള കാഴ്ചയെ അവലംബമാക്കിയുള്ള വിശ്വാസം)**

ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ 'താരിക്കുൽ ദുനിയാ' എന്നറിയപ്പെടുന്നു. അതായത് ജനങ്ങൾക്കിടയിൽ ജീവിക്കുന്നവരാണെങ്കിലും ലൗകിക ആഡംബരങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരാണിവർ. ഇവരുടെ ഹൃദയവും ആത്മാവും എപ്പോഴും അല്ലാഹുവിലേക്കായിരിക്കും. പലപ്പോഴും ഇവർക്ക് ദിവ്യദർശനങ്ങൾ ഉണ്ടാകുന്നു. ഇവരുടെ മഖാം അല്ലാഹുവിനെ കാണുവാൻ സാധിക്കുന്ന മഖാമാണ്. ഹലാലായ മാർഗ്ഗങ്ങളിലൂടെ മാത്രമാണ് ഇവർ അധ്വാനിക്കുന്നത്. ഹലാലല്ലാത്ത മാർഗ്ഗങ്ങളിലൂടെ സമ്പാദിക്കുന്നത് ഇവരെ നഷ്ടത്തിലാക്കും.

**ഹഖുൽ യഖീൻ (സത്യത്തെ അവലംബമാക്കിയുള്ള വിശ്വാസം)**

'റസീദ്' (അല്ലാഹുവിലേക്കുള്ള മാധ്യസ്ഥം) ആകുന്നു ഇവരുടെ മഖാം. അതായത് ഇവർക്ക് അല്ലാഹുവിൽ നിന്നും ഒരു പദവി ലഭിക്കുകയും അങ്ങനെ ഇവർ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തിരുനോട്ടത്തിൽ ആകുകയും ചെയ്യുന്നു. ഇവർ 'ഫാരിഖുൽ ദുനിയാ' എന്നറി

യപ്പെടുന്നു. ദുനിയാവിൽ ജനങ്ങൾക്കിടയിൽ ജീവിക്കുന്നവരാണെങ്കിലും അനുവദനീയവും നിരോധിതവുമായ കാര്യങ്ങളിൽ നിന്ന് അകലം പാലിക്കുന്നവരാണിവർ. കാടുകളിൽ ഏകാന്തരായി ജീവിച്ചാൽ തന്നെയും അവിടെയും അല്ലാഹു ഇവർക്ക് ഉപജീവനം എത്തിക്കുന്നതാണ്. ഇത് തഖ്‌വയുടെ തലമാണ്. ആത്മീയപാതയിലെ തുടക്കക്കാർ തഖ്‌വ ഉണ്ടെന്ന് അവകാശപ്പെടാറുണ്ടെങ്കിലും അവർ അത് വിജയകരമായി നിലനിർത്തില്ല.

## തഖ്ദീർ (വിധി)

വിധി രണ്ട് തരത്തിലുണ്ട്:

1. **അസൽ** (മുമ്പേ തീരുമാനിക്കപ്പെട്ട വിധി)
2. **മുഅല്ലഖ്** (തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത വിധി)

ചിലർ ചോദിക്കുന്നു; 'ഉപജീവനം വിധിയിൽ മുമ്പേ എഴുതപ്പെട്ടിരിക്കേ, നമ്മൾ അതിനുവേണ്ടി പരിശ്രമിക്കേണ്ട കാര്യമെന്താണ്?' മഖ്ദൂം ജഹാനിയ മറുപടി നൽകി; *'ഉപജീവനത്തിനു വേണ്ടിയുള്ള അധ്വാനവും വിധിയിൽ എഴുതപ്പെട്ടതാണ്.'*

*ഉദാഹരണത്തിന്:* മേൽക്കൂരയിൽ നിങ്ങൾക്കായി ഒരു പൂപാത്രം വെച്ചിട്ടുണ്ട് (ഇതാണ് തഖ്ദീർ അസൽ). ഇത് കരസ്ഥമാക്കാനായി നിങ്ങൾ പടികളിലൂടെ മേൽക്കൂരയിലേക്ക് കയറണം (ഇതാണ് മുഅല്ലഖ്). അത് ചെയ്യണോ വേണ്ടയോ എന്നത് നിങ്ങളുടെ ഇഷ്ടമാണ്. നമ്മുടെ ഇഷ്ടാനുസരണത്തിലുള്ള ഈ തീരുമാനത്തിന്റെ ഭാഗത്തിനാണ് ഹിസാബ് ഉണ്ടാവുക. അല്ലാതെ അസലിയായ വിധിയുമായി ബന്ധപ്പെട്ടല്ല. പടികൾ കയറി മേൽക്കൂരയിൽ എത്തിക്കഴിഞ്ഞാൽ നിങ്ങൾക്കായി എഴുതപ്പെട്ടത് നിങ്ങൾക്ക് കരസ്ഥമാക്കാൻ കഴിയും. അങ്ങനെ നിങ്ങൾ നിങ്ങളുടെ വിധി നേടിയെടുക്കുന്നു. എന്നാൽ നിങ്ങൾ മടിയനായിരിക്കുകയും മേൽക്കൂരയിൽ എത്താതിരിക്കുകയും ചെയ്താൽ നിങ്ങൾക്കത് നഷ്ടപ്പെടും. അതേസമയം വിധിയിൽ പൂപാത്രം എഴുതപ്പെട്ടിട്ടില്ലാത്ത മറ്റൊരാൾ കോണിപ്പടികളിലൂടെയോ വലിയ പരിശ്രമത്തിലൂടെയോ മേൽക്കൂരയിൽ കയറിപ്പറ്റിയാൽ പോലും അയാൾക്കത് കരസ്ഥമാക്കാൻ സാധിക്കുന്നതല്ല.

★★★

## മൂന്നാമത്തെ വിഭാഗം ആത്മാക്കൾ

ദുനിയാവോ സ്വർഗ്ഗമോ ആഗ്രഹിക്കാതെ അല്ലാഹുവിന്റെ ജൽവയിലേക്ക് (Divine Manifestation) മാത്രം നോക്കി നിന്നവരാണിവർ. ദുനിയാവിൽ വന്നതിന് ശേഷവും അവർ അല്ലാഹുവിനെ മാത്രം അന്വേഷിച്ച് നടക്കുകയും ആ വഴിയിൽ മറ്റെല്ലാം ഉപേക്ഷിക്കുകയും ചെയ്തു. നിരവധി രാജാക്കൻമാർ തങ്ങളുടെ രാജ്യങ്ങൾ ഉപേക്ഷിച്ച് വിശപ്പും ദാഹവും സഹിച്ച് കാട്ടിൽ താമസമാക്കിയിട്ടുണ്ട്. ചിലർ വർഷങ്ങളോളം നദികളിൽ ഇരിപ്പുറപ്പിച്ചു. വിജയകരമായ ആത്മീയ ശിക്ഷണങ്ങൾക്ക് ശേഷം അവർ 'വലിയ്യ് അല്ലാഹ്' (God's friends) എന്ന് വിളിക്കപ്പെട്ടു. അല്ലാഹു അവർക്ക് വ്യത്യസ്ത ആത്മീയപദവികൾ നൽകുകയും അവരെ വിവിധ ആത്മീയജോലികൾക്കായി നിയോഗിക്കുകയും ചെയ്തു. അവർ നരകബന്ധിത ആത്മാക്കൾക്ക് ഒരു ദിവ്യപരിഹാരവും പ്രതീക്ഷയുമായിത്തീർന്നു. പ്രശസ്ത കവി ഇഖ്ബാൽ തന്റെ ഒരു കവിതയിൽ എഴുതിയത് പോലെ; ***'ദൈവികനായ ഒരു മനുഷ്യന്റെ നോട്ടം വിധിയെ തന്നെ മാറ്റുന്നു.'***

ഭൗമാത്മാക്കളുടെ (അർസി അർവാഹ്) ഓരോ ജന്മത്തിലും ഗുരുവിനെ ശാരീരികമായി തന്നെ ദർശിക്കൽ നിർബന്ധമാണ്. മുൻജന്മത്തിലെ ഗുരുബന്ധമോ പൈതൃകമായുള്ള ഗുരുബന്ധമോ പുതിയ ശരീരത്തിൽ ജനിക്കുന്നതോടു കൂടി അസാധുവാകുന്നു. ഉലുൽ അസ്മുകളായ മുർസലീങ്ങളുടെ വരവോടുകൂടി അതിന് മുമ്പുള്ള നുബുവ്വത്ത് അസാധുവാകുന്നതുപോലെ. ഉദാഹരണത്തിന് മൂസാ കലീമുള്ളാ ഉലുൽ അസ്മുകളിൽ ഒരാളാണ്. മൂസാ കലീമുള്ളായ്ക്ക് ശേഷം വന്ന സകല നബിമാരും അവർ കൊണ്ടുവന്ന മതങ്ങളും ഈസാ റൂഹുള്ളായുടെ വരവോടുകൂടി റദ്ദാക്കപ്പെട്ടു. അതുപോലെ തന്നെ മുഹമ്മദ് നബി (സ) യുടെ വരവോടു കൂടി ഈസാ റൂഹുള്ളായ്ക്കും മുഹമ്മദ് നബി (സ) ക്കും ഇടയ്ക്കുള്ള കാലഘട്ടത്തിൽ വന്ന

എല്ലാ പ്രവാചകന്മാരുടെയും നുബുവ്വത്ത് റദ്ദാക്കപ്പെട്ടു. ഉലുൽ അസ്മുകൾ കൊണ്ടുവന്ന മതങ്ങൾ ഇന്നും പ്രാബല്യത്തിലുള്ളതാണ്. ആദം സഫിയുള്ളാ, ഇബ്രാഹിം ഖലീലുള്ളാ, മൂസാ കലീമുള്ളാ, ഈസാ റൂഹുള്ളാ, മുഹമ്മദ് റസൂലുള്ളാ എന്നിവരാണ് ഉലുൽ അസ്മുകളായ പ്രവാചകർ. ഓരോ വലിയ്യും ഈ ഉലുൽ അസ്മുകളുടെ ആത്മീയ കാൽപ്പാടുകൾ പിന്തുടരുന്നവരാണ് (അഥവാ അവരുമായി ബന്ധപ്പെട്ട ലഥായിഫിൽ നിന്നും ആത്മീയ അനുഗ്രഹം സ്വീകരിക്കുന്നവരാണ്). കാരണം മനുഷ്യന്റെ നെഞ്ചിലെ അഞ്ച് ലഥായിഫുകളും അഞ്ച് ഉലുൽ അസ്മുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇക്കാരണത്താൽ അവരുമായി ബന്ധപ്പെട്ട ആത്മീയ അനുഗ്രഹവും നുബുവ്വത്തും ഖിയാമത്ത് നാൾ വരെ പ്രാബല്യമുള്ളതാണ്.

കലിമ ചൊല്ലാതെ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല എന്നത് ഒരു പൊതുവിശ്വാസമാണ്. എന്നാൽ ഇത് ഉദ്ദേശിക്കുന്നത് ഏതെങ്കിലും ഒരു പ്രവാചകന്റെ മാത്രം കലിമയെ അല്ല. എല്ലാ ഉലുൽ അസ്മുകളുമായി ബന്ധപ്പെട്ട മതങ്ങളുടെ കലിമകളെയും ഇത് സൂചിപ്പിക്കുന്നു. ഓർക്കുക, മുഹമ്മദ് നബി (സ) അരുളി; *"ഉലുൽ അസ്മുകൾ കൊണ്ടുവന്ന ഗ്രന്ഥങ്ങളോ മതമോ നിഷേധിക്കാനല്ല ഞാൻ വന്നിരിക്കുന്നത്, മറിച്ച് തിരുത്തപ്പെട്ടവയെ നേരെയാക്കാനാണ്."*

ആദം സഫിയുള്ളായുടെ ആത്മീയപരമ്പര ഇന്നും നിലനിൽക്കുന്നു. ഖൽബിന്റെ ദിക്ർ മാത്രമുള്ളവരാണ് അവർ. അവർ അല്ലാഹുവിന്റെ നാമത്തിനാൽ കരയുകയും അതിൽ വിനയം കാണിക്കുകയും പശ്ചാത്തപിക്കുകയും പാപങ്ങൾ ഒഴിവാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ആദ്യ മതവും ആദ്യ പ്രവാചകത്വവും ആദ്യ ആരാധനയും ഇതായിരുന്നു. ഓരോ ഗൗസും (ഔലിയാക്കളുടെ പരമ്പരയുടെ നേതാവ്) ഓരോ വലിയ്യും ഒരു പ്രത്യേക പ്രവാചകന്റെ കാൽച്ചുവടുകൾ (പ്രത്യേക ആത്മീയപാത) പിന്തുടരുന്നവരായിരിക്കും. ഉദാഹരണത്തിന്, മുകളിൽ സൂചിപ്പിച്ചവർ ആദം സഫിയുള്ളായുടെ കാൽപ്പാദങ്ങൾ പിന്തുടരുന്നവരാണ്. മുജദ്ദിദ് അൽഫ് സാനി (റ) പറഞ്ഞു, 'ഞാൻ മൂസാനബിയുടെ കാൽച്ചുവട്ടിലാണ്.' ഖലന്ദർമാരുടെ പരമ്പര വരുന്നത് ഈസാനബിയിൽ നിന്നുമാണ്. അബ്ദുൽ ഖാദിർ ജീലാനി വരുന്നത് മഷ്റബേ മുഹമ്മദിൽ നിന്നാകുന്നു (മുഹമ്മദ് നബി (സ) യുടെ ആത്മീയപാത).

★★★

# ചിന്തിക്കുക! ഏത് ആദമിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരാണ് നിങ്ങൾ?

പതിനാലായിരം വ്യത്യസ്ത ആദമുകൾ ഈ ഭൂമിയിലേക്ക് വന്നിട്ടുണ്ട് എന്ന് ചില ദിവ്യഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ചിലർ പറഞ്ഞു; *'ആദം സഫിയുള്ളാ ആണ് പതിനാലായിരാമത്തെയും അവസാനത്തെയും ആദം.'* തീർച്ചയായും ഈ ലോകത്തിലേക്ക് നിരവധി ആദമുകൾ വന്നിട്ടുണ്ട്. ആദം സഫിയുള്ളായെ കളിമണ്ണിനാൽ സൃഷ്ടിക്കുന്ന ഘട്ടത്തിൽ മലക്കുകൾ ആദമിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു; *"ഇതും ലോകത്ത് കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കും."* മലക്കുകളുടെ ഈ അഭിപ്രായം സൂചിപ്പിക്കുന്നത് അവർക്ക് മുൻകാല ആദമുകളുടെ കഥകൾ നേരത്തേ അറിയാമായിരുന്നു എന്നാണ്. ഒന്നിൽക്കൂടുതൽ ആദമുകൾ ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഈ ലോകത്തിൽ എത്തിക്കഴിഞ്ഞാൽ ഇങ്ങനെയൊക്കെ പെരുമാറുമെന്ന് അവർ എങ്ങനെ മനസ്സിലാക്കി?

ലൗഹുൽ മഹ്ഫൂളിൽ (The Guarded Tablet) വിവിധ ഭാഷകൾ, വിവിധ കലിമകൾ, വിവിധ മന്ത്രങ്ങൾ, അല്ലാഹുവിന്റെ വിവിധ നാമങ്ങൾ, വിവിധ വേദവാക്യങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകൾ ആളുകളെ പഠിപ്പിച്ച മാന്ത്രിക പ്രവൃത്തികൾ പോലും അതിൽ കാണാം. അതിനുള്ള ശിക്ഷയായി ഈ രണ്ട് മലക്കുകളെയും ഈജിപ്തിലെ ഒരു നഗരമായ ബാബിലോണിലെ ഒരു കിണറ്റിൽ തലകീഴായി തൂക്കിയിട്ടിരിക്കുന്നു.

ഓരോ ആദമിനെയും ഓരോ ഭാഷ പഠിപ്പിച്ചു. തുടർന്ന് അവരുടെ ജനതകളിലേക്ക് ഹിദായത്തിനായി പ്രവാചകന്മാരെ അയച്ചു. അതിനാലാണ് ഒരുലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ ഈ

ലോകത്തിലേക്ക് വന്നിട്ടുണ്ട് എന്ന് പറയപ്പെടുന്നത്. ആദം സഫിയുള്ളാ ഈ ലോകത്തിലേക്ക് വന്നിട്ട് ആറായിരം കൊല്ലമേ ആയിട്ടുള്ളൂ. ഓരോ വർഷവും ഓരോ പ്രവാചകനെ വീതം അയച്ചിരുന്നെങ്കിൽ പോലും അത് ആറായിരത്തിൽ കൂടില്ല. കുറച്ചുകാലങ്ങൾക്ക് ശേഷം ഈ സമൂഹങ്ങൾ അവരുടെ അനുസരണക്കേട് നിമിത്തം നശിപ്പിക്കപ്പെട്ടു. പിന്നീട് ഗവേഷകർ പുരാവസ്തു ഖനനം മുഖേന ഈ പ്രാചീന നഗരങ്ങളെ കണ്ടെത്തി. പ്രാചീന ഭാഷകളിലുള്ള അവരുടെ ലിഖിതങ്ങൾ മനസ്സിലാക്കാൻ ഇന്നും സാധിച്ചിട്ടില്ല. ചില സമൂഹങ്ങളെ വെള്ളത്തിൽ മുക്കി നശിപ്പിച്ചു. എങ്കിലും നൂഹ് നബിയുടെ കാലത്തെ കൊടുങ്കാറ്റിനെ ചിലയാളുകൾ അതിജീവിച്ചതു പോലെ കുറച്ചാളുകൾ ചില പ്രദേശങ്ങളിൽ ഇതിനെയും അതിജീവിച്ചു. അവസാനം ആദം സഫിയുള്ളായെ മറ്റെല്ലാവരേക്കാളും ഉന്നതമായ പ്രകൃതം നൽകി അറേബ്യയിലേക്ക് അയച്ചു. ആദം സഫിയുള്ളായുടെ സന്താനപരമ്പരയിൽ ഉന്നതരായ പ്രവാചകന്മാർ ജന്മമെടുത്തു. വിവിധ ആദമുകളുടെ വ്യത്യസ്ത ഭാഷകളുടെ ഉപയോഗം അവരുടെ അതിജീവിച്ച ജനതകൾക്കിടയിൽ തുടർന്നുപോന്നു. അവസാനത്തെ ആദം വന്നപ്പോൾ അവർക്ക് സുരിയാനി ഭാഷ പഠിപ്പിക്കപ്പെട്ടു. പിന്നീട് ആദം സഫിയുള്ളായുടെ സന്തതികൾ വിദൂരദേശങ്ങളിലേക്ക് സഞ്ചരിച്ചപ്പോൾ പൂർവ്വകാല സമൂഹങ്ങളെയും കാണാനിടയായി. ചിലർ ആ പ്രദേശം ഇഷ്ടമായതു കൊണ്ടോ അതിന്റെ പച്ചപ്പിൽ ആകൃഷ്ടരായിക്കൊണ്ടോ അവരോടൊപ്പം താമസിക്കുവാൻ തുടങ്ങി.

അറേബ്യൻ മേഖലയിലെ ഭാഷയായിരുന്നു സുരിയാനി. വിവിധ സമൂഹങ്ങൾ പരസ്പരം ഇടകലർന്നത് കാരണമായി സുരിയാനിയിൽ നിന്നും അറബി, പേർഷ്യൻ, ലാറ്റിൻ, സംസ്കൃതം തുടങ്ങിയ ഭാഷകളും ഉടലെടുത്തു. ഒടുവിൽ ഭാഷാ പരിണാമ പ്രക്രിയയിലൂടെ ഇംഗ്ലീഷ് ഭാഷയും നിലവിൽ വന്നു. വ്യത്യസ്ത ആദമുകളുടെ സന്തതികൾ വിവിധ ദ്വീപുകളിൽ സ്ഥിരതാമസമാക്കി. ആദമുകളിലെ ഒരു ആദം ഒരു ജിപ്സി (നാടോടി) ആയിരുന്നു. ഈ പ്രത്യേക ആദമിന്റെ വംശം ഇന്നും ജീവിക്കുന്നുണ്ട്. ഇവരിൽപ്പെട്ടവരാണ് പുതിയ പല രാജ്യങ്ങളും കണ്ടെത്തിയത്. സമുദ്രത്തിലെ വിവിധ ദ്വീപുകളിൽ താമസിച്ചിരുന്ന ആളുകൾക്ക് മറ്റ് ദ്വീപുസമൂഹങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. കുതിരകൾ കൊണ്ടോ തുഴയുന്ന വള്ളങ്ങൾ കൊണ്ടോ ദീർഘമായ

കടൽയാത്ര അസാധ്യമായിരുന്നു. കൊളംബസ് വിജയകരമായി ഒരു യന്ത്രക്കപ്പൽ നിർമ്മിച്ചു. അതുപയോഗിച്ച് അദ്ദേഹം അമേരിക്കൻ മണ്ണിൽ എത്തുന്ന ആദ്യ വ്യക്തിയായി. സമുദ്രക്കരയിൽ കുറച്ച് ചുവന്ന മനുഷ്യരെ അദ്ദേഹം കണ്ടു. അദ്ദേഹം ചിന്തിച്ചു, 'ഒരുപക്ഷേ ഞാൻ ഇന്ത്യയിലായിരിക്കാം എത്തിയിരിക്കുന്നത്. അപ്പോൾ അവർ ഇന്ത്യക്കാരാണ്.' ഇതിനാലാണ് ഈ ജനത പിന്നീട് 'റെഡ് ഇന്ത്യൻസ്' എന്ന് അറിയപ്പെട്ടത്. അവർ നോർത്ത് ഡക്കോട്ടയിൽ ഇന്നും ജീവിക്കുന്നു. ഒരു റെഡ് ഇന്ത്യൻ ഗോത്രത്തലവനോട് ഞാൻ ചോദിച്ചു, 'ആരാണ് നിങ്ങളുടെ ആദം?' അദ്ദേഹം പറഞ്ഞു, ''ഞങ്ങളുടെ മതമനുസരിച്ച് ഞങ്ങളുടെ ആദം ഏഷ്യയിലാണ്. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് ഹവ്വ എന്നാണ്. പക്ഷേ ഞങ്ങളുടെ ചരിത്രമനുസരിച്ച് ഞങ്ങളുടെ ആദം വന്നത് സൗത്ത് ഡക്കോട്ടയിലുള്ള ഒരു പർവ്വത ത്തിൽ നിന്നുമാണ്.” ഈ പർവ്വതം ഇപ്പോഴും ഒരു ചരിത്രഭൂമിയായി അടയാളപ്പെടുത്തിയിട്ടുണ്ട്.

ഇംഗ്ലീഷുകാർക്കും അമേരിക്കക്കാർക്കും വെളുത്തനിറം വന്നത് അവിടെയുള്ള തണുത്ത കാലാവസ്ഥ മൂലമാണ് എന്നാണ് പൊതു വെയുള്ള ധാരണ. എന്നാൽ ഇത് ശരിയല്ല. കറുത്തവർഗ്ഗക്കാരുടെ ആദമിന്റെ പ്രാചീനപരമ്പര ഇന്നും ഇതേ പ്രദേശത്ത് നിലനിൽ ക്കുന്നുണ്ട്. അവർ ഇന്നേവരെ വെളുത്ത നിറക്കാരായി മാറിയിട്ടില്ല. അതുകൊണ്ട് മനുഷ്യരുടെ നിറം, രൂപം, സ്വഭാവ സവിശേഷതകൾ, ബുദ്ധി, ഭാഷ, ഭക്ഷണരീതികൾ എന്നിവയെല്ലാം വ്യത്യസ്തമാകാൻ കാരണം മേൽപ്പറഞ്ഞവയാണ്. മധ്യേഷ്യ വരെയാണ് ആദം സഫിയു ള്ളായുടെ സന്താനപരമ്പര വ്യാപിച്ചത്. മധ്യേഷ്യയിലെ ജനങ്ങളുടെ സവിശേഷതകളിൽ സമാനതകൾ കാണപ്പെടുന്നതിന്റെ കാരണ മിതാണ്. ആദം സഫിയുള്ളാ (ശങ്കർ) ശ്രീലങ്കയിലാണ് ഇറങ്ങിയ തെന്നും പിന്നീട് അദ്ദേഹം അവിടെ നിന്നും അറേബ്യയിൽ എത്തി യെന്നും ശേഷം അറേബ്യയിൽ തന്നെ തുടർന്നു എന്നും അറബ് മേഖലയിലാണ് അദ്ദേഹത്തിന്റെ ഖബർ ഉള്ളതെന്നും പറയപ്പെടുന്നു. അപ്പോൾ ഒരു ചോദ്യം ഉയർന്നേക്കാം; “ആദം സഫിയുള്ളാ ശ്രീലങ്ക യിലാണ് ഇറങ്ങിയത് എന്ന് പറഞ്ഞു തന്നതും ശ്രീലങ്കയിൽ ഇപ്പോഴും സംരക്ഷിക്കപ്പെടുന്ന അദ്ദേഹത്തിന്റെ കാൽപ്പാടുകൾ ചൂണ്ടിക്കാണിച്ചു തന്നതും ആരാണ്?” ശ്രീലങ്കയിൽ ആദം സഫിയുള്ളാ ഇറങ്ങുന്നതിനു

മുമ്പ് തന്നെ അവിടെ ചില ഗോത്രങ്ങൾ ഉണ്ടായിരുന്നു എന്ന വസ്തുത യിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നശിപ്പിക്കപ്പെട്ട സമൂഹങ്ങളിൽ നുബുവ്വത്തും വിലായത്തും അവസാനിച്ചു. അവരിലെ അതിജീവിതർ ആത്മീയ വ്യക്തിത്വങ്ങളുടെ അഭാവം മൂലം പിന്നീട് വഴികേടിലായിപ്പോയി. കാലക്രമേണ ഈ നാടുകളെ കണ്ടെത്തിയപ്പോൾ ഏഷ്യയിൽ നിന്നുള്ള വലിയ്യുകൾ അവിടേക്കെത്തുകയും അവിടെയുള്ള ജനങ്ങളെ തങ്ങളുടെ മതങ്ങൾ പഠിപ്പിക്കുകയും ചെയ്തു. ഇന്ന് ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഏഷ്യൻ മതങ്ങൾ വ്യാപിച്ചിരിക്കുന്നു. ഈസാനബി (അ) ജറുസലേ മിൽ നിന്നും മൂസാ നബി (അ) ബെത്ലഹേമിൽ (ബൈത്തുൽ മുഖദ്ദസ്) നിന്നും മുഹമ്മദ് നബി (സ) മക്കയിൽ നിന്നുമായിരുന്നു. നൂഹ് നബി (അ) യുടെയും ഇബ്രാഹിം നബി (അ) യുടെയും ബന്ധവും അറേബ്യ യുമായാണ്.

ചില തലമുറകൾ കഠിനമായ ശിക്ഷകളിലൂടെ നശിപ്പിക്കപ്പെട്ടു. ചില തലമുറകളെ കരടികളായും കുരങ്ങുകളായും മാറ്റി. അവരിലെ അതി ജീവിതരിൽ ചിലർ ഭയം നിമിത്തം ദൈവത്തിലേക്ക് അടുത്തു. മറ്റുള്ളവർ ദൈവത്തെ ഒരു ശിക്ഷാകർത്താവായി കാണുകയും അങ്ങനെ അവരിൽ ദൈവത്തോടുള്ള വെറുപ്പ് വളരുകയും ചെയ്തു. അവർ ദൈവത്തിന്റെ സകല വിധിവിലക്കുകളെയും തള്ളിക്കളഞ്ഞു. അവർ പറഞ്ഞു, 'ദൈവം എന്ന ഒന്നില്ല. മനുഷ്യൻ ഒരു ചെറുപ്രാണി മാത്രമാണ്. സ്വർഗ്ഗവും നരകവുമെല്ലാം ഒരു കെട്ടുകഥയാണ്.' മൂസാ നബിയുടെ കാലഘട്ടത്തിൽ ശിക്ഷയായി കുരങ്ങുകളായി രൂപം മാറ്റപ്പെട്ട ഒരു ജനത യൂറോപ്പിലേക്ക് നീങ്ങി. കുരങ്ങുകളുടെ രൂപ മായിരുന്നിട്ടും അവരിലെ ഗർഭവതികൾ മനുഷ്യക്കുഞ്ഞുങ്ങൾക്കാണ് ജന്മം നൽകിയത്. ഈ സമൂഹം ഇന്നും നിലനിൽക്കുന്നു. കുരങ്ങു കളിൽ നിന്നാണ് തങ്ങൾ ഉണ്ടായതെന്ന് അവർ സ്വയം വിശ്വസിക്കുന്നു. കരടികളായി രൂപം മാറ്റപ്പെട്ട ഒരു ജനത ആഫ്രിക്കയിലെ കാടുകളി ലേക്ക് നീങ്ങി. അവരിലെ ഗർഭവതികളും മനുഷ്യക്കുഞ്ഞുങ്ങൾക്കാണ് ജന്മം നൽകിയത്. അങ്ങനെ അവർ 'മംമ്' (Mumm or Bigfoot) എന്നറിയ പ്പെടുന്ന ഒരു തലമുറയായി പരിണമിച്ചു. ദേഹമാസകലം അവർക്ക് നീളമേറിയ മുടികളുണ്ട്. അവരിൽ കൂടുതലും സ്ത്രീകളാണ്. പല പ്പോഴും അവർ മനുഷ്യരെ തട്ടിക്കൊണ്ടുപോകാറുണ്ട്. മതങ്ങളിൽ

അവർക്ക് താൽപ്പര്യമില്ല. മനുഷ്യരൂപം ഉള്ളതിനാൽ അവർ തങ്ങളുടെ സ്വകാര്യഭാഗങ്ങൾ മരത്തിന്റെ ഇലകൾ കൊണ്ട് മറയ്ക്കാറുണ്ട്.

തെറ്റായ പ്രവൃത്തികൾ കാരണമായി മറ്റൊരു ആദമിനെ ആയിരം കൊല്ലത്തേക്ക് ശിക്ഷിക്കുകയുണ്ടായി. അദ്ദേഹത്തെ ഒരു പാമ്പിന്റെ രൂപത്തിലേക്ക് മാറ്റി. അദ്ദേഹത്തിന്റെ ജനതയിലെ അവശേഷിക്കുന്നവർ 'റൂഹ' എന്ന് വിളിക്കപ്പെടുന്ന ഒരു പ്രത്യേക പാമ്പുവർഗ്ഗമായി നില നിൽക്കുന്നു. ജനിച്ച് ആയിരം വർഷങ്ങൾ കഴിയുമ്പോൾ ഇത് മനുഷ്യനായി മാറുന്നതാണ്. ഒരിക്കൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി നായാട്ടിനായി ഒരു വനത്തിലൂടെ കടന്നുപോകുമ്പോൾ സുന്ദരിയായ ഒരു സ്ത്രീ കരയുന്നതായി കണ്ടു. ആരാണെന്ന് ചോദിച്ച പ്പോൾ അവൾ പറഞ്ഞു; "ഞാൻ ചൈനയിലെ രാജകുമാരിയാണ്. ഭർത്താവിനോടൊപ്പം വേട്ടയാടാനായി ഇവിടെ എത്തിയതാണ്. എന്നാൽ ഒരു സിംഹം ഭർത്താവിനെ തിന്നു കളഞ്ഞു. അങ്ങനെ ഞാൻ ഇവിടെ ഒറ്റപ്പെട്ടു." തന്നോടൊപ്പം വന്നാൽ ചൈനയിൽ തിരിച്ചെത്തി ക്കാമെന്ന് അലക്സാണ്ടർ ചക്രവർത്തി അവളോട് പറഞ്ഞു. തന്റെ ഭർത്താവ് മരിച്ചുവെന്നും അതിനാൽ ഇനി തിരികെ സ്വന്തം രാജ്യത്തേക്ക് മടങ്ങിയാൽ അവർ തന്നെ സ്വാഗതം ചെയ്തേക്കില്ല എന്ന് താൻ ഭയക്കുന്നുവെന്നും അവൾ അദ്ദേഹത്തോട് പറഞ്ഞു. അലക് സാണ്ടർ ചക്രവർത്തി അവളെ തന്റെ രാജ്യത്തേക്ക് കൊണ്ടു പോകുകയും അവളെ വിവാഹം കഴിക്കുകയും ചെയ്തു. കുറച്ച് മാസ ങ്ങൾക്ക് ശേഷം ചക്രവർത്തിക്ക് കലശലായ വയറുവേദന അനുഭവ പ്പെടാൻ തുടങ്ങി. എല്ലാത്തരം മരുന്നുകളും പരീക്ഷിച്ചെങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യനില മെച്ചപ്പെടുകയുണ്ടായില്ല. വേദന കൂടുതൽ വഷളായി. വൈദ്യന്മാർ നിസ്സഹായരായിത്തീർന്നു.

ചക്രവർത്തിയെ ചികിത്സിക്കാൻ ഒരു പാമ്പാട്ടിയും എത്തി. അയാൾ ചക്രവർത്തിയെ സ്വകാര്യമായി വിളിച്ച് പറഞ്ഞു, "എനിക്ക് അങ്ങയെ സുഖപ്പെടുത്താൻ കഴിയും. എന്നാൽ എനിക്ക് കുറച്ച് നിബന്ധന കളുണ്ട്. എന്റെ ചികിത്സകൊണ്ട് കുറച്ച് ദിവസത്തിനുള്ളിൽ അസുഖം ഭേദമായില്ലെങ്കിൽ അങ്ങേയ്ക്ക് എന്നെ വധിക്കാം. ഇന്ന് രാത്രി കിച്ചടി (പയർ ചേർത്ത ചോറ്) തയ്യാറാക്കുക. ഉപ്പ് കുറച്ചധികം ഇട്ടിരിക്കണം. അങ്ങയും സഹധർമ്മിണിയും അത് ധാരാളം കഴിക്കുക. നിങ്ങൾക്ക്

രണ്ടുപേർക്കും പുറത്തുപോകാൻ കഴിയാത്തവിധം മുറി അകത്തു നിന്ന് പൂട്ടുക. അങ്ങ് ഉറങ്ങരുത്, പകരം ഉറങ്ങുകയാണെന്ന് ഭാര്യയുടെ മുമ്പിൽ നടിക്കുക. മുറിയിൽ ഒരു തുള്ളി പോലും വെള്ളം ഇല്ലെന്ന് ഉറപ്പ് വരുത്തണം." അലക്സാണ്ടർ ചക്രവർത്തി പാമ്പാട്ടി പറഞ്ഞത് പോലെ തന്നെ ചെയ്തു. രാത്രിയിൽ എപ്പോഴോ ചക്രവർത്തിയുടെ ഭാര്യക്ക് ദാഹം തോന്നി. വെള്ളപ്പാത്രം കാലിയായി കിടക്കുന്നത് അവൾ കണ്ടു. അവൾ വാതിൽ തുറക്കാൻ ശ്രമിച്ചു. പക്ഷേ അത് പൂട്ടിയ നിലയിലായിരുന്നു. അവൾ തന്റെ ഭർത്താവിനെ നോക്കി. അദ്ദേഹം ഗാഢനിദ്രയിലാണെന്ന് അവൾ വിചാരിച്ചു. അവൾ ഒരു നാഗമായി മാറുകയും ഒരു ദ്വാരത്തിലൂടെ പുറത്ത് കടന്ന് വെള്ളം കുടിച്ച് നാഗത്തിന്റെ രൂപത്തിൽ തന്നെ വീണ്ടും മുറിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് വീണ്ടും മനുഷ്യരൂപം പ്രാപിച്ചു. അലക്സാണ്ടർ ചക്രവർത്തി ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അദ്ദേഹം രാവിലെ പാമ്പാട്ടിയോട് എല്ലാം വിശദീകരിച്ചു. പാമ്പാട്ടി പറഞ്ഞു, "ആയിരം വർഷങ്ങൾക്ക് ശേഷം രൂപാന്തരം പ്രാപിക്കുന്ന ഒരു പെൺനാഗമാണ് അങ്ങയുടെ ഭാര്യ. അവളുടെ വിഷമാണ് അങ്ങയുടെ വയറ്റിൽ വേദനയുണ്ടാക്കിയത്." തുടർന്ന് ഉല്ലാസയാത്രയ്ക്ക് പോകുകയാണെന്ന വ്യാജേന ഈ സ്ത്രീയെ കടലിലേക്ക് കൊണ്ടുപോയി. അവളെ കടലിലേക്ക് എറിഞ്ഞതിന്റെ അടയാളം ഇന്നും കാണാം. ഇതിനെ 'The Barrier of Alexander' എന്ന് വിളിക്കുന്നു. ഈ പ്രത്യേക ഇനം നാഗങ്ങൾ ഇപ്പോഴും ലോകത്തുണ്ട്. സാധാരണ പാമ്പുകൾക്ക് ചെവികളില്ല. എന്നാൽ മനുഷ്യരായി രൂപം മാറാൻ കഴിയുന്ന ഈ ഇനം പാമ്പുകൾക്ക് ചെവികളുണ്ട്.

അജ്ഞാതനായ ഒരു ആദമിന്റെ വംശം ചൈനയിലെ പർവ്വതങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്നുണ്ട്. അവരുടെ പ്രവേശനം തടയാൻ ദുൽ-ഖർനൈൻ ഒരു കൽമതിൽ നിർമ്മിച്ചു. വളരെ നീളമുള്ളതാണ് അവരുടെ ചെവികൾ. ഒരു ചെവി കിടപ്പുവിരിയായും മറ്റേ ചെവി പുതപ്പായും അവർ ഉപയോഗിക്കുന്നു. ഇവരെ 'യഅ്ജൂജ് മഅ്ജൂജ്' (Gog and Magog) എന്ന് വിളിക്കുന്നു. ശാസ്ത്രം നിരവധി പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇനിയും നിരവധി പ്രദേശങ്ങൾ കണ്ടുപിടിക്കാൻ ബാക്കിയുണ്ട്. ഹിമാലയൻ പർവ്വതനിരകൾക്ക് പിന്നിൽ 'യതി' (Abominable Snowmen) എന്ന മഞ്ഞുമനുഷ്യരുടെ വർഗ്ഗം

താമസിക്കുന്നു. ധാരാളം മനുഷ്യർ വനാന്തരങ്ങളിലും താമസിക്കുന്നുണ്ട്. അവരുടെ ഭാഷ അവർക്കല്ലാതെ മറ്റാർക്കും അറിയില്ല. അവരും അവരുടെ ആദം പഠിപ്പിച്ചതു പ്രകാരം ആരാധനകൾ ചെയ്തു പോരുന്നു. മാത്രമല്ല അവർക്ക് അച്ചടക്കത്തിനും ജീവിതനിയമങ്ങൾക്കുമായി ഒരു നേതൃത്വ സംവിധാനവുമുണ്ട്. ഭൂമിയിലെ ഈ ഭൂഖണ്ഡങ്ങൾ കൂടാതെ ചന്ദ്രൻ, സൂര്യൻ, വ്യാഴം, ചൊവ്വ മുതലായ വേറെയും ലോകങ്ങളുണ്ട്. ആദമുകൾ അവിടെയും എത്തി. എന്നാൽ അവിടെയെല്ലാം ഖിയാമത്ത് സംഭവിച്ചു കഴിഞ്ഞു. അവയിൽ ചിലതിനെ നശിപ്പിച്ചത് അവിടേക്കുള്ള വായുവിതരണത്തെ (oxygen supply) അവസാനിപ്പിച്ചു കൊണ്ടാണ്. മറ്റുള്ളവ തുടച്ചുനീക്കപ്പെട്ടു.

★★★

# ചൊവ്വയിൽ മനുഷ്യജീവനുണ്ട്; തീയാൽ പടയ്ക്കപ്പെട്ട സൃഷ്ടികൾ സൂര്യനിൽ വസിക്കുന്നു

ചന്ദ്രനിൽ ഇറങ്ങിയ ഒരു ബഹിരാകാശ സഞ്ചാരി അവിടെ വെച്ച് മറ്റ് ഗ്രഹങ്ങളെക്കുറിച്ച് കൂടി പഠിക്കുവാൻ ശ്രമിച്ചപ്പോൾ ബാങ്ക് വിളിയുടെ ശബ്ദം കേൾക്കുകയും അതിൽ ആകൃഷ്ടനായി അദ്ദേഹം മുസ്ലിമായി മാറുകയും ചെയ്തു എന്ന് പറയപ്പെടുന്നുണ്ട്. അത് ചൊവ്വയുടെ ലോകമായിരുന്നു. അവിടെ എല്ലാ മതസ്ഥരും വസിക്കുന്നു. നമ്മുടെ ശാസ്ത്രജ്ഞർ ഇപ്പോഴും ചൊവ്വയിൽ എത്തിയിട്ടില്ല. എന്നാൽ ചൊവ്വാനിവാസികൾ ഭൂമിയിൽ നിരവധി തവണ വന്നിട്ടുണ്ട്. പരീക്ഷണങ്ങൾക്കായി അവർ കുറച്ചാളുകളെ ഇവിടെനിന്ന് കൊണ്ടു പോയിട്ടുമുണ്ട്. ശാസ്ത്രീയ വിജ്ഞാനത്തിലും കണ്ടുപിടുത്തങ്ങളിലും നമ്മേക്കാൾ വളരെ മുന്നിലാണവർ. നമ്മുടെ ഉപഗ്രഹങ്ങളും ശാസ്ത്ര ജ്ഞരും ചൊവ്വയിൽ എത്തിയാൽ തന്നെയും ചൊവ്വക്കാരുടെ പിടിയിൽ നിന്ന് രക്ഷപ്പെടാനാവില്ല.

ഒരു ആദമിന് അല്ലാഹു വളരെയധികം ജ്ഞാനം നൽകുക യുണ്ടായി. അദ്ദേഹത്തിന്റെ സന്തതികൾ ഈ ജ്ഞാനം മുഖേന ബൈത്തുൽ മഅ്മൂറിലേക്കുള്ള (ജബറൂത്ത് ലോകത്തിലെ ആരാധനാ കേന്ദ്രം) പ്രവേശനം പോലും കരസ്ഥമാക്കി. അങ്ങനെ അവർ ഭൂമിയിൽ ഇരുന്നുകൊണ്ട് തന്നെ മലക്കുകൾക്ക് അല്ലാഹു നൽകുന്ന കൽപനകൾ കേൾക്കുവാൻ തുടങ്ങി. ഒരു ദിവസം മലക്കുകൾ പറഞ്ഞു, "അല്ലാ ഹുവേ, ഈ ജനത ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടുന്നു. ഞങ്ങളുടെ ചുമതലകൾ നിറവേറ്റാൻ ഞങ്ങൾ ഭൂമിയിൽ എത്തുമ്പോഴേക്കും അവർ അതിന് ഒരു പ്രതിരോധം കണ്ടെത്തിയിട്ടുണ്ടാവും." അല്ലാഹു ജിബ്രീ ലിനോട് (അ) പറഞ്ഞു, "പോയി അവരെ പരീക്ഷിക്കുക." പന്ത്രണ്ടു വയസ്സുള്ള ഒരു ആൺകുട്ടി ആടുകളെ മേയ്ക്കുകയായിരുന്നു.

ജിബ്‌രീൽ (അ) അവനോട് ചോദിച്ചു, “നിന്റെ കൈവശവും എന്തെങ്കിലും ജ്ഞാനമുണ്ടോ?” കുട്ടി പറഞ്ഞു, “എന്നോട് ചോദിച്ചു കൊള്ളൂ.” ജിബ്‌രീൽ (അ) ചോദിച്ചു, “ജിബ്‌രീൽ ഇപ്പോൾ എവിടെയാണെന്ന് എനിക്ക് പറഞ്ഞു തരൂ.” കുട്ടി അവന്റെ കണ്ണുകൾ അടച്ചു. എന്നിട്ട് പറഞ്ഞു, “അദ്ദേഹം ആകാശലോകങ്ങളിലില്ല.” ജിബ്‌രീൽ (അ) ചോദിച്ചു, “പിന്നെ എവിടെയാണ്?” കുട്ടി പറഞ്ഞു, “അദ്ദേഹം ഭൂമിയിലും ഇല്ല.” ജിബ്‌രീൽ (അ) ചോദിച്ചു, “അപ്പോൾ പിന്നെ എവിടെയാണ്?” കുട്ടി തന്റെ കണ്ണുകൾ തുറന്നു. എന്നിട്ട് പറഞ്ഞു; “ഏഴ് ലോകങ്ങളിലെ പതിനാലു തലങ്ങളിലും ഞാൻ അദ്ദേഹത്തെ തിരഞ്ഞു. പക്ഷേ എവിടെയും അദ്ദേഹമില്ല. ഒന്നുകിൽ ഞാൻ ജിബ്‌രീൽ അല്ലെങ്കിൽ താങ്കൾ.” ആ ജനതയെ വെള്ളപ്പൊക്കത്താൽ നശിപ്പിക്കാൻ അല്ലാഹു മലക്കുകളോട് കല്പന പുറപ്പെടുവിച്ചു. അല്ലാഹുവിന്റെ ഈ കല്പനയും അവർ കേട്ടു. അതിനാൽ അവർ ഇരുമ്പും ഗ്ലാസും ഉപയോഗിച്ച് വീടുകൾ നിർമ്മിക്കാൻ തുടങ്ങി. എന്നാൽ ഒരു ഭൂകമ്പത്താൽ അവർ നശിപ്പിക്കപ്പെട്ടു. ‘കൽദ’ എന്നായിരുന്നു ആ പ്രദേശത്തിന്റെ അക്കാലത്തെ നാമം. ഇന്ന് അത് ‘ഗ്രീസ്’ എന്ന പേരിൽ അറിയപ്പെടുന്നു.

അവർ ആത്മീയജ്ഞാനത്തിലൂടെയാണെങ്കിൽ ഇന്ന് നമ്മുടെ ശാസ്ത്രജ്ഞർ ശാസ്ത്രത്തിന്റെ അറിവിലൂടെ ദൈവത്തിന്റെ പ്രവൃത്തികളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. അവരെ ഭയപ്പെടുത്തുന്നതിനായി ചെറിയതോതിലുള്ള നാശം ദൈവം പദ്ധതിയിട്ടിരിക്കുന്നു. എന്നാൽ പൂർണ്ണമായ ഉന്മൂലനത്തിനായി ഭൂമിക്ക് നേരെ ഒരു ഉൽക്കയെ അയച്ചിട്ടുണ്ട്. അടുത്ത 20-25 വർഷത്തിനുള്ളിൽ ഈ ഉൽക്ക ഭൂമിയിൽ പതിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതായിരിക്കും ഈ ദുനിയാവിന്റെ അവസാന ദിനം. ഈ ഉൽക്കയുടെ ഒരു ഭാഗം രണ്ട് വർഷം മുൻപ് വ്യാഴത്തിൽ പതിക്കുകയുണ്ടായി. ശാസ്ത്രജ്ഞർക്ക് ഇതിനെപ്പറ്റി അറിയാം. അതിനാൽ അവർ ഉൽക്ക പതിക്കുന്നതിനു മുമ്പേ ചന്ദ്രനിലോ മറ്റു വല്ല ഗ്രഹത്തിലോ പോയി സ്ഥിരതാമസമാക്കാൻ ആഗ്രഹിക്കുന്നു. ചന്ദ്രനിൽ സ്ഥലത്തിനുള്ള ബുക്കിംഗ് തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ജീവന്റെ അടിസ്ഥാനഘടകങ്ങളായ വായു, ജലം, സസ്യങ്ങൾ എന്നിവയൊന്നും ചന്ദ്രനില്ലെന്ന് അവർക്കറിയാം. പിന്നെ എന്തിനുവേണ്ടിയാണ് അവരുടെ ഈ പരിശ്രമങ്ങളെല്ലാം? ചന്ദ്രനിലും വ്യാഴത്തിലും അവർ എത്തിയാൽ തന്നെ അതുകൊണ്ട് മനുഷ്യരാശിക്ക്

എന്താണ് പ്രയോജനം? വാർദ്ധക്യപ്രക്രിയയെ തടയുന്ന എന്തെങ്കിലും മരുന്ന് അവർ കണ്ടെത്തിയിട്ടുണ്ടോ? അല്ലെങ്കിൽ മരണത്തെ തോൽപ്പിക്കുന്ന ഔഷധം അവർ കണ്ടുപിടിച്ചോ? ഇനി നമ്മുടെ ആളുകൾ ചൊവ്വയിൽ എത്തിപ്പെട്ടാൽ തന്നെയും ഭൂമിയിലെയും ചൊവ്വയിലെയും ഓക്സിജന്റെ വ്യത്യാസം കാരണം അവർക്കവിടെ നിലനിൽക്കാനാകില്ല. പാഴ്ശ്രമങ്ങൾക്കായി പണം പാഴാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അമേരിക്കയും റഷ്യയും ഈ പണമെല്ലാം പാവപ്പെട്ടവർക്കുവേണ്ടി വിനിയോഗിച്ചിരുന്നുവെങ്കിൽ മനുഷ്യസമൂഹം അഭിവൃദ്ധി പ്രാപിച്ചേനെ. വ്യത്യസ്ത ആദമുകളുടെ മക്കളാണ് എന്നതിന്റെ പേരിൽ പരസ്പരം നശിപ്പിക്കുന്നതിന് വേണ്ടി അവർ ആറ്റംബോംബുകൾ ഉണ്ടാക്കുന്നു. എന്നാൽ ബോംബുകളുടെ ആവശ്യമില്ലാതെ തന്നെ ലോകം സ്വയം അവസാനിക്കും എന്നത് വിധിക്കപ്പെട്ടതാകുന്നു.

★★★

# ഉപരിലോകത്ത് സൃഷ്ടിക്കപ്പെട്ട ആത്മാക്കളുടെ എണ്ണം അതിന്റെ പരിധിയിൽ അധികമായിരിക്കുന്നു

ഏറ്റവും മുന്നിലായി നിലകൊണ്ടത് മുഖർറബീങ്ങളുടെ (Elite) ആത്മാക്കളായിരുന്നു. സാധാരണ ആത്മാക്കളെ ഈ ദുനിയാവിൽ വെച്ച് തന്നെ സൃഷ്ടിക്കപ്പെട്ട ആദമുകളുടെ സമൂഹങ്ങളിലേക്ക് അയച്ചു. കറുപ്പും വെളുപ്പും മഞ്ഞയും ചുവപ്പും നിറമുള്ള കളിമണ്ണുകൾ കൊണ്ടാണ് ഈ ആദമുകൾ പടയ്ക്കപ്പെട്ടത്. ജിബ്രീലും ഹാറൂത്തും മാറൂത്തും അവർക്ക് അറിവുകൾ പകർന്നു കൊടുത്തു. ആദമുകളെ സൃഷ്ടിച്ചത് ഈ ഭൂമിയിലെ കളിമണ്ണ് കൊണ്ടായതിനാൽ ദുഷ്ടരായ ജിന്നുകൾ അവരുടെയും അവരുടെ സന്താനങ്ങളുടെയും ശരീരങ്ങളിൽ പ്രവേശിക്കുവാനും അവരുടെ നിയന്ത്രണം ഏറ്റെടുക്കുവാനും ശ്രമിക്കുന്നതാണ്. പിന്നീട് ഈ സമൂഹങ്ങളിലേക്ക് പ്രവാചകന്മാരും ഔലിയാക്കളും എത്തി. അവർ പഠിപ്പിച്ച അറിവുകൾ അവരുടെ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളായിരുന്നു.

ഭൂരിഭാഗം ആദമുകളെയും ഇണകളായാണ് സൃഷ്ടിച്ചത്. അതിലൂടെ അവരുടെ സന്താനപരമ്പരയ്ക്ക് തുടക്കം കുറിച്ചു. എന്നിരുന്നാലും ഇടയ്ക്കിടെ ഒരു സ്ത്രീ മാത്രമുള്ള പെൺആദമുകളെയും സൃഷ്ടി ച്ചിട്ടുണ്ട്. അല്ലാഹുവിന്റെ 'കുൻ' എന്ന കൽപനയിലൂടെയാണ് അവർ സന്താനങ്ങൾക്ക് ജന്മം നല്കിയത്. ഈ സമൂഹം ഇന്നും നില നിൽക്കുന്നു. സ്ത്രീകളാണ് ഇത്തരം ഗോത്രങ്ങളിലെ നേതാക്കൾ. അവർ ഒരു സ്ത്രീയുടെ മാത്രം മക്കളായതിനാൽ അല്ലാഹുവിനെയും ഒരു സ്ത്രീയായിട്ടാണ് അവർ കരുതിപ്പോരുന്നത്. മലക്കുകളുടെ സന്താനങ്ങളാണ് തങ്ങൾ എന്ന് അവർ സ്വയം വിശ്വസിക്കുന്നു. പുരുഷസംസർഗമോ വിവാഹമോ കൂടാതെയാണ് തങ്ങളുടെ ആദമിന്

സന്താനങ്ങൾ ഉണ്ടായത് എന്നതിനാൽ ഈ സമ്പ്രദായം ഇന്നും അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഈ ഗോത്രങ്ങളിലെ സ്ത്രീകൾ ആദ്യം ആരിലെങ്കിലും നിന്ന് കുട്ടികൾക്ക് ജന്മം നൽകുകയും പിന്നീട് മറ്റാരെയെങ്കിലും വിവാഹം കഴിക്കുകയും ചെയ്യും. ഈ സമ്പ്രദായത്തെ അവർ ഒരു തെറ്റായി കാണുന്നില്ല.

ആത്മാക്കളുടെ പ്രകൃതം, യൗമുൽ അസലിൽ (primordial time) അവർ എടുത്ത തീരുമാനം, അവരുടെ വിധി, അവരുടെ ആത്മീയനില എന്നിവയ്ക്കെല്ലാം അനുസൃതമായി സമാനപ്രകൃതങ്ങളിലുള്ള ആദമുകളെയാണ് ആത്മാക്കളെ നയിക്കാനായി അയച്ചത്. അതിനാൽ അവർക്കായി ഒരു പ്രത്യേക മതം ക്രമപ്പെടുത്തി നൽകിയില്ല. അവരിലേക്ക് വന്ന ഏതൊരു പ്രവാചകനെയും വളരെ ചുരുക്കം പേർ മാത്രമേ സ്വീകരിച്ചുള്ളൂ. പകരം അവർ പ്രവാചകന്മാരുടെ അധ്യാപനങ്ങളെ മാറ്റിമറിച്ചു. ദൈവത്തിനു പകരം ചന്ദ്രനെയും, നക്ഷത്രങ്ങളെയും, സൂര്യനെയും, മരങ്ങളെയും, അഗ്നിയെയും, സർപ്പത്തെപ്പോലും അവർ ആരാധിച്ചു. ഒടുവിൽ ശ്രേഷ്ഠതയിലും മഹത്വത്തിലും മറ്റെല്ലാവരേക്കാളും ഉന്നതനാക്കുന്നതിനു വേണ്ടിയും പിശാചുകളിൽനിന്നും സുരക്ഷിതനാക്കുന്നതിനു വേണ്ടിയും ആദം സഫിയുള്ളായെ സ്വർഗ്ഗത്തിലെ മണ്ണ് കൊണ്ട് സ്വർഗ്ഗത്തിൽ വെച്ച് തന്നെ സൃഷ്ടിച്ചു. കാരണം പിശാചുക്കൾക്ക് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം അസാധ്യമായിരുന്നു. അസാസീൽ (ഇബ്ലീസ്) തന്റെ അറിവ് കൊണ്ട് ഈ സാഹചര്യം മനസ്സിലാക്കിയെടുത്തു. അവന്റെ ഇബാദത്തിന്റെ ആധിക്യം കൊണ്ട് അവൻ മലക്കുകളുടെ നേതാവായി നിയമിതനായി. ജിന്നു വർഗ്ഗത്തിൽപ്പെട്ടവനായിരുന്നു ഇബ്ലീസ്. അസൂയ നിമിത്തം അവൻ ആദമിന്റെ ശരീരത്തിൽ തുപ്പി. പിശാചിനു സമാനമായ ഒരു അണു ഉമിനീർ വഴി ആദമിന്റെ ശരീരത്തിലേക്ക് നുഴഞ്ഞു കയറി. ഇതാണ് 'നഫ്സ്' എന്ന പേരിലറിയപ്പെടുന്നത്. അങ്ങനെ ആദം സന്തതികളിൽ നഫ്സ് ഒരു പാരമ്പര്യമുതലായി വന്നുചേർന്നു. *"ഓരോ മനുഷ്യൻ ജനിക്കുമ്പോഴും കൂടെ ഒരു ശൈത്താനി ജിന്നും ജനിക്കുന്നു"* എന്ന പ്രവാചക വചനം ഈ വസ്തുതയെ ഉദ്ദേശിച്ചുള്ളതാണ്.

മലക്കുകളും (angels) ഉന്നതമലക്കുകളും (archangels) തമ്മിൽ വ്യത്യാസമുണ്ട്. മലക്കുകൾ മലക്കൂത്തിൽ വസിക്കുന്നു. റൂഹുകളോടൊ

പ്പമാണ് മലക്കുകളെയും സൃഷ്ടിച്ചത്. മലക്കൂത്തിനു മീതെയുള്ള ജബറൂത്ത് ലോകത്തിലെ സൃഷ്ടികളെ ഉന്നതമലക്കുകൾ എന്നു വിളിക്കുന്നു. 'കുൻ' എന്ന കൽപനയാൽ റൂഹുകൾ പടയ്ക്കപ്പെടു ന്നതിനും വളരെ മുമ്പേ തന്നെ ഉന്നതമലക്കുകൾ നിലവിലുണ്ട്. ആദം സഫിയുള്ളായ്ക്ക് മുമ്പിൽ സുജൂദ് ചെയ്യാൻ അല്ലാഹു മലക്കുകളോട് കൽപ്പിച്ചു. ഇതിനുമുമ്പ് മറ്റൊരു ആദവും സ്വർഗ്ഗത്തിൽ വെച്ച് സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ മുമ്പൊരിക്കലും ഒരു ആദമിന്റെ മുമ്പിലും മലക്കുകൾ സുജൂദ് ചെയ്തിട്ടുമില്ല. ആദം സഫിയുള്ളായ്ക്ക് മുമ്പിൽ സുജൂദ് ചെയ്യാൻ അസാസീൽ വൈമനസ്യം കാണിക്കുകയും ആ കൽപനയെ അവൻ നിരസിക്കുകയും ചെയ്തു. അതിനാൽ അവൻ ശപിക്കപ്പെട്ടവനായിത്തീർന്നു. ഇതിനാലാണ് അവൻ ആദം സഫിയുള്ളായുടെ സന്തതികളോട് ശത്രുതയ്ക്ക് തുടക്ക മിട്ടത്. മുൻഗാമികളായ ആദമുകളുടെ സമൂഹങ്ങൾ അസാസീലിന്റെ ശത്രുതയിൽ നിന്നും സുരക്ഷിതരായിരുന്നു. അവരെ വഴി പിഴപ്പിക്കാൻ ദുഷ്ടജിന്നുകൾ മാത്രം മതിയായിരുന്നു. ശൈത്താൻ മറ്റെല്ലാ പിശാചു ക്കളേക്കാളും കരുത്തനായതിനാൽ ആദം സഫിയുള്ളായുടെ സന്തതി കളെ അവൻ നിയന്ത്രിക്കുകയും മ്ലേച്ഛമായ കുറ്റകൃത്യങ്ങൾ പഠിപ്പി ക്കുകയും ചെയ്തു. മറ്റ് സമൂഹങ്ങൾക്ക് ഏഷ്യൻ സമൂഹത്തോട് വെറുപ്പുണ്ടാകാൻ ഇത് കാരണമായി.

ആദം സഫിയുള്ളായുടെ മഹത്വം കാരണമായാണ് അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന് ദൈവം തെരഞ്ഞെടുത്തവർ ഉദാത്തരും ശ്രേഷ്ഠരുമായിത്തീർന്നത്. മറ്റ് സമൂഹങ്ങൾ അവരുടെ ശ്രേഷ്ഠതയിൽ ആശ്ചര്യപ്പെട്ടു. ഏറ്റവും മഹത്തായ ദൈവികഗ്രന്ഥങ്ങളായ തൗറാത്ത് (പഴയനിയമം), സബൂർ (സങ്കീർത്തനങ്ങൾ), ഇൻജീൽ (പുതിയ നിയമം), ഖുർആൻ എന്നിവയെല്ലാം ഇറങ്ങിയത് ആദം സഫിയു ള്ളായുടെ പരമ്പരയിൽ നിന്നുള്ള പ്രവാചകന്മാരിലാണ്. അവരുടെ അധ്യാപനങ്ങളിലൂടെയും കൃപയിലൂടെയും അനുഗ്രഹങ്ങളിലൂടെയും ഏഷ്യൻ മതം ലോകമെമ്പാടും വ്യാപിച്ചു.

ആദം സഫിയുള്ളായുടെ ശരീരത്തിലേക്ക് ആത്മാവിനെ പ്രവേശി പ്പിക്കുന്നതിനു മുമ്പ് തന്നെ അദ്ദേഹത്തേയും ഭൂമിയിലേക്ക് അയക്കാ നാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് മലക്കുകൾ മനസ്സിലാക്കിയിരുന്നു. കാരണം കളിമണ്ണ് കൊണ്ട് പടയ്ക്കപ്പെട്ട മനുഷ്യൻ ഭൂമിയിൽ മാത്രമേ

യുള്ളൂ. പിന്നീട് അല്ലാഹു ആദമിനെ ചില ദൈവിക ആസൂത്രണ ത്തിന്റെ ഭാഗമായി ഭൂമിയിലേക്ക് അയച്ചു. നിർണ്ണായകമായ പ്രവൃത്തി കൾ ദൈവത്തിൽ നിന്നുമാണെങ്കിലും അതിന്റെ കുറ്റം മനുഷ്യരിൽ ആരോപിക്കപ്പെടുന്നു. ആദമിനെ കുറ്റപ്പെടുത്താതെയാണ് ദുനിയാവി ലേക്ക് അയച്ചിരുന്നതെങ്കിൽ അദ്ദേഹം ലോകത്ത് വെച്ച് എപ്പോഴും പരാതിപ്പെടുകയും പിറുപിറുക്കുകയും ചെയ്യുമായിരുന്നു. മാത്രമല്ല, അദ്ദേഹം തൗബ (പശ്ചാത്താപം) ചെയ്യുകയോ വിനയത്തോടെ കരയു കയോ ചെയ്യുമായിരുന്നോ?

(1) നരകത്താൽ മുൻവിധിക്കപ്പെട്ട റൂഹുകൾ ഒരു മതവിശ്വാസമില്ലാത്ത കുടുംബത്തിൽ ജനിച്ചാൽ അവരെ *കാഫിർ* (സത്യം നിരസിക്കുന്ന വർ) എന്നും *കാദിബ്* (സത്യത്തെ നുണയായി മുദ്ര കുത്തുന്നവർ) എന്നും വിളിക്കുന്നു. അത്തരക്കാർ ദൈവനിഷേധികളും പ്രവാച കരുടെയും ഔലിയാക്കളുടെയും ശത്രുക്കളുമാണ്. അവർ അഹങ്കാ രികളും കഠിനഹൃദയരും ദൈവത്തിന്റെ സൃഷ്ടികളെ ഉപദ്രവിക്കു ന്നതിൽ സന്തോഷം കണ്ടെത്തുന്നവരുമായിരിക്കും. അവർ ഒരു മതത്തിൽ എത്തിയാൽ തന്നെയും മതത്തിൽ നിന്നും അവർ അകന്നു പോകുന്നതാണ്. ഇക്കൂട്ടർ മതപരമായ കുടുംബത്തിൽ ജനിച്ചാൽ *മുനാഫിക്ക്* (കപട വിശ്വാസി) ആയി മാറുന്നു.

(2) ഇത്തരക്കാർ പ്രവാചകരെ നിന്ദിക്കുന്നവരും ഔലിയാക്കളോട് അസൂയ പുലർത്തുന്നവരും മതങ്ങളിൽ കുഴപ്പമുണ്ടാക്കുന്ന വരുമാണ്. ഇബ്‌ലീസിന്റെ ആരാധനകൾ പാഴായിപ്പോയത് പോലെ തന്നെ ഇവരുടെ ആരാധനകളും പാഴായിപ്പോകുന്നതാണ്. മതം അവരെ സ്വർഗ്ഗത്തിലേക്ക് ആകർഷിക്കുന്നു. പക്ഷേ അവരുടെ വിധി അവരെ നരകത്തിലേക്ക് വലിക്കുന്നു. പ്രവാചകന്മാരുടേയും ഔലിയാക്കളുടേയും പിന്തുണയും സഹായവും അവർക്ക് ലഭിക്കാത്തതിനാൽ വളരെ എളുപ്പത്തിൽ തന്നെ അവർ അവരുടെ നഫ്സിനാൽ പ്രേരിതരാവുകയും സാത്താന്റെ ദുഷിച്ച തന്ത്ര ങ്ങളിൽ കുടുങ്ങിപ്പോകുകയും ചെയ്യും. വളരെയധികം അറിവുള്ള തിനാലും ധാരാളം ആരാധനകൾ ചെയ്യുന്നതിനാലും തങ്ങളും പ്രവാചകന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന് അവർ വിചാരിക്കും. അവർ അവരുടെ ഉള്ളിലേക്ക് നോക്കാതെ സ്വയം ഒരു പ്രവാചകനായി കണക്കാക്കാൻ തുടങ്ങുന്നു. ഔലിയാക്കൾ

പോലും തങ്ങളെ ആശ്രയിക്കേണ്ടവരാണെന്ന് അവർ വിചാരിക്കുന്നു. ആത്മീയജ്ഞാനം, കറാമത്തുകൾ എന്നിവയൊന്നും അവർ അംഗീകരിക്കുകയില്ല. അവർക്ക് ചെയ്യാൻ സാധിക്കുന്നത് മാത്രം അവർ അംഗീകരിക്കും. പ്രവാചകന്മാരുടെ മുഅ്ജിസാത്തുകളെ പോലും അവർ തള്ളിക്കളയുകയും അവയെ വെറും ജാലവിദ്യകളായി (സിഹ്ർ) മുദ്രകുത്തുകയും ചെയ്യും. ഇബ്‌ലീസിന്റെ ശക്തികളെ അവർ അംഗീകരിക്കുമെങ്കിലും അല്ലാഹു പ്രവാചകന്മാരിലും ഔലിയാക്കളിലും നിക്ഷേപിക്കുന്ന ദൈവികശക്തിയെ അംഗീകരിക്കാൻ അവർക്ക് ബുദ്ധിമുട്ടാണ്.

(3) സ്വർഗ്ഗം കൊണ്ട് മുൻവിധിക്കപ്പെട്ട ഒരു റൂഹ് ഒരു മതവിശ്വാസമില്ലാത്ത കുടുംബത്തിലോ അശുദ്ധമായ ചുറ്റുപാടിലോ ആണ് ജനിക്കുന്നതെങ്കിൽ അവൻ *മാസൂർ* (നിസ്സഹായൻ) എന്നറിയപ്പെടുന്നു. മാസൂർ ഇളവിനും (ബക്ഷിഷ്) ദൈവികമാപ്പിനും അർഹനായേക്കാം. ഇത്തരം റൂഹുകളാണ് സിറാത്തൽ മുസ്തഖീം എന്ന നേർവഴി തേടുന്നതിനും പാപച്ചുഴികളിൽ നിന്നും പുറത്തു കടക്കുന്നതിനുമായി ഔലിയാക്കളുടെ കാരുണ്യം തേടിപ്പോകുന്നത്. അവർ മൃദുലഹൃദയരും വിനയമുള്ളവരും ഉദാരമതികളുമായിരിക്കും.

(4) സ്വർഗ്ഗം കൊണ്ട് മുൻവിധിക്കപ്പെട്ട ഒരു ആത്മാവ് ഒരു സ്വർഗ്ഗീയ മതത്തിലും മതപരമായ കുടുംബത്തിലും ജനിച്ചാൽ അവരെ *സാദിഖ്* (സ്വാഭാവിക വിശ്വാസി) എന്നും *മുഅ്മിൻ* (പ്രബുദ്ധ വിശ്വാസി) എന്നും വിളിക്കുന്നു. അവർ വിപുലമായ ഇബാദത്തിലൂടെയും റിയാളകളിലൂടെയും ദൈവത്തിന്റെ അടുപ്പം സമ്പാദിച്ച് ദൈവിക അനന്തരാവകാശത്തിന് അർഹരാകുന്നു.

***ഫഖ്ർ എന്റെ അഭിമാനമാണ്, അത് എന്നിൽ നിന്നുള്ളതാണ്***
(ഹദീസ്)

★★★

# ഖൽബാണ് ആത്മീയതയിൽ ഏറ്റവും പ്രധാനപ്പെട്ടത്

ദൈവാന്വേഷികൾ തങ്ങളുടെ ഹൃദയമിടിപ്പുകൾ പല രീതികളിലൂടെയും ഉയർത്തി. ചിലർ നൃത്തം ചെയ്തു, ചിലർ കബഡി കളിച്ചു, ചിലർ മതിലുകൾ പണിയുകയും പൊളിക്കുകയും ചെയ്തു, ചിലർ നെഞ്ചിൽ പ്രഹരമേൽപ്പിച്ചു, ചിലർ വ്യായാമങ്ങളിൽ ഏർപ്പെട്ടു. ഇത് ഹൃദയമിടിപ്പുമായി 'അല്ലാഹു അല്ലാഹു' എന്ന ദിക്ർ സമന്വയിപ്പിക്കുന്നത് എളുപ്പമാക്കി. ക്രമേണ 'അല്ലാഹു അല്ലാഹു' എന്ന ദിക്ർ തനിയെ എല്ലാ ലഥായിഫുകളിലും എത്തി. ചിലർ ഇതിനേക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാതെ അവരെ അനുകരിക്കാൻ തുടങ്ങി. 'അല്ലാഹു' എന്ന് ആവർത്തിച്ചുരുവിട്ട് നൃത്തം ചെയ്യുന്ന രീതിയാണ് അവർ സ്വീകരിച്ചത്. ഹൃദയമിടിപ്പുമായി 'അല്ലാഹു' എന്ന നാമം സമന്വയിപ്പിക്കുന്ന രീതിയെ പറ്റി അവർ മനസ്സിലാക്കിയില്ല. അവർക്കത് നേടാനും കഴിഞ്ഞില്ല. എന്നിരുന്നാലും കായിക പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്ന അവരുടെ ഹയവാനി റൂഹിന് (മൃഗാത്മാവ്) അല്ലാഹു എന്ന നാമം പരിചിതമായി. സംഗീതത്തോടൊപ്പം 'അല്ലാഹു' എന്ന നാമത്തിന്റെ ആവർത്തനം നബാത്തി റൂഹിനെ (സസ്യാത്മാവ്) ശക്തിപ്പെടുത്തുകയും 'അല്ലാഹു' എന്ന നാമവുമായി അതിനെ പരിചയത്തിലാക്കുകയും ചെയ്യുന്നു. സംഗീതം നബാത്തി റൂഹിന്റെ ഭക്ഷണമാണ്. അമേരിക്കയിൽ സംഗീതം ഉപയോഗിച്ച് ചില വിളകളിൽ ഒരു പരീക്ഷണം നടത്തി. ഒരേ മണ്ണിൽ ഒരേ തരം വിളകൾ വിതച്ചു. ഒരു വിളയിൽ സംഗീതം ഇരുപത്തിനാല് മണിക്കൂറും കേൾപ്പിക്കുകയും മറ്റേ വിള സംഗീതമില്ലാതെ വളർത്തുകയും ചെയ്തു. സംഗീതം ലഭിച്ച വിള വളർച്ചയിൽ മറ്റേതിനേക്കാൾ മികച്ചതായിരുന്നു.

വളരെയധികം ബുദ്ധിമുട്ടിക്കുന്നവനാണ് നഫ്സ്. ശുദ്ധീകരണത്തിനു ശേഷവും ന്യായം കണ്ടെത്തുന്നതിൽ അവൻ സമർഥനാണ്.

ശബ്ദവും സംഗീതവും അത് ഇഷ്ടപ്പെടുന്നു. ചിലർ സംഗീതം വഴി അതിന്റെ ദിശ അല്ലാഹുവിലേക്ക് തിരിക്കാൻ ശ്രമിച്ചു. ചിലർ ഗിറ്റാർ ഉപയോഗിച്ച് 'അല്ലാഹു അല്ലാഹു' എന്ന് ഉരുവിട്ടു. അതിലൂടെ അവർ ചെവി കൊണ്ടുള്ള ആരാധനയിലെങ്കിലും എത്തി. ഒരു ഗിറ്റാറിസ്റ്റ് എന്നോടൊരു സംഭവം വിവരിച്ചു; "ഞാൻ ഒഴിവുസമയങ്ങളിൽ ഒരു ഹോബി എന്ന നിലയിൽ ഗിറ്റാറിന്റെ തന്ത്രികൾ കൊണ്ട് 'അല്ലാഹു അല്ലാഹു' എന്ന് വിളിക്കുമായിരുന്നു. പിന്നീട് ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ എന്റെ ഉള്ളിൽ നിന്നും അതേ രീതിയിൽ 'അല്ലാഹു അല്ലാഹു' എന്ന ശബ്ദം കേൾക്കാൻ തുടങ്ങി." ഈ വ്യക്തികൾ ഗായകരേക്കാളും സംഗീതജ്ഞരേക്കാളും ശ്രോതാക്കളേക്കാളും മികച്ചവരാണ്. എന്നാൽ അവർക്ക് വിലായത്തിന്റെ ഒരു പദവിയിലും എത്താൻ കഴിഞ്ഞില്ല. ഇക്കൂട്ടർ ദൈവത്തെ അന്വേഷിക്കുന്ന കാര്യത്തിൽ വളരെയധികം ഉത്സാഹവും ആവേശവുമുള്ളവരാണ്. ഒരു കാമിലായ ശൈഖിലൂടെ അവർക്ക് അവരുടെ ആത്മീയ വിധിയിലേക്ക് എത്തിപ്പെടാൻ സാധിച്ചേക്കാം. ഇസ്‌ലാമിലെയും മറ്റ് മതങ്ങളിലെയും സൂഫികൾ വിവിധങ്ങളായ രീതികളിലൂടെ ദൈവനാമം ആഗിരണം ചെയ്യുന്ന മാർഗ്ഗം സ്വീകരിച്ചു. ഒരുവനെ അല്ലാഹുവിലേക്ക് തിരിച്ച് വിടുന്നതും അവനോടുള്ള സ്നേഹം വർധിപ്പിക്കുന്നതുമായ ഒരു കാര്യവും വിലക്കിയിട്ടില്ല.

***അല്ലാഹു നോക്കുന്നത് കർമ്മങ്ങളിലേക്കല്ല, നിയ്യത്തുകളിലേക്കാണ്***

(ഹദീസ്)

ശരീഅത്തിന്റെ ആളുകൾ ഇത് കുറ്റകരവും തെറ്റായതുമാണെന്ന് മുദ്രകുത്തുന്നു. കാരണം അവർ ശരീഅത്ത് കൊണ്ട് സന്തുഷ്ടരും സംതൃപ്തരുമാണ്. എന്നാൽ ശരീഅത്തിനപ്പുറം കടന്ന് ദൈവപ്രേമം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവരെയും ശരീഅത്തിനെ പിന്തുടരാത്തവരെയും മറ്റു മാർഗ്ഗങ്ങൾ തേടുന്നതിൽ നിന്നും തടയുന്നതെന്തിനാണ്?

★★★

# ദീൻ ഇലാഹി
## (ദൈവിക മതം)

പ്രവാചകന്മാരാണ് ഈ ലോകത്തിലെ എല്ലാ മതങ്ങളും സ്ഥാപിച്ചത്. എന്നാൽ അതിന് മുമ്പ് അല്ലാഹു തന്നെയായിരുന്നു പ്രണയവും പ്രണയിതാവും പ്രണയഭാജനവും. അല്ലാഹുവിന്റെ ഖുർബിലും (ദൈവ സാമീപ്യം) ജൽവയിലും (ദൈവിക വെളിപ്പെടൽ) മുഹബ്ബത്തിലും (ദൈവപ്രേമം) ആയിരുന്ന റൂഹുകളുടേതായിരുന്നു ഇശ്ഖേ ഇലാഹി, ദീനേ ഇലാഹി, ദീനേ ഹനീഫ് എന്നിവ. പിന്നീട് ഈ റൂഹുകൾ ദുനിയാവിൽ വന്നപ്പോൾ അല്ലാഹുവിലേക്ക് എത്തുന്നതിനായി അവർ തങ്ങളുടെ പക്കലുള്ള സർവ്വതും ത്യജിച്ചു കളഞ്ഞു. ദീൻ ഇലാഹി ഇതിനുമുമ്പ് ഉന്നതർക്ക് വേണ്ടി മാത്രം മാറ്റി വെയ്ക്കപ്പെട്ടതായിരുന്നു. എന്നാൽ ഇപ്പോൾ അത് ആത്മീയതയിലൂടെ സാധാരണ ജനങ്ങളിലേക്കും എത്തിയിരിക്കുന്നു. അബു ഹുറൈറ ഉദ്ധരിക്കുന്ന ഒരു ഹദീസ്; *"എനിക്ക് പ്രവാചക തിരുമേനി (സ) യിൽ നിന്നും രണ്ട് തരം ജ്ഞാനം ലഭിച്ചു. അതിലൊന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. രണ്ടാമത്തേത് പറഞ്ഞാൽ നിങ്ങൾ എന്നെ വധിച്ചു കളയും."*

മൗലാനാ റൂമിയുടെ ശൈഖ് കുളത്തിൽ നിന്ന് ഉണങ്ങിയ പുസ്തകങ്ങൾ പുറത്തെടുത്തപ്പോൾ മൗലാനാ റൂമി ആശ്ചര്യത്തോടെ ചോദിച്ചു, "ഇത് എന്ത് വിദ്യയാണ്?" ഗുരു ഷാ ഷംസ് പറഞ്ഞു, "ഈ ജ്ഞാനത്തെ പറ്റി നിനക്കറിയില്ല."

മൂസാനബി (അ) അല്ലാഹുവിനോട് ചോദിച്ചു; "നീ എനിക്ക് നൽകിയ അറിവുകൾക്കു പുറമേ മറ്റെന്തെങ്കിലും അറിവുകളുമുണ്ടോ?" അപ്പോൾ അല്ലാഹു മൂസാനബി (അ) യെ ഖിള്റിലേക്ക് അയച്ചു.

എല്ലാ നിസ്കാരക്കാരന്റേയും പ്രാർത്ഥന ഇതാണ്; "അല്ലാഹുവേ, നീ തൃപ്തിപ്പെട്ടവരുടെ മാർഗ്ഗമായ സിറാത്തൽ മുസ്തഖീമിലേക്ക് എന്നെ നയിക്കേണമേ."

പ്രശസ്ത കവി അല്ലാമാ ഇഖ്ബാൽ പ്രസ്താവിച്ചു; *രണ്ട് റക്കഅത്ത് നിസ്കരിക്കുന്ന ഒരു പാവപ്പെട്ട ഇമാമിന് ഇതിനെപ്പറ്റി എന്തറിയാം?*

ആദിമകാലത്ത് (അസൽ ദിനത്തിൽ) തന്നെ ഈ ആത്മാക്കൾക്ക് പദവികൾ നൽകപ്പെട്ടിട്ടുണ്ട്. അവർ അല്ലാഹുവിനെ സ്നേഹിച്ചു. അല്ലാഹു അവരെയും സ്നേഹിച്ചു. ഈ ആത്മാക്കൾ ദുനിയാവിൽ വന്നതിനു ശേഷവും അല്ലാഹുവിനോട് ആത്മാർത്ഥതയുള്ളവരായി നിലകൊണ്ടു. ഉദാഹരണത്തിന് ഈസാനബി (അ) ശൈശവാവസ്ഥ യിൽ തന്നെ അത്ഭുതകരമായി സംസാരിക്കുകയും താൻ ഒരു ദൈവ ദൂതനാണെന്ന് അറിയിക്കുകയും ചെയ്തു. ഉന്നതമലക്കായ ജിബ്രീൽ (അ) മർയം ബീവിക്ക് ഈസാനബി (അ) യുടെ ജനനത്തെപ്പറ്റിയുള്ള സന്തോഷവാർത്ത നേരത്തെ തന്നെ നൽകിയിരുന്നു. മൂസാനബി (അ) യുടെ ജനനത്തെപ്പറ്റിയുള്ള പ്രവചനം ഫിർഔന് മുൻകൂട്ടി ലഭിച്ചിരുന്നു. ഒരു പ്രത്യേക ഗോത്രത്തിൽ ഒരു കുട്ടി ജനിക്കുമെന്നും അത് തന്നെ നശിപ്പിക്കുമെന്നും ആ കുട്ടി ദൈവത്തിന്റെ ഉന്നതദാസന്മാരിൽ ഒരാളാ യിരിക്കും എന്നുമായിരുന്നു ആ പ്രവചനം. നബി തിരുമേനി (സ) പറഞ്ഞു, "ഞാൻ ഈ ലോകത്ത് വരുന്നതിനു മുമ്പുതന്നെ ഒരു നബിയായിരുന്നു." ദൈവപ്രേമികളും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതുമായ നിരവധി ആത്മാക്കൾ വിവിധ മതങ്ങളിലും ശരീരങ്ങളിലുമായി നിലകൊള്ളുന്നുണ്ട്.

## അവസാന നാളുകൾ

അവസാന കാലഘട്ടത്തിൽ ഈ ലോകത്തിലേക്ക് ദൈവം ഒരു പ്രത്യേക ആത്മാവിനെ അയക്കും. അദ്ദേഹം മേൽപ്പറഞ്ഞ ആത്മാ ക്കളെ കണ്ടെത്തി അവരെയെല്ലാം ഒരുമിച്ചു കൂട്ടും. നിങ്ങളും ഒരിക്കൽ ദൈവത്തെ സ്നേഹിച്ചിരുന്നുവെന്ന് അദ്ദേഹം അവരെ ഓർമ്മിപ്പിക്കും. അത്തരത്തിലുള്ള എല്ലാ ആത്മാക്കളും, അവർ മതവിശ്വാസികളാകട്ടെ അല്ലാത്തവരാകട്ടെ, അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകുകയും അദ്ദേഹത്തിനു ചുറ്റും കൂടുകയും ചെയ്യും. അദ്ദേഹം അവർക്ക് ദൈവ ത്തിന്റെ ഒരു പ്രത്യേക നാമം നൽകും. അത് അവരുടെ ഖൽബുകളിൽ

കൂടി കടന്ന് റൂഹിലെത്തി അവിടെ സ്ഥിരപ്പെടും. റൂഹ് ആ നാമം നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കുകയും അങ്ങനെ റൂഹ് സ്ഥിരമായ ഒരു ദാക്കിർ ആകുകയും ചെയ്യും. ആ നാമം റൂഹിന് ഒരു പുതിയ ഉത്സാഹവും പുതിയ ശക്തിയും പുതിയ സ്നേഹവും നൽകും. ദൈവത്തിന്റെ ആ അതുല്യനാമത്തിന്റെ നൂർ (ദൈവിക പ്രകാശം) റൂഹിനെ ദൈവവുമായി വീണ്ടും ബന്ധിപ്പിക്കും.

നിസ്കാരവും നോമ്പും ദിക്റേ ഖൽബ് നേടുന്നതിനായുള്ള മാർഗ്ഗങ്ങൾ ആയതുപോലെ ദിക്റേ റൂഹിലേക്കുള്ള മാർഗ്ഗമാണ് ദിക്റേ ഖൽബ്. ഒരു വ്യക്തിയുടെ റൂഹ് അല്ലാഹുവിന്റെ ദിക്റിലായി ക്കഴിഞ്ഞാൽ വിധിനിർണ്ണയനാളിൽ ഹിസാബിനെ തൊട്ടും മീസാനെ തൊട്ടും നിർഭയരായവരുടെ കൂട്ടത്തിൽപ്പെട്ടവനാകും അവൻ. റൂഹിന്റെ ദിക്റും ഇബാദത്തും ഒരുവന്റെ ഉന്നതസ്ഥാനത്തിന്റെ തെളിവാണ്. ആത്മീയത ഖൽബിൽ നിന്നും റൂഹിലേക്ക് പുരോഗമിക്കുന്ന വ്യക്തി കൾ ദീൻ ഇലാഹിയിൽ പ്രവേശിച്ചവരോ അല്ലെങ്കിൽ അതിലേക്ക് പ്രവേശിക്കാൻ പോകുന്നവരോ ആണ്. അവരെ നയിക്കുന്നത് പുസ്തക ങ്ങളല്ല, ദൈവികപ്രകാശമാണ്. ഈ ദൈവികപ്രകാശം അവരെ പാപ ങ്ങളിൽ നിന്ന് അകറ്റി സംരക്ഷിക്കുന്നു. ഇതിനെക്കുറിച്ച് അറിയുകയും അതിന് വേണ്ടി പ്രയത്നിക്കുകയും ചെയ്തിട്ടു പോലും ഈ ആത്മീയ നിലയിലേക്ക് എത്താൻ കഴിയാത്തവർ ഈ ആത്മീയസംഘത്തിൽ ഉൾപ്പെട്ടവരല്ല. ഖൽബിന്റെയോ റൂഹിന്റെയോ ദിക്റില്ലാതെ ഈ ആത്മീയസംഘത്തിൽപ്പെട്ടവരാണ് തങ്ങളും എന്ന് ധരിക്കുകയോ അവരെ വ്യാജമായി അനുകരിക്കുകയോ ചെയ്യുന്നവർ സിന്ദീഖീങ്ങ ളാണ്. അതേസമയം സാധാരണക്കാരുടെ രക്ഷയ്ക്കുള്ള മാർഗ്ഗം ആരാധനയും മതവുമാണ്. അവരുടെ ഹിദായത്തിനുള്ള മാർഗ്ഗം വേദ ഗ്രന്ഥങ്ങളും അവരുടെ ശുപാർശക്കുള്ള മാർഗ്ഗം നബിമാരും ഔലിയാ ക്കളുമാണ്. ജനങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് ശുപാർശ ചെയ്യാൻ ഔലിയാക്കൾക്ക് കഴിയുമെന്ന സത്യം പല മുസ്ലിംങ്ങളും അംഗീകരി ക്കുന്നില്ല. എന്നാൽ ഈ ഉമ്മത്തിനു വേണ്ടി അല്ലാഹുവിനോട് ശുപാർശ ചെയ്യാൻ ഉവൈസുൽ ഖർനി (റ) യോട് അഭ്യർത്ഥിക്കണമെന്ന് മുഹമ്മദ് നബി (സ) അവിടുത്തെ സഹാബത്തിനോട് (അനുചരൻമാർ) ഉപദേശി ച്ചിട്ടുണ്ട്.

## ദീൻ ഇലാഹി:

മനുഷ്യരാശിയുടെ ഹിദായത്തിനായി അല്ലാഹു 1,24,000 പ്രവാചകന്മാരെയും അഞ്ച് ഉലുൽ അസ്മുകളായ മുർസലീങ്ങളേയും (Grand Messengers) ഈ ലോകത്തിലേക്ക് അയച്ചു. മനുഷ്യന് സ്വർഗ്ഗം നേടാനും അവരെ ആത്യന്തിക ലക്ഷ്യത്തിലേക്ക് എത്താൻ സഹായിക്കുന്നതിനും വേണ്ടി അവർ 313 വ്യത്യസ്ത മതങ്ങൾ സ്ഥാപിച്ചു. ദീൻ എന്നതിന്റെ ഭാഷാർത്ഥം ജീവിതശൈലി എന്നാണ്. ദീൻ ഇലാഹി എന്നാൽ ദൈവത്തിന്റെ ജീവിതശൈലി എന്നർത്ഥം. ദൈവത്തിന്റെ ജീവിതശൈലിയാണ് ദൈവത്തിന്റെ മതം. ദൈവം എത്രത്തോളം പുരാതനമാണോ അത്രത്തോളം പുരാതനമാണ് ദൈവത്തിന്റെ മതവും. ദൈവം പൂർണ്ണമായും സ്നേഹമാണ്. അവൻ തന്റെ ഗുണവിശേഷങ്ങൾ അനുദിനം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ജീവിതശൈലി സ്വീകരിക്കാൻ സാധിക്കുന്നത് ദൈവത്തിന്റെ മതം സ്വീകരിച്ചുകൊണ്ടാണ്. അതിന്റെ അതുല്യമായ പ്രകൃതമോ സൂക്ഷ്മമായ പ്രയോഗമോ ഗ്രഹിക്കാൻ പല മതപണ്ഡിതർക്കും കഴിഞ്ഞെന്നു വരില്ല. ദൈവത്തിന്റെ മതം എല്ലാ മതങ്ങൾക്കും മീതെയാണ്.

★★★

# ആത്മാക്കളുടെ മതം

*എല്ലാ നദികളും ചെന്നു ചേരുന്നയിടം സമുദ്രം എന്നറിയപ്പെടുന്നു. അതുപോലെ എല്ലാ മതങ്ങളും ചെന്നു ചേരുന്നയിടമാണ് ഇശ്ഖേ ഇലാഹി അഥവാ ദീനേ ഇലാഹി.*

'നാലു മതങ്ങളും വന്നുചേരുന്ന ദൈവികവീഥിയാണിത്.'
(സുൽത്താൻ ഹഖ് ബാഹു)

## ദീൻ ഇലാഹിയുടെ അനുയായികളെ തിരിച്ചറിയൽ

### തിരിച്ചറിയലിന്റെ പ്രാഥമികഘട്ടം:

ഖൽബിന്റെയും റൂഹിന്റെയും ദിക്ർ തുടങ്ങിക്കഴിഞ്ഞാൽ (അത് ആരാധനയിലൂടെയോ അല്ലെങ്കിൽ ഗുരുവിന്റെ തിരുനോട്ടത്തിലൂടെയോ ആകട്ടെ, രണ്ട് സാഹചര്യങ്ങളിലും അത് മുൻകൂട്ടി വിധിക്കപ്പെട്ട കാര്യമാകുന്നു) അവൻ പാപങ്ങളെ വെറുക്കാൻ തുടങ്ങുന്നു. ഇനി ഒരു തെറ്റ് സംഭവിച്ചാൽ തന്നെയും അവന് കുറ്റബോധം തോന്നുകയും ഭാവിയിൽ തെറ്റുകൾ ഒഴിവാക്കാനുള്ള വഴികൾ ആലോചിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: ***'പാപങ്ങൾ ഒഴിവാക്കാനുള്ള വഴികളെക്കുറിച്ച് ചിന്തിക്കുന്ന ആളുകളെയും ഞാൻ ഇഷ്ടപ്പെടുന്നു.'***

ദുനിയാവിനോടുള്ള മോഹം ഹൃദയത്തിൽ നിന്നും നീങ്ങി പകരം ദൈവപ്രേമം അതിന് മീതെ ആധിപത്യം പുലർത്താൻ തുടങ്ങുന്നു. അത്യാഗ്രഹം, അസൂയ, പിശുക്ക്, അഹങ്കാരം എന്നിവയിൽ നിന്നും മോചനം നേടുന്നതായി അനുഭവപ്പെടുന്നു. നാവ് പരദൂഷണം പറയുന്നത് നിർത്തുന്നു. തന്നിൽ വിനയം ഉടലെടുക്കുന്നതായി മനസ്സിലാക്കുന്നു. പിശുക്കിന് പകരം ഔദാര്യം കൈവരുകയും നുണകൾ വിട്ടു പോകുകയും ചെയ്യുന്നു. നഫ്സിന്റെ ഹറാമായ ഇച്ഛകൾ നീങ്ങി

പകരം ഹലാലായവ സ്ഥാനം പിടിക്കുന്നു. ഹറാമായ സമ്പത്ത്, ഹറാമായ ഉപജീവന മാർഗ്ഗങ്ങൾ, ഹറാമായ പ്രവൃത്തികൾ എന്നിവയോട് വെറുപ്പുണ്ടാകുന്നു.

### തിരിച്ചറിയലിന്റെ അന്തിമഘട്ടം

ചരസ്, കറുപ്പ്, ഹെറോയിൻ, പുകയില, മദ്യം തുടങ്ങിയവ പൂർണ്ണമായും ഉപേക്ഷിക്കും. സ്വപ്നങ്ങളിലൂടെയും മുറാഖബയിലൂടെയും ആത്മീയകാഴ്ചയിലൂടെയും ഉന്നതരായ ആത്മീയവ്യക്തിത്വങ്ങളെ ദർശിക്കും. നഫ്സുൽ അമ്മാറ (the Commanding Self), നഫ്സുൽ മുത്മഇന്ന (the Divinely Content Self) ആയി മാറുന്നു. ലഥായിഫുൽ അന അല്ലാഹുവിന്റെ സന്നിധിയിലെത്തുന്നു. അല്ലാഹുവിനും ദാസനുമിടയിലുള്ള എല്ലാ മൂടുപടങ്ങളും നീങ്ങുന്നു. അവൻ ഒരു ദൈവ പ്രണയിയും ദൈവത്തെ നേടിയവനുമായി മാറുന്നു. ഒരു സാധാരണ മനുഷ്യനിൽ നിന്നും ഒരു ദാതാവായി അവൻ മാറിയിരിക്കുന്നു.

വിവിധമതങ്ങളിൽ നിന്നുള്ള വിശിഷ്ട ആത്മാക്കൾ ഈ ആത്മീയ സംഘത്തിൽ വന്നു ചേരുന്നതാണ്. അവർ അസൽ ദിനത്തിൽ തന്നെ ദൈവം മുമ്പാകെ കലിമ ചൊല്ലിയിട്ടുണ്ട്. അതുകൊണ്ട് ഒരു മതത്തിനും ഇവിടെ തടസ്സമില്ല. ഓരോരുത്തർക്കും അവരവരുടെ മതങ്ങൾക്കനുസരിച്ച് ആരാധനകൾ നടത്താവുന്നതാണ്. എന്നാൽ എല്ലാവരുടെയും ഖൽബിന്റെ ദിക്ർ ഒന്നു തന്നെയായിരിക്കും. ചുരുക്കത്തിൽ മതങ്ങൾ വ്യത്യസ്തമാണെങ്കിലും ഹൃദയപരമായി എല്ലാവരും ഒന്നായിരിക്കും. ഹൃദയത്തിൽ ദൈവമുണ്ടാകുമ്പോൾ എല്ലാവരും ദൈവികരായിത്തീരുന്നു. തുടർന്ന് അല്ലാഹു ചിലരെ തന്നിലേക്ക് മാത്രമായി പരിമിതപ്പെടുത്തുകയോ ചിലരെ ഏതെങ്കിലും മതത്തിലേക്ക് മാർഗ്ഗദർശിയായി അയക്കുകയോ ചെയ്തേക്കാം. അവരിൽ വിവിധ തരക്കാരുണ്ടാകും; മുഫീദ് (മാർഗ്ഗദർശനം നൽകാൻ ഉപകാരപ്പെടുന്നവർ), മുൻഫരിദ് (സ്വന്തത്തിനു വേണ്ടി മാത്രമുള്ളവർ), സൈനികർ, കമാൻഡർമാർ തുടങ്ങിയവർ. അവരെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന പാപികൾ പോലും ഏതെങ്കിലും പദവികളിൽ എത്തിച്ചേരുന്നതാണ്. ഈ സംഘത്തിൽ ചേരാൻ സാധിക്കാത്തവരിൽ ഭൂരിഭാഗവും ദജ്ജാലിന്റെ (Antichrist) കൂട്ടത്തിൽ ചെന്നുചേരും. അവസാനം ഈ രണ്ട് സംഘങ്ങളും തമ്മിൽ രക്തരൂക്ഷിതമായ ഒരു യുദ്ധം നടക്കും.

ഈസാ നബിയുടെയും (യേശു) ഇമാം മെഹ്ദിയുടെയും കൽക്കി അവതാരത്തിന്റെയും അനുയായികൾ ഒന്നിച്ച് ദജ്ജാലിനെ പരാജയപ്പെടുത്തും. ദജ്ജാലിന്റെ അനുയായികളിൽ ഭൂരിഭാഗവും കൊല്ലപ്പെടും. അതിജീവിക്കുന്നവർ ഭയവും നിസ്സഹായതയും നിമിത്തം നിശബ്ദരായി ജീവിക്കും. ഇമാം മെഹ്ദിയും ഈസാ നബിയും മാനവഹൃദയങ്ങളെ ഭരിക്കും. ലോകമെമ്പാടും സമാധാനം സ്ഥാപിക്കപ്പെടും. എല്ലാ മതങ്ങളും അവസാനിക്കുകയും ഒരു പുതിയ മതം ഉദയം ചെയ്യുകയും ചെയ്യും. ആ മതമാണ് ദൈവത്തിന്റെ പ്രിയപ്പെട്ട മതം; *ഇഷ്ഖേ ഇലാഹി* – പ്രവാചകന്മാർ സ്ഥാപിച്ച സകല മതങ്ങളുടേയും സകല സ്വർഗ്ഗീയ ഗ്രന്ഥങ്ങളുടേയും സാരാംശം. മുഴുവൻ മനുഷ്യകുലത്തിനും സ്വീകാര്യമായ, സകല ആരാധനകളേക്കാളും ശ്രേഷ്ഠമായ, ദൈവസ്നേഹത്തേക്കാൾ (മുഹബ്ബത്ത്) പോലും ഉദാത്തമായ മതം.

### *ദൈവിക ഇശ്ഖിന് അന്വേഷിയെ എവിടെ വരെ കൊണ്ടെത്തിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് ഈമാൻ (faith) അജ്ഞനാണ്*

(സുൽത്താൻ ഹഖ് ബാഹു)

ഇക്ബാൽ ഈ കാലഘട്ടത്തിന്റെ ഒരു ചിത്രം വരച്ചു കാട്ടുന്നു:

*'എല്ലാ ചിന്താധാരകളുടെയും അടിത്തറ ഇളക്കുന്ന മെഹ്ദിയെ ലോകത്തിന് ആവശ്യമാണ്. മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതോടെ 'നിങ്ങൾക്ക് എന്നെ കാണാൻ കഴിയില്ല' എന്ന ഹദീസ് വാക്യത്തിന്റെ കാലഘട്ടം കഴിഞ്ഞുപോയി. ആരുടെ വ്യക്തിത്വമാണോ ആദ്യം അറിയപ്പെടുക, അദ്ദേഹമാകുന്നു കാത്തിരിക്കുന്ന ഇമാം മെഹ്ദി. ബുദ്ധിയുടെ കണ്ണാടിയിൽ എന്റെ കണ്ണുകൾ തുറക്കുക, എന്നിട്ട് ഭാവിയുടെ അവ്യക്തമായ ചിത്രം കാണുക. ആകാശത്തിലേക്കും ഭൂമിയിലേക്കും വായുവിലേക്കും കിഴക്കിൽ നിന്നും ഉദിക്കുന്ന സൂര്യനിലേക്കും നോക്കുക. ഓ വീഞ്ഞിന്റെ ദാതാവേ, മദ്യപന്മാർ ഒളിച്ചിരുന്ന് മദ്യപിച്ചിരുന്ന കാലഘട്ടം ഇപ്പോൾ ചരിത്രമായിരിക്കുന്നു. ലോകം മുഴുവൻ ഒരു ദിവസം ഒരു മദ്യശാലയാകും. ഭൂമിയിലെ ഓരോ ആത്മാവും മദ്യപാനികളാകും. മറ നീങ്ങുന്ന സമയം അടുത്തെത്തിയിരിക്കുന്നു. ദൈവിക തേജസ്സ് ദർശിക്കുന്നത് സാധാരണമായിത്തീരും. മൗനം മറച്ചുവെച്ച*

*ആ രഹസ്യം ഉടൻ തന്നെ വെളിപ്പെടും. മരുഭൂമിയിൽ നിന്നും കുതിച്ചു യരുന്ന, റോമൻ സാമ്രാജ്യത്തെ മറിച്ചിട്ട, ആ സിംഹം വീണ്ടും ജോലി തുടങ്ങുമെന്ന് മാലാഖമാർ പറയുന്നത് ഞാൻ കേട്ടു.'*

എല്ലാ സ്വർഗ്ഗീയഗ്രന്ഥങ്ങളും സഹീഫയും (ആകസ്മികമായ ദൈവിക സന്ദേശങ്ങൾ) അല്ലാഹുവിന്റെ മതമല്ല. ഈ ഗ്രന്ഥങ്ങൾ നിസ്കരിക്കാനും നോമ്പെടുക്കാനും താടി വളർത്താനുമൊക്കെയാണ് പറയുന്നത്. എന്നാൽ അല്ലാഹുവാകട്ടെ ഇത്തരം നിയന്ത്രണങ്ങളെ തൊട്ട് അശ്രദ്ധനുമാണ്. പ്രവാചകന്മാരുടെ ജനതകളെ പ്രബുദ്ധ മാക്കാനും ശുദ്ധീകരിക്കാനുമാണ് ഈ മതങ്ങൾ സ്ഥാപിക്കപ്പെട്ടത്. അതേസമയം അല്ലാഹു തന്നെയാണ് പ്രകാശത്തിന്റെ ശുദ്ധമായ രൂപം. ഒരു മനുഷ്യൻ അല്ലാഹുവുമായി ചേർന്ന് പ്രകാശമായി മാറുമ്പോൾ അവനും അല്ലാഹുവിന്റെ മതത്തിലേക്ക് പ്രവേശിക്കുന്നു. അല്ലാഹു വിന്റെ മതം സ്നേഹവും അനുരാഗവുമാണ്. അത് അവന്റെ തൊണ്ണൂറ്റി യൊമ്പത് നാമങ്ങളുടെ പരിഭാഷയാണ്. അല്ലാഹു തന്റെ സ്നേഹിതരെ പരാമർശിക്കുന്നവനാണ്. അല്ലാഹു തന്നെയാണ് സ്നേഹവും സ്നേഹി ക്കുന്നവനും സ്നേഹിക്കപ്പെടുന്നവനും. ഈ ദിവ്യഗുണങ്ങളിൽ നിന്ന് ഒരു വിഹിതം ഒരു മനുഷ്യന് അല്ലാഹു നൽകിയാൽ അവൻ ദീൻ ഇലാഹിയിൽ പ്രവേശിക്കുന്നു. അല്ലാഹുവിനെ ദർശിക്കലായിരിക്കും (ദീദാറേ ഇലാഹി) പിന്നെ അവന്റെ നമസ്കാരം. ദൈവസ്മരണയാ യിരിക്കും അവന്റെ അഭിനിവേശം. അവന്റെ ജീവിതത്തിലെ ഫർളും സുന്നത്തുമായ എല്ലാ കർമ്മങ്ങളുടെയും പ്രായശ്ചിത്തം പോലും ദൈവദർശനമാണ്. ജിന്നുകളുടെയും മലക്കുകളുടെയും മനുഷ്യരു ടെയും മുഴുവൻ ഇബാദത്തുകളും ഒരുമിച്ചു ചേർത്താലും അവന്റെ ആത്മീയതലത്തിലെത്താൻ കഴിയില്ല. അത്തരത്തിലുള്ള വ്യക്തിയെ പറ്റി അബ്ദുൽ ഖാദിർ ജീലാനി (റ) പറഞ്ഞു; *'അല്ലാഹുവുമായി ഒന്നായി ത്തീർന്ന ഒരു വ്യക്തിയുടെ ഇബാദത്ത് അല്ലെങ്കിൽ ഇബാദത്ത് ചെയ്യാ നുള്ള ഉദ്ദേശ്യം തന്നെ ദൈവിക ഔദാര്യത്തോടുള്ള കടുത്ത നന്ദി കേടാണ്.'*

ബുള്ളേ ഷാ പറഞ്ഞു: *'ഇഷ്ഖിന്റെ ആരാധന നാം സ്വീകരിച്ചതു മുതൽ, നാം പള്ളികളെയും ക്ഷേത്രങ്ങളെയും മറന്നു.'*

അല്ലാമാ ഇഖ്ബാൽ പറഞ്ഞു: *'രണ്ട് റക്കഅത്തിന്റെ പാവം ഇമാമിന് ഇതിനെക്കുറിച്ച് എന്തറിയാം?'*

ഈ രഹസ്യ വിഷയത്തെ സൂചിപ്പിച്ചു കൊണ്ടാണ് അബു ഹുറൈറ (റ) പറഞ്ഞത്: *'പ്രവാചക തിരുമേനി (സ) എനിക്ക് രണ്ട് തരത്തിലുള്ള ഇൽമ് നൽകിയിട്ടുണ്ട്. അതിലൊന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. രണ്ടാമത്തേത് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങളെന്നെ വധിച്ചു കളയും.'*

ആരൊക്കെ ഈ അറിവ് പരസ്യമാക്കിയിട്ടുണ്ടോ അവരെല്ലാം തന്നെ ഷാ മൻസൂറും സർമദും കൊല്ലപ്പെട്ടത് പോലെ കൊല്ലപ്പെട്ടിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. ഇന്ന് ഗോഹർ ഷാഹി അവർകളും ഈ അറിവ് വെളിപ്പെടുത്തിയതിനാൽ സമാനമായ ഭീഷണികൾ നേരിടുന്നു.

നബിമാർ ശരീഅത്ത് നിയമം പാലിക്കുന്നത് ഉമ്മത്തിന് മാതൃക യാകാൻ വേണ്ടിയാണ്. അങ്ങനെ ഉമ്മത്തിന് അത് അനുകരിക്കാനും പിന്തുടരാനും കഴിയും. അല്ലാത്തപക്ഷം പ്രവാചകന്മാർക്ക് ഇബാദ ത്തിന്റെ ആവശ്യമില്ല. ശരീഅത്തിന് മുമ്പേ തന്നെ അതായത് സൃഷ്ടിയുടെ ആദിമഘട്ടം (primordial time) മുതൽക്ക് തന്നെ അവർക്ക് പ്രവാചകത്വ പദവിയുണ്ട്. ഒരു മാതൃക എന്ന നിലയിൽ മതത്തെ അവർക്ക് പരിപൂർണ്ണമാക്കേണ്ടതുണ്ട്. അവർ ഏതെങ്കിലും ആരാധനാ കർമ്മം വിട്ടു പോയാലോ ഏതെങ്കിലും ഒരു പ്രവൃത്തി സ്വീകരിച്ചാലോ അവരുടെ ഉമ്മത്തും അവരെ അനുകരിക്കും. അതിനാൽ അവർ ജാഗ്രത യോടെയും ശ്രദ്ധയോടെയും നിലകൊള്ളേണ്ടതുണ്ട്. ഇബാദത്ത് ചെയ്തില്ലെങ്കിൽ ഒരു പ്രവാചകൻ നരകത്തിൽ പോകുമെന്ന് പറയു ന്നത് ന്യായീകരിക്കാനാകുമോ? ഒരിക്കലുമില്ല. അതുപോലെ ഇബാ ദത്ത് ചെയ്യുന്നില്ലെങ്കിൽ അദ്ദേഹം പ്രവാചകനല്ല എന്ന് ആരെങ്കിലും പറയുന്നത് ന്യായീകരിക്കാൻ കഴിയുമോ? അറിവ് പഠിച്ചില്ലെങ്കിൽ ഒരാൾക്ക് പ്രവാചകനാകാൻ കഴിയില്ലെന്ന് ആർക്കെങ്കിലും വാദിക്കാൻ കഴിയുമോ? പിന്നെ എന്തിനാണ് ഔലിയാക്കളെ എതിർക്കുന്നത്? വിലായത്ത് (sainthood) നുബുവ്വത്തിനു (prophethood) പകരമാണെന്ന കാര്യം അറിഞ്ഞിരിക്കുക.

ഓർക്കുക; അല്ലാഹുവിനെ കാണാതെ അല്ലാഹുവുമായി ഒന്നായി ചേർന്നെന്ന് അവകാശപ്പെടുന്നവരും ആ മഖാമിൽ എത്തിയെന്ന് സ്വയം സങ്കൽപ്പിച്ച് അതിനെ അനുകരിക്കുന്നവരും സിന്ദീഖും കാദിബുമാണ്. ആയിരക്കണക്കിന് വിശ്വാസികളുടെ സമയവും വിശ്വാസവും നഷ്ടപ്പെടുത്തുന്ന ഇത്തരം വ്യാജൻമാരെ ഖുർആൻ ശപിച്ചിരിക്കുന്നു.

***ഈ ഗ്രന്ഥം എല്ലാ മതങ്ങളുടെയും മതകക്ഷികളുടെയും മുഴുവൻ മനുഷ്യരാശിയുടെയും ഗവേഷണത്തിനും പരിഗണനക്കും അർഹതയുള്ളതും ആത്മീയതയെ നിഷേധിക്കുന്നവർക്കുള്ള ഒരു വെല്ലുവിളിയുമാണ്.***

★★★

# ഹസ്രത്ത് ഗോഹർ ഷാഹിയുടെ മൊഴിമുത്തുകൾ

അറിവിന്റെ മൂന്ന് ഭാഗം ബാഹ്യമായ അറിവും ഒരു ഭാഗം ആന്തരികമായ അറിവുമാണ്. ബാഹ്യമായ അറിവ് കരസ്ഥമാക്കുന്നതിന് ഒരു മൂസയെയും ആന്തരികമായ അറിവ് കരസ്ഥമാക്കുന്നതിന് ഒരു ഖിള്റിനെയും കണ്ടെത്തേണ്ടതുണ്ട്.

***

ജിബ്രീലിന്റെ (അ) സാന്നിധ്യമില്ലാതെ കേൾക്കുന്ന വെളിപാടിന്റെ ശബ്ദത്തെ *'ഇൽഹാം'* എന്ന് പറയുന്നു. ജിബ്രീലിന്റെ (അ) അകമ്പടിയില്ലാതെ ലഭിക്കുന്ന അറിവിനെ *'സഹീഫ'* എന്നും *'ഹദീസ് ഖുദ്സി'* എന്നും വിളിക്കുന്നു. ജിബ്രീൽ (അ) മുഖേന ലഭിക്കുന്ന അറിവിനെ *'ഖുർആൻ'* എന്ന് വിളിക്കുന്നു. അത് ബാഹ്യമായ അറിവായാലും ശരി ആന്തരികമായ അറിവായാലും ശരി. അതിനെ തൗറാത്ത് (Torah), സബൂർ (Psalms), ബൈബിൾ എന്നിങ്ങനെയും വിളിക്കാം.

***

മതപണ്ഡിതന്മാർ എന്തെങ്കിലും തെറ്റ് ചെയ്താൽ അതിനെ രാഷ്ട്രീയം എന്ന് പറഞ്ഞ് ഒഴിവാക്കുന്നു. ഔലിയാക്കളിൽ നിന്നും എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അതിനെ ജ്ഞാനമായി കരുതി അവഗണിക്കുന്നു. അതേസമയം പ്രവാചകന്മാരിൽ തെറ്റുകൾ കാണുന്നില്ല.

***

നിരന്തരം ആത്മീയപരിശീലനങ്ങളിൽ ഏർപ്പെടുന്നവരുടെ നെഞ്ചിലെ ആത്മാക്കൾ ശക്തമായിരിക്കും. എന്നാൽ ഒരു ആത്മീയ പരിശീലനത്തിലും ഏർപ്പെടാത്തവരുടെ ആത്മാക്കൾ ഉറക്കത്തിലും

സംവേദനക്ഷമതയില്ലാത്ത അവസ്ഥയിലുമായിരിക്കും. എന്നാൽ ഏതെങ്കിലും മാർഗ്ഗത്തിലൂടെ അല്ലാഹുവിന്റെ നാമം ആത്മാവുകളിലേക്ക് ആഗിരണം ചെയ്യപ്പെട്ടു കഴിഞ്ഞാൽ അവർ പിന്നെ നിരന്തരമായ ദിക്റിലും (ദിക്റേ സുൽത്താനി) തീക്ഷ്ണമായ ദൈവപ്രേമത്തിലുമായിരിക്കും (ഇശ്ഖേ അല്ലാഹ്).

***

അല്ലാമാ ഇഖ്ബാൽ പറഞ്ഞു: *'തീക്ഷ്ണമായ ദൈവപ്രേമം (ഇശ്ഖേ അല്ലാഹ്) കരസ്ഥമാക്കിയാൽ നിന്റെ കുഫ്റും ഇസ്ലാമാണ്'*

സച്ചൽ സൈൻ പറഞ്ഞു: *'ദൈവപ്രേമം ഇല്ലെങ്കിൽ എന്ത് കുഫ്ർ എന്ത് ഇസ്ലാം'*

സുൽത്താൻ ഹഖ് ബാഹു പറയുന്നു: *'ഇശ്ഖിന്റെ മഖാമിനെ പറ്റി ഈമാൻ അറിയുന്നില്ല'*

ഇത്തരം വ്യക്തികൾ താമസിക്കുന്ന പ്രദേശങ്ങളിലും അവർ സന്ദർശിക്കുന്ന സ്ഥലങ്ങളിലും അല്ലാഹുവിന്റെ കാരുണ്യം വർഷിക്കപ്പെടുന്നു. അവർ പോകുന്ന അല്ലെങ്കിൽ അവർ ഉൾപ്പെട്ടിട്ടുള്ള മതങ്ങളും അല്ലാഹുവിന്റെ കാരുണ്യവർഷത്തിന് പാത്രമാകുന്നതാണ്. അത് ബാബ ഫരീദാണെങ്കിൽ ഹിന്ദുക്കളും സിഖുകാരും അദ്ദേഹത്തിന്റെ വീട്ടുപടിയ്ക്കലെത്തുന്നു. ഇനി അത് ബാബാ ഗുരുനാനാക്ക് ആണെങ്കിലോ, മുസ്ലിംങ്ങളും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ വീട്ടുപടിയ്ക്കലെത്തുന്നു!

## *ഇമാം മെഹ്ദി എല്ലാ മതങ്ങളെയും നവീകരിക്കും!*

മുഹമ്മദ് നബി (സ) ക്ക് ശേഷം മുസ്ലിം ഉമ്മത്തിൽ വന്ന മുജദ്ദിദുകൾ ചുറ്റുപാടുകൾക്കനുസരിച്ച് മതത്തിൽ പരിഷ്കരണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇമാം മെഹ്ദി (അ) യുടെ ആഗമനത്തിന് ശേഷം മുജദ്ദിദുകളുടെ പരിഷ്കരണങ്ങൾ അവസാനിക്കും. ഇമാം മെഹ്ദി (അ) എല്ലാ മതങ്ങളെയും തന്റേതായ രീതിയിൽ നവീകരിക്കുന്നതാണ്. ഇമാം മെഹ്ദി (അ) ഒരു പുതിയ മതം രൂപീകരിക്കും എന്ന് ചില ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

★★★

# ഹസ്രത്ത് ഗോഹർ ഷാഹിയുടെ മൊഴിമുത്തുകൾ

"ഒരു വ്യക്തി തന്റെ ജീവിതകാലം മുഴുവൻ ആരാധനകളിൽ ഏർപ്പെടുകയും എന്നാൽ അവസാനം ഇമാം മെഹ്ദിയെയും ഈസാ നബിയെയും എതിർക്കുകയും ചെയ്താൽ അവൻ ബിലിയം ബാഊറിനെ പോലെ നരകവാസിയാകുകയും ഇബ്ലീസിനെ പോലെ ദൈവത്താൽ തിരസ്കരിക്കപ്പെട്ടവനാകുകയും ചെയ്യും. നേരെമറിച്ച് ഒരു വ്യക്തി ജീവിതകാലം മുഴുവൻ ഒരു നായയെപ്പോലെ ജീവിക്കുകയും എന്നാൽ അവസാനം അവൻ ഇമാം മെഹ്ദിയെയും ഈസാ നബിയെയും പിന്തുണയ്ക്കുകയും സ്നേഹിക്കുകയും ചെയ്താൽ ആ വ്യക്തി നായയിൽ നിന്നും ഹസ്രത്ത് ഖത്മീർ ആയി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്." (ഈസാനബി (അ) അദ്ദേഹം ഉയർത്തപ്പെട്ട അതേ ശരീരത്തിലും, ഇമാം മെഹ്ദി (അ) മുഹമ്മദ് നബി (സ) യുടെ ഭൗമാത്മാക്കൾ (അർസി അർവാഹ്) അടങ്ങിയ ശരീരത്തിലുമായിരിക്കും തിരിച്ചുവരുന്നത്.)

ചില മതങ്ങളും മതവിഭാഗങ്ങളും പറയുന്നു, 'ഈസാ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ശവകുടീരം അഫ്ഗാനിസ്ഥാനിലുണ്ട്.' എന്നാൽ ഇതൊരു വ്യാജപ്രചരണം മാത്രമാണ്. അഫ്ഗാനിസ്ഥാനിലുള്ള ശവകുടീരം ഈസാനബിയുടേത് അല്ല. അത് ഈസാ എന്നു തന്നെ പേരുള്ള ഒരു മഹാന്റേതാണ്. ആ പ്രാചീനകാലത്ത് മാസങ്ങൾ യാത്ര ചെയ്ത് അവിടെ അടക്കം ചെയ്യേണ്ടതിന്റെ ആവശ്യകതയെന്താണ്? അപ്പോൾ അവർ ചോദിക്കുന്നു; 'എങ്ങനെയാണ് ഈസാ വാനലോകത്തേക്ക് ഉയർത്തപ്പെട്ടത്?' നാം ചോദിക്കുന്നു; 'ആദമിനെ എങ്ങനെയാണ് വാനലോകത്തിൽ നിന്നും ഇറക്കിയത്?' ഓർക്കുക; ഇദ്‌രീസ് നബി (അ) ഇപ്പോഴും സ്വർഗ്ഗത്തിൽ ഭൗതികശരീരത്തിൽ തന്നെ ജീവിക്കുന്നു. ഖിള്‌റും ഇല്യാസ് നബി (അ) യും ഇപ്പോഴും ഭൂമിയിലുണ്ട്.

അവർ ഇതേവരെ മരണപ്പെട്ടിട്ടില്ല. അബ്ദുൽ ഖാദിർ ജീലാനി (റ) യുടെ ചെറുമകനായ ഹയാത്തുൽ അമീർ അറുനൂറ് കൊല്ലമായി ജീവിക്കുന്നു. അബ്ദുൽ ഖാദിർ ജീലാനി (റ) അദ്ദേഹത്തോട് നിർദേശിച്ചു; 'ഇമാം മെഹ്ദിയോട് എന്റെ സലാം അറിയിക്കുന്നതുവരെ നീ മരണപ്പെടരുത്.' ഷാ ലത്തീഫിന് (റ) 'ബരീ ഇമാം' എന്ന പദവി നൽകിയത് ഹയാത്തുൽ അമീറാണ്. പാകിസ്ഥാനിലെ 'മർറീ'യ്ക്ക് സമീപമുള്ള 'ബാരാ കോ' യിൽ അദ്ദേഹം ഇരിക്കാറുണ്ടായിരുന്ന സ്ഥലം ഇപ്പോഴും സംരക്ഷിക്കപ്പെടുന്നു.

ബാഹ്യമായ കുറ്റങ്ങൾക്കുള്ള ശിക്ഷ ജയിലോ പിഴയോ വധശിക്ഷയോ ആണ്. ആത്മീയപാതയിലെ ശിക്ഷ 'മലാമത്ത്' (ആക്ഷേപം) ആണ്. എന്നാൽ ആന്തരികപാപങ്ങൾക്കുള്ള ശിക്ഷ വളരെ വലുതാണ്. പരദൂഷണം പറയുന്നവരുടെ നന്മകളിൽ നിന്നും ഒരു നിശ്ചിതവിഹിതം നന്മകൾ പരദൂഷണം പറയപ്പെട്ടവരുടെ നന്മകളിലേക്ക് ചേർക്കപ്പെടും. അത്യാഗ്രഹം, അസൂയ, പിശുക്ക്, അഹങ്കാരം എന്നിവ അവൻ കഷ്ടപ്പെട്ട് നേടിയെടുത്ത നന്മകളെ ഇല്ലാതാക്കുന്നു. അത്തരം വ്യക്തികളിൽ ഒരു നിശ്ചിത അളവ് ദൈവികപ്രകാശം ഉണ്ടെങ്കിൽ പോലും അവർ നബിമാരോടും ഔലിയാക്കളോടും ധിക്കാരവും പകയും വെച്ച് പുലർത്തുമ്പോൾ അത് നഷ്ടപ്പെടുന്നതാണ്. അബ്ദുൽ ഖാദിർ ജീലാനി (റ) ക്ക് എതിരായ അപവാദത്തിന്റെ പേരിൽ ശൈഖ് സനാനിന്റെ കശ്ഫും കറാമത്തും (ആത്മീയ ഉൾക്കാഴ്ചയും അത്ഭുതങ്ങളും) നഷ്ടപ്പെട്ടത് പോലെ.

ഒരാൾ തന്നെപ്പറ്റി മോശമായി സംസാരിച്ചു നടക്കുന്നത് ബയാസിദ് ബസ്താമി (റ) അറിഞ്ഞപ്പോൾ അദ്ദേഹം അയാൾക്ക് പണം നൽകാൻ തുടങ്ങി. അയാൾ പണം സ്വീകരിച്ചുകൊണ്ടിരിക്കുകയും അപവാദം പറയുന്നത് തുടരുകയും ചെയ്തു. ഒരു ദിവസം ഭാര്യ അയാളോട് പറഞ്ഞു; "ഒന്നുകിൽ നിങ്ങൾ പണം സ്വീകരിക്കുന്നത് നിർത്തണം, അല്ലെങ്കിൽ ബയാസിദ് ബസ്താമിയെക്കുറിച്ച് മോശമായി സംസാരിക്കുന്നത് നിർത്തണം." പിന്നെ അയാൾ ബയാസിദ് ബസ്താമിയെ പുകഴ്ത്തി സംസാരിക്കാൻ തുടങ്ങി. അയാൾ തന്നെ പുകഴ്ത്തി സംസാരിക്കുന്നതായി അറിഞ്ഞ ബയാസിദ് ബസ്താമി അയാൾക്ക് പണം കൊടുക്കുന്നത് നിർത്തി. അപ്പോൾ അയാൾ ബയാസിദ് ബസ്താമിയെ സന്ദർശിച്ച് പറഞ്ഞു; "ഞാൻ താങ്കളെക്കുറിച്ച് മോശ

മായി സംസാരിച്ചപ്പോൾ താങ്കൾ എനിക്ക് പണം നൽകി. പക്ഷേ ഞാൻ താങ്കളെ പുകഴ്ത്തി സംസാരിച്ചപ്പോൾ പണം നൽകുന്നത് നിർത്തിയത് എന്തുകൊണ്ടാണ്?" ബയാസിദ് ബസ്താമി പറഞ്ഞു; "ആദ്യം നിങ്ങൾ എന്റെ തൊഴിലാളിയായിരുന്നു. നിങ്ങൾ എന്നെക്കുറിച്ച് മോശമായി സംസാരിക്കുന്നു, എന്റെ പാപങ്ങൾ കരിഞ്ഞു പോകുന്നു. ഇപ്പോൾ നിങ്ങളത് നിർത്തിയിരിക്കുന്നു. ഇനി എന്തിന് നിങ്ങൾക്ക് ഞാൻ പണം നൽകണം?"

മുകളിൽ പരാമർശിച്ച തിന്മകൾ നഫ്സുൽ അമ്മാറയുമായി ബന്ധപ്പെട്ടതാണ്. ഇബ്ലീസാണ് അതിന്റെ സഹായി. അതേസമയം തഖ്വ (ഭക്തി), ഉദാരത, ക്ഷമാശീലം, മാപ്പുനൽകൽ, നന്ദി, വിനയം, ദൈവികപ്രകാശം എന്നിവ ഖൽബുൽ ശഹീദുമായി ബന്ധപ്പെട്ടതാണ്. മുർഷിദായ വലിയ്യാണ് അതിന്റെ സഹായി.

ഒരുവന്റെ നഫ്സ് 'നഫ്സുൽ അമ്മാറ' ആയിരിക്കുന്നിടത്തോളം കാലം ഒരു വിശുദ്ധ വചനത്തിന്റെയും പ്രകാശം അവന്റെ ഹൃദയത്തിൽ തങ്ങിനിൽക്കുകയില്ല. അവൻ ആയത്തുകൾ (വേദസൂക്തങ്ങൾ) മനഃപാഠമാക്കിയാലും അവനൊരു തത്തയാണ്. ഒരുവന്റെ നഫ്സ് 'നഫ്സുൽ മുത്മഇന്ന' ആയി മാറിക്കഴിഞ്ഞാൽ ഒരു അശുദ്ധമായ കാര്യവും അവന്റെയുള്ളിൽ തങ്ങിനിൽക്കുകയില്ല. പിന്നെ നിങ്ങളൊരു ഹലാലായ (ശുദ്ധമായ) പക്ഷിയാണ്. നഫ്സിനെ ശുദ്ധീകരിക്കുന്നതിനായി ഒരു നഫ്സ്-ഷികനെ (നഫ്സിനെ തകർക്കുന്നവൻ) കണ്ടെത്തുക. അങ്ങനെയുള്ളവരെ അല്ലാഹു എല്ലാ കാലത്തും നിയോഗിക്കാറുണ്ട്.

ജലം ഉപയോഗിച്ചാണ് ശരീരത്തിന്റെ ബാഹ്യഭാഗം ശുദ്ധീകരിക്കുന്നത്. അതേസമയം ശരീരത്തിന്റെ ആന്തരികഭാഗം ശുദ്ധമാകുന്നത് ദൈവികപ്രകാശത്താലാണ് (നൂർ). ശുദ്ധീകരിച്ചില്ലെങ്കിൽ അത് മലിനവും അശുദ്ധവുമാണ്. ശുദ്ധമായ ശരീരം അല്ലാഹുവിനെ ആരാധിക്കാൻ അർഹമാണ്. അതേസമയം ശുദ്ധമായ ഹൃദയം അല്ലാഹുവിന്റെ തജല്ലികൾക്ക് അർഹമാണ്. അപ്പോൾ മാത്രമേ ദൈവികഗ്രന്ഥങ്ങൾ ശുദ്ധി പ്രാപിച്ചവർക്ക് മാർഗ്ഗദർശനം നൽകുകയുള്ളൂ (ഹുദൻ ലിൽ മുത്തഖീൻ). അല്ലാത്തപക്ഷം വേദക്കാർ പരസ്പരം ശത്രുക്കളായി മാറുന്നു. മുജദ്ദിദ് അൽഫ് സാനി അദ്ദേഹത്തിന്റെ മക്തൂബാത്ത് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു; "നഫ്സ് അമ്മാറ ആയിട്ടുള്ള വ്യക്തി

കൾ ഖുർആൻ പഠിക്കാൻ യോഗ്യരല്ല. ആത്മീയതയിലെ തുടക്കക്കാർ ആദ്യം അല്ലാഹുവിന്റെ ദിക്ർ മുഖേന അകം ശുദ്ധീകരിക്കണം. ആത്മീയതയുടെ അവസാന ഘട്ടത്തിലിരിക്കുന്ന അന്വേഷകരാണ് ഖുർആൻ പഠിക്കേണ്ടത്."

മുഹമ്മദ് നബി (സ) അരുളിയിരിക്കുന്നു; *"ചില ഖുർആൻ പാരായണക്കാരെ ഖുർആൻ ശപിച്ചുകൊണ്ടിരിക്കുന്നു."*

ബുള്ളേ ഷാ പറഞ്ഞു; "അത്തരം ആളുകൾ ദൈവാനുഗ്രഹങ്ങൾ ആസ്വദിക്കുകയും എന്നിട്ട് അതിനെ നിഷേധിക്കുകയും ചെയ്യുന്നു. എന്നിട്ടും മറ്റുള്ളവരെ കാണിക്കുവാൻവേണ്ടി ഖുർആൻ അവരുടെ കക്ഷത്തിൽ കൊണ്ടുനടക്കുന്നു."

ഒരു ആരാധകൻ വിചാരിക്കുന്നു; 'ഞാൻ അല്ലാഹുവിന് വേണ്ടി ഇബാദത്ത് ചെയ്യുന്നു. രാത്രി ഉണർന്നിരിക്കുന്നു. അതിനാൽ ഞാൻ അല്ലാഹുവിനോട് വളരെ അടുത്തവനാണ്.' എന്നാൽ ആരാധനയ്ക്ക് ശേഷം നിങ്ങളുടെ പ്രാർത്ഥന ആരോഗ്യം, ദീർഘായുസ്സ്, സമ്പത്ത്, സ്വർഗ്ഗത്തിലെ ഹൂറികൾ, സ്വർഗ്ഗത്തിലെ അടിമകൾ എന്നിവയ്ക്ക് വേണ്ടിയാണ്. ചിന്തിച്ചു നോക്കൂ, നിങ്ങൾ എപ്പോഴെങ്കിലും അല്ലാഹുവിനോട് പ്രാർത്ഥിച്ചിട്ടുണ്ടോ, *'അല്ലാഹുവേ, നിന്നെയല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല'* എന്ന്.

ഒരു മതപണ്ഡിതൻ വിചാരിക്കുന്നു; 'എന്റെയുള്ളിൽ ഇൽമും ഖുർആനുമുള്ളതിനാൽ ഞാൻ അല്ലാഹുവിനോട് വളരെ അടുത്തവനാണ്. അതുകൊണ്ട് ഞാൻ മോക്ഷം നേടിയവനുമാണ്.' അങ്ങനെയാണെങ്കിൽ നിങ്ങൾ എന്തിനാണ് മറ്റുള്ളവരെ നരകാവകാശികളായി പ്രഖ്യാപിക്കുന്നത്? ഓരോ മുസ്‌ലിമും കുറച്ചൊക്കെ അറിവ് പഠിച്ചവരും ഖുർആനിലെ ധാരാളം സൂറത്തുകൾ മനഃപാഠമാക്കിയവരുമാണല്ലോ. ചിന്തിക്കുക, ആരാണ് ഇൽമ് വിറ്റു കൊണ്ടിരിക്കുന്നത്? ആരാണ് സ്വന്തത്തെ തന്നെ വിറ്റുകൊണ്ടിരിക്കുന്നത്? ആരാണ് ഔലിയാക്കളെക്കുറിച്ച് മോശമായി സംസാരിക്കുന്നത്? അസൂയയും അഹങ്കാരവും അത്യാഗ്രഹവും കൊണ്ടുനടക്കുന്നവർ ആരാണ്? ഹൃദയത്തിൽ ഉള്ളത് ഒന്നും നാവുകൊണ്ട് പറയുന്നത് മറ്റൊന്നും എന്നത് ആരുടെ ചര്യയാണ്? ആരാണ് രാവിലെ ഒരു കാര്യം പറയുകയും വൈകുന്നേരം അത് നിഷേധിക്കുകയും ചെയ്യുന്നത്? ആരാണ് സത്യത്തെ നുണയായും നുണയെ സത്യമായും അവതരിപ്പിക്കുന്നത്? നിങ്ങൾ ഈ

സ്വഭാവങ്ങളിൽ നിന്നും വളരെ അകലെയാണെങ്കിൽ നിങ്ങൾ റസൂലുള്ളാ (സ) യുടെ ഖലീഫ ആണ്. അപ്പോൾ നിങ്ങളെ ധിക്കരിക്കുന്നത് തന്നെ വലിയ ഒരു അനാദരവ് ആയിരിക്കും. അതായത് കാഴ്ചയിൽ ഒരു പ്രാസംഗികനും യാഥാർത്ഥ്യം കൊണ്ട് ഖുർആനുമായിരിക്കും. ഇത്തരം പൈശാചിക സ്വഭാവങ്ങൾ നിങ്ങളിലുണ്ടെങ്കിൽ യൂസുഫ് നബി (അ) യെ ഭക്ഷിച്ചു എന്ന് ആരോപിക്കപ്പെട്ട ചെന്നായ പറഞ്ഞ ആ പണ്ഡിതരിൽപ്പെട്ടവനാണ് നീയും. ചെന്നായ പറയുകയുണ്ടായി; "ഞാൻ യൂസുഫിനെ ഭക്ഷിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു എന്നെ പതിനാലാം നൂറ്റാണ്ടിലെ മതപണ്ഡിതന്മാരുടെ കൂടെ ഉയിർത്തെഴുന്നേൽപ്പിക്കട്ടെ."

★★★

# സിറാത്തൽ മുസ്തഖീം
# (ദൈവത്തിലേക്കുള്ള നേർപാത)

1. **പുറമേ ഭംഗിയായി കാണപ്പെടുമെങ്കിലും അകം കറുപ്പായ ആളുകൾ:** ഇവർ മതത്തിൽ കുഴപ്പങ്ങളുണ്ടാക്കുന്നു. ഇബ്ലീസിന്റെ പ്രതിനിധികളാണ് ഇവർ.

**ഹദീസ്:** *വിഡ്ഢിയായ പണ്ഡിതനെ സൂക്ഷിക്കുക. അവനിൽ നിന്ന് അകലം പാലിക്കുകയും ചെയ്യുക. അവന്റെ നാവ് പണ്ഡിതനും ഹൃദയം വിഡ്ഢിയുമാണ്. അതായത് അവന്റെ അകം ഇരുണ്ടതാണ്.*

2. **പുറമേ നോക്കുമ്പോൾ അഭംഗിയിലും അപരിഷ്കൃതമായും കാണപ്പെടുമെങ്കിലും അകം മനോഹരവും ശുദ്ധവുമായിട്ടുള്ള ആളുകൾ:** ഇവരെ മജ്ദൂബ്, മാസൂർ, സുക്കർ, മുൻഫരിദ് എന്നിങ്ങനെ വിളിക്കുന്നു.

***ബുദ്ധി ദൈവപ്രേമത്തിൽ നഷ്ടപ്പെടുമ്പോൾ എന്ത് ഹിസാബ്***
(തരിയാഖേ ഖൽബ് - ഹസ്രത്ത് ഗോഹർ ഷാഹി)

ഇവർ മതത്തിന് പ്രശ്നമാണെങ്കിലും എപ്പോഴും അല്ലാഹുവിന്റെ സാമീപ്യത്തിലാണ് ഇവരുള്ളത്. എന്നിരുന്നാലും അവർക്ക് കൂടുതൽ ആത്മീയപദവികളിലേക്ക് എത്തിച്ചേരാൻ കഴിയില്ല. വിവിധ ആത്മീയ പദവികളിൽ നിയുക്തരായവർ ദൈവത്താൽ സ്ഥിരീകരിക്കപ്പെട്ടവരാണ്. അതേസമയം വ്യാജന്മാർ സിന്ദീഖീങ്ങളാണ്. അധികാരത്തിലിരുന്നപ്പോൾ മുൻപ്രസിഡന്റുമാരായ അയൂബ്, ബേനസീർ ഭൂട്ടോ, നവാസ് ഷെരീഫ് തുടങ്ങിയവരെ മർദ്ദിച്ചതും അസഭ്യം പറഞ്ഞതും ഇങ്ങനെ നിയുക്തരായിട്ടുള്ളവരാണ്. അധികാരത്തിലിരിക്കുന്ന ആരെയെങ്കിലും തല്ലാൻ നിങ്ങൾക്ക് കഴിയുമോ? അങ്ങനെ ചില പ്രവൃത്തികൾ

നിയുക്തവ്യക്തികളിലേക്ക് മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. ഒരു സാധാരണക്കാരന് അവരെ അനുകരിക്കാൻ കഴിയില്ല.

3. **അകവും പുറവും ശുദ്ധമായിട്ടുള്ള ആളുകൾ:** ഇവർ ബാഹ്യമായ ഇബാദത്തിന് പുറമേ ഖൽബിയായ ഇബാദത്തിലും ഏർപ്പെടുന്നവരാണ്. ഇവരെ *'ആലിമേ റബ്ബാനി'* (ദൈവിക പണ്ഡിതന്മാർ) എന്നു വിളിക്കുന്നു. അവർ മതത്തിന്റെ അനന്തരാവകാശികളാണ്. അവർ മതത്തെക്കുറിച്ച് ശരിയായ ഉൾക്കാഴ്ച ലഭിക്കുന്നവരും പ്രവാചകന്റെ പ്രതിനിധികളുമാണ് (മിമ്പറേ റസൂൽ). ഒരു വ്യക്തിയുടെ ബാഹ്യവും ആന്തരികവും ഒന്നാകുമ്പോൾ അവൻ *'ദൈവത്തിന്റെ രണ്ടാമൻ'* (നാഇബേ അല്ലാഹ്) എന്നറിയപ്പെടുന്നു. അത്തരമൊരു വ്യക്തി സ്വപ്നത്തിലോ ആത്മീയമായോ ഹജ്ജ് നിർവഹിക്കുകയാണെങ്കിൽ കൂടി ബാഹ്യമായിട്ടും അതിന്റെ ദറജ (പദവി) ലഭിക്കുന്നതാണ്. യഥാർത്ഥത്തിൽ ബാഹ്യമായ ഹജ്ജിനേക്കാൾ വളരെയധികം ഉയർന്ന സ്ഥാനമാണ് അതിനുള്ളത്. ആത്മാക്കളുടെ നമസ്കാരം ശരീരത്തിന്റെ നമസ്കാരത്തിന്റെ തന്നെ സ്ഥാനമർഹിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അതിനേക്കാൾ മഹത്തരമാണ്. അവൻ ബാഹ്യമായ നമസ്കാരം നിർവ്വഹിക്കുകയാണെങ്കിൽ അവന്റെ നമസ്കാരം മിഅ്റാജ് (spiritual ascension) ആയിത്തീരുന്നു. അവർ ശരീരംകൊണ്ട് ഭൂമിയിലെ മനുഷ്യരുടെ കൂടെയാണെങ്കിലും അവരുടെ ആത്മാക്കൾ ഉയർന്ന ലോകങ്ങളിൽ അല്ലാഹുവിന്റെ കൂടെയായിരിക്കും. ഫഖ്റിന്റെ ഭാഷയിൽ ഇവരെ *'മുആരിഫ്'* (ആത്മാവ് 'വലിയ്യ്' ആയിട്ടുള്ളവർ) എന്ന് വിളിക്കുന്നു. ആശിഖീങ്ങൾക്ക് (ദൈവ പ്രേമികൾ) ദൈവത്തെ കണ്ടാൽ മാത്രം മതി.

'അല്ലാഹുവിനെ കാണാൻ കഴിയില്ല' എന്ന് ചിലർ പറയുന്നു. എന്നാൽ അല്ലാഹുവിനെ ദർശിക്കാൻ കഴിയുന്ന ജ്ഞാനം ആദ്യമായി കൊണ്ടുവന്നത് മുഹമ്മദ് നബി (സ) ആണ്. ഇമാം അബു ഹനീഫ (റ) പറഞ്ഞു; "ഞാൻ തൊണ്ണൂറ്റിയൊമ്പത് തവണ അല്ലാഹുവിനെ സ്വപ്നത്തിൽ കണ്ടു." ബയാസിദ് ബസ്താമി (റ) പറഞ്ഞു; "ഞാൻ അല്ലാഹുവിനെ എഴുപത് തവണ കണ്ടു."

ലഥായിഫുൽ അന (തലയിൽ സ്ഥിതി ചെയ്യുന്ന ലഥായിഫ്) മുഖേന അല്ലാഹുവിനെ ദർശിക്കാൻ കഴിയുന്നതാണ്. എന്നാൽ

ഇതുമായി ബന്ധപ്പെട്ട അറിവിനെക്കുറിച്ചും ദിക്റിനെക്കുറിച്ചും നിങ്ങൾ അറിവില്ലാത്തവരും അശ്രദ്ധരുമാണ്.

## അല്ലാഹുവിന്റെ സുഹൃത്ത്

ഒരു വ്യക്തിയുടെ ആത്മീയ ഉൾക്കാഴ്ച (കശ്ഫ്), അത്ഭുതങ്ങൾ (കറാമത്ത്), ആത്മീയാനുഗ്രഹങ്ങൾ (ഫൈസ്) എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങൾ അദ്ദേഹത്തെ ഒരു വലിയ്യ് (Saint) ആയി മനസ്സിലാക്കുകയും എന്നാൽ അദ്ദേഹത്തിന്റെ മതമോ അല്ലെങ്കിൽ ഏതെങ്കിലും പ്രവൃത്തിയോ കാരണമായി ഒരുവന് അദ്ദേഹത്തോട് ഇഷ്ടക്കേട് തോന്നുകയും ചെയ്യുകയാണെങ്കിൽ, അദ്ദേഹത്തെക്കുറിച്ച് മോശമായ പരാമർശങ്ങൾ നടത്തുന്നതിന് പകരം അദ്ദേഹത്തെ സന്ദർശിക്കുന്നത് നിർത്തുന്നതാണ് നല്ലത്. ആർക്കറിയാം, ഒരുപക്ഷേ അദ്ദേഹം ദൈവത്തിന്റെ കണ്ണിലെ കൃഷ്ണമണി ആയിരിക്കാം. അല്ലെങ്കിൽ ഒരു ശൈഖ് ബഖയോ ലാൽ ഷഹബാസോ ഖിള്റോ സായിബാബയോ ഗുരു നാനാക്കോ ബുള്ളേ ഷായോ ആകാം. ഒരു പക്ഷേ ദൈവത്തിന്റെ നിത്യമണവാട്ടിയും ആയേക്കാം!

★★★

# ഹസ്രത്ത് ഗോഹർ ഷാഹിയുടെ മാനവരാശിയോടുള്ള വിപ്ലവകരമായ സന്ദേശം

ഒരു മുസ്‌ലിം പറയുന്നു, 'ഞാൻ എല്ലാവരേക്കാളും ശ്രേഷ്ഠനാണ്.' ഒരു ജൂതൻ പ്രഖ്യാപിക്കുന്നു, 'ഞാൻ മുസ്‌ലിമിനേക്കാൾ മികച്ചവനാണ്.' ഒരു ക്രിസ്ത്യാനി പറയുന്നു, 'മുസ്‌ലിമിനേക്കാളും ജൂതനേക്കാളും മറ്റ് മതസ്ഥരേക്കാളും വലിയവനാണ് ഞാൻ. എന്തെന്നാൽ ഞങ്ങൾ ദൈവപുത്രന്റെ ജനതയാണ്.' എന്നാൽ ഗോഹർ ഷാഹി അവർകൾ പ്രഖ്യാപിക്കുന്നു: *"ഏത് മതക്കാരനാണെങ്കിലും ഹൃദയത്തിൽ ദൈവപ്രേമം ഉള്ളവനാണ് എല്ലാവരേക്കാളും മികച്ചവനും ഉന്നതനും. നാവ് കൊണ്ടുള്ള ദിക്റും ആരാധനയും അവന്റെ അനുസരണയെയും വിധേയത്വത്തെയും കാണിക്കുന്നു. എന്നാൽ ഖൽബ് കൊണ്ടുള്ള ദിക്ർ അല്ലാഹുവിന്റെ മുഹബ്ബത്തും അടുപ്പവും കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗമാണ്."*

ആത്മീയപദവികൾ നൽകപ്പെട്ടവർ ദൈവത്താൽ പരിശോധിക്കപ്പെട്ടവരും അതിനെ വ്യാജമായി അനുകരിക്കുന്നവർ സിന്ദീഖീങ്ങളുമാണ്. നുബുവ്വത്ത് വ്യാജമായി ഉന്നയിക്കുന്നവൻ കാഫിർ ആണ്. വിലായത്ത് വ്യാജമായി ഉന്നയിക്കുന്നവനും കുഫ്റിൽ നിന്നും അകലെയല്ല. ഒരു വലിയ്യ് ദൈവത്തിന്റെ സുഹൃത്താകുന്നു. സുഹൃത്തുക്കൾ തമ്മിൽ പരസ്പരം കാണലും സംസാരിക്കലും അത്യാവശ്യമാണ്. പ്രവാചകൻമാരുടെ ചില പ്രവൃത്തികൾ അനുകരിക്കാൻ പാടില്ലെന്നും അവ പ്രവാചകൻമാരിൽ മാത്രം പരിമിതപ്പെടുത്തിയ കാര്യങ്ങളാണെന്നും മുഹമ്മദ് നബി (സ) ഒരിക്കൽ തന്റെ അനുചരർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഓരോ നിസ്കാരക്കാരന്റെയും പ്രാർത്ഥനയിതാണ്: *'അല്ലാഹുവേ, നീ അനുഗ്രഹിച്ചവരുടെ വഴി എനിക്ക് നീ കാണിച്ചുതരേണമേ.'*

എപ്പോഴാണോ ഒരുവന്റെ റൂഹ് ബൈത്തുൽ മഅ്മൂറിൽ പോയി നമസ്കാരം നിർവ്വഹിക്കുന്നത് അതാണ് അവന്റെ യഥാർത്ഥ നമസ്കാരം. ശാരീരികവിയോഗത്തിനു ശേഷവും റൂഹ് ഇത്തരം നമസ്കാരം തുടരുന്നതാണ്. മുഴുവൻ പ്രവാചകൻമാരുടെ റൂഹുകളും മിഅ്റാജിന്റെ രാത്രിയിൽ ബൈത്തുൽ മുഖദ്ദസിൽ വെച്ച് നമസ്കാരം നിർവ്വഹിച്ചത് പോലെ. അല്ലാഹുവിനെ മറയില്ലാതെ കാണുന്നത് വരെ സാലിക്ക് (ആത്മീയ സാധകൻ) ശരീഅത്ത് നിയമം പാലിച്ചിരിക്കണം. എന്നിരുന്നാലും പാപികൾക്കും ആരാധനയിൽ അലസത കാണിക്കുന്നവർക്കുമായി ഒരു ബദൽ അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു. ഖൽബ് കൊണ്ടുള്ള ദൈവനാമത്തിന്റെ ദിക്ർ പാപങ്ങൾക്കും നഷ്ടപ്പെട്ട ആരാധനകൾക്കും പരിഹാരമായിത്തീരുന്നു. മാത്രമല്ല അത് ആത്യന്തികമായി അന്വേഷകനെ ബോധമുണർന്നവനും ദൈവപ്രേമിയുമാക്കി മാറ്റുന്നു.

*നിങ്ങളുടെ നിസ്കാരം ഖളാ ആയാൽ നിൽക്കുമ്പോഴും ഇരിക്കുമ്പോഴും*
*കിടക്കുന്ന സമയത്തുമെല്ലാം അല്ലാഹുവിനെ ദിക്ർ ചെയ്യുക*
(ഖുർആൻ 3:191, 62:10)

ഔലിയാക്കളുടെ സാമീപ്യം, അവരുമായുള്ള ബന്ധം, അവരുടെ കരുണാപൂർവ്വമായ നോട്ടങ്ങൾ, പ്രാർത്ഥനകൾ എന്നിവ പാപികളുടെ വിധിയെ പ്രകാശിപ്പിക്കുകയും അവരെ നരകത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യും. തന്റെ ഉമ്മത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കാൻ മുഹമ്മദ് നബി (സ) തന്റെ സഹാബികളെ ഉവൈസുൽ ഖർനി (റ) യിലേക്ക് അയച്ചത് ശ്രദ്ധിക്കുക. ഉദാരത, റിയാളകൾ (വിപുലമായ ആരാധനകളും കഠിന പ്രയത്നവും), രക്തസാക്ഷിത്വം എന്നിവ പാപങ്ങൾക്ക് പരിഹാരമാകുകയും പാപിയെ മോക്ഷത്തിന് അർഹനാക്കുകയും ചെയ്തേക്കാം. എളിമ, പശ്ചാത്താപം, കണ്ണുനീർ എന്നിവയേയും അല്ലാഹു വിലമതിക്കുന്നു. ഇക്കാരണത്താലാണ് മൃതദേഹങ്ങളുടെ കഫൻ മോഷ്ടിക്കുകയും സ്ത്രീകളുടെ മൃതദേഹങ്ങളെ അപമാനിക്കുകയും ചെയ്തിരുന്ന നസൂഹയ്ക്ക് പോലും അല്ലാഹു പൊറുത്തു കൊടുത്തത് (ഖുർആൻ).

ഒരു ദിവസം ഈസാനബി (അ) ശൈത്താനോട് ചോദിച്ചു, "ആരാണ് നിന്റെ ഏറ്റവും അടുത്ത സുഹൃത്ത്?" ശൈത്താൻ മറുപടി പറഞ്ഞു, "പിശുക്കനായ ഒരു ആരാധകൻ." ഈസാനബി (അ) ചോദിച്ചു, "എന്തുകൊണ്ടാണ്?" അവൻ പറഞ്ഞു, "അവന്റെ പിശുക്ക്

അവന്റെ ആരാധനകളെ അസാധുവാക്കുന്നു.'' ഈസാനബി (അ) തുടർന്നും ചോദിച്ചു, ''നിന്റെ ഏറ്റവും വലിയ ശത്രു ആരാണ്?'' ശൈത്താൻ ഉത്തരം നൽകി, "ഉദാരനായ ഒരു പാപി." ഈസാനബി (അ) ആശ്ചര്യത്തോടെ ചോദിച്ചു, "അതെങ്ങനെയാണ്?" ശൈത്താൻ പറഞ്ഞു, ''അവന്റെ ഔദാര്യം അവന്റെ പാപങ്ങളെ കരിച്ചു കള യുന്നു.''

ദൈവദാസന്മാരെയും ദൈവത്തിന്റെ സൃഷ്ടികളെയും സ്നേഹി ക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരും സത്യത്തെ പിന്തുണ യ്ക്കുകയും നീതി പാലിക്കുകയും ചെയ്യുന്നവരും ദൈവത്തിന്റെ കാരുണ്യത്തിന് അർഹരാണ്. പ്രശസ്ത കവി അല്ലാമാ ഇഖ്ബാൽ മൂന്നാം ക്ലാസിലോ നാലാം ക്ലാസിലോ പഠിക്കുന്ന സമയം. അദ്ദേഹം സ്കൂളിൽ നിന്നും വീട്ടിലേക്ക് മടങ്ങുമ്പോൾ ഒരു പട്ടി തന്നെ പിന്തുട രുന്നതായി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം തന്റെ വീട്ടിലേ ക്കുള്ള പടികൾ കയറുമ്പോൾ ആ പട്ടി അദ്ദേഹത്തെ നിർവികാരമായി നോക്കിക്കൊണ്ടിരുന്നു. 'അവൾക്ക് വിശക്കുന്നുണ്ടാകാം' അദ്ദേഹം ചിന്തിച്ചു. പിതാവ് അദ്ദേഹത്തിനുവേണ്ടി ഒരു റൊട്ടി എടുത്തു വെച്ചിരുന്നു. അദ്ദേഹം റൊട്ടിയുടെ പകുതി ആ പട്ടിയുടെ മുമ്പിൽ ഇട്ടു കൊടുത്തു. അവൾ ഉടനടി അത് തിന്ന് തീർത്തു. എന്നിട്ടും അവൾ നിർവികാരതയോടെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു. ബാക്കി പകുതിയും അദ്ദേഹം അവൾക്ക് നൽകി. അങ്ങനെ ആ ദിവസം മുഴുവൻ അദ്ദേഹം പട്ടിണിയിൽ കഴിഞ്ഞു. അഭിനന്ദനാർഹമായ ഈ പ്രവൃത്തി കാരണമായി തന്റെ മകൻ അല്ലാഹുവിന്റെ പ്രിയങ്കരനായി തീർന്നിരി ക്കുന്നു എന്ന സന്തോഷവാർത്ത അന്ന് രാത്രിയിൽ അദ്ദേഹത്തിന്റെ പിതാവിന് ലഭിച്ചു.

കാട്ടിൽ നിന്ന് ഒരു മാൻകുഞ്ഞിനെ എടുത്തുകൊണ്ട് പോകാൻ തുടങ്ങിയപ്പോൾ തന്റെ കുതിരയുടെ പിന്നിൽ ഒരു മാൻ ഓടി വരുന്നതു കണ്ട് സുബുക്ത്ഗീൻ രാജാവ് തന്റെ കുതിരയെ നിർത്തി. അപ്പോൾ ആ മാനും നിന്നു. അത് തലയുയർത്തി ആകാശത്തേക്ക് നോക്കി. അതിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകുന്നത് സുബുക്ത്ഗീൻ ശ്രദ്ധിച്ചു. അദ്ദേഹം മാൻകുഞ്ഞിനെ മോചിപ്പിച്ചു. ഈ സംഭവത്തെ തുടർന്ന് അല്ലാഹു അദ്ദേഹത്തിൽ വളരെയധികം കരുണ ചൊരിയുക യുണ്ടായി. അത് കാരണമായി അദ്ദേഹം പലപ്പോഴും അല്ലാഹുവിന്റെ നാമത്തിൽ കരയുമായിരുന്നു.

മൗലാനാ റൂമി പറയുന്നു: **ഔലിയാക്കളുമായുള്ള ഒരു നിമിഷത്തെ സഹവാസം നൂറുവർഷത്തെ ആത്മാർത്ഥമായ ആരാധനയേക്കാൾ എത്രയോ ശ്രേഷ്ഠമാണ്.**

**ഹദീസ് ഖുദ്സി:** അല്ലാഹു പറഞ്ഞു, *"ഞാൻ അവന്റെ നാവായി തീരും. അത് കൊണ്ട് അവൻ സംസാരിക്കും. ഞാൻ അവന്റെ കൈകളായി തീരും. അതുകൊണ്ട് അവൻ പിടിക്കും."*

**അബുദർ ഗഫാരി പറഞ്ഞു:** മഹ്ശറ ദിനത്തിൽ ജനങ്ങൾ ഔലിയാക്കളെ തിരിച്ചറിയുമ്പോൾ അവർ പറയും, "അല്ലാഹുവേ, ഞാൻ വുളുഅ് ചെയ്യാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്." ഉത്തരം വരും, "അവനെ ഒഴിവാക്കുക." മറ്റൊരാൾ പറയും, "അല്ലാഹുവേ, ഞാൻ അദ്ദേഹത്തിന് ഭക്ഷണവും വസ്ത്രവും നൽകിയിട്ടുണ്ട്." ഉത്തരം വരും, "അവനെയും ഒഴിവാക്കുക." ഇങ്ങനെയാണ് എണ്ണമറ്റ മനുഷ്യർ രക്ഷ നേടുന്നത്.

**ഹദീസ് ഖുദ്സി:** അല്ലാഹു പറയുന്നു, *"ആരാണോ എന്റെ ഔലിയാക്കളോട് ശത്രുത പുലർത്തുന്നത് അവർക്കെതിരെ ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു."*

ഒരു തവണ തല മുറിച്ചു കളയുന്നതല്ല അല്ലാഹുവിന്റെ യുദ്ധരീതി. മറിച്ച് അവൻ അത്തരം കുറ്റവാളികളുടെ ഈമാൻ മുറിച്ചു കളയുന്നു. അത്തരക്കാർ നരകത്തിലും എന്നെന്നേക്കുമായി ഈ ദുരിതം പേറി കഴിയുന്നതാണ്. മൂസാനബിയോടുള്ള ശത്രുത കാരണമായി വലിയ പണ്ഡിതനും ആരാധകനുമായിരുന്ന ബിലിയം ബാഊർ നരകത്തിലേക്ക് എറിയപ്പെട്ടതു പോലെ. ജനങ്ങൾ പറയുന്നു; 'ദൈവത്തെ ആരാധനയിലൂടെ കണ്ടെത്താം.' എന്നാൽ നാം പ്രഖ്യാപിക്കുന്നു: *'ദൈവത്തെ കണ്ടെത്തുന്നത് ഹൃദയത്തിലൂടെയാണ്.'* ആരാധന ഹൃദയത്തെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗമാണ്. ആരാധന കൊണ്ട് ഹൃദയം ശുദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ അത് ദൈവത്തിൽ നിന്നും വളരെ അകലെയാണ്.

***ഞാൻ നോക്കുന്നത് നിങ്ങളുടെ പ്രവൃത്തികളിലേക്കോ രൂപങ്ങളിലേക്കോ അല്ല. മറിച്ച്, ഖൽബുകളിലേക്കും നിയ്യത്തുകളിലേക്കുമാണ്***

(ഹദീസ്)

ആരാധനകളിലൂടെ സ്വർഗ്ഗം കരസ്ഥമാക്കാൻ കഴിയുമെങ്കിലും സ്വർഗ്ഗം പോലും അല്ലാഹുവിൽ നിന്നും വളരെ അകലെയാണ്. സ്വർഗ്ഗത്തിനും അതിലെ ഹൂറികൾക്കും പകരം അല്ലാഹുവിന്റെ സ്നേഹവും അവന്റെ സാമീപ്യവും അവനുമായുള്ള ഒത്തുചേരലും ആഗ്രഹിക്കുന്നവർക്കു വേണ്ടി മാത്രമുള്ളതാണ് ഈ ആന്തരികജ്ഞാനം. അപ്പോൾ സൂറത്തുൽ കഹ്ഫിലെ ആയത്തിൽ പറയുന്നത് പോലെ *'മുർഷിദായ വലിയെ കണ്ടെത്താൻ അല്ലാഹു അവരെ സഹായിക്കുന്നു.'*

തന്റെ ദാസന്റെ പ്രശംസനീയമായ ഒരു പ്രവൃത്തിയിൽ അല്ലാഹു പ്രസാദിക്കുമ്പോൾ അല്ലാഹു അവനെ തികഞ്ഞ സ്നേഹത്തോടെ നോക്കുന്നതാണ്. അത് അവന്റെ പാപങ്ങൾ കരിച്ചുകളയുന്നു. അത്തരം ആളുകളുമായി സഹവസിക്കുന്നവരും അല്ലാഹുവിന്റെ കരുണാമയമായ നോട്ടത്തിന് കീഴിൽ വരുന്നു. അല്ലാഹുവിന്റെ പ്രിയങ്കരരായിരുന്ന അസ്ഹാബുൽ കഹ്ഫ് (The Companions of the Cave) ഉറക്കത്തിൽ അഥവാ ആഴത്തിലുള്ള മുറാഖബയിൽ ആയിരുന്നപ്പോൾ അല്ലാഹു അവരെ സ്നേഹത്തോടെയും വാത്സല്യത്തോടെയും നോക്കിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ അവരുടെ സഹവാസിയായിരുന്ന നായയും ഹസ്രത്ത് ഖത്മീറായി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ശൈഖ് ഫരീദ് (റ) അല്ലാഹുവിന്റെ കരുണാർദ്രമായ നോട്ടത്തിന് പാത്രമായപ്പോൾ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഇടയനും അനുഗ്രഹിക്കപ്പെടുകയുണ്ടായി. അബുൽ ഹസന്റെ പ്രയത്നങ്ങളിൽ അല്ലാഹു തൃപ്തിപ്പെട്ടപ്പോൾ അല്ലാഹു അദ്ദേഹത്തോട് സംസാരിക്കാൻ തുടങ്ങി. ഒരു ദിവസം അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു, "ഓ അബുൽ ഹസ്സൻ, ഞാൻ നിന്നെക്കുറിച്ച് ജനങ്ങളോട് പറഞ്ഞാൽ അവർ നിന്നെ കല്ലെറിഞ്ഞ് കൊല്ലും." അദ്ദേഹം മറുപടി പറഞ്ഞു, "നീ എത്രമാത്രം ദയാലുവാണെന്ന് ഞാൻ അവരോട് പറഞ്ഞാൽ അവരാരും നിനക്ക് മുന്നിൽ സുജൂദ് ചെയ്യില്ല!" അപ്പോൾ അല്ലാഹു പറഞ്ഞു, "അവരോട് നീ ഒന്നും പറയേണ്ട, ഞാനും ഒന്നും പറയുന്നില്ല."

മദ്യം കഴിച്ചതിന് സെയ്ദ് മൂന്നാം തവണയും പിടിക്കപ്പെട്ടപ്പോൾ പ്രവാചകന്റെ അനുചരന്മാർ പറഞ്ഞു, 'അവനെ ശപിച്ചാലും, അവൻ ഈ കുറ്റം വീണ്ടും വീണ്ടും ആവർത്തിക്കുന്നു.' നബി തിരുമേനി (സ) പറഞ്ഞു, 'അവനെ ശപിക്കരുത്. കാരണം അദ്ദേഹം അല്ലാഹുവിനെയും അവന്റെ ഹബീബിനെയും സ്നേഹിക്കുന്നവനാണ്. അല്ലാഹുവിനെയും

അവന്റെ ദൂതനെയും സ്നേഹിക്കുന്നവരെ നരകാഗ്നിയിലേക്ക് അയക്കാൻ സാധിക്കുന്നതല്ല.' തീർച്ചയായും അല്ലാഹു അവന്റെ മുഴുവൻ സൃഷ്ടികളെയും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കല്ലുകളിൽ വസിക്കുന്ന നിസ്സഹായരായ പ്രാണികൾക്ക് പോലും അല്ലാഹു ഉപജീവനം നൽകുന്നു. അനുസരണക്കേട് കാണിക്കുന്ന സന്താനങ്ങൾ ശിക്ഷിക്കപ്പെടുകയും അവർക്ക് അനന്തരാവകാശം നിഷേധിക്കപ്പെടുകയും ചെയ്യുന്നതുപോലെ ദൈവത്തെ അനുസരിക്കാത്തവർക്കും ദൈവനിന്ദകർക്കും ദൈവം ഒരു ശിക്ഷകനാണ്.

അല്ലാഹു നിങ്ങളിലേക്കും നോക്കാൻ ആഗ്രഹിക്കുന്നു എന്ന യാഥാർത്ഥ്യം വിശ്വസിക്കുക. എന്നാൽ നിങ്ങൾ അജ്ഞനോ അശ്രദ്ധനോ അല്ലെങ്കിൽ ദുർവിധിയുള്ളവനോ ആണ്. നിങ്ങളുടെ മുഖത്തേക്ക് ആളുകൾ നോക്കുന്നതിനാൽ നിങ്ങൾ ദിവസവും സോപ്പുപയോഗിച്ച് മുഖം വൃത്തിയാക്കുകയും ക്രീം ഉപയോഗിച്ച് മുഖം മിനുക്കുകയും ചെയ്യുന്നു. അല്ലാഹു നോക്കാൻ ആഗ്രഹിക്കുന്നതിനെ നിങ്ങൾ എപ്പോഴെങ്കിലും ഇങ്ങനെ വൃത്തിയാക്കിയിട്ടുണ്ടോ?

ഹദീസ്: ***എല്ലാ വസ്തുക്കളേയും ശുദ്ധിയാക്കാൻ ഒരു ശുദ്ധീകരണവസ്തു ഉണ്ട്. ഹൃദയത്തിന്റെ ശുദ്ധീകരണവസ്തു അല്ലാഹുവിന്റെ ദിക്ർ ആണ്.***

പരിശുദ്ധമായ സ്നേഹം ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാവ് കൊണ്ട് മാത്രം 'ഐ ലവ് യൂ' എന്ന് പറയുന്നവർ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. സ്നേഹം ഉണ്ടാക്കുന്നതല്ല, ഹൃദയത്തിലേക്ക് എന്താണോ പ്രവേശിക്കുന്നത് അതിനോട് താനേ ഉണ്ടാകുന്നതാണ്. ദൈവത്തെ ഹൃദയത്തിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഖൽബിന്റെ ദിക്ർ, ദൈവനാമത്തിന്റെ ദൃശ്യവത്ക്കരണം (തസവ്വുർ), ഔലിയാക്കൾ എന്നിവ.

ഒരു വാഹനത്തിന്റെ എൻജിൻ കൊണ്ട് മാത്രം നമുക്ക് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ കഴിയില്ല. വാഹനത്തിന്റെ മറ്റ് ഭാഗങ്ങളായ സ്റ്റിയറിംഗ്, ടയറുകൾ തുടങ്ങിയവ കൂടി അതിൽ ഘടിപ്പിച്ചിരിക്കണം. ഇതേപ്രകാരം, നഫ്സിനെ മെരുക്കാതെയും (തസ്കിയ ഇ നഫ്സ്) ഖൽബിനെ ശുദ്ധീകരിക്കാതെയുമുള്ള (തസ്ഫിയ ഇ ഖൽബ്) നിസ്കാരം അപൂർണ്ണമാണ്. നിർബന്ധമായിട്ടുള്ള ഈ കാര്യങ്ങൾ കൂടാതെ തന്നെ ഞങ്ങളുടെ ആരാധന മതിയായതാണ് എന്നും അത്

ഞങ്ങൾക്ക് സ്വർഗ്ഗം നേടിത്തരുമെന്നും നിങ്ങൾ കരുതുന്നുവെന്നിരിക്കേ എന്തിനാണ് മറ്റുള്ളവരെ കാഫിർ എന്നും മുർതദ് എന്നും നരകക്കാർ എന്നുമൊക്കെ വിളിക്കുന്നത്? അവരും ഇബാദത്ത് ചെയ്യുന്നുണ്ടല്ലോ. ഇവർ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ, ഒരാൾ ഈസാനബിയുടെ കഴുതപ്പുറത്ത് സഞ്ചരിക്കുന്നു മറ്റേയാൾ ദജ്ജാലിന്റെ കഴുതപ്പുറത്ത് സഞ്ചരിക്കുന്നു എന്നതാണ്. എന്നാൽ രണ്ടും അകമേ കറുത്തതാണ്. അവർ പിന്തുടരുന്ന വിശ്വാസങ്ങൾ വ്യത്യസ്തമാണെന്ന് മാത്രം. വിശ്വാസങ്ങൾ ഇവിടെത്തന്നെ നിൽക്കും. എന്നാൽ ഉള്ളിലെ റൂഹുകൾ അതിന്റെ മുന്നോട്ടുള്ള പ്രയാണം തുടരും.

നിസ്കാരം വെറും അധരവ്യായാമത്തിൽ ഒതുങ്ങുകയും അത്യാഗ്രഹം, അസൂയ തുടങ്ങിയ അസംബന്ധങ്ങൾ കൊണ്ട് ഹൃദയം മലിനവുമെങ്കിൽ ആ നിസ്കാരം ‘സ്വലാത്തുൽ സൂറത്ത്’ (ശരീരത്തിന്റെ ആരാധന മാത്രം) എന്നറിയപ്പെടുന്നു. സാധാരണക്കാർ ഇതിൽ തൃപ്തരായി വ്യാമോഹങ്ങളിൽ കുടുങ്ങിക്കിടക്കുകയും വിഭാഗീയതയുടെ ഇരകളായിത്തീരുകയും ചെയ്യുന്നു. അവരുടെ മതപ്രചരണം മതത്തിനുള്ളിൽ തന്നെ കുഴപ്പങ്ങളുണ്ടാക്കുന്നു. ഉദാഹരണത്തിന് നിങ്ങൾ ഒരു പ്രത്യേക മതകക്ഷിയെ പിന്തുടരുകയും പത്തോ പതിനഞ്ചോ വർഷം അതിനനുസരിച്ച് ഇബാദത്തുകൾ ചെയ്തുവെന്നും ഇരിക്കട്ടെ. പിന്നീട് മറ്റേതെങ്കിലും മതകക്ഷിയാണ് ശരി എന്ന് തോന്നുകയും നിങ്ങളതിൽ ചേരുകയും ചെയ്തു. അപ്പോൾ മുമ്പ് പിന്തുടർന്ന മതകക്ഷി തെറ്റായിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. തെറ്റായ വിശ്വാസസമ്പ്രദായങ്ങൾക്ക് കീഴിൽ ആചരിക്കുന്ന ആരാധനകൾ സ്വീകരിക്കപ്പെടുന്നതല്ല. അങ്ങനെ പത്തോ പതിനഞ്ചോ വർഷം നിങ്ങൾ നടത്തിയ ആരാധനകൾ തിരസ്കരിക്കപ്പെട്ടു. നിങ്ങൾ സ്വീകരിച്ച പുതിയ മതകക്ഷിയും ഇതുപോലെ തന്നെ തെറ്റായതാകാൻ സാധ്യത ഉണ്ട്. അങ്ങനെ നിങ്ങളുടെ മുമ്പത്തേയും ഭാവിയിലേയും എല്ലാ ആരാധനകളും പാഴാകുന്നു. അവസാനം താങ്കൾ വൃത്തത്തിന്റെ ഏതു ഭാഗത്ത് നിന്നാണോ തുടങ്ങിയത് അവിടെ തന്നെ തിരിച്ചെത്തുന്നു. വിലയേറിയ സമയം ഇങ്ങനെ നഷ്ടപ്പെടുത്തുന്നതിനു പകരം ഒരു ആത്മീയഗുരുവിനെ കണ്ടെത്തേണ്ടതായിരുന്നു.

★★★

# ഹസ്രത്ത് ഗോഹർ ഷാഹിയുടെ തത്വസംഹിത

സകല മതങ്ങളിൽ നിന്നുമുള്ള ഭക്തന്മാരെയും ആരാധകരെയും ഒരു വരിയിൽ നിർത്തിയതിനു ശേഷം അവരിൽ ആരെയാണ് നോക്കാൻ ആഗ്രഹിക്കുന്നതെന്ന് ദൈവത്തോട് ചോദിക്കുക. ദൈവം ആരെയാവും നോക്കുക? നിങ്ങൾ ആകാശത്തേക്ക് നോക്കുമ്പോൾ അറിയാതെ തന്നെ ആദ്യം നോക്കുന്നത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിലേക്കും തിളങ്ങുന്ന ഗ്രഹങ്ങളിലേക്കുമാണ്. അത് ചൊവ്വയാകട്ടെ ബുധനാകട്ടെ പേരറിയാത്ത മറ്റേതെങ്കിലും നക്ഷത്രങ്ങളാകട്ടെ. ഇതേ പ്രകാരം ദൈവം നോക്കുന്നത് തിളങ്ങുന്ന ഖൽബുകളിലേക്ക് മാത്രമായിരിക്കും. അത് മതമുള്ളവന്റെയോ ഇല്ലാത്തവന്റെയോ ആകാം.

***ദൈവപ്രേമം ഇല്ലെങ്കിൽ എന്ത് കുഫ്ർ എന്ത് ഇസ്‌ലാം***

(സച്ചൽ സൈൻ)

ദൈവത്തെ തേടി നിങ്ങൾ മസ്ജിദുകളിലേക്കും അമ്പലങ്ങളിലേക്കും പള്ളികളിലേക്കും ഓടുന്നു. ദൈവം ഏതെങ്കിലും ആരാധനാലയത്തിൽ ഇരിക്കുന്നത് ഇന്നേവരെ ആരെങ്കിലും കണ്ടിട്ടുണ്ടോ? ഹേ വിഡ്ഢികളേ, ദൈവത്തിന്റെ വാസസ്ഥലം നിങ്ങളുടെ ഹൃദയമാണ്. ദൈവത്തെ നിങ്ങളുടെ ഹൃദയത്തിൽ വസിപ്പിക്കിൻ. അപ്പോൾ നിങ്ങൾക്ക് കാണാം, ഈ ആരാധനാലയങ്ങളും അതിലെ ആരാധകരും നിങ്ങളുടെ അടുത്തേക്ക് ഓടി വരുന്നത്.

ബയാസിദ് ബസ്താമി (റ) പ്രസ്താവിച്ചു; *"ഞാൻ കുറച്ചു കാലം കഅ്ബയെ വലം വെച്ചു. ദൈവം എന്റെ ഉള്ളിൽ വന്നപ്പോൾ കഅ്ബ എന്നെ വലം വെക്കാൻ തുടങ്ങി."*

ആരാധനാലയങ്ങൾ സത്ഗുണങ്ങൾ ശേഖരിക്കുന്ന സ്ഥലങ്ങളാണ്. എന്നാൽ ഹൃദയം ദൈവത്തിന്റെ വാസസ്ഥലമാണ്. ആരാധ

നാലയങ്ങളിൽ നിങ്ങൾ ദൈവത്തെ വിളിക്കുന്നു. എന്നാൽ ഹൃദയ ത്തിൽ ദൈവം നിങ്ങളെ വിളിക്കും.

*ബുദ്ധിജീവികളുടെ വിധിയിൽ തീക്ഷ്ണമായ പ്രണയം എവിടെ*
*പ്രണയികൾ സർവ്വതും ത്യജിക്കുന്നവരാണ്*
*അല്ലാഹ് അല്ലാഹ് എന്ന് ഉരുവിടുന്നതിലൂടെ അല്ലാഹുവിനെ കിട്ടില്ല*
*അല്ലാഹുവിന്റെ സ്നേഹിതരിലൂടെയാണ് അല്ലാഹുവിനെ കിട്ടുന്നത്*

തങ്ങളുടെ പ്രവാചകനാണ് ഏറ്റവും ശ്രേഷ്ഠനും ഉന്നതനും എന്നാണ് എല്ലാ മതക്കാരും വിശ്വസിക്കുന്നത്. ഈ ചിന്താഗതി വേദ ക്കാർ തമ്മിൽ യുദ്ധങ്ങളുണ്ടാകാൻ വരെ കാരണമായി. ആത്മീയത യിലൂടെ നിങ്ങൾ പ്രവാചകന്മാരുടെ ദിവ്യസദസ്സുകളിലേക്ക് പ്രവേശനം നേടലാണ് ഏറ്റവും ഉചിതം. അപ്പോൾ മാത്രമേ നിങ്ങൾക്കറിയാൻ സാധിക്കൂ ഏത് പ്രവാചകൻ ഏത് ആത്മീയപദവിയും സ്ഥാനവുമാണ് അലങ്കരിക്കുന്നതെന്ന്.

**ഒരു പ്രധാന വസ്തുത:**

അല്ലാഹു ഓരോ നബിയേയും ഓരോ പ്രത്യേക പേരിൽ വിളിച്ചു. അത് അവരുടെ ഉമ്മത്തിന്റെ തിരിച്ചറിയൽ മാർഗ്ഗവും കലിമയുമായി മാറി. ഈ പേരുകൾ അല്ലാഹുവിന്റെ സ്വന്തം ഭാഷയായ സുരിയാനിയിലാ യിരുന്നു. അതാത് കലിമകൾ പ്രഖ്യാപിക്കുന്നതിലൂടെ ഒരാൾ ആ നബിയുടെ ഉമ്മത്തിൽ അംഗമാകുന്നു. മൂന്നു പ്രാവശ്യം പ്രഖ്യാപി ച്ചിരിക്കണം എന്നതാണ് നിബന്ധന. അങ്ങനെ ഒരു പ്രവാചകന്റെ അനുയായിയായി മാറിക്കഴിഞ്ഞാൽ ആ കലിമ എത്ര പ്രാവശ്യം ആവർത്തിച്ച് ഉരുവിടുന്നുവോ അത്രത്തോളം അവൻ ശുദ്ധീകരിക്കപ്പെട്ടു കൊണ്ടിരിക്കും. ആപത്തുകളുടെ സമയത്ത് കലിമ ഉരുവിടുന്നത് ഒരു രക്ഷയായി മാറുന്നതാണ്. ഖബറിലെ ഹിസാബിനെയും കലിമ ലഘൂ കരിക്കുന്നതാണ്. സ്വർഗ്ഗപ്രവേശനത്തിനു പോലും കലിമ ആവർത്തിച്ച് ചൊല്ലൽ ഒരു നിബന്ധനയാണ്. എല്ലാ പ്രവാചകന്മാരുടെയും അനു യായികൾ അവരവരുടെ കലിമകൾ മന:പാഠമാക്കി പ്രഭാതത്തിലും സന്ധ്യാസമയത്തും അത് പരമാവധി പ്രാവശ്യം ചൊല്ലുക. മാർഗ്ഗദർശന ത്തിനു വേണ്ടി ദൈവികഗ്രന്ഥങ്ങൾ നിങ്ങളുടെ സ്വന്തം ഭാഷയിൽ വായിക്കാവുന്നതാണ്. എന്നാൽ അതിന്റെ യഥാർത്ഥഭാഷയിൽ തന്നെ പാരായണം ചെയ്യുമ്പോഴാണ് അത് ഒരു ആരാധനയായി മാറുന്നതും അതിൽ നിന്നും കൂടുതൽ ആത്മീയ പ്രയോജനങ്ങൾ ലഭിക്കുന്നതും.

★★★

# മുർസലീങ്ങളുടെ കലിമകൾ

### ക്രിസ്ത്യൻ കലിമ

*ലാ ഇലാഹ ഇല്ലല്ലാഹ്, ഈസാ റൂഹുല്ലാഹ്*
(അല്ലാഹു അല്ലാതെ ഇലാഹ് ഇല്ല.
ഈസാ അല്ലാഹുവിന്റെ റൂഹ് ആകുന്നു)

### യഹൂദ കലിമ

*ലാ ഇലാഹ ഇല്ലല്ലാഹ് മൂസാ കലീമുല്ലാഹ്*
(അല്ലാഹു അല്ലാതെ ഇലാഹ് ഇല്ല.
മൂസാ അല്ലാഹുവിനോട് സംസാരിക്കുന്നു)

### ഇബ്രാഹിം നബിയുടെ കലിമ

*ലാ ഇലാഹ ഇല്ലല്ലാഹ് ഇബ്രാഹിം ഖലീലുല്ലാഹ്*
(അല്ലാഹു അല്ലാതെ ഇലാഹ് ഇല്ല. ഇബ്രാഹിം അല്ലാഹുവിന്റെ ഖലീൽ (സുഹൃത്ത്) ആകുന്നു)

### മുസ്ലിം കലിമ

*ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്*
(അല്ലാഹു അല്ലാതെ ഇലാഹ് ഇല്ല. മുഹമ്മദ് അല്ലാഹുവിന്റെ റസൂൽ ആകുന്നു)

ഹിന്ദു, സിഖ് മതങ്ങൾ ആദം നബിയുടെയും നൂഹ് നബിയുടെയും മതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹജറുൽ അസ്‌വദിനെ ആദം നബി (അ) ബഹുമാനിച്ചിരുന്നതിനാൽ അവർ വിഗ്രഹങ്ങളെ ആരാധിക്കുന്ന രീതി സ്വീകരിച്ചു. നൂഹ് നബിയുടെ കാലത്തെ മഹാകൊടുങ്കാറ്റിനെ അതിജീവിച്ചവർ ഇന്ത്യയിലെത്തി അവരുടെ അറിവുകൾ പ്രചരിപ്പിച്ചു. ഇന്ത്യയിലെ ഗുരുവര്യർക്ക് ഖിള്റിൽ (അ) നിന്നും ആത്മീയജ്ഞാനവും ആത്മീയഅനുഗ്രഹങ്ങളും ലഭിച്ചിട്ടുണ്ട്.

അവരുടെ പ്രാർത്ഥനകളിൽ ആദമിന്റെയും (ശങ്കർ) ഖിള്റിന്റെയും (വിഷ്ണു മഹാരാജ്) പേരുകൾ കാണാവുന്നതാണ്.

സംസാരഭാഷ ഏതായാലും എല്ലാ മതക്കാരും ഈ കലിമകൾ ചൊല്ലേണ്ടത് സുരിയാനി ഭാഷയിലായിരിക്കണം. കാരണം അതാണ് അവരെ തിരിച്ചറിയുന്നതിന്റെയും അവരുടെ മോക്ഷത്തിന്റെയും ഉറവിടം. സാധാരണ ജനങ്ങൾ ദൈവത്തെയും അവരുടെ പ്രവാചകനെയും ദിവസവും രാവിലെയും വൈകുന്നേരവും കുറഞ്ഞത് 33 തവണയെങ്കിലും ഓർത്തിരിക്കണം. ലൗകിക വിപത്തുകളിൽ നിന്ന് സുരക്ഷിതരായിരിക്കാൻ ദൈവത്തെ ദിവസവും രാവിലെയും വൈകുന്നേരവും 99 തവണയോ ചെയ്യാവുന്നതിന്റെ പരമാവധിയോ സ്മരിക്കണം (ദിക്ർ). വിപത്തുകൾ മുൻകൂട്ടി തടയാൻ 5000 തവണ ദൈവത്തിന്റെ ദിക്ർ ചൊല്ലിയിരിക്കണം. ഒന്നിൽ കൂടുതൽ ആളുകൾ ഒരുമിച്ചിരുന്നും ദിക്ർ ചൊല്ലാം. അവരുടെയെല്ലാം ദിക്റിന്റെ ആകെ തുക 25,000 മുതൽ 72,000 വരെയാകാം. ഒറ്റയിരുത്തത്തിലെ പരമാവധി സംഖ്യ 1,25,000 ആണ്.

ഹൃദയത്തെ ശുദ്ധീകരിക്കാനും അതിലെ പാപങ്ങളുടെ കറുത്ത പുള്ളികളെ മായ്ച്ചുകളയുന്നതിനുമായി ഒരു ശ്വസനവ്യായാമം ചെയ്യുക. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ശ്വാസം കൊണ്ട് പറഞ്ഞ് ഉള്ളിലേക്ക് എടുക്കുക. കലിമയുടെ രണ്ടാംഭാഗം കൊണ്ട് ശ്വാസം പുറത്തേക്കും വിടുക. ശ്വാസം പുറത്തേക്ക് വിടുമ്പോൾ ശ്രദ്ധ ഹൃദയത്തിലായിരിക്കണം. അല്ലാഹുവിന്റെ സ്നേഹവും സാമീപ്യവും കരസ്ഥമാക്കുന്നതിന് മറ്റൊരു രീതി കൂടിയുണ്ട്. ദൈവഹിതം ഇല്ലാതെ ഇത് ബുദ്ധിമുട്ടാണ്. ഹൃദയമിടിപ്പുകളെ സ്ഥിരമായ ഒരു തസ്ബിയാക്കി (ജപമാല) മാറ്റുന്ന രീതിയാണിത്. അതായത് ഓരോ ഹൃദയമിടിപ്പിനോടൊപ്പവും 'അല്ലാഹു' എന്ന നാമം സമന്വയിപ്പിക്കുക. ഇത് എല്ലാ ദിവസവും കഴിയുന്നത്ര സമയം ചെയ്യണം. ചിലരിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ തന്നെ ദിക്ർ തുടങ്ങും. മറ്റുള്ളവർ അതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. മറ്റു ചിലർക്ക് ഖൽബും റൂഹും ഉണർന്നതിന് ശേഷം ദിക്ർ സദാസമയവും അനുഭവിക്കാൻ കഴിയും.

അല്ലാഹുവിന്റെ സുഹൃത്തുക്കൾ ഒരു ദിവസം 72,000 തവണ ദിക്ർ ചൊല്ലുന്നു. അതേസമയം ആശിഖീങ്ങളുടെ (ദൈവപ്രേമികൾ) ദിക്ർ

ഒരു ദിവസം 1,25,000 വരെ എത്തുന്നു. മറ്റ് ലഥായിഫുകളും കൂടി ദിക്റിൽ മുഴുകുമ്പോൾ കിറാമൻ കാത്തിബീങ്ങൾ (നന്മതിന്മകൾ എഴുതുന്ന മലക്കുകൾ) പോലും അത് എണ്ണിത്തിട്ടപ്പെടുത്തുന്നതിൽ പരാജയപ്പെടും.

## *ചിലർ കരയിൽ, ചിലർ അർശിൽ ചിലർ കഅ്ബയിൽ, മറ്റ് ചിലർ ദൈവസദസ്സിലും*

(തരിയാഖേ ഖൽബ് – ഹസ്രത്ത് ഗോഹർ ഷാഹി)

മതം പിന്തുടരുന്നവർ 'അല്ലാഹു' എന്ന നാമത്തിനു പുറമേ അവരുടെ പ്രവാചകന്റെ നാമവും കൂടി ഹൃദയത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുക. അത് 'അല്ലാഹു' എന്ന നാമത്തിന്റെ ചൂട് സന്തുലിതമാക്കാൻ സഹായിക്കും. ജദ്ബിന്റെയും (ecstasy) വജ്ദിന്റെയും (spiritual pleasure) ജലാലിയ്യത്തിന്റെയും (majestic effects) അവസ്ഥകൾ വിട്ടുമാറുന്നത് വരെ അവരവരുടെ പ്രവാചകന്റെ കലിമ ചൊല്ലുക. നിങ്ങൾ നേരിട്ട് കണ്ട ആത്മീയഗുരുവിനെയും മനസ്സിൽ കാണുക. അദ്ദേഹത്തിന്റെ ആത്മീയശക്തി 'അല്ലാഹു' എന്ന നാമം ഖൽബിൽ എഴുതപ്പെടാൻ സഹായകമാകും. ഒരു മതത്തിലും ഇല്ലാത്ത വ്യക്തികളുടെ വിധിയിൽ ഒരു ഗുരു ഉണ്ടാകുകയോ ഉണ്ടാകാതിരിക്കുകയോ ചെയ്യാം. അവർ അഞ്ച് ഉലുൽഅസ്മുകളായ നബിമാരുടെയും നാമങ്ങൾ മാറിമാറി തസവ്വുർ ചെയ്യണം. കൂടാതെ അവർ നേരിട്ട് കണ്ട അല്ലെങ്കിൽ അവർ വിശ്വസിക്കുന്ന വലിയ്യിന്റെ നാമവും തസവ്വുർ ചെയ്യുക. ആരുമായാണോ നിങ്ങളുടെ ബന്ധം അവർ നിങ്ങളോട് ഉള്ളിൽ നിന്ന് സംസാരിക്കാൻ തുടങ്ങും. ചുരുക്കത്തിൽ അവർ നിങ്ങളെ സ്നേഹിക്കാൻ തുടങ്ങും. അവരോട് അടുക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യുക.

ഒരു കാലത്ത് എല്ലാ വേദക്കാരും പരസ്പരം ഐക്യപ്പെടുകയുണ്ടായി. അവർ പരസ്പരം ഭക്ഷണം പങ്കിടുന്നതിനും വിവാഹബന്ധങ്ങളിൽ ഏർപ്പെടുന്നതിനും അനുമതി ഉണ്ടായിരുന്നു. ഇതേപ്രകാരം ഈ കാലഘട്ടത്തിൽ ദിക്റേ ഖൽബിന്റെ ആളുകളെല്ലാം ഒന്നിക്കുന്നതാണ്. വേദക്കാർ ഒന്നിക്കുകയും ഒരുമിച്ച് കൂടുകയും ചെയ്തത് താൽക്കാലികം മാത്രമായിരുന്നു. കാരണം വേദം അവരുടെ നാവുകളിൽ മാത്രമായി ഒതുങ്ങി. അത് അവരുടെ ഹൃദയത്തിൽ പ്രവേശി

ച്ചിരുന്നില്ല. അങ്ങനെ ആ ഐക്യം ക്രമേണ അപ്രത്യക്ഷമായി. ദിക്റേ ഖൽബിന്റെ അനുയായികളുടെ ഐക്യം ശാശ്വതമായിരിക്കും. കാരണം ദൈവനാമവും അതിന്റെ ദിവ്യപ്രകാശവും അവരുടെ ഹൃദയത്തി ലേക്കും രക്തത്തിലേക്കും പ്രവേശിച്ചിരിക്കുന്നു. രോഗമായാലും സ്നേഹമായാലും അത് രക്തത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ തിരിച്ച് പുറത്തേക്ക് ഇറങ്ങുക എന്നത് പ്രയാസമുള്ള കാര്യമാണ്.

വെള്ളം, വെള്ളം തന്നെയാണ്. എന്നാൽ അത് കൂട്ടിമുട്ടുമ്പോൾ വൈദ്യുതിയുണ്ടാകുന്നു. പാൽ കടഞ്ഞാൽ വെണ്ണയുണ്ടാകും. ഇതേ പ്രകാരം ദൈവികഗ്രന്ഥങ്ങളുടെ യഥാർത്ഥ സൂക്തങ്ങൾ ആവർത്തി ക്കുമ്പോൾ ദൈവികപ്രകാശം (നൂർ) ഉണ്ടാകുന്നു. വേദസൂക്തങ്ങളു ടെയും (ആയത്തുകൾ) ദൈവത്തിന്റെ ഗുണനാമങ്ങളുടെയും (സിഫാത്തി നാമങ്ങൾ) ആവർത്തിച്ചുള്ള ഉച്ചാരണം സിഫാത്തി നൂർ (ദൈവികഗുണങ്ങളുടെ ദിവ്യപ്രകാശം) ഉണ്ടാക്കുന്നു. ഉന്നതമലക്കുകൾ (Archangels) വരെ മാത്രമേ അതിന് എത്തിപ്പെടാൻ സാധിക്കൂ. ഇതാണ് *ബിൽവാസ്ത* എന്നറിയപ്പെടുന്നത് (പരോക്ഷമായത്, മാധ്യമം ആവശ്യ മാണ്). ഇത് വഹ്ദത്തുൽ വജൂദിന്റെ ഘട്ടമാണ്. ദൈവത്തിന്റെ വ്യക്തി നാമമായ (ദാത്തിയായ നാമം) 'അല്ലാഹു' എന്ന നാമത്തിന്റെ ദിക്ർ കൊണ്ടുണ്ടാകുന്ന പ്രകാശത്തിന് ദൈവത്തിലേക്ക് നേരിട്ട് പ്രവേശന മുണ്ട്. ഇതാണ് *ബിലാവാസ്ത* (നേരിട്ടുള്ള ബന്ധം, മാധ്യമം ആവശ്യ മില്ല). ഇത് വഹ്ദത്തുൽ ശുഹൂദുമായി ബന്ധപ്പെട്ടതാണ്.

പലർക്കും തങ്ങളുടെ പ്രവാചകനോടും ഔലിയാക്കളോടും വളരെ യധികം സ്നേഹവും ബഹുമാനവും ഉണ്ട്. എന്നാൽ അവർക്ക് മറ്റു മതങ്ങളിലെ പ്രവാചകൻമാരോടും ഔലിയാക്കളോടും വെറുപ്പും വിദ്വേഷവുമാണ്. അത്തരം ആളുകൾക്ക് അല്ലാഹുവിൽ നിന്ന് ഒരു സ്ഥാനവും ലഭിക്കില്ല. കാരണം അല്ലാഹുവിന്റെ സുഹൃത്തുക്കളെ പറ്റി അവർ മോശമായി സംസാരിക്കുന്നു. അല്ലാഹു തന്നെയാണ് അവരെയും വിവിധ മതങ്ങളിലേക്ക് നിയോഗിച്ചത്.

★★★

# തിരഞ്ഞെടുത്ത ചില ദൈവപ്രേമി ആത്മാക്കളുടെ ദൃക്സാക്ഷി വിവരണങ്ങൾ

## മുൻവിധിയാലേ ദൈവപ്രേമിയായ ഒരു ആത്മാവിന്റെ കഥ

അമേരിക്കയിലുള്ള ഒരു വനത്തിലൂടെ അർദ്ധരാത്രിയിൽ ഞാൻ (ഗോഹർ ഷാഹി) സഞ്ചരിക്കുകയായിരുന്നു. ഒരു മനുഷ്യൻ ഒരു മരത്തിനു മുന്നിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് കരയുന്നതായി ഞാൻ കണ്ടു. ഏകദേശം ഒരു മണിക്കൂറിനു ശേഷം ഞാൻ തിരിച്ചു വരുമ്പോഴും അദ്ദേഹം അതേ അവസ്ഥയിൽ തന്നെയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി നിന്നു. എന്റെ സാമീപ്യം അറിഞ്ഞ അദ്ദേഹം തന്റെ പ്രണാമത്തിൽ നിന്നും തലയുയർത്തി എന്നോട് പരാതിപ്പെട്ടു, "താങ്കൾ എന്തിനാണ് എന്നെ ശല്യം ചെയ്യുന്നത്?" ഞാൻ പറഞ്ഞു, "ഞാനും ദൈവത്തെ അന്വേഷിക്കുകയാണ്. എന്നാൽ ഒരു മരത്തിലൂടെ എങ്ങനെയാണ് ദൈവത്തെ കണ്ടെത്തുന്നത്? ദൈവത്തെ തേടേണ്ടത് ഒരു മതത്തിലൂടെയാണ്." അപ്പോൾ അദ്ദേഹം പറഞ്ഞു, "ദൈവികഗ്രന്ഥങ്ങളായ ഖുർആനിന്റെയോ ബൈബിളിന്റെയോ യഥാർത്ഥഭാഷ എനിക്കറിയില്ല. അവയുടെ പരിഭാഷകളിൽ ഞാൻ തൃപ്തനുമല്ല. കാരണം അവ വളരെയധികം വൈരുദ്ധ്യം പുലർത്തുന്ന വയാണ്. അതിനാൽ ഈ പുസ്തകങ്ങൾ ഒരേ ദൈവം തന്നെയാണ് അയച്ചതെന്ന് എനിക്ക് വിശ്വസിക്കാനേ കഴിയുന്നില്ല. ഒരു വേദഗ്രന്ഥ ത്തിൽ ദൈവം പറയുന്നത് 'യേശു എന്റെ പുത്രനാണ്' എന്നാണ്. എന്നാൽ മറ്റൊരു ഗ്രന്ഥത്തിൽ പറയുന്നു 'എനിക്ക് സന്താനങ്ങളില്ല' എന്ന്. എന്റെ വിലയേറിയ സമയത്തിന്റെ നല്ലൊരു ഭാഗവും ഈ പുസ്തകങ്ങളുടെ അനാവശ്യമായ പഠനത്തിനായി ഞാൻ പാഴാക്കി. ദൈവത്തെ കണ്ടെത്താൻ ഞാനിപ്പോൾ മറ്റൊരു മാർഗ്ഗം സ്വീകരിച്ചിരി ക്കുകയാണ്. ഉദാഹരണത്തിന്, ഈ മരം വളരെ മനോഹരമാണ്.

അതിനർത്ഥം ദൈവം ഈ മരത്തെ സ്നേഹിക്കുന്നു എന്നാണ്. ചിലപ്പോൾ ദൈവം ഈ മരത്തിലൂടെ എന്നെ അവനിലേക്ക് എത്തിച്ചേക്കാം."

അദ്ദേഹം മുൻവിധിയാലേ ഉള്ള ഒരു ദൈവപ്രേമി ആത്മാവായിരുന്നു. തന്റെ യുക്തിക്കനുസരിച്ച് അദ്ദേഹം ദൈവത്തെ അന്വേഷിക്കുന്നു. ഇത്തരക്കാരെ നരകത്തിൽ അയക്കാൻ സാധിക്കുമോ? ഇവരെ മാസൂർ (നിസ്സഹായർ) എന്ന് വിളിക്കുന്നു. നായയിൽ നിന്നും ഖത്മീറിലേക്ക് മാറ്റപ്പെടുന്ന ഇത്തരം വിഭാഗം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ഹസ്രത്ത് ഖത്മീറിനും ഒരു മതമില്ലായിരുന്നു.

## അമേരിക്കയിലെ അരിസോണയിലുള്ള മിസ് കാതറിൻ അവരുടെ കഥ പറയുന്നു

ഏയ്ഞ്ചലയിൽ നിന്നും എനിക്ക് ഖൽബിന്റെ ദിക്ർ ലഭിച്ചു. ഏയ്ഞ്ചല എന്നോട് പറഞ്ഞു; "ഏഴ് ദിവസത്തിനുള്ളിൽ നിങ്ങളുടെ ഹൃദയം 'അല്ലാഹ് അല്ലാഹ്' എന്ന് പറഞ്ഞു തുടങ്ങിയാൽ ദൈവം നിങ്ങളെ സ്വീകരിച്ചിരിക്കുന്നു എന്നർത്ഥം. അല്ലെങ്കിൽ നിങ്ങളുടെ ജീവിതം പാഴായി." ഏഴ് ദിവസത്തെ പരിശ്രമങ്ങൾക്കു ശേഷവും എന്റെ ഹൃദയത്തിൽ ദിക്ർ തുടങ്ങാതെയായപ്പോൾ ഞാൻ പൊട്ടിക്കരയാൻ തുടങ്ങി. അന്ന് രാത്രി ഞാൻ വേദനയോടെ വിലപിച്ചു. അതേരാത്രി തന്നെ എന്റെ ഹൃദയം അല്ലാഹ് അല്ലാഹ് എന്ന് ചൊല്ലാൻ തുടങ്ങി. മൂന്ന് വർഷമായി അത് തുടരുന്നു. കാതറിൻ പ്രായത്തിൽ വിശ്വസിക്കുന്നില്ല. പക്ഷേ അവർ ആരോഗ്യത്തിൽ വിശ്വസിക്കുന്നു. അതുപോലെ, അവർ മതത്തിൽ വിശ്വസിക്കുന്നില്ല. പക്ഷേ ദൈവസ്നേഹത്തിൽ വിശ്വസിക്കുന്നു. അവർ പറയുന്നു, "ഈ ദിക്ർ കാരണം എന്റെ ഹൃദയത്തിൽ ദൈവസ്നേഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് അത് മതി."

## ഒരു ഹിന്ദു ഗുരുവുമായുള്ള കൂടിക്കാഴ്ച

ഞാൻ സെഹ്വൻ മലനിരകളിൽ ആയിരുന്ന സമയം. ലാൽ ഷഹബാസ് ഖലന്ദറിന്റെ മഖ്ബറയിൽ ഇടയ്ക്കിടെ ഞാൻ പോകാറുണ്ടായിരുന്നു. ദർഗ്ഗയുടെ പുറത്തുള്ള വരാന്തയിൽ ഒരാൾ ഇരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന് ചുറ്റും ധാരാളം ഹിന്ദുമത വിശ്വാസികൾ വളരെ ബഹുമാനത്തോടുകൂടി നിൽക്കുന്നുണ്ടായിരുന്നു.

ഞാൻ ചോദിച്ചു, “ഇദ്ദേഹം ആരാണ്?” അവർ മറുപടി പറഞ്ഞു, “ഇദ്ദേഹം ഹിന്ദുക്കളുടെ ഗുരു ആണ്. ബോധോദയം പ്രാപിച്ച മഹാനാണ് അദ്ദേഹം. അദ്ദേഹത്തിലൂടെ ഞങ്ങളുടെ പ്രാർത്ഥനകൾ ലാൽ ഷഹബാസിൽ എത്തുന്നു. അദ്ദേഹത്തിലൂടെ തന്നെ അതിന് മറുപടിയും ലഭിക്കുന്നുണ്ട്.” നിരവധി മുസ്‌ലിംങ്ങളും അദ്ദേഹത്തെ ബഹുമാനിക്കുന്നവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ഒരു ദിവസം ഞാൻ ഒരു കുന്നിനരികിലൂടെ നടന്നുപോകുമ്പോൾ അവിടെ ഇതേ വ്യക്തി തന്റെ മുമ്പിൽ ഒരു വിഗ്രഹം വെച്ചുകൊണ്ട് അതിനുമുന്നിൽ പ്രണമിക്കുന്നതായും എന്തോ ഉരുവിടുന്നതായും കാണപ്പെട്ടു. അടുത്തദിവസം അദ്ദേഹത്തെ ദർഗ്ഗയിൽ വെച്ച് വീണ്ടും കണ്ടുമുട്ടിയപ്പോൾ ഞാൻ ചോദിച്ചു, “താങ്കളെപ്പോലെ ബോധോദയം പ്രാപിച്ച ഒരു വ്യക്തി കളിമണ്ണിൽ നിർമ്മിച്ച ഒരു വിഗ്രഹത്തെ എന്തുകൊണ്ട് ആരാധിക്കുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല.” അദ്ദേഹം പറഞ്ഞു, “ഞാനും ഈ വിഗ്രഹത്തെ ഈശ്വരനായിട്ടല്ല കാണുന്നത്. അതെന്റെ വിശ്വാസമാണ്. നിങ്ങളുടെ പുസ്തകങ്ങളിലും പറഞ്ഞിട്ടില്ലേ ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വന്തം രൂപത്തിലാണെന്ന്? അതിനാൽ ഞാൻ പല രൂപങ്ങളിലുള്ള വിഗ്രഹങ്ങളെ കൊത്തിയെടുത്ത് അതിനെ ആരാധിക്കുന്നു. ഏതെങ്കിലും ഒരു രൂപം ദൈവത്തിന്റെ രൂപമായേക്കാം, എനിക്കറിയില്ല.” അദ്ദേഹം തുടർന്നു, “താങ്കളും ബോധോദയം പ്രാപിച്ച ഒരു വ്യക്തിയാണല്ലോ. താങ്കൾ പറയൂ, ഈശ്വരൻ കാണാൻ എങ്ങനെയിരിക്കുമെന്ന്. ഏത് വിഗ്രഹത്തോടാണ് അവന് കൂടുതൽ സാമ്യമെന്ന്. അങ്ങനെ എനിക്ക് അവനെ എന്റെ ഹൃദയത്തിലേക്ക് കൊണ്ടുവരാമല്ലോ.”

എനിക്ക് (ഗോഹർ ഷാഹി) ഏകദേശം പതിനാറോ പതിനേഴോ വയസ്സ് പ്രായമുള്ള സമയം. എന്റെ പൂർവ്വികപരമ്പരയിലെ വലിയ്യായ ഗോഹർ അലി ഷാ യുടെ മഖ്ബറയിൽ വെച്ച് ഞാൻ സൂറത്തുൽ മുസമ്മിൽ പാരായണം ചെയ്യുകയായിരുന്നു. പെട്ടെന്ന് ഒരു ഫക്കീറിന്റെ വേഷത്തിൽ ഒരു ഉയരമുള്ള മനുഷ്യൻ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പറഞ്ഞു, “നീ നിന്റെ സമയം പാഴാക്കുകയാണ്.” ദിവ്യതയുള്ളതായിരുന്നു അദ്ദേഹത്തിന്റെ മുഖം. തന്മൂലം ഞാൻ മൗനം പാലിച്ചു. എങ്കിലും ഞാനെന്റെ മനസ്സിൽ വിചാരിച്ചു, ‘ഖുർആൻ പാരായണം ചെയ്യുന്നത് തടയാൻ വന്ന ഒരു ശൈത്താനായിരിക്കാം

ഇത്.' വർഷങ്ങൾ കടന്നുപോയി. എന്റെ ഖൽബ് ദിക്ർ ചൊല്ലാൻ തുടങ്ങുമ്പോൾ (ദിക്റേ ഖൽബ്) എന്റെ പ്രായം ഏകദേശം മുപ്പത്തി യഞ്ച് വയസ്സായിരുന്നു. സൂറത്തുൽ മുസമ്മിലിന്റെ ആയത്ത് എനിക്ക് നിർദ്ദേശിക്കപ്പെട്ട പ്രകാരം ഞാൻ പാരായണം ചെയ്യും. എന്നിട്ട് അത് ഹൃദയം പാരായണം ചെയ്യുന്നതിനായി കുറച്ച് സമയത്തേക്ക് നിർത്തും. അപ്പോൾ ഹൃദയത്തിൽ നിന്നും ഈ ആയത്തിന്റെ ശബ്ദം കേൾക്കും. ഒരു ദിവസം ഈ പരിശീലനത്തിൽ വളരെ ആനന്ദത്തോടെ മുഴുകി യിരിക്കുമ്പോൾ അതേ ഫക്കീർ വീണ്ടും എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് പറഞ്ഞു; "ഇപ്പോഴാണ് നീ ഖുർആൻ പാരായണം ചെയ്യുന്നത്. മരുന്ന് വയറ്റിൽ എത്തുന്നത് വരെ ചികിത്സ ഫലപ്രദമല്ല. ദൈവ വചനങ്ങൾ ഹൃദയത്തിൽ പ്രവേശിക്കുന്നത് വരെ ഒന്നും നേടുവാൻ കഴിയുന്നതല്ല." എന്നിട്ട് അദ്ദേഹം താഴെ പറയുന്ന വരികൾ ചൊല്ലി;

*നാവിനാൽ ദൈവത്തെ സ്മരിക്കുന്നവർ നിരവധി, എന്നാൽ*
*ഖൽബിനാൽ ദൈവനാമം ചൊല്ലുന്ന കലയെക്കുറിച്ച്*
*അറിയാവുന്നവർ വിരളം. ദൈവപ്രേമികളാണ് അവനെ ഹൃദയം*
*കൊണ്ട് സ്മരിക്കുന്നത്. നാവിന്റെ ആൾക്കാർ ഈ*
*ഔദാര്യത്തെക്കുറിച്ച് അറിയുന്നില്ല.*

ദാത്താ ദർബാർ മസ്ജിദിൽ നമസ്കാരം കഴിഞ്ഞസമയത്ത് ഒരു വൃദ്ധൻ നമസ്കരിക്കാൻ വന്നവരുടെ ചെരുപ്പുകളെല്ലാം നേരെയാക്കി വെക്കുന്നതായി ഞാൻ കണ്ടു. ഞാൻ അവസാനനിരയിൽ ആയിരുന്ന തിനാൽ അദ്ദേഹം നമസ്കാരം നിർവ്വഹിക്കാതെ ചെരുപ്പുകൾ ക്രമ പ്പെടുത്തി സൂക്ഷിക്കുന്നതിൽ മാത്രം ശ്രദ്ധിക്കുന്നതായി എനിക്ക് തോന്നി. പള്ളിയിൽ നിന്നും ഇറങ്ങുന്ന സമയത്ത് ഞാൻ ചോദിച്ചു, "താങ്കൾ നമസ്കാരം നിർവ്വഹിച്ചില്ല അല്ലേ? ഈ ചെരിപ്പുകളിൽ നിന്നും താങ്കൾക്ക് എന്താണ് കിട്ടുന്നത്?" അദ്ദേഹം പറഞ്ഞു, "നമസ്കാരമോ? എന്റെ ജീവിതത്തിൽ ഇതേവരെ ഞാൻ നമസ്കരിച്ചിട്ടില്ല. ഈ വയസ്സു കാലത്ത് നമസ്കരിച്ചിട്ട് ഞാൻ രക്ഷപെടും എന്ന പ്രതീക്ഷയും എനിക്കില്ല. ഇന്ന് ഞാൻ ജീവിക്കുന്നത് ഒരു കാര്യം പ്രതീക്ഷിച്ചാണ്. ഈ വരുന്നവരിൽ ആരെങ്കിലും ചിലപ്പോൾ അല്ലാഹുവിന്റെ വലിയ്യ് ആയിരിക്കാം. അപ്പോൾ എന്റെ ഈ പ്രവൃത്തികണ്ട് അല്ലാഹുവോ അവന്റെ വലിയ്യോ സന്തോഷിച്ചേക്കാം." ഞാൻ (ഗോഹർ ഷാഹി)

പറഞ്ഞു, "ഒരു പ്രവൃത്തിയും നമസ്കാരത്തിനുമുകളിൽ വരില്ല." അപ്പോൾ ആ വൃദ്ധൻ മറുപടി പറഞ്ഞു, "അല്ലാഹുവിന്റെ ഔലിയാക്കളെ സന്തോഷിപ്പിച്ചാൽ അതിനേക്കാൾ വലുതായി മറ്റൊന്നുമില്ല."

മൂന്നു വർഷത്തെ ചില്ലാകഷിക്ക് (spiritual seclusion) ശേഷം ഞാൻ മുഹമ്മദ് നബി (സ) യുടെ ആത്മീയ മജ്ലിസ്സിൽ എത്തിച്ചേർന്നപ്പോൾ ഇതേ വൃദ്ധൻ പ്രവാചക തിരുമേനിയുടെ തിരുപാദ സമീപം ഇരിക്കുന്നതായി കാണപ്പെട്ടു! അപ്പോൾ ഈ വരികൾ എന്റെ മനസ്സിലെത്തി; *'പാപികൾ ദൈവികസദസ്സിൽ എത്തി. മതനിഷ്ഠയുള്ള ഭക്തൻമാർ അമ്പരപ്പോടെ നോക്കിനിന്നു.'*

★★★

# ഹസ്രത്ത് റിയാസ് അഹമ്മദ് ഗോഹർ ഷാഹി എന്ന വ്യക്തിത്വത്തെ പരിചയപ്പെടൽ

1941 നവംബർ 25 ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ റാവൽപിണ്ടി ജില്ലയിലെ 'ധോക് ഗോഹർ ഷാ' എന്ന ഒരു ചെറുഗ്രാമത്തിലാണ് ഗോഹർ ഷാഹി അവർകൾ ജനിച്ചത്. ഫാത്തിമ ബീവി (റ) യുടെ പിൻമുറക്കാരിയാണ് അദ്ദേഹത്തിന്റെ മാതാവ്. അതായത് ഫാത്തിമ ബീവി (റ) യുടെ സന്താനപരമ്പരയായ 'സാദാത്ത്' കുടുംബത്തിലുള്ള സയ്യിദ് ഗോഹർ അലി ഷായുടെ ചെറുമക്കളിൽ നിന്നാണ് മഹതി ജനിച്ചത്. സയ്യിദ് ഗോഹർ അലി ഷായുടെ പേരക്കുട്ടികളിൽ ഒരാളുടെ (മാതൃ പരമ്പര വഴി) പിൻമുറക്കാരനാണ് മഹാനവർകളുടെ പിതാവ്. അദ്ദേഹത്തിന്റെ പിതൃപിതാവ് മുഗൾ കുടുംബത്തിൽ നിന്നാണ്.

കുട്ടിക്കാലം മുതൽക്ക് തന്നെ മഹാനവർകളുടെ താത്പര്യം ഔലിയാക്കളുടെ ദർഗ്ഗകളോടായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് പറയുന്നു, "അഞ്ചോ ആറോ വയസ്സുള്ളപ്പോൾ അദ്ദേഹം അപ്രത്യക്ഷനാകുമായിരുന്നു. ഞങ്ങൾ അന്വേഷിച്ച് പോകുമ്പോൾ അദ്ദേഹത്തെ ന്യൂഡൽഹിയിലെ നിസാമുദ്ദീൻ ഔലിയായുടെ മഖ്ബറക്കരികിൽ ഇരിക്കുന്നതായി കണ്ടെത്തുമായിരുന്നു. ചില സമയങ്ങളിൽ അദ്ദേഹം നിസാമുദ്ദീൻ ഔലിയായോട് സംസാരിക്കുന്നതായി എനിക്ക് തോന്നിയിട്ടുണ്ട്." മഹാനവർകളുടെ പിതാവ് ജോലിസംബന്ധമായി ഡൽഹിയിൽ താമസിച്ചിരുന്ന കാലത്താണ് ഈ സംഭവം നടക്കുന്നത്. 1997 മാർച്ചിൽ ഗോഹർ ഷാഹി അവർകൾ ഇന്ത്യ സന്ദർശിച്ചപ്പോൾ നിസാമുദ്ദീൻ ഔലിയായുടെ നിർദ്ദേശപ്രകാരം ദർഗയുടെ പരിപാലകൻ (ഖാദിം) അദ്ദേഹത്തിന്റെ ശിരസ്സിൽ ബഹുമാന സൂചകമായി ദസ്തർ (Turban of Honour) അണിയിച്ചു.

മഹാനവർകളുടെ പിതാവ് പറയുന്നു: “കുട്ടിക്കാലം മുതൽക്ക് തന്നെ ഗോഹർ ഷാഹി പ്രവചിക്കുന്നതെല്ലാം സത്യമായി പുലരാറുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ന്യായമായ എല്ലാ ആഗ്രഹങ്ങളും ഞാൻ നിറവേറ്റിക്കൊടുക്കുമായിരുന്നു. ഗോഹർ ഷാഹി അദ്ദേഹത്തിന്റെ പതിവ് പ്രകാരം എല്ലാദിവസവും രാവിലെ വീട്ടിലെ പുൽത്തകിടിയിലേക്ക് ഇറങ്ങിവരും. ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്യുവാൻ ആദരവോടെ എഴുന്നേറ്റു നിൽക്കും. ഗോഹർ ഷാഹി അതിൽ നീരസം പ്രകടിപ്പിക്കും. അദ്ദേഹം പറയും, ‘എനിക്ക് ലജ്ജ വരുന്നു. ഞാൻ അങ്ങയുടെ പുത്രനല്ലയോ, അതുകൊണ്ട് എന്നെ ബഹുമാനിക്കാനായി എഴുന്നേറ്റ് നിൽക്കരുത്.’ ഞാൻ എപ്പോഴും ഈ മറുപടി പറയും, ‘അങ്ങയ്ക്ക് വേണ്ടിയല്ല. അങ്ങയിൽ അല്ലാഹു വസിക്കുന്നു. അവനോടുള്ള ആദരവിലാണ് ഞാൻ എഴുന്നേറ്റു നിൽക്കുന്നത്.’ ”

മോറാ നൂരി പ്രൈമറി സ്കൂളിലെ അധ്യാപകനായ അമീർ ഹുസൈൻ അനുസ്മരിക്കുന്നു; “ഒരു കർക്കശക്കാരനായ അധ്യാപകനെന്ന നിലയിൽ ഞാൻ ഈ പ്രദേശത്ത് പ്രസിദ്ധനാണ്. വികൃതി കാട്ടുന്ന കുട്ടികൾക്ക് ഞാൻ നല്ല ശിക്ഷ കൊടുക്കും. ഗോഹർ ഷാഹി ചിലപ്പോൾ സ്കൂളിൽ വൈകി എത്തും. ഞാൻ ശിക്ഷ നൽകാൻ ഒരുങ്ങുമ്പോൾ ആരോ വടിയിൽ പിടിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെടും. ഒരു ചിരിയോടെ ഞാൻ കാര്യം അവസാനിപ്പിക്കും.”

## ഹസ്രത്ത് ഗോഹർ ഷാഹിയുടെ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും പരാമർശങ്ങൾ

“അദ്ദേഹം ആരെങ്കിലുമായി വഴക്കിടുന്നതായോ ആരെയെങ്കിലും തല്ലുന്നതായോ ഞങ്ങൾ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ കൂട്ടുകാരിൽ ആരെങ്കിലും ദേഷ്യപ്പെടുകയോ ശാരീരികമായി ഉപദ്രവിക്കാൻ വരികയോ ചെയ്താൽ അദ്ദേഹം ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് ചെയ്യുക.”

## ഹസ്രത്ത് ഗോഹർ ഷാഹിയുടെ സഹധർമ്മിണിയുടെ വാക്കുകൾ

“ഗോഹർ ഷാഹി അവർകൾ ആരോടും ദേഷ്യപ്പെടാറില്ല. എന്നാൽ അധാർമികതയോ നീചമായ പ്രവൃത്തിയോ കണ്ടാൽ തീവ്രമായ പ്രതികരണങ്ങൾ പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹം അസാധാരണമാം

വിധം ഔദാര്യവാനാണ്. ദിവസേനയുള്ള സന്ദർശകരെ കാണാൻ രാവിലെ മുറിയിൽ നിന്നും പുൽത്തകിടിയിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന്റെ പോക്കറ്റ് നിറയെ പണമുണ്ടാവും. എന്നാൽ തിരിച്ച് വരുമ്പോൾ പോക്കറ്റ് കാലിയായിട്ടുണ്ടാവും. എല്ലാ പണവും ആവശ്യക്കാർക്ക് നൽകും. എന്നാൽ എനിക്ക് പണത്തിന്റെ ആവശ്യം വരുമ്പോൾ അദ്ദേഹം മുഖത്ത് ഒരു നിഷ്കളങ്കഭാവം കാട്ടും. അപ്പോൾ എനിക്ക് ദേഷ്യം വരും. ആ നിഷ്കളങ്കമുഖത്തേക്ക് നോക്കി ഞാൻ ഈ വരികൾ ചൊല്ലും; *'താങ്കൾ ഹൃദയം കൊണ്ട് എത്ര ഉദാരൻ, സമ്പത്തെല്ലാം വിട്ടുകൊടുത്തിട്ട് ഇരിക്കുന്നു.'* "

## ഹസ്രത്ത് ഗോഹർ ഷാഹിയുടെ പുത്രന്മാരുടെ വാക്കുകൾ

പിതാവ് ഞങ്ങളെ വളരെയധികം സ്നേഹിക്കുകയും ഞങ്ങളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ ഞങ്ങൾ പണം ചോദിക്കുമ്പോൾ അവിടുന്ന് വളരെ കുറച്ചേ തരികയുള്ളൂ. അദ്ദേഹം പറയും, "നിങ്ങൾ അനാവശ്യമായി ചെലവഴിച്ചു കളയും." അപ്പോൾ ഞങ്ങൾ പറയും, "ഒന്നുകിൽ അങ്ങ് ഞങ്ങളെയും ഫക്കീറാക്കുക, അല്ലെങ്കിൽ ഞങ്ങൾക്ക് പണം തരിക."

## ഹസ്രത്ത് ഗോഹർ ഷാഹിയുടെ മാതാവിന്റെ വാക്കുകൾ

"കുട്ടിക്കാലത്ത് ഒന്നോ രണ്ടോ ദിവസം സ്കൂളിൽ പോകാതിരിക്കുമ്പോഴോ ചെറുപ്പത്തിൽ ബിസിനസിൽ നഷ്ടം നേരിടുമ്പോഴോ ഞാൻ അവനെ വഴക്കു പറയും. പക്ഷേ അവൻ ഒരിക്കലും തലയുയർത്തി മറുപടി പറയില്ല. എന്റെ ശൈഖ്, ഷംസ് ഗ്രാമത്തിൽ നിന്നുള്ള കക്കാ മിയാൻ എന്നെ ഉപദേശിക്കും, "റിയാസിനെ ശകാരിക്കരുത്. അവനിൽ ഞാൻ എന്താണ് കാണുന്നതെന്ന് നിനക്കറിയില്ല." എട്ടോ പത്തോ മൈൽ ദൂരത്ത് പോലും ഒരു പാസഞ്ചർ ബസ് കേടായി എന്നറിഞ്ഞാൽ അവൻ യാത്രക്കാർക്ക് വേണ്ട ഭക്ഷണം തയ്യാറാക്കി അത് സൈക്കിളിൽ അവരുടെ അടുത്തേക്ക് കൊണ്ടുപോകും. അവന് മനുഷ്യരോട് അത്രമാത്രം അനുകമ്പയുണ്ട്."

## ഹസ്രത്ത് ഗോഹർ ഷാഹിയുടെ അടുത്ത സുഹൃത്തായ ഫസൂലിയാനിലെ മുഹമ്മദ് ഇഖ്ബാലിന്റെ വാക്കുകൾ:

മുഹമ്മദ് ഇഖ്ബാൽ പറയുന്നു: "മഴക്കാലത്ത് ഞങ്ങൾ വയലിലൂടെ പോകുമ്പോൾ പാടവരമ്പത്തു കൂടിയാണ് നടക്കാറുള്ളത്. എണ്ണമറ്റ

ഉറുമ്പുകളും വരിവരിയായി അതിലൂടെ പോകുന്നുണ്ടാവും. ഞങ്ങൾ അവയെ കാര്യമാക്കാറില്ല. പക്ഷേ ഉറുമ്പുകൾക്ക് ഉപദ്രവമേൽക്കാതിരിക്കാൻ ഗോഹർ ഷാഹി വരമ്പിലൂടെ നടക്കുന്നത് എപ്പോഴും ഒഴിവാക്കുമായിരുന്നു. അതിനു പകരം അദ്ദേഹം കഷ്ടപ്പെട്ട് ചെളിയിലൂടെ നടക്കും.

മഹാനവർകൾക്കെതിരെ ഒരു വ്യാജ കൊലപാതകക്കേസ് ആരോപിക്കപ്പെട്ടപ്പോൾ ക്രൈംബ്രാഞ്ചിലെ ഖദ്ദൂസ് ഷെയ്ഖ് എന്ന പോലീസ് ഉദ്യോഗസ്ഥൻ അന്വേഷണത്തിനെത്തി. പ്രദേശവാസികൾ അയാളോട് പറഞ്ഞു, "മഹാനവർകൾ ഒരു കൊതുകിനെ പോലും കൊന്നിട്ടുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. പിന്നെയല്ലേ ഒരു മനുഷ്യനെ."

## ഹസ്രത്ത് ഗോഹർ ഷാഹിയും അദ്ദേഹത്തിന്റെ മുമാനിയും

അന്ന് ഞാൻ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. എന്റെ മുമാനി (അമ്മായി) വളരെ മതനിഷ്ഠയുള്ളവരും വലിയ ഭക്തയുമായിരുന്നെങ്കിലും അവരിൽ അസൂയയും അത്യാഗ്രഹവും ഉണ്ടായിരുന്നു (ബാഹ്യ ഇബാദത്തുകളിൽ ഏർപ്പെടുന്നവരിൽ സാധാരണയായി ഈ സ്വഭാവങ്ങൾ കാണാറുണ്ട്). ഒരു ദിവസം മുമാനി എന്നോട് പറഞ്ഞു, "നിസ്കാരം നീ നിർവ്വഹിക്കുന്നില്ല എന്നതൊഴിച്ചാൽ ബാക്കിയെല്ലാം നിന്നിൽ ശരിയാണ്." ഞാൻ പറഞ്ഞു, "നിസ്കാരം അല്ലാഹുവിന്റെ സമ്മാനമാണ്. പിശുക്കും അഹങ്കാരവും അസൂയയും പകയുമെല്ലാം നിസ്കാരത്തോടൊപ്പം കലർത്തി അയയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എപ്പോഴാണോ എനിക്ക് നിസ്കാരം ശരിയായ രീതിയിൽ നിർവ്വഹിക്കാൻ സാധിക്കുന്നത് അപ്പോൾ ഞാൻ അത് നിർവ്വഹിച്ചുകൊള്ളാം. നിങ്ങളെയൊക്കെ പോലെ, നിസ്കാരം നിർവ്വഹിക്കുമെങ്കിലും അതേസമയം തന്നെ പരദൂഷണവും ഏഷണിയും പോലുള്ള ഗുരുതരമായ പാപങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന രീതി അല്ല."

## ഹസ്രത്ത് ഗോഹർ ഷാഹി അദ്ദേഹത്തിന്റെ ചില ബാല്യകാല സംഭവങ്ങൾ അനുസ്മരിക്കുന്നു

പത്തോ പന്ത്രണ്ടോ വയസ്സ് മുതൽ ഞാൻ സ്വപ്നത്തിൽ അല്ലാഹുവിനോട് സംസാരിക്കുകയും ബൈത്തുൽ മഅ്മൂർ കാണുകയും ചെയ്യുമായിരുന്നു. എന്നാൽ അതിന്റെ യാഥാർഥ്യം എനിക്ക് അറിയു

മായിരുന്നില്ല. ചില്ലാകഷിക്ക് ശേഷം അതേ കാര്യങ്ങളും കാഴ്ചകളും മുന്നിലെത്തിയപ്പോഴാണ് അവയുടെ യാഥാർത്ഥ്യം മനസ്സിലായത്.

ആർമിയിൽ ജോലി ചെയ്തിരുന്ന എന്റെ അമ്മാവന് വേശ്യാലയം സന്ദർശിക്കുന്ന ഒരു പതിവുണ്ടായിരുന്നു. വീട്ടുകാർ സംശയിക്കാതിരിക്കാൻ അദ്ദേഹം എന്നെയും കൂടെ കൊണ്ടുപോകും. എനിക്ക് ചായയും ബിസ്ക്കറ്റും തന്നിട്ട് അദ്ദേഹം വേശ്യാലയത്തിനുള്ളിലേക്ക് പോകും. വേശ്യകളെയും വേശ്യാലയങ്ങളെയും പറ്റി എനിക്ക് ഒരു അറിവുമുണ്ടായിരുന്നില്ല. ഈ വേശ്യാലയങ്ങൾ സ്ത്രീകളുടെ ഓഫീസുകളാണെന്ന് അമ്മാവൻ എന്നോട് പറയും. കുറച്ചു ദിവസങ്ങൾക്ക് ശേഷം എനിക്ക് ആ സ്ഥലത്തോട് വെറുപ്പ് തോന്നാൻ തുടങ്ങി. അപ്പോൾ അമ്മാവൻ എന്നോട് പറഞ്ഞു; 'ഇവർ സ്ത്രീകളാണ്. ദൈവം ഇവരെ ഈ കാര്യത്തിനു വേണ്ടിയാണ് സൃഷ്ടിച്ചത്.' മറ്റൊരു തരത്തിൽ പറഞ്ഞാൽ അമ്മാവൻ എന്നെയും അതിനായി പ്രേരിപ്പിച്ചു. അമ്മാവന്റെ വാക്കുകൾ എന്നെ അസ്വസ്ഥനാക്കി. നഫ്സുമായുള്ള സംഘർഷം കാരണം അന്ന് രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. എന്നാൽ എപ്പോഴോ പെട്ടെന്ന് ഞാൻ ഉറങ്ങിപ്പോയി. വലിയ വൃത്താകൃതിയിലുള്ള ഒരു ഉയർന്ന പ്ലാറ്റ്ഫോം ഞാൻ കണ്ടു. ഞാൻ അതിന് താഴെ നിൽക്കുന്നു. മുകളിൽ നിന്ന് ഒരു വലിയ ശബ്ദം കേട്ടു, 'അവനെ മുമ്പോട്ട് കൊണ്ടു വരൂ.' രണ്ടുപേർ ചേർന്ന് എന്റെ അമ്മാവനെ പിടിച്ചു കൊണ്ടുവരുന്നത് ഞാൻ കണ്ടു. അവർ അമ്മാവന് നേരെ വിരൽചൂണ്ടി 'ഇതാണവൻ' എന്ന് സൂചിപ്പിച്ചു. വീണ്ടും ശബ്ദം മുഴങ്ങി, 'ഇരുമ്പ് ദണ്ഡുകൾ വെച്ച് അവനെ അടിക്കുക.' അവർ അദ്ദേഹത്തെ അടിക്കാൻ തുടങ്ങി. അദ്ദേഹം മുരളുകയും അലറുകയും ചെയ്തു. ക്രമേണ അദ്ദേഹത്തിന്റെ മുഖം ഒരു പന്നിയുടെ മുഖമായി മാറി. വീണ്ടും ശബ്ദം മുഴങ്ങി, 'നീയും അങ്ങനെ ചെയ്താൽ നിന്റെ അവസ്ഥയും ഇത് തന്നെയായിരിക്കും.' അപ്പോൾ ഞാൻ തൗബ ചെയ്തു. കണ്ണ് തുറക്കുമ്പോൾ എന്റെ നാവ് ഇങ്ങനെ ഉരുവിട്ടു കൊണ്ടിരുന്നു; *"എന്റെ റബ്ബേ ഞാൻ ഖേദിച്ച് മടങ്ങുന്നു, എന്റെ റബ്ബേ ഞാൻ ഖേദിച്ച് മടങ്ങുന്നു."* ഈ സ്വപ്നത്തിന്റെ സ്വാധീനം കുറച്ചു വർഷങ്ങൾ എന്നിലുണ്ടായിരുന്നു.

ഇതിന്റെ അടുത്തദിവസം ഞാൻ ഒരു ബസിൽ എന്റെ ഗ്രാമത്തിലേക്ക് സഞ്ചരിക്കുമ്പോൾ കുറച്ച് കള്ളൻമാർ ഒരു ടാക്സിയിൽ നിന്നും ഒരു കാസറ്റ് പ്ലേയർ മോഷ്ടിക്കാൻ ശ്രമിക്കുന്നത് ഞാൻ കണ്ടു.

ഡ്രൈവർ അവരെ എതിർത്തതോടെ അവർ ഒരു കത്തി ഉപയോഗിച്ച് അയാളെ കൊലപ്പെടുത്തി. ഈ രംഗം കണ്ട് ഞങ്ങളുടെ ബസ് അവിടെ നിർത്തി. ഞങ്ങളെ കണ്ടതോടെ കള്ളൻമാർ ഓടി രക്ഷപ്പെട്ടു. ഞങ്ങളുടെ കൺമുന്നിൽ വെച്ച് ആ ഡ്രൈവർ വേദനയോടെ മരിച്ചു. ജീവിതം എത്ര അനിശ്ചിതമാണ് എന്ന സത്യം എന്റെ മനസ്സിലൂടെ കടന്നുപോയി. രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഈ വരികൾ എന്റെ ഉള്ളിൽ മുഴങ്ങാൻ തുടങ്ങി, "എന്റെ എല്ലാ തെറ്റുകളും പൊറുത്ത് തരേണമേ, ഞാനിതാ അങ്ങയുടെ വാതിൽക്കൽ വന്ന് വീണിരിക്കുന്നു." അന്ന് രാത്രി മുഴുവൻ ഞാൻ കരഞ്ഞു. ഈ സംഭവത്തിന് ശേഷം കുറച്ച് നാളുകൾ കഴിഞ്ഞ് ഞാൻ ദുനിയാവ് ഉപേക്ഷിച്ച്കൊണ്ട് ജാംദാതാർ ഔലിയായുടെ ദർഗയിലേക്ക് പോകുകയുണ്ടായി. പക്ഷേ അവിടെയും എനിക്ക് എന്റെ വിധി കണ്ടെത്താനായില്ല. എന്റെ സഹോദരീ ഭർത്താവ് എന്നെ അവിടെ നിന്നും ഈ ലോകത്തിലേക്ക് തിരികെ കൊണ്ടുവന്നു. മുപ്പത്തിനാലാമത്തെ വയസ്സിൽ ബരീ ഇമാം (റ) എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പറഞ്ഞു, "താങ്കൾക്ക് വീണ്ടും കാട്ടിലേക്ക് പോകാനുള്ള സമയമായിരിക്കുന്നു."

മൂന്ന് വർഷത്തെ ചില്ലാകഷിക്ക് ശേഷം ചില ആത്മീയ അനുഭവങ്ങൾ ഉണ്ടായപ്പോൾ ഞാൻ വീണ്ടും ജാംദാതാർ ദർഗയിലേക്ക് പോയി. അദ്ദേഹം എന്റെ മുമ്പിൽ വീണ്ടും പ്രത്യക്ഷനായി. ഞാൻ പറഞ്ഞു, "എന്നെ നേരത്തെ സ്വീകരിച്ചിരുന്നുവെങ്കിൽ നഫ്സാനിയായ ജീവിതത്തിൽ നിന്നും ഞാൻ സുരക്ഷിതനാകുമായിരുന്നു." അദ്ദേഹം മറുപടി പറഞ്ഞു; "ആ സമയം താങ്കളുടെ സമയമല്ലായിരുന്നു."

★★★

# പരിശുദ്ധവാനായ റാ ഗോഹർ ഷാഹിയുടെ ആത്മീയ വ്യക്തിത്വത്തിന്റെ ചില സവിശേഷതകൾ

പത്തൊമ്പതാം വയസ്സിൽ 'ജുസ്സേ തൗഫീഖേ ഇലാഹി' യെ (അല്ലാഹുവിന്റെ ഉപആത്മാക്കളിൽ ഒന്ന്) അല്ലാഹു ഗോഹർ ഷാഹിയിൽ സന്നിവേശിപ്പിച്ചു. അത് ഒരു വർഷത്തോളം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. അതിന്റെ സ്വാധീനത്താൽ അദ്ദേഹം തന്റെ വസ്ത്രങ്ങൾ വലിച്ചുകീറുകയും ദേഹത്ത് ഒരു കഷണം തുണി മാത്രം ചുറ്റി ജാംദാതാറിലെ കാട്ടിലേക്ക് പോകുകയും ചെയ്തു. താത്ക്കാലികത്തേക്ക് ആയിരുന്നു 'ജുസ്സേ തൗഫീഖേ ഇലാഹി' യുടെ സാന്നിധ്യം. അടുത്ത പതിന്നാല് വർഷത്തേക്ക് അതിന്റെ സാന്നിധ്യമില്ലായിരുന്നു. 1975 ൽ അദ്ദേഹം സെഹ്‌വൻ ഷെരീഫിലെ വനത്തിലേക്ക് തിരികെ പോകാനുള്ള കാരണവും ഇതേ ജുസ്സേ തൗഫീഖേ ഇലാഹി ആയിരുന്നു.

ഇരുപത്തഞ്ചാം വയസ്സിൽ 'ജുസ്സേ ഗോഹർ ഷാഹി' (ഗോഹർ ഷാഹിയുടെ ഉപാത്മാവ്) ആത്മീയസൈന്യത്തിന്റെ കമാൻഡറായി കിരീടധാരണം ചെയ്യപ്പെട്ടു. ഇത് മുഖേന ഇബ്‌ലീസിന്റെ സൈന്യങ്ങളുടേയും ദുനിയാവിലെ പിശാചുക്കളുടേയും ഉപദ്രവങ്ങളെ തൊട്ട് മഹാനവർകൾ സംരക്ഷിക്കപ്പെട്ടു. ജുസ്സേ തൗഫീഖേ ഇലാഹിയും ഥിഫ്‌ലേ നൂരിയും (ദൈവത്തിന്റെ പ്രകാശത്തിന്റെ ശരീരം) ചില പരമോന്നത ദൈവിക അസ്തിത്വങ്ങളാണ്. അവ എല്ലാ ആത്മാക്കളേക്കാളും ഉന്നതമലക്കുകളേക്കാളും ലഥായിഫുകളേക്കാളും ശ്രേഷ്ഠമാണ്. ഉന്നതമലക്കുകളെപ്പോലെ തന്നെ അവയ്ക്കും അല്ലാഹുവുമായി നേരിട്ടാണ് ബന്ധം. 'ആലമേ അഹദിയത്ത്' ആകുന്നു അവയുടെ മഖാം.

മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ, 1976 റമദാൻ 15 ന്, പ്രകാശത്തിന്റെ ഒരു ബീജം (നുത്ഫാ-എ-നൂർ) മഹാനവർകളുടെ ഖൽബിൽ നിക്ഷേപിക്കപ്പെടുകയും കുറച്ച് കാലങ്ങൾക്ക് ശേഷം ആത്മീയപഠനങ്ങൾക്കായി വിവിധ സ്ഥലങ്ങളിലേക്ക് വിളിക്കപ്പെടുകയും ചെയ്തു. 1985 റമദാൻ 15 ന് പാകിസ്ഥാനിലെ ഹൈദരാബാദിൽ ദുൻയാവി ദൗത്യത്തിനായി നിയോഗിക്കപ്പെട്ടപ്പോൾ, ഥിഫ്ലേ നൂരിയായി വളർന്ന് കഴിഞ്ഞ പ്രകാശത്തിന്റെ അതേ ബീജം സ്ഥിരമായി നൽകപ്പെട്ടു. ഈ ഥിഫ്ലേ നൂരിയിലൂടെ മുഹമ്മദ് നബി (സ) യുടെ വിശുദ്ധ ദർബാറിൽ വെച്ച് ഗോഹർ ഷാഹി അവർകൾ താജേ സുൽത്താനി (സുൽത്താനിയത്തിന്റെ കിരീടം) അണിയിക്കപ്പെട്ടു. പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷമാണ് ഥിഫ്ലേ നൂരിക്ക് പദവി ലഭിക്കാറുള്ളത്. എന്നാൽ ഈ ലോകത്തിലെ ദൗത്യം കാരണമായി മഹാനവർകൾക്ക് അത് ഒമ്പത് വർഷം കൊണ്ട് തന്നെ നൽകപ്പെട്ടു.

★★★

# എന്താണ് ജഷ്നേ ഷാഹി?
# അത് ആഘോഷിക്കാനുള്ള കാരണമെന്ത്?

1977 റമദാൻ പതിനഞ്ചിന് അല്ലാഹുവുമായുള്ള പ്രത്യേക സംഭാഷണങ്ങളുടെ പരമ്പര (ഇൽഹാമത്ത്) ആരംഭിച്ചു. 'റാളിയ മർളിയ' എന്നതിന്റെ വാഗ്ദാനം നടക്കുകയും അതിന്റെ പദവി നൽകപ്പെടുകയും ചെയ്തു. എല്ലാ മർതബയും (rank) മിഅ്റാജും (ascension) റമദാൻ പതിനഞ്ചുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിനാലാണ് ആഹ്ലാദവും നന്ദിയും പ്രകടിപ്പിക്കുന്നതിനായി എല്ലാ വർഷവും ജഷ്നേ ഷാഹി ആഘോഷിക്കുന്നത്.

1978 ൽ മഹാനവർകൾ സിന്ധിലെ ഹൈദരാബാദിലേക്ക് മാറുകയും മനുഷ്യരാശിയുടെ മേൽ ഹിദായത്തിന്റെ ദിവ്യകാരുണ്യം വർഷിക്കാൻ തുടങ്ങുകയും ചെയ്തു. ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ അദ്ദേഹത്തിന്റെ ആത്മീയകൃപ ലോകമെമ്പാടും വ്യാപിച്ചു. ലക്ഷക്കണക്കിന് ആളുകളുടെ ഖൽബുകൾ 'അല്ലാഹ് അല്ലാഹ്' എന്ന ദിക്റിൽ മുഴുകി. അല്ലാഹു എന്ന നാമം ലക്ഷക്കണക്കിന് ആളുകളുടെ ഖൽബുകളിൽ മുദ്രകുത്തപ്പെടുകയും അത് അവർക്ക് കാണാൻ കഴിയുകയും ചെയ്തു. ലക്ഷക്കണക്കിന് ആളുകൾ കശ്ഫുൽ കുബൂറിലേക്കും (മരണപ്പെട്ട ഔലിയാക്കളുടെ നഫ്സുമായി സംസാരിക്കാനുള്ള കഴിവ്) കശ്ഫുൽ ഹുളൂറിലേക്കും (മുഹമ്മദ് നബി (സ) യുടെ ദർബാറിലേക്കുള്ള പ്രവേശനം) എത്തപ്പെട്ടു. ലക്ഷക്കണക്കിന് ആളുകളെ മാറാവ്യാധികളിൽ നിന്നും മഹാനവർകൾ സുഖപ്പെടുത്തി. മഹാനവർകളിൽ നിന്നും അറിവുകളും മാർഗനിർദേശങ്ങളും നേടിയതിനുശേഷം എല്ലാ മതങ്ങളിലും രാജ്യങ്ങളിലും വംശങ്ങളിലും പെട്ട ആളുകൾ ദൈവപ്രേമത്തിലേക്കും ദൈവത്തിന്റെ സത്തയിലേക്കും എത്തിച്ചേരാൻ തുടങ്ങി.

*"അല്ലാഹുവാണെ സത്യം! അല്ലാഹു എന്ന നാമം ഹൃദയങ്ങളിൽ തിളക്കമാർന്ന രീതിയിൽ സുന്ദരമായി എഴുതപ്പെട്ടിട്ടുള്ള ആളുകളിൽപ്പെട്ടയാളാണ് ഞാനും."* (ഷെയ്ഖ് നിസാമുദ്ദീൻ, മേരിലാൻഡ്, യു.എസ്.എ)

# സൂര്യനിലും ചന്ദ്രനിലുമുള്ള ചിത്രങ്ങളെക്കുറിച്ചുള്ള സമഗ്രമായ വിശദീകരണം

വ്യാപകമായ പ്രഭാഷണങ്ങളും സവിശേഷമായ ആത്മീയ അധ്യാപനങ്ങളും കാരണമായി ഹസ്രത്ത് ഗോഹർ ഷാഹി ലോകമെമ്പാടും പ്രശസ്തനാകുകയും ജനങ്ങൾക്ക് പ്രിയങ്കരനാവുകയും ചെയ്തു.

1994 ൽ ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ വെച്ച് കുറച്ചുപേർ മഹാനവർകളുടെ ചന്ദ്രനിലെ ചിത്രം ചൂണ്ടിക്കാണിക്കുകയുണ്ടായി. പാകിസ്ഥാനിൽ നിന്നും മറ്റ് വിവിധരാജ്യങ്ങളിൽ നിന്നും സമാനമായ ദൃക്സാക്ഷി വിവരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ക്യാമറ ഉപയോഗിച്ച് ചന്ദ്രന്റെ തത്സമയ ചിത്രങ്ങളുടെ വീഡിയോ പകർത്തി. നാസയിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നും ചന്ദ്രന്റെ ചിത്രങ്ങൾ ലഭ്യമാക്കി. തുടക്കത്തിൽ ചിത്രങ്ങൾ അവ്യക്തമായിരുന്നു. എന്നാൽ രണ്ട് വർഷത്തിനുള്ളിൽ തന്നെ ചിത്രങ്ങൾ സുവ്യക്തവും സ്പഷ്ടവുമായിത്തീർന്നു. ബൈനോക്കുലറിന്റെയോ കമ്പ്യൂട്ടറിന്റെയോ സഹായം കൂടാതെ തന്നെ കാണാവുന്ന രീതിയിലായി.

1996 ൽ ഞങ്ങളുടെ പ്രതിനിധി സഫർ ഹുസൈൻ ഈ ചിത്രങ്ങളുടെ വസ്തുത നാസയുടെ ശ്രദ്ധയിൽപെടുത്തി. അവർ മറുപടി പറഞ്ഞു; 'ചന്ദ്രനിൽ ഒരു മുഖചിത്രം ഉണ്ട് എന്ന കാര്യം ഞങ്ങൾക്കറിയാം. അത് യേശുക്രിസ്തുവിന്റെ മുഖമാണ്. ഇരുന്നൂറ് മൈൽ നീളമുള്ള പ്രകാശം കൊണ്ടാണ് അത് രൂപപ്പെട്ടത്.' ഈ ചിത്രത്തെക്കുറിച്ച് വിശദീകരണം നൽകണമെന്ന് നാസയോട് അമേരിക്കൻ പൗരന്മാരും ആവശ്യപ്പെട്ടു. എന്നാൽ ഹസ്രത്ത് ഗോഹർ ഷാഹി ഏഷ്യക്കാരനായതിനാൽ നാസ മൗനം പാലിച്ചു. നാസയിലെ പ്രഫസറും ജ്യോതിശാസ്ത്ര വിദഗ്ദ്ധനുമായ പ്രഫസർ ഡിൻസ്മോർ ആൾട്ടർ ഈ

ചിത്രത്തിൽ കുറച്ച് മാറ്റങ്ങൾ വരുത്തി അത് ഒരു സ്ത്രീയുടെ രൂപമാക്കി 'പിക്റ്റോറിയൽ അസ്ട്രോണമി' എന്ന തന്റെ പുസ്തകത്തിൽ അവതരിപ്പിച്ചു. അങ്ങനെ ചന്ദ്രനിൽ ലേഡി മേരിയുടെ (ഹസ്രത്ത് മറിയം) ചിത്രം ഉണ്ടെന്ന് എല്ലാ ക്രിസ്ത്യൻ മിഷനറിമാർക്കിടയിലും ഒരു കിംവദന്തി പരന്നു.

ഈ വാർത്തകൾ പാകിസ്ഥാനിലെ പത്രങ്ങളിൽ വന്നപ്പോൾ നിരവധി ആളുകൾ വിശദമായ അന്വേഷണത്തിന് ശേഷം ചന്ദ്രനിൽ ചിത്രം ഉണ്ടെന്ന കാര്യം സ്ഥിരീകരിച്ചു. ചിലർ ഒരു അന്വേഷണവും നടത്താതെ ഇതിനെ പരിഹസിച്ചു. മറ്റ് ചിലർ ഇതിനെ ഒരു സിഹ്ർ (ആഭിചാരക്രിയ) ആയി കണ്ടു. കുറച്ച് കാലത്തിന് ശേഷം ബഹിരാകാശത്ത് ഒരു ചിത്രം ഉണ്ട് എന്ന കാര്യം സംസാരവിഷയമായി. എന്നാൽ സാധാരണക്കാരുടെ ശ്രദ്ധ നേടാൻ ഇതിന് കഴിഞ്ഞില്ല. ഗോഹർ ഷാഹി അവർകളെ പിന്തുടരുന്നവർ (ദാക്കിരീൻ) മാത്രം ഇത് ശ്രദ്ധിച്ചു.

1998 ൽ 'പർച്ചം' എന്ന ദിനപത്രം ഹജറുൽ അസ്വദിൽ ഒരു മനുഷ്യമുഖം ദൃശ്യമാണ് എന്ന വാർത്ത പ്രസിദ്ധീകരിച്ചു. ഞങ്ങൾക്കത് നേരത്തേ അറിയാമായിരുന്നു. ഹജറുൽ അസ്വദിന്റെ അടയാളപ്പെടുത്തിയ ചില ചിത്രങ്ങൾ ഞങ്ങളുടെ പക്കലുണ്ടായിരുന്നു. മഹാനവർകളുടെ മിക്കവാറും എല്ലാ അനുയായികളും ഇക്കാര്യം വിശദമായി അന്വേഷിച്ചിരുന്നു. മുസ്ലിംങ്ങൾക്കിടയിൽ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടാണ് ഞങ്ങൾ മൗനം പാലിച്ചത്. എന്നാൽ ഈ പത്രവാർത്ത ഞങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകി. അങ്ങനെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു വിശദമായ പത്രക്കുറിപ്പ് ഞങ്ങൾ പ്രസിദ്ധീകരിച്ചു. മിക്കവാറും എല്ലാ മുസ്ലിംങ്ങളും ഇത് അന്വേഷിച്ചു. കാരണം ഇത് അവരുടെ വിശ്വാസവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. അവരിൽ ഭൂരിഭാഗം പേർക്കും സത്യാവസ്ഥ ബോധ്യപ്പെടുകയുണ്ടായി. ചിത്രം വളരെ വ്യക്തമായിരുന്നതിനാൽ ആർക്കും അതിനെ നിഷേധിക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ ചിലർ ഇതിനെ ഒരു മാന്ത്രിക പ്രവൃത്തിയാക്കി പ്രചരിപ്പിച്ചു.

ചന്ദ്രനിലെയും ഹജറുൽ അസ്വദിലെയും ചിത്രങ്ങൾ ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളിലും പ്രസിദ്ധീകരിക്കുകയും പ്രചരിക്കുകയും ചെയ്തു. സൗദി അറേബ്യയും അവരെ പിന്തുണക്കുന്നവരും

തീർത്തും അസ്വസ്ഥരായി. ഹസ്രത്ത് ഗോഹർ ഷാഹി തന്റെ ചിത്രങ്ങൾ സ്വയം ഹജറുൽ അസ്‌വദിൽ സ്ഥാപിച്ചതുപോലെ! അവർ പറയുന്നു; "ഇസ്‌ലാമിൽ ചിത്രങ്ങൾ ഹറാമാണ്. പിന്നെ എങ്ങനെയാണ് ഹജറുൽ അസ്‌വദിൽ ഒരു ചിത്രം പ്രത്യക്ഷപ്പെടുക?" ദൈവത്തിൽ നിന്നുള്ള ഒരു അടയാളവും ഹറാമാകില്ല എന്ന കാര്യം അവർ മനസ്സിലാക്കിയില്ല. ഹസ്രത്ത് ഗോഹർ ഷാഹി 'വാജിബുൽ ഖത്തൽ' (വധശിക്ഷയ്ക്ക് അർഹൻ) ആണെന്നുള്ള ഒരു വിധി സൗദി അറേബ്യ അതിന്റെ ശരീഅത്ത് കോടതിയിൽ നിന്ന് നേടിയെടുത്തു. മക്കയുടെ മണ്ണിൽ കാലുകുത്തിയാൽ അദ്ദേഹത്തെ കൊലപ്പെടുത്തണം എന്ന് അവർ തീരുമാനിച്ചു.

സൗദി അനുകൂല വിഭാഗീയ ഘടകങ്ങൾ പാകിസ്ഥാനിലും ഗോഹർ ഷാഹി അവർകളെയും അദ്ദേഹത്തിന്റെ അധ്യാപനങ്ങളേയും ഉന്മൂലനം ചെയ്യാനായി കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വ്യാജ കുറ്റാരോപണങ്ങളും ദൈവനിന്ദയുമായി (blasphemy) ബന്ധപ്പെട്ട കേസുകളും (സെക്ഷൻ പിപിസി 295) മഹാനവർകൾക്ക് മേൽ ചുമത്തപ്പെട്ടു. മഹാനവർകൾക്ക് നേരെ നിരവധി തവണ വധശ്രമങ്ങളും നടന്നിട്ടുണ്ട്.

## ഇപ്പോൾ സൂര്യനിലും മഹാനവർകളുടെ ചിത്രം ദൃശ്യമാണ്

ഈ കേസുകളെ സംബന്ധിച്ച് ഞങ്ങൾ പാകിസ്ഥാൻ ഗവൺമെന്റുമായി ബന്ധപ്പെടുകയും ചിത്രങ്ങൾ പരിശോധിക്കാനും അന്വേഷിക്കാനും അവരെ ക്ഷണിക്കുകയും ചെയ്തു. എന്നാൽ വിഭാഗീയ ഘടകങ്ങളുടെ സ്വാധീനം മൂലം അവർ ഈ ദൈവിക ദൃഷ്ടാന്തങ്ങളെ തള്ളിക്കളഞ്ഞു. മാത്രമല്ല, മഹാനവർകളെ കുടുക്കാനും അടിച്ചമർത്താനും ഇല്ലാതാക്കാനും നവാസ് ഷെരീഫ് ഭരണകൂടം സിന്ധ് പ്രവിശ്യാ ഗവൺമെന്റിനെ നിർബന്ധിച്ചു. നിലവിൽ ഈ ചിത്രങ്ങളെ (ദൈവിക അടയാളങ്ങൾ) സംബന്ധിച്ച് ന്യായമായ അന്വേഷണം നടത്താൻ ഞങ്ങൾ സൈനിക ഭരണകൂടത്തോട് ആവശ്യപ്പെടുന്നു. എന്തെങ്കിലും ഭയം നിമിത്തമോ വിഭാഗീയ ഘടകങ്ങളുടെ സമ്മർദ്ദം മൂലമോ ഈ ചിത്രങ്ങൾ നിഷേധിക്കരുതെന്നും ആവശ്യപ്പെടുന്നു. പ്രശ്നങ്ങൾ ഉണ്ടാക്കാനല്ല, മറിച്ച് പ്രശ്നങ്ങൾ ഇല്ലാതാക്കാനാണ് ഈ ദൈവിക ദൃഷ്ടാന്തങ്ങൾ. അത് വളരെ വ്യക്തവുമാണ്. കാരണം മഹാനവർകളുടെ സന്ദേശവും അധ്യാപനങ്ങളുമെല്ലാം ദൈവസ്നേഹത്തിലും ലോക

സമാധാനത്തിലും അധിഷ്ഠിതമാണ്. അത് എല്ലാ മതത്തിൽപ്പെട്ട വരേയും സ്വയം പരിഷ്കരണത്തിനും സ്വയം ശുദ്ധീകരണത്തിനും പ്രോത്സാഹിപ്പിക്കുന്നു.

ഇന്ന് എല്ലാ ഹിന്ദു, മുസ്‌ലിം, സിഖ്, ക്രിസ്ത്യൻ വിശ്വാസികളും ഗോഹർ ഷാഹി അവർകളോടുള്ള സ്നേഹവും ആദരവും മുഖേന ഒന്നായി മാറുകയാണ്. ചരിത്രത്തിൽ ആദ്യമായാണ് ഒരു ആത്മീയ നേതാവിനെ പള്ളികൾ, ഗുരുദ്വാരകൾ, ഹിന്ദു ക്ഷേത്രങ്ങൾ തുടങ്ങി എല്ലാ പ്രധാന മതങ്ങളുടെയും ആരാധനാലയങ്ങളുടെ പ്രസംഗ പീഠത്തിൽ പ്രഭാഷണങ്ങൾക്കും ചടങ്ങുകൾക്കുമായി ക്ഷണിക്കുകയും ആദരപൂർവം സ്വീകരിച്ചിരുത്തുകയും ചെയ്യുന്നത്. ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു വ്യക്തി ഒരു രാജ്യത്തിന്റെ അഭിമാനമാണ്. അങ്ങനെയുള്ള വ്യക്തിയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. മഹാനവർകളുടെ സത്യസന്ധത വിശദമാക്കാൻ ദൈവം തന്റെ ദൃഷ്ടാന്ത ങ്ങൾ വെളിവാക്കുന്നു. മഹാനവർകളുടെ തിരുനോട്ടം ലോകജനത യുടെ ഹൃദയങ്ങളെ ദൈവനാമത്താൽ പ്രകാശിപ്പിക്കുകയും അവരെ ദൈവപ്രേമികളാക്കി മാറ്റുകയും ചെയ്യുന്നു.

ഔലിയാക്കളുടെയും അഹ്‌ലുൽ ബൈത്തിന്റെയും (നബി കുടുംബം) ശത്രുക്കളായ ശരീഅത്ത് പണ്ഡിതർ ഗോഹർ ഷാഹി അവർകളോട് കടുത്ത വിദ്വേഷം വെച്ചു പുലർത്തുന്നവരാണ്. കള്ള ക്കേസുകളും കുതന്ത്രങ്ങളും അപവാദ പ്രചരണങ്ങളും മുഖേന ഹജറുൽ അസ്‌വദിൽ നിന്ന് പൊതുജനങ്ങളുടെ ശ്രദ്ധ തിരിക്കാനാണ് അവർ ശ്രമിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ടതും വൈകാരികവുമായ ഒരു വിഷയമാണ്. മുസ്‌ലിംങ്ങളുടെ ഈമാൻ അപകടത്തിലാണ്. എന്തു കൊണ്ടാണ് ഈ വിഷയത്തിൽ അന്വേഷണം നടക്കാത്തത്? നല്ലതും ചീത്തയുമായ നിരവധി പ്രചാരണങ്ങൾ ലോകത്ത് നടന്നിട്ടുണ്ട്. എന്നാൽ ഹജറുൽ അസ്‌വദിനെ സംബന്ധിച്ചിടത്തോളം, അതിനെ അടിച്ചമർത്തുക എന്നത് അസാധ്യമായ ഒരു കാര്യമായി മാറിയിരി ക്കുന്നു. ഔലിയാക്കളിൽ വിശ്വസിക്കുന്ന പണ്ഡിതർ പോലും ഗോഹർ ഷാഹി അവർകളോടുള്ള പകയും അസൂയയും നിമിത്തം മൗനം പാലി ക്കുകയാണ്. ചിത്രം സുവ്യക്തവും നിഷേധിക്കാൻ കഴിയാത്തതുമായ തിനാൽ ഇപ്പോൾ അവർ പറയുന്നത് ചന്ദ്രൻ സിഹ്റിന്റെ പിടിയിലാണ് എന്നാണ്. ഓർക്കുക, *‘ചന്ദ്രനിൽ ഒരു തരത്തിലുള്ള സിഹ്റും നടക്കില്ല’*

എന്ന് നബി തിരുമേനി (സ) അരുളിയിരിക്കുന്നു. ഹജറുൽ അസ്‌വദും സിഹ്റിന്റെ പിടിയിലാണെന്ന് പിന്നീട് അവർ ആരോപിച്ചു. കഅ്ബയും സിഹ്റിന്റെ പിടിയിലാണെങ്കിൽ മുസ്‌ലിംങ്ങളുടെ പക്കലുള്ള ഏത് സ്ഥലമാണ് സുരക്ഷിതം? അവർ പറയുന്നു; 'മുഹമ്മദ് നബി (സ) യെ പോലും ഒരിക്കൽ സിഹ്ർ ബാധിച്ചിട്ടുണ്ട്. കഅ്ബ മുഹമ്മദ് നബി (സ) യേക്കാൾ വലുതല്ലല്ലോ.'

തീർച്ചയായും നബി (സ) യുടെ മേൽ സിഹ്ർ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സിഹ്റിനെ ഇല്ലാതാക്കാൻ അല്ലാഹു 'അന്നാസ്' എന്ന സൂറത്ത് ഇറക്കി. ചന്ദ്രനിലും ഹജറുൽ അസ്‌വദിലും സിഹ്ർ ബാധിച്ചിട്ടുണ്ടെങ്കിൽ അതിനെ നിർവീര്യമാക്കാൻ നിങ്ങൾക്കും 'അന്നാസ്' പാരായണം ചെയ്യാവുന്നതാണ്. ഇനി ഒരു പക്ഷേ, അന്നാസ് എന്ന സൂറത്ത് ചിത്രങ്ങളെ മായ്ക്കുന്നതിനു പകരം അവയെ കൂടുതൽ തിളക്കമുള്ളതാക്കുന്നുവെങ്കിൽ നിങ്ങൾക്ക് സത്യം സമ്മതിക്കേണ്ടതായി വരും. അല്ലാത്തപക്ഷം നിങ്ങളെ അബൂ ജഹൽ (അജ്ഞതയുടെ പിതാവ്) ബാധിച്ചിരിക്കുന്നു.

★★★

## ഹസ്രത്ത് റാ ഗോഹർ ഷാഹിയുടെ അത്ഭുതകരമായ ചിത്രങ്ങൾ




Official Visitors Guide, Summer * Fall 1996



ഫോട്ടോഗ്രാഫറുടെ ഈ കത്തിൽ പറയുന്നു, '1990 ഫെബ്രുവരിയിൽ ഫീനിക്സ് നഗരമധ്യത്തിൽ നിന്നും ഞാൻ എടുത്ത ചന്ദ്രന്റെ ചിത്രം വലുതാക്കിയിട്ട് 90 ഡിഗ്രി തിരിക്കുമ്പോൾ ഒരു മനുഷ്യന്റേതു പോലുള്ള മുഖം കാണുന്നുണ്ട്.'



SCOTT
PHOTOGRAPHY

15430 N. 64TH STREET
SCOTTSDALE, AZ 85254
(602) 788-3435

Mr. Syed Shah
3401 N Columbus # 16-P
Tucson AZ 85712

8-1-96

Dear Syed,

Please find (4) color duped transparencies and one 8 x 10 reprint you expressed interest in having during your visit to Phoenix Monday July 29, 1996. As discussed, the enlargement of the moon, which I photographed over downtown Phoenix in February 1996, does have a likeness of a man in profile when viewed rotated 90 degrees counterclockwise. I hope you enjoy the reprint and slides. If you have any questions or comments concerning the material or wish more images please feel free to call me here in Phoenix at (602) 788-3435.

Sincerely,

Scott Trovanoa




**വ്യത്യസ്ത ഭാവങ്ങളിലുള്ള യഥാർത്ഥ ചിത്രങ്ങൾ**



**നാസ പുറത്തുവിട്ട ചന്ദ്രന്റെ ചിത്രം**

http://oposite.stsci.edu/pubinfo/pr/1999/14




Source: News Release: Hubble Shots of the Moon (April 16, 1999), by John Coldwall and Alex Stars in association with NASA. http://hubblesite.org/newscenter/archive/releases/1999/14

*(ചന്ദ്രന്റെ ഈ ഫോട്ടോയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത പേജിൽ കൊടുത്തിരിക്കുന്നു.)*

**അല്ലാഹു പറയുന്നു: 'സമീപഭാവിയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ ചക്രവാളങ്ങളിലും നിങ്ങളിൽ തന്നെയും നാം കാണിക്കും. ഇതാണ് സത്യം എന്ന് നിങ്ങൾക്ക് ബോധ്യമാകുന്നത് വരെ.'**

*അവന്റെ ദൃഷ്ടാന്തങ്ങൾക്കായി ആകാശങ്ങളിലും ഭൂമിയിലും ചക്രവാളങ്ങളിലും നോക്കുക. കിഴക്ക് നിന്നും പ്രത്യക്ഷപ്പെടുന്നവ നാരോ അവന്റേതാകുന്നു ഈ ദൃഷ്ടാന്തങ്ങൾ'*

(അല്ലാമ ഇഖ്ബാൽ)






**ഗോഹർ ഷാഹി അവർകൾ**



**ചന്ദ്രൻ**

ചന്ദ്രനിലെ ചിത്രം ഇടത്തേക്ക് തിരിച്ചിരിക്കുന്നു. അപ്പോൾ ചിത്രം കൂടുതൽ വ്യക്തമാകുന്നു.






## *പിക്റ്റോറിയൽ അസ്ട്രോണോമി* എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങൾ

Plate 15-3. Phase of the moon (page 60)





PLATE 15-4. The Lady in the Moon. If the page is held at arm's length, the drawing on the right will help you find the lady in the photograph of the moon on the left. To find her in the sky, look at the moon when it is full or during a few days before full moon. (Page 64)

PICTORIAL ASTRONOMY

by

DINSMORE ALTER and CLARENCE H. CLEMINSHAW

PICTORIAL ASTRONOMY

by

DINSMORE ALTER, PH.D., Sc.D.
Director

CLARENCE H. CLEMINSHAW, PH.D.
Associate Director

GRIFFITH OBSERVATORY
CITY OF LOS ANGELES

*All rights reserved. No part of this book may be reproduced in any form, except by a reviewer, without the permission of the publisher.*

Library of Congress Catalog Card Number 56-7639

Manufactured in the United States of America

6 7 8 9 10



(1)



(2)



(3)

ചന്ദ്രനിൽ കാണുന്ന ചിത്രം ഒരു ഏഷ്യൻ വംശജന്റേതാണെന്നും അതിന്റെ പ്രത്യേകതകൾ സൂചിപ്പിക്കുന്നത് അതൊരു മുസ്‌ലിമിന്റേത് ആണെന്നും അമേരിക്കയിൽ തിരിച്ചറിഞ്ഞപ്പോൾ ചിത്രം ഘടികാരദിശയിൽ തിരിക്കപ്പെട്ടു. ചിത്രം (1): ചന്ദ്രന്റെ യഥാർത്ഥ ഫോട്ടോയാണിത്. ചിത്രം (2): ഇതും ചന്ദ്രനുമായി ബന്ധപ്പെട്ട ചിത്രമാണ്. എന്നാൽ ഇതിൽ കൃത്രിമം വരുത്തിയിരിക്കുന്നു. മുഖത്തിന്റെ ഒരു ഭാഗത്തിനും താടിക്കും മാറ്റം വരുത്തുകയും കുറച്ച് ഭാഗങ്ങൾ നീക്കം ചെയ്യപ്പെടുകയും ചെയ്തു. അങ്ങനെ അത് വൃത്തിയായി ഷേവ് ചെയ്യപ്പെട്ട ഒരു മുഖം പോലെയായി മാറി. ചിത്രം (3): ഇതിനെ ഒരു സ്ത്രീയുടെ ചിത്രമായി ചിത്രീകരിക്കുവാൻ ഡിൻസ്മോർ നടത്തിയ ശ്രമം. കന്യാമറിയത്തിന്റെ രൂപമാണെന്ന് വരുത്തിത്തീർക്കുവാനാണ് അദ്ദേഹം അങ്ങനെ ചെയ്തതത്. ഫോട്ടോയിൽ താടിയുടെ ഭാഗം ചെറുതാക്കുകയും കഴുത്ത് മിനുസപെടുത്തുകയും കണ്ണുകൾ നീളമുള്ളതാക്കുകയും ചെയ്തിരിക്കുന്നു.

ചന്ദ്രന്റെ ചിത്രങ്ങൾ വിവിധ ലേഖനങ്ങളിൽ പ്രസിദ്ധീകരിക്കുകയും നിരവധി കമ്പനികൾ അത് പ്രിൻറ് ചെയ്യുകയും ചെയ്തു.






നിങ്ങൾ എവിടെയായിരുന്നാലും, കിഴക്കോ പടിഞ്ഞാറോ ആകട്ടെ, നിങ്ങളുടെ ക്യാമറ ഉപയോഗിച്ച് ചന്ദ്രന്റെ ചിത്രങ്ങൾ എടുക്കുക. ഏത് കോണിലും സമാനമായ ചിത്രങ്ങൾ ദൃശ്യമാകുന്നതാണ്. തുടർന്ന് അതിനനുസരിച്ച് ചന്ദ്രനിലേക്ക് നോക്കുക.

ചന്ദ്രന്റെ ഈ ചിത്രം ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ച *Sky Watching* എന്ന പുസ്തകത്തിൽ നിന്നുള്ളതാണ്





ഗോഹർ ഷാഹി അവർകൾ



# നാസ പുറത്തു വിട്ട സൂര്യന്റെ ചിത്രം

**കൂടുതൽ വിവരങ്ങൾക്കായി താഴെ കൊടുത്തിട്ടുള്ള വെബ്സൈറ്റ് സന്ദർശിക്കുക**
http://thalia.gsfc.nasa.gov/~gibson/SPARTAN/sohof.html




**സൂര്യൻ**

**സൂര്യന്റെ ചിത്രം ഘടികാരദിശയിൽ തിരിച്ചിരിക്കുന്നു. അപ്പോൾ സൂര്യനിൽ കാണപ്പെടുന്ന ഗോഹർ ഷാഹി അവർകളുടെ വിവിധ ചിത്രങ്ങൾ വ്യക്തമായി കാണാൻ സാധിക്കും.**



**മഹാനവർകളുടെ വ്യത്യസ്ത സമയങ്ങളിലെ ചിത്രങ്ങൾ**

നാസയെടുത്ത സൂര്യന്റെ ഈ ഫോട്ടോയിൽ മഹാനവർകളുടെ ചിത്രം വ്യക്തമായി കാണാം.






***‘തീർച്ചയായും ചന്ദ്രനും സൂര്യനും അങ്ങയുടെ മഹത്വത്തിന്റെ അടയാളങ്ങൾ വെളിവാക്കിയിരിക്കുന്നു. എന്നിരുന്നാലും, അങ്ങയിലെ സത്യത്തിന്റെ തെളിവ് എന്റെ ഹൃദയത്തിൽ വസിക്കുന്ന അങ്ങു തന്നെയാണ്’***

***(യൂനുസ് അൽ ഗോഹർ)***

**ഈ ലേഖനം ചർച്ച ചെയ്യുന്നത് നാസയിലെ ശാസ്ത്രജ്ഞന്മാർ ബഹിരാകാശത്ത് കണ്ടെത്തിയ ഒരു മനുഷ്യമുഖത്തെ കുറിച്ചാണ്.**



# NASA FINDS MASSIVE FACE IN SPACE!

NASA has released a shocking photograph that clearly shows a gigantic face floating in distant space!

The breathtaking photo was taken during the shuttle mission in late February — but experts admit they are baffled as to where the face originated.

"This is plainly the image of a man's face far, far off in the universe," said astronomer Isaac Hawkins of Atlanta, Ga.

"Whatever this is, it clearly is enormous. We estimate it is as large as 150 of our suns," Hawkins said. "For something this size to go undetected during our previous years of space exploration is virtually impossible.

"The only explanation is that it somehow has an ability to appear and disappear at will, which would make it unique."

The face was visible to shuttle astronauts during only a 12-minute period.

"When it came into view it startled astronauts," Hawkins said. "A couple of them at first thought they were hallucinating.

"But when they transmitted the photographs of the face, everyone at NASA realized this was a major space discovery."

By WHITNEY ASQUE
Weekly World News

Making the mystery even more mind-twisting is the way the face faded away into the darkness of ...

'It's as large as 150 suns!'
— Astronomer Isaac Hawkins

ASTOUNDING NASA photo of ...




**ജ്യോതിശാസ്ത്രജ്ഞനായ ഐസക് ഹോക്കിൻസ് (അറ്റ്ലാന്റ, ജോർജിയ) അഭിപ്രായപ്പെട്ടു: *"നിസ്സംശയം, പ്രപഞ്ചത്തിന്റെ ഏതോ വിദൂരതയിൽ കാണപ്പെടുന്ന മനുഷ്യമുഖത്തിന്റെ ചിത്രമാണിത്. ഇതിന് ഇഷ്ടാനുസരണം പ്രത്യക്ഷപ്പെടാനും അപ്രത്യക്ഷമാകാനും കഴിവുണ്ട്. വർഷങ്ങളായി ഈ മുഖം നമ്മെ നിരീക്ഷിക്കുന്നുണ്ടാവാം. ഇത് ദൈവത്തിന്റെ മുഖമാവാം എന്ന ആശയവും ഞങ്ങളിൽ ഉടലെടുത്തിട്ടുണ്ട്."* നൂറ്റിയമ്പത് സൂര്യന്മാരുടെ വലിപ്പമുണ്ട് ഈ മുഖത്തിന് എന്ന് ലേഖനം ചൂണ്ടിക്കാട്ടുന്നു.**



ഗോഹർ ഷാഹി അവർകളുടെ ഈ ചിത്രം യഥാർത്ഥത്തിൽ 'ഥിഫ്‌ലേ നൂരി' എന്നറിയപ്പെടുന്ന ഒരു ആത്മീയ അസ്തിത്വമാണ്. പ്രത്യേകക്കാരായ ഔലിയാക്കളിൽ മാത്രമേ ഇത് ഉണ്ടാകൂ. സൂഫിയാക്കളുടെ വിവിധ ഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം.

**സൗദി അറേബ്യയിലെ മക്കയിലുള്ള ഹജറുൽ അസ്‌വദിൽ ഒരു മനുഷ്യമുഖം കണ്ടെത്തിയിരിക്കുന്നു.**

ഈ ലേഖനത്തിൽ പറയുന്നു: **ഹജറുൽ അസ്‌വദിൽ ഒരു മനുഷ്യമുഖം പ്രത്യക്ഷപ്പെട്ട കാര്യത്തെ കുറിച്ച് ശൈഖ് ഹമദ് ബിൻ അബ്ദുല്ല ഇങ്ങനെ പ്രസ്താവിച്ചു, "ഇമാം മെഹ്ദിയുടെ മുഖമാണിത് എന്നാണ് മക്കയിലെ ആത്മജ്ഞാനികൾ പറയുന്നത്."**

പർച്ചം ദിനപത്രം, കറാച്ചി, പാകിസ്ഥാൻ 26 മെയ് 1998







***ഈ റിപ്പോർട്ടിൽ പറയുന്നു: 'സൂര്യനിലും ചന്ദ്രനിലുമുള്ള അദ്ദേഹത്തിന്റെ മുഖചിത്രം കൂടുതൽ സ്പഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നതിനു പുറമേ, ഹജറുൽ അസ്‌വദിലുള്ള ചിത്രവും റിയാസ് അഹ്മദ് ഗോഹർ ഷാഹിയുടേതാണ് എന്ന് ആത്മീയവൃത്തങ്ങൾക്കിടയിൽ പറയപ്പെടുന്നു.'***





حجر اسود پر انسانی شبیہ علماء میں کھلبلی

باوثوق ذرائع کے مطابق کراچی کے جید علماء ایک معروف دارالعلوم میں سرجوڑ کر بیٹھے رہے

شبیہ کا نظر آنا ایک حقیقت ہے لیکن شریعت کی رو سے کس طرح تصدیق کی جاسکتی ہے

علماء حتمی فیصلے پر متفق نہ ہوسکے اور نظریاتی طور پر دو گروہوں میں تقسیم ہوگئے

سعودی علماء کا فتویٰ یا آراء کا انتظار دیگر ممالک کے جید علماء سے آراء حاصل کرنے پر اتفاق

صدائے سرفروش حیدرآباد

SARFAROOSH

حجر اسود پر انسانی شبیہ نمودار عالم اسلام میں سنسنی

یہ شبیہ اتنی واضح ہے کہ اسے کوئی بھی نہیں جھٹلا سکتا' بعض لوگوں کا کہنا ہے کہ یہ امام مہدی علیہ السلام کا چہرہ اور حلیہ مبارک ہے

حجر اسود پر انسانی شبیہ کے نمایاں اثرات پائے گئے ہیں جو دیکھنے میں بالکل انسانی سمت پر ہیں' شیخ حماد بن عبداللہ

محاسب

മുഹാസിബ് ന്യൂസ്,
കറാച്ചി, ജൂൺ 16-30,1998

മുകളിൽ കൊടുത്തിട്ടുള്ള ന്യൂസ് പേപ്പറിൽ നിന്നും ഒരു ഭാഗം ചുവടെ ചേർക്കുന്നു:

സൗദിഅറേബ്യയിൽ നിന്ന് ലഭിച്ച ഒരു മെയിൽ പ്രകാരം, ശൈഖ് ഹമ്മദ് ബിൻ അബ്ദുല്ല മക്കയിൽ നിന്ന് ഒരു പത്രക്കുറിപ്പ് ഇറക്കി. ഹജ്ജിനു മുമ്പ് ഹജറുൽ അസ്‌വദിൽ ഒരു മനുഷ്യചിത്രത്തിന്റെ വ്യക്തമായ അടയാളങ്ങൾ ദൃശ്യമായിരുന്നു എന്ന് അതിൽ പറയുന്നു. ചിത്രം തലകീഴായതാണ്. അതിനാൽ ആദ്യ കാഴ്ചയിൽ വ്യക്തമാകില്ല. എന്നാൽ ഒരിക്കൽ ചൂണ്ടിക്കാണിച്ചു കഴിഞ്ഞാൽ പിന്നെ അത് വ്യക്തമായി കാണാൻ സാധിക്കും. ഈ ചിത്രത്തിനു പിന്നിൽ രണ്ട് കാരണങ്ങളുണ്ടാകാമെന്ന് ഷെയ്ഖ് ഹമ്മദ് ബിൻ അബ്ദുല്ല പറയുകയുണ്ടായി. ഒന്നുകിൽ അത് സ്വാഭാവികമായി പ്രത്യക്ഷപ്പെട്ടു അല്ലെങ്കിൽ അത് മനുഷ്യ നിർമ്മിതമാണ്. ഹജറുൽ അസ്‌വദിന് കനത്ത കാവൽ ഏർപ്പെടുത്തിയിരിക്കുന്നതിനാലും അതിന് ചുറ്റും എപ്പോഴും ധാരാളം തീർത്ഥാടകർ ഉള്ളതിനാലും, ഒരു വ്യക്തിയും ഹജറുൽ അസ്‌വദിൽ ഒരു ചിത്രം സ്ഥാപിക്കാൻ ധൈര്യപ്പെടില്ല. അപ്പോൾ ഒരു ചോദ്യം ഉയരുന്നു, ചിത്രം ഹജറുൽ അസ്‌വദിൽ ആദ്യം മുതലേ ഉണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ആരും അത് ഇതേവരെ ശ്രദ്ധിക്കാതിരുന്നത്? നിഷേധിക്കാൻ സാധിക്കാത്ത വണ്ണം ചിത്രം വളരെ സ്പഷ്ടമാണ്.



പഞ്ചാബ് ഗവൺമെന്റിന്റെ വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ മതവുമായി ബന്ധപ്പെട്ട ഒരു പുസ്തകത്തിന്റെ മാറ്റം വരുത്തപ്പെട്ടിട്ടില്ലാത്ത കവർ പേജാണിത്. ഹജറുൽ അസ്‌വദിൽ വ്യക്തമായി കാണുന്ന മനുഷ്യരൂപം കാണാൻ വേണ്ടി കവർ തലകീഴായി പിടിച്ചിരിക്കുന്നു.




മുപ്പത് വർഷങ്ങൾക്ക് മുമ്പ് മക്കയിലെ മിർസ ലൈബ്രറിയിൽ നിന്ന് പ്രസിദ്ധീകരിച്ച ഹജറുൽ അസ്‌വദിന്റെ ചിത്രം. അതിൽ ഒരു മനുഷ്യരൂപം താനേ രൂപം കൊണ്ടിരിക്കുന്നു. തലകീഴായി നോക്കുമ്പോൾ അത് ദൃശ്യമാണ്. വലതുവശത്തുള്ള ചിത്രത്തിൽ അത് അടയാളപ്പെടുത്തിയിരിക്കുന്നു.















ഗോഹർ ഷാഹി അവർകളുടെ 25 വയസ്സിലുള്ള ഫോട്ടോ ആണിത്.



എളുപ്പത്തിനു വേണ്ടി ഇവിടെ ചിത്രത്തിൽ മാർക്ക് ചെയ്തിരിക്കുന്നു.

**25 - മത്തെ വയസ്സിൽ *ജുസ്സേ ഗോഹർ ഷാഹി* (ഗോഹർ ഷാഹി അവർകളുടെ ഉപാത്മാവ്) ആത്മീയപട്ടാളത്തിന്റെ കമാൻഡർ ആയി കിരീടധാരണം ചെയ്യപ്പെട്ടു.**

*ഹജറുൽ അസ്‌വദും അനുബന്ധ ഫോട്ടോയും ആ പ്രായത്തെയും ആ കാലഘട്ടത്തെയും സൂചിപ്പിക്കുന്നു.*

**ഈ ഫോട്ടോ അടുത്തിടെ ഒരു പ്ലാനെറ്ററി നെബുലയിൽ (സൂര്യനെപ്പോലെയുള്ള ഒരു നക്ഷത്രം) പ്രത്യക്ഷപ്പെട്ടു. ഇത് നാസ പുറത്തു വിട്ടിട്ടുണ്ട്.**

കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക http://www.spacedaily.com/news/hubble-00b1.html

http://www.spacedaily.com/spacecast/news/hubble-00b1.html

SPACE SCOPES

Hubble Brings "Eskimo" Nebula Alive
<../news/hubble-00b2.html>

**Greenbelt - January 11, 2000 -**
The Hubble Space Telescope has captured a majestic view of a planetary nebula, the glowing remains of a dying, Sun-like star. This stellar relic, first spied by William Herschel in 1787, is nicknamed the "Eskimo" Nebula (NGC 2392) because, when viewed through ground-based telescopes, it resembles a face surrounded by a fur parka.
















**നാസ എടുത്ത എസ്കിമോ നെബുലയുടെ ഈ ചിത്രം ഇടത്തേക്ക് തിരിക്കുമ്പോൾ അതിൽ ഒരു മുഖം ദൃശ്യമാകുന്നുണ്ട്.മുഖത്ത് എന്തോ എഴുതിയിരിക്കുന്നതായും കാണാം. അത് ഗോഹർ ഷാഹി അവർകളുടെ ചിത്രവുമായി താരതമ്യ പ്പെടുത്തിയിരിക്കുന്നു.**







